# അദ്ധ്യായം 8

# ക്രിസ്തുവിനോടുകൂടെ മഹത്വപ്പെട്ടു

റോമർ 8–ാം "അദ്ധ്യായം വേദപുസ്തകത്തിലെ മഹത്തായ അദ്ധ്യായങ്ങളിലൊന്നാണ്"[1]. "ഏറ്റവുമധികം അറിയപ്പെടുന്നതും വചനത്തിൽ"[2] ഏറ്റവുമധികം പ്രിയപ്പെടുന്നതുമായ അദ്ധ്യായങ്ങളിലൊന്നത്രെ. 7–ാം അദ്ധ്യായത്തിൽനിന്നും 8ാം അദ്ധ്യായത്തിലേക്ക് കടക്കുന്നത് അന്ധകാരത്തിൽനിന്നും പ്രകാശത്തിലേക്കു കടന്നുവരുന്നതുപോലെയും കടുത്ത ശൈത്യകാലകൊടുങ്കാറ്റിൽനിന്നും മനോഹരമായ തളിർക്കും കാലത്തിലേക്ക് യാത്ര ചെയ്യുന്നതുപോലെയുമാണ്. റോമാലേഖനത്തെ ഒരു വജ്രമോതിരത്തോട് ഉപമിച്ചിട്ടുണ്ട്. മോതിരത്തിലെ വജ്രം 8–ാം അദ്ധ്യായമായും 28ാം വാക്യം വജ്രത്തിലെ തിളക്കമായും ഉപമിച്ചിരിക്കുന്നു.[3]

ഈ സൗന്ദര്യത്തിനിടയ്ക്ക് ഒരു പുതിയ വിഷയം കാണപ്പെടുന്നു. *മഹത്വീകരണം* (തേജസ്ക്കരണം) തേജസ്സ് എന്നോ തേജസ്കരിക്കപ്പെടുക എന്നോ നാം ഈ അദ്ധ്യായത്തിൽ നാലുപ്രാവശ്യം ഉപയോഗിച്ചിരിക്കുന്നതായി കാണാം:

> ൽ നാം *അവനോടുകൂടെ* തേജസ്കരിക്കപ്പെടേണ്ടതിന്ന് അവനോടുകൂടെ കഷ്ടമനുഭിച്ചാലത്രെ (8:17; ഊന്നൽ കൂട്ടിച്ചേർത്തു).

> നമ്മിൽ വെളിപ്പെടുവാനുള്ള *തേജസു*വിചാരിച്ചാൽ ഈ കാലത്തിലെ കഷ്ടങ്ങൾ *സാരമില്ല* എന്ന് ഞാൻ എണ്ണുന്നു (8:18; ഊന്നൽ കൂട്ടിച്ചേർത്തു).

> സൃഷ്ടി ദ്രവത്വത്തിന്റെ ദാസ്യത്തിൽ നിന്നു വിടുതലും ദൈവമക്കളുടെ *തേജസ്* ആകുന്ന സ്വാതന്ത്ര്യവും പ്രാപിക്കും എന്നുള്ള ആശയോടെ കാത്തിരിക്കുന്നു (8:21; ഊന്നൽ കൂട്ടിച്ചേർത്തു).

> മുന്നിയമിച്ചവരെ വിളിച്ചും വിളിച്ചവരെ നീതീകരിച്ചും *നീതീകരിച്ചവരെ* തേജസ്കരിച്ചുമിരിക്കുന്നു (8:30; ഊന്നൽ കൂട്ടിച്ചേർത്തു).

പൗലൊസ് ഒരു വിഷയം പെട്ടെന്നുനിർത്തിയിട്ട് വേറൊരു വിഷയം തുടങ്ങുകയല്ല എന്ന് നാം ഓർക്കണം. എട്ടാം അദ്ധ്യായത്തിന്റെ ആരംഭം ഒരു ആശയത്തിന്റെ തുടർച്ചയാണ്. വിശുദ്ധീകരണം എന്ന വിഷയം നാലാം വാക്യം മുതൽ തുടർച്ചയായി എഴുതുന്നു. 4, 13, 17 വരെയും അത് തുടർന്നെഴുതുന്നു. ക്രിസ്ത്യാനികളെ വിശുദ്ധ ജീവിതം നയിപ്പാൻ പ്രോത്സാഹിപ്പിക്കയും നിർബന്ധിക്കുകയും ചെയ്യുന്നു. അതേ സമയത്ത് ഒന്നാം വാക്യം മുതൽ

അപ്പൊസ്തലൻ ക്രിസ്ത്യാനി എന്ന നിലയിൽ നാം അനുഭവിയ്ക്കുന്ന മഹത്വ കരമായ അനുഭവങ്ങളിൽ ചിലത് പരിചയപ്പെടുത്തുന്നു. അതോടുകൂടിത്തന്നെ നിത്യതയിൽ നാം ഭാവിയിൽ അനുഭവിയ്ക്കാൻ പോകുന്ന അനുഗ്രഹങ്ങ ളെയും പരാമർശിക്കുന്നു. അങ്ങനെ മഹത്വീകരണം അഥവാ ''തേജസ്ക്ക രണം'' എന്നവാക്ക് ഈ അദ്ധ്യായത്തിന് പ്രധാനവിഷയമായി കരുതാം.

## കിസ്തുവിൽ ഒരു ശിക്ഷാവിധിയുമില്ല (8:1-4)

**[1]അതുകൊണ്ട് ഇപ്പോൾ ക്രിസ്തുയേശുവിലുള്ളവർക്ക് ഒരു ശിക്ഷാവിധി യുമില്ല.[2] ജീവന്റെ ആത്മാവിന്റെ പ്രമാണം എനിക്ക് പാപത്തിന്റെയും മരണ ത്തിന്റെയും പ്രമാണത്തിൽ നിന്നും ക്രിസ്തുയേശുവിൽ സ്വാതന്ത്ര്യം വരു ത്തിയിരിക്കുന്നു. [3]ജഡത്താലുള്ള ബലഹീനത നിമിത്തം ന്യായപ്രമാണത്തിനു കഴിയാഞ്ഞതിനെ (സാധിപ്പാൻ) ദൈവം തന്റെ പുത്രനെ പാപജഡത്തിന്റെ സാദൃശത്തിലും പാപം നിമിത്തവും അയച്ചു. [4]പാപത്തിനു ജഡത്തിൽ ശിക്ഷ വിധിച്ചു. ജഡത്തെയല്ല ആത്മാവിനെ അത്രെ അനുസരിച്ചു നടക്കുന്ന നമ്മിൽ ന്യായപ്രമാണത്തിന്റെ നീതി നിവൃത്തിയാകേണ്ടതിനു തന്നെ.**

ഈ ഭാഗം 7:1-ൽ തുടങ്ങിയ ന്യായപ്രമാണത്തെക്കുറിച്ചുള്ള ചർച്ച പൂർത്തിയാകുന്നു. മാത്രമല്ല 6:1ലോ 4:1ലോ തുടങ്ങിയ ആശയത്തെ അതിന്റെ ഉച്ചകോടിയിൽ എത്തിനിൽക്കുന്നു. എട്ടാം അദ്ധ്യായത്തിൽ വിശദീകരിച്ചി ട്ടുള്ള പല പ്രധാനപ്പെട്ട വിഷയങ്ങളെയും അവതരിപ്പിക്കയും ചെയ്യുന്നു. 7:14-25 വരെയുള്ള വാക്യങ്ങളിൽ ന്യായപ്രമാണ/പ്രവർത്തികൾ എന്ന അടി സ്ഥാനത്തിൽ പരിപൂർണ്ണമായി ജീവിക്കുവാൻ ശ്രമിയ്ക്കുന്ന ഒരാളിന്റെ പേ ാരാട്ടത്തെക്കുറിച്ചാണ്. 7:24-ൽ പൗലൊസ് അതിന്റെ നിഷ്ഫലമായ പ്രവർത്ത നമാണെന്ന് വെളിപ്പെടുത്തിയിരിക്കുന്നു. ''അയ്യോ ഞാൻ അരിഷ്ടമനുഷ്യൻ. മരണത്തിനധീനമായ ഈ ശരീരത്തിൽ നിന്ന് എന്നെ ആർ വിടുവിക്കും?'' 7:25-ൽ പൗലൊസ് സ്വന്തം ചോദ്യത്തിന് ഉത്തരം നല്കുന്നു. ''നമ്മുടെ കർത്താവായ യേശുക്രിസ്തു മുഖാന്തിരം ഞാൻ ദൈവത്തിനു സ്തോത്രം ചെയ്യുന്നു.'' 8-ാം അദ്ധ്യായം അതുകൊണ്ട് എന്നു തുടങ്ങുന്നു തന്റെ ചിന്താഗതി തുടരുകയാ ണെന്ന സൂചനയാണത്.

**വാക്യം 1. അതുകൊണ്ട് ക്രിസ്തുയേശുവിലുള്ളവർക്ക് ഒരു ശിക്ഷാവിധി യുമില്ല. അതി പ്രധാനമായ ഈ വാഗ്ദത്തം നിറയെ പ്രധാനപ്പെട്ട വാക്കുകളും വാക്യാംശങ്ങളുമാണ്.** താക്കോൽ വാക്കായ ശിക്ഷാവിധി എന്നതും നോക്കാം. ഈ വാക്ക് കറ്റാക്രിമാ κατάκριμα (*katakrima*) എന്ന ഗ്രീക്കുപദത്തിൽ നിന്നും ഉള്ളത്. "ക്രിമ എന്നപദത്തെ ശക്തീകരിക്കപ്പെട്ട വാക്ക് κρίμα (*krima*) ഒരു കോ ടതി ഭാഷയുടെ വാക്കാണ് എന്ന് ലിയോൺ മോറിസ് മനസ്സിലാക്കി. അതിൽ വിധിയും വിധിയുടെ നടപ്പാക്കലും ഉൾപ്പെട്ടിരിക്കുന്നു."[4] ''ശിക്ഷാവിധി" എന്ന് ആത്മീയ ശിക്ഷാവിധിയെയാണ് സൂചിപ്പിക്കുന്നത്.

ആയിരിക്കുക എന്ന ക്രിയ (is) വർത്തമാനകാല ക്രിയയായി കാണു ന്നു. ഭാവികാല ക്രിയ അല്ല. ഇപ്പോഴുള്ള അനുഗ്രഹമാണ്. ഭാവിയിലേക്കുള്ള വാഗ്ദാനമല്ല. ദുഷ്ടന്മാരെ ഒരു ഭാവിന്യായവിധി κρίμα (*krima*) കാത്തിരി യ്ക്കുന്നുണ്ട് (ലൂക്കൊ. 20:47 കാണുക). എന്നാൽ യേശുക്രിസ്തുവിനെ നിരസിയ്ക്കുന്നവർ ന്യായം വിധിയ്ക്കപ്പെട്ടുകഴിഞ്ഞു (യോഹ 3:18), ന്യായ വിധി κρίνω [*krinō*] ഉപയോഗിച്ചിരിക്കുന്നു. ഇവിടെ പൗലൊസ് ക്രിസ്ത്യാനി

കളോടു പറയുകയാണ് നല്ല വാർത്തയായി ന്യായവിധി മാറിപ്പോയിരിക്കുന്നു എന്ന കാര്യം. കോയ് റോപ്പർ ഈ കാര്യം ഒരു സാദൃശത്താൽ വെളിവാക്കിയിരിക്കുന്നു.

> ന്യായവിധി നീങ്ങിപ്പോയി. മറ്റ് ആരോ ശിക്ഷ അനുഭവിച്ചു! ... കുറ്റക്കാരന്റെ മേൽ ശിക്ഷ വിധിക്കപ്പെട്ടു. നാം മരണത്തിനു വിധിക്കപ്പെട്ടവരുടെ നിരയിൽ കാത്തിരിക്കുകയായിരുന്നു. വിധി എന്നു നടപ്പാക്കും എന്നുള്ള ഭയങ്കര ദിവസത്തിനായി ഉടനെ സ്വാഗതാർഹമായ വാർത്ത വന്നു. ''നിങ്ങൾ സ്വതന്ത്രരായിരിക്കുന്നു!'' നമ്മുടെ പാപത്തിന് നമുക്കു ശിക്ഷാവിധിയില്ല.[5]

പൗലൊസിന് ഇഷ്ടപ്പെട്ട വാക്കുകൾ ക്രിസ്തുയേശുവിലുള്ളവർ കാണപ്പെടുന്നു. ഇതു നമ്മെ റോമ. 6:3ലേക്കു കൊണ്ടുപോകുന്നു. ''കിസ്തുവിനോടു ചേരുവാൻ സ്നാനമേറ്റവരായ നാം.'' എഫ്. എഫ്. ബ്രൂസ് ഇങ്ങനെ എഴുതി,

> ''ക്രിസ്തുയേശുവിൽ'' (''ക്രിസ്തുവിൽ'' എന്നാണ്) സ്ത്രീ പുരുഷന്മാരെ ക്രിസ്തുവിലേക്ക് നടത്തുമ്പോൾ അവർ ക്രിസ്തുവിലാശ്രയിക്കുന്നു. ഈ പുതിയ വ്യവസ്ഥിതിയാണ് പൗലൊസ് ക്രിസ്തുയേശുവിൽ, ക്രിസ്തുവിൽ എന്നു വിവരിച്ചിരിക്കുന്നത്. ക്രിസ്തീയ സ്നാനം എന്നാൽ ക്രിസ്തുവിനോടു ചേരുവാനുള്ള സ്നാനം എന്നാണ് (6:3). യേശുവുമായുള്ള വിശ്വാസ ഐക്യം മൂലം യേശുവിന്റെ ആളുകൾ അവനോടുകൂടെ മരിച്ചെന്ന് എണ്ണുകയും അടക്കപ്പെട്ടു എന്നും അവനോടുകൂടെ ഉയിർത്തെഴുന്നേറ്റു എന്നും ആകുന്നു.[6]

അവസാനമായി ഈ വാക്യത്തിൽ ''ഇപ്പോൾ'' എന്നു കാണുന്നു. അതുകൊണ്ട് *ഇപ്പോൾ* ഒരു ശിക്ഷാ വിധിയുമില്ല. ക്രിസ്തുയേശുവിലുള്ളവർക്കും 7:14–25 വരെ പൗലൊസ് പറയുന്നത് ''അപ്പോൾ'' – ഇത് കഴിഞ്ഞകാലത്തിൽ ഉള്ള ഒരു സമയത്താണ് താൻ ന്യായപ്രമാണത്തിലെ കല്പനകളെ അനുസരിക്കുവാൻ പരിശ്രമിച്ചിരുന്നു. സ്വന്ത ശക്തിയിലാശ്രയിച്ച് അന്ന് അവൻ ശിക്ഷാവിധിയിലായിരുന്നു. കാരണം അവന് അത് പൂർണ്ണമായി അനുസരിക്കുവാൻ കഴിഞ്ഞില്ല. *ഇപ്പോൾ* അതിനു മാറ്റം വന്നിരിക്കുന്നു പൗലൊസ് – യേശുക്രിസ്തുവിനെ വിശ്വസിച്ചു, സ്നാനപ്പെട്ടു. *അവൻ* ദൈവത്തിന്റെ കൃപയാൽ രക്ഷിയ്ക്കപ്പെട്ടു. *ഇപ്പോൾ* അവന് ഒരു ശിക്ഷാവിധിയുമില്ല.

ഈ വാക്കുകളും വാക്യാംശങ്ങളും ഒരുമിച്ചു ചേർക്കുമ്പോൾ എല്ലാ വിശ്വസ്തരായ ദൈവപൈതങ്ങൾക്കും ലഭിക്കുന്ന നിർണ്ണയം ഇതാണ്. ഈ ഉറപ്പാണ് നമുക്കെല്ലാവർക്കും വേണ്ടതും. നമ്മിൽ ആരും അർഹിക്കാത്തതുമായത്!

നിർഭാഗ്യവശാൽ ഒന്നാം വാക്യം റോമർ 8ലുള്ള വേറെ ചില വാക്യങ്ങളും ചേർത്ത് ഒരു ദൈവപൈതലിനു നഷ്ടപ്പെട്ടുപോകാൻ സാദ്ധ്യമല്ല എന്ന് തെറ്റായി പഠിപ്പിച്ചുവരുന്നുണ്ട്. കാൽവിന്റെ അനുഗാമികളായ എഴുത്തുകാർ റോമർ 8:1 വ്യാഖ്യാനിയ്ക്കുമ്പോൾ ഈ പ്രസ്താവനയ്ക്ക് വിശേഷണങ്ങൾ ഇല്ല എന്നു പറയുന്നത് സാധാരണമാണ്. അഥവാ ഇതിനു വ്യവസ്ഥകൾ ഒന്നും പറഞ്ഞിട്ടില്ല എന്നാണ്. ഒരു വാക്യത്തെ അതിന്റെ സന്ദർഭത്തിൽ നിന്നും അടർത്തിമാറ്റി വ്യാഖ്യാനിക്കുന്നത് ശരിയല്ല. ഒരിക്കൽ ഒരാൾ

സുവിശേഷകനായ ഗ്ലെൻ പെയ്സിനെ വെല്ലുവിളിച്ച് ഇങ്ങനെ പറഞ്ഞു. ''ക്രിസ്തുവിൽ ശിക്ഷാവിധിയുണ്ടെന്ന് നിങ്ങൾ വിശ്വസിക്കുന്നതായി ഒരാൾ എന്നോടു പറഞ്ഞു.'' റോമർ 8:1നെ ഉദ്ദേശിച്ചാണ് അയാൾ ചിന്തിക്കുന്നതെന്ന് മനസ്സിലാക്കി ഗ്ലെൻ പെയ്സ് അയാളോട്, ''നിങ്ങൾ വേണ്ടത്ര വായിച്ചിട്ടില്ല. തുടർന്നു വായിക്കുക.''[7]

KJV. യിൽ 8:1 ലെ വാഗ്ദത്തത്തിനു തൊട്ടുപിന്നാലെ ഇങ്ങനെ കാണുന്നു. ''ജഡത്തെയല്ല ആത്മാവിനെയത്രെ അനുസരിച്ചുനടക്കുന്ന നമ്മിൽ'' പഴയ കൈയ്യെഴുത്തു പ്രതികളിൽ ഈ വാക്യം കാണപ്പെടുന്നില്ല. പക്ഷേ നാലാം വാക്യത്തിൽ കാണുന്നു. റോമർ 8ൽ തന്നെ വിശേഷണവാക്കുകൾ കുറവല്ല. ശള (എങ്കിൽ എന്ന ഏറ്റവും വലിയ ചെറിയ വാക്ക്)[8] ഈ അദ്ധ്യായത്തിൽ പലപ്രാവശ്യം ഉപയോഗിച്ചിട്ടുണ്ട്.[9] ഉദാഹരണമായി അത് 13-ാം വാക്യത്തിൽ ഉപയോഗിച്ചിട്ടുണ്ട്. ''നിങ്ങൾ ജഡത്തെ അനുസരിച്ചു ജീവിക്കുന്നു *എങ്കിൽ* മരിക്കും നിശ്ചയം ആത്മാവിനാൽ ശരീരത്തിന്റെ പ്രവൃത്തികളെ മരിപ്പിക്കുന്നു എങ്കിലോ നിങ്ങൾ ജീവിക്കും.''

8:1 ശരിയായി മനസ്സിലാക്കേണ്ടത് ആവശ്യമാണ്. അതിന് ബാലൻസു വേണം. ആ വാക്യത്തിൽ പറഞ്ഞിരിക്കുന്നതിൽ *കൂടുതലൊന്നും* അതിൽ ചേർക്കരുത്. ഒരു ക്രിസ്ത്യാനി എങ്ങനെ ജീവിച്ചാലും ശിക്ഷ വിധിക്കപ്പെടുകയില്ല എന്നു പഠിപ്പിക്കുകയല്ല പൗലൊസിന്റെ ഉദ്ദേശം. അതേസമയം ആ വാക്യത്തിൽ പറയുന്ന കാര്യത്തിൽ കുറവായി അതിൽനിന്നും എടുക്കുവാനല്ല ശ്രമിക്കേണ്ടത്. ക്രിസ്ത്യാനിയുടെ സുരക്ഷിതത്വത്തിനായുള്ള ഏറ്റവും അതിശയകരമായ ഒരു ഭാഗമാണ് ഈ വക്യം. അത് *വ്യവസ്ഥ*യനുസരിച്ചുള്ള സുരക്ഷിതത്വമാണ്. എന്നാലും അത് ഒരു സുരക്ഷിതത്വം തന്നെയാണ്.

ക്രിസ്തീയ സുരക്ഷിതത്വത്തെക്കുറിച്ച് കുറഞ്ഞ പക്ഷം മൂന്നുകാര്യങ്ങൾ എങ്കിലും പല വ്യക്തികൾ പറഞ്ഞിട്ടുണ്ട്.[10] ഒന്നാമത്തെത് ഒരു വ്യവസ്ഥയുമില്ലാത്ത സുരക്ഷിതത്വം. ഇതാണ് എല്ലാവർക്കും അറിയാവുന്ന വിശ്വാസത്യാഗം *അസാദ്ധ്യമാണെന്ന* വാദം. ഒരു ദൈവപൈതലിന് വീഴ്ച *അസാദ്ധ്യ*മാണെന്നു പഠിപ്പിക്കുന്നു. ഡോക്ടർ ഡഗ്ലസ് ജെ. മൂ സൂചിപ്പിക്കുന്നത് ''ചുമതലയില്ലാത്ത സുരക്ഷിതത്വം നിഷ്ക്രീയത്വത്തെ ഉണ്ടാക്കുന്നു'' എന്നത്രെ. അദ്ദേഹം ഒരു സഭാനേതാവിനെ കൗൺസിൽ ചെയ്ത കാര്യം പറഞ്ഞു. അയാൾ വിവാഹത്തിനുപുറത്ത് ലൈംഗിക ബന്ധം പുലർത്തുന്നവനായിരുന്നു. തന്റെ പ്രവർത്തിയെക്കുറിച്ച് യാതൊരു ഖേദവും ഉള്ളവാനായി കണ്ടില്ല. നിത്യമായി സുരക്ഷിതനാണെന്ന് വിശ്വസിക്കുന്നതായി കാണപ്പെട്ടു.[11] ദൈവവചനം വ്യവസ്ഥയില്ലാത്ത സുരക്ഷിതത്വം പഠിപ്പിക്കുന്നില്ല. ദൈവവചനം വീണുപോകാതിരിപ്പാൻ മുന്നറിയിപ്പുനൽകുന്നു (1 കൊരി. 10:12). എങ്ങനെയാണ് വീഴാതെയിരിപ്പാൻ സൂക്ഷിക്കേണ്ടതെന്നു പറയുന്നു. (2 പത്രൊ. 1:5-11) ഒരാൾ വീണുപോയാൽ എന്തുചെയ്യണമെന്നു വിവരിക്കുന്നു (പ്രവൃത്തി. 8:22, 23).

രണ്ടാമത്തേതിനെ ഞാൻ ''വ്യവസ്ഥാപിതമായ അരക്ഷിതത്വം'' എന്നു പറയും. അത് വിശ്വാസത്യാഗത്തിന്റെ സാദ്ധ്യതയുണ്ടെന്നുള്ള ഉപദേശമാണ്. ഒരു ദൈവപൈതലിന് വീഴാൻ സാദ്ധ്യതയുണ്ടെന്നും മിക്കവാറും വീഴും എന്നും അറിയുന്നു. ഇങ്ങനെ പഠിപ്പിക്കുന്ന ആരെയും എനിക്കറിഞ്ഞുകൂടാ. എന്നാൽ അങ്ങനെ വിശ്വസിയ്ക്കുന്ന സഭാംഗങ്ങളെ എനിക്കറിയാം. അവർ ദൈവത്തെ ഒരു പ്രാപഞ്ചിക പോലീസ് ആയി ചിന്തിക്കുകയും അദ്ദേഹത്തിന്റെ പ്രാഥമികമായ ശ്രദ്ധ അങ്ങനെയുള്ളവരെ ദൈവീക നിയമത്തിൽ പെടുത്തു

കയും ചെയ്യുക എന്നുള്ളതാണ് എന്നും ചിന്തിക്കുന്നു. അവർക്ക് ക്രിസ്തീയ ജീവിതം തീരെ സന്തോഷമായി ആസ്വദിക്കുവാൻ കഴിയുന്നില്ല. ഒരുപക്ഷേ അവർക്കു സ്വർഗ്ഗപ്രവേശനം സാദ്ധ്യമായേക്കും എന്നുള്ള ഒരു ചെറിയ ആശയോടെ കഴിയുന്നു.

വ്യവസ്ഥാപിതമായ അരക്ഷിതത്വവും വ്യവസ്ഥാപിതമായ സുരക്ഷിതത്വവും അതിന്റേതായ രീതിയിൽ തെറ്റാണ്. ഈ വീക്ഷണങ്ങൾ ക്രിസ്തീയ മാർഗ്ഗത്തിന്റെ സന്തോഷം എടുത്തുകളഞ്ഞ് ദൈവത്തിന്റെ വേലയ്ക്ക് ക്ഷീണം വരുത്തുന്നു. ചിലർ നഷ്ടപ്പെടുവാനും കാരണമായേക്കും. ചിലർ നിരാശയോടെ ജീവിച്ച് ക്രിസ്തീയ ജീവിതം ഉപേക്ഷിച്ചുകളയുവാനും ഇടയായേക്കാം. "ചുമതലയില്ലാത്ത സുരക്ഷിതത്വം നിഷ്ക്രിയത്വം ഉളവാക്കുന്നു" എന്നു പറഞ്ഞശേഷം ഡോക്ടർ. മൂം പറഞ്ഞത്. "സുരക്ഷിതത്വം ഇല്ലാത്ത ചുമതല ആകാംക്ഷയുണ്ടാക്കുന്നു" എന്നാണ്.[12] പൗലൊസ് പാപംചെയ്ത് അതിദുഃഖത്തിൽ മുങ്ങിപ്പോകാറായ ഒരു സഹോദരനെക്കുറിച്ച് എഴുതിയിട്ടുണ്ട് (2 കൊരി. 2:7).

ഞാൻ വിശ്വസിക്കുന്ന മൂന്നാമത്തെ നിലപാട് വേദാനുസരണമാണ്. ഞാൻ അതിനെ വ്യവസ്ഥാപിതമായ സുരക്ഷിതത്വം എന്ന് വിളിക്കുന്നു. "വിശ്വാസത്യാഗം സംഭവിക്കുവാനുള്ള സാദ്ധ്യതയെ" അത് പഠിപ്പിക്കുന്നു. ഒരു ദൈവപൈതൽ വീണു പോകുന്നില്ല - *എങ്കിൽ*. ഒരു ക്രിസ്ത്യാനി ജഡത്തെ അനുസരിയ്ക്കാതെ ആത്മാവിനെ അനുസരിക്കുന്നു *എങ്കിൽ* (8:4) അവൻ സുരക്ഷിതനാണ്. "ആത്മാവിനാൽ ശരീരത്തിന്റെ പ്രവർത്തികളെ മരിപ്പിക്കുന്നു എങ്കിൽ അവൻ ജീവിക്കും" (8:13).

നിന്നെ ശിക്ഷവിധിക്കുവാനൊരുകാരണം കണ്ടുപിടിയ്ക്കുവാൻ ദൈവം നോക്കിയിരിക്കയാണെന്നു വിചാരിക്കുന്നുണ്ടോ? 31 മത്തെ വാക്യം നോക്കുക. അതിങ്ങനെ പഠിപ്പിക്കുന്നു. "ദൈവം നമുക്ക് അനുകൂലമെങ്കിൽ പ്രതികൂലം ആർ?" ദൈവം നിനക്കനുകൂലമാണ്. നിന്റെ പക്ഷത്താണ് നേരത്തെതന്നെ ദൈവം നിനക്കനുകൂലമായി തന്നെത്തന്നെ തന്നിരിക്കയാണ്. നിന്നെ ശിക്ഷവിധിപ്പാൻ ഒരു വഴി നോക്കിയിരിക്കയല്ല ദൈവം. നിന്നെ ശിക്ഷിയ്ക്കാതെയിരിക്കുവാൻ ഒരു മാർഗ്ഗം ഉണ്ടാക്കിയിട്ടുണ്ട്.

ഒരു ക്രിസ്ത്യാനിക്ക് ദൈവത്തിന്റെ വഴി തിരസ്ക്കരിക്കുവാൻ കഴിയുമോ? ക്രിസ്ത്യാനിയായിത്തീർന്നതിനാൽ ഒരാളുടെ ഇച്ഛാസ്വാതന്ത്ര്യം ഇല്ലാത്തവനായിതീരുന്നില്ലല്ലോ. ഒരാൾക്ക് യേശുവിങ്കലേക്ക് അടുത്തുവന്ന് രക്ഷപെടാമെങ്കിൽ അവന് യേശുവിങ്കൽ നിന്ന് ഓടി അകന്ന് നഷ്ടപ്പെടുവാനും സാധിയ്ക്കും. ഒരാൾ എന്തിന് അങ്ങനെ ചെയ്യുമെന്ന് എനിക്കു സങ്കൽപ്പിക്കുവാൻ കഴിയുന്നില്ല. എന്നാൽ ആളുകൾ ചെയ്യുന്ന പലകാര്യങ്ങളും എന്തുകൊണ്ടാണെന്ന് എനിക്കു മനസ്സിലാകുന്നില്ല. ആളുകൾ ഭോഷത്വപരമായ പ്രവർത്തികൾ ദിവസന്തോറും ചെയ്തു കൂട്ടുന്നു. അതിലൊന്നാണ് തങ്ങളെ സ്നേഹിക്കുന്നവനെ തിരസ്ക്കരിക്കുന്നത്. നിന്റെ ഹൃദയം ദൈവത്തിങ്കൽ ഉറപ്പിച്ചിരുന്നാൽ (8:6) നിനക്ക് സുരക്ഷിതനായിരിക്കാം. നിന്റെ നന്മക്കായിട്ടാണ് ഇതെഴുതുന്നത്. അതുകൊണ്ട് ഇപ്പോൾ ക്രിസ്തുയേശുവിലുള്ളവർക്ക് ഒരു ശിക്ഷാവിധിയുമില്ല.

**വാക്യം 2.** എന്ത് *അടിസ്ഥാന*ത്തിലാണ് ക്രിസ്തുയേശുവിലുള്ളവർക്ക് ഒരു ശിക്ഷാവിധിയുമില്ലെന്ന് പൗലൊസ് പറയുന്നത്? താഴെ പറയുന്നതാണ് കാരണം എന്ന് അവിടെ ഉപയോഗിച്ചിരിക്കുന്ന (γάρ, *gar*) എന്ന ഘടകം മൂലം

മനസ്സിലാക്കാം. "**ജീവന്റെ ആത്മാവിന്റെ പ്രമാണം എനിക്ക് പാപത്തിന്റെയും മരണത്തിന്റെയും പ്രമാണത്തിൽ നിന്നും സ്വാതന്ത്ര്യം വരുത്തിയിരിക്കുന്നു.**" "എനിക്ക്" (με, *me*) എന്നാണ് (മലയാളം ബൈബിളിൽ) KJV, NIV, RSV യിലും എനിക്ക് എന്നു തന്നെയാണ്. അതുകൊണ്ടുതന്നെ 7:14–25 നോട് ഈ ഭാഗ ത്തിന് നേരിട്ടുള്ള ബന്ധം മനസ്സിലാക്കാം.

പ്രമാണം (νόμος, *nomos*) എന്ന വാക്ക് രണ്ടാമതൊരർത്ഥത്തിൽ ഉപയോ ഗിക്കുന്നു. അതായത് സ്ഥാപിയ്ക്കപ്പെട്ട നടപ്പുള്ള എന്ന അർത്ഥത്തിൽ 7-ാം അദ്ധ്യായം അവസാനിക്കുന്നത് സ്വന്ത ശക്തിയിൽ ആശ്രയിക്കുന്നിടത്തോളം അവൻ പാപത്തിന്റെ പ്രമാണത്തെ അനുസരിയ്ക്കാൻ വിധിയ്ക്കപ്പെട്ടവ നാണ (7:25). ജഡത്തിന്റെ എതിർക്കുവാൻ കഴിയാത്ത കീഴോട്ടുള്ള തള്ളൽ ആത്മീയമരണത്തിലേക്കു നയിക്കുന്നു. (7:6, 24; 8:13) എന്നാൽ പൗലൊസ് പറയുന്നത് പൗലൊസും (മറ്റുള്ളവരും) ("പാപത്തിന്റെയും മരണത്തിന്റെയും പ്രമാണത്തിൽ നിന്നും") സ്വതന്ത്രരായിരിക്കുന്നു എന്നാണ്.[13]

പൗലൊസിനെ സ്വതന്ത്രനാക്കിയത് എന്താണ്? ജീവന്റെ ആത്മാവിന്റെ പ്രമാണം. ജീവന്റെ ആത്മാവ് എന്നാൽ പരിശുദ്ധാത്മാവ്. ജീവൻ തരുന്ന ആത്മാവ്.

ആദിയിൽ ഭൂമിയിൽ ശാരീരിക ജീവൻ ഉളവാക്കുന്നതിനാൽ പരിശുദ്ധാ ത്മാവിന് പങ്കുണ്ടായിരുന്നു (ഉല്പ. 1:1, 2, 26; 2:7; AB).
പരിശുദ്ധാത്മാവ് ജീവന്റെ വചനത്തെ നിശ്വസിച്ചു (ഫിലി. 2:16; 2 പത്രൊ. 1:21).
പെന്തെകൊസ്തു നാളിൽ ജനങ്ങളിൽ ആത്മീയ ജീവൻ കൊണ്ടുവരു വാൻ പരിശുദ്ധാത്മാവ് ജീവാധാരമായ ശക്തിയായിരുന്നു (പ്രവൃത്തി. 2:1–4, 33, 37, 38, 41).
പരിശുദ്ധാത്മാവ് ഇന്നും ക്രിസ്ത്യാനിയുടെ പുതുജീവന് മൂലകാരണമായി തുടരുന്നു (പ്രവൃത്തി. 2:38; 5:32; റോമ. 8:6).

അങ്ങനെ പൗലൊസ് പരിശുദ്ധാത്മാവിനെ തന്റെ വായനക്കാർക്ക് റോമർ 8-ൽ പരിചയപ്പെടുത്തി.

നമ്മെ സ്വതന്ത്രരാക്കുന്ന ജീവന്റെ ആത്മാവിന്റെ പ്രമാണം [*nomos*] എന്താണ്? ചിലർ വിചാരിക്കുന്നത് (*nomos*) പ്രമാണം എന്നിവിടെ ഉപയോ ഗിച്ചിരിക്കുന്നത് പ്രാഥമിക അർത്ഥത്തിലാണ്. ആത്മാവിനാൽ വെളിപ്പെടു ത്തപ്പെട്ട സുവിശേഷം എന്നോ പുതിയനിയമം എന്നോ ഉള്ള അർത്ഥത്തിൽ ആണെന്നാണ് ഈ സന്ദർഭത്തിൽ നോമോസ് എന്ന വാക്കിനെ രണ്ടാമത്തെ അർത്ഥത്തിൽ വ്യാഖ്യാനിയ്ക്കുകയാണ് നല്ലത്.[14] അങ്ങനെയങ്കിൽ ഫലത്തിൽ ഈ വേദഭാഗം പറയുന്നത് ആത്മാവിന്റെ *മേലോട്ടുള്ള* വലിക്കൽ നമ്മെ ജഡ ത്തിന്റെ *കീഴോട്ടുള്ള* തടയാൻ പറ്റാത്ത *വലിയ്ക്കലിൽ* നിന്നും സ്വതന്ത്രരാ ക്കുന്നു.

ഗുരുത്വാകർഷണം എന്ന പ്രമാണം ഈ കാര്യത്തിന് ഒരു നല്ലഉദാഹരണ മാണ്. ഗുരുത്വാകർഷണത്തെക്കുറിച്ച് നമുക്കറിയാം. നമ്മെ ഭൂമിയിൽ ഉറപ്പിച്ചു നിർത്തുന്നതും ശൂന്യാകാശത്തിൽ നാം കറങ്ങിപ്പോകാൻ ഇടയാക്കാത്ത തുമായ ഭൂമിയുടെ താഴോട്ടു വലിക്കുന്ന ശക്തിയാണല്ലോ അത്. എന്നാൽ ഏയ്റോഡൈനാമിക്സ് എന്ന വേറൊരു ശക്തിയുണ്ട്. അത് വായുവുമായി

ബന്ധപ്പെട്ടതാണ്. വിമാനത്തിന്റെ മുന്നോട്ടുള്ള ഗമനത്തിൽ ഒരു ചിറകിനടിയിലായി ഒഴുകി അതിനെ മുകളിലേക്കുയർത്തുന്നു. ഈ പ്രമാണത്തെക്കുറിച്ച് കൂടുതാലായി എനിക്കറിഞ്ഞുകൂടാ. എന്നാൽ ഈ പ്രമാണം അനുസരിച്ച് വിമാനങ്ങൾ ഉണ്ടാക്കി ആകാശത്തുയുർത്തി പറപ്പിക്കുവാൻ ആളുകൾക്ക് കഴിയും. ഒരർത്ഥത്തിൽ എയ്റോഡൈനാമിക്സ് എന്ന പ്രമാണത്തിന് മനുഷ്യനെ ഗുരുത്വാകർഷണ ശക്തിയിൽ നിന്നും സ്വതന്ത്രനാക്കുവാൻ കഴിയും.

റോമർ 7ന്റെ അവസാന ഭാഗത്ത് ജഡത്തിന്റെ താഴേക്കുള്ള വലിവ് അവന് സ്വന്തം കഴിവിനാൽ ജയിക്കുവാൻ സാധിയ്ക്കാത്ത ഒരു ശക്തിയായി കാണിച്ചിരിക്കുന്നു. എന്നാൽ ഇവിടെ ജഡത്തിന്റെ താഴേക്കു വലിയ്ക്കുന്ന ശക്തിയെ ആത്മാവിന്റെ മുകളിലേക്കു വലിയ്ക്കുന്ന വലിയ ശക്തികൊണ്ട് മാറ്റാം (ജയിക്കാം) എന്ന് പൗലൊസ് ഉറപ്പു പറയുന്നു. ആത്മാവിന്റെ ശക്തി നാം വിശ്വസിച്ച് സ്നാനപ്പെട്ടപ്പോൾ നമ്മിൽ വന്ന് വസിക്കുന്നവനായ പരിശുദ്ധാത്മ ശക്തിയത്രെ (പ്രവൃത്തി 2:38; 5:32).

നാം ജീവന്റെ ആത്മാവിനാൽ സ്വതന്ത്രരാക്കപ്പെട്ടപ്പോൾ പാപത്തിന്റെയും മരണത്തിന്റെയും ശക്തി ഇല്ലാതെയായി എന്നാണോ അർത്ഥം? വായുവിമാനത്തിന്റെ ഉദാഹരണം തന്നെ വീണ്ടും നോക്കുക: എയ്റോഡൈനാമിക്സ്ന്റെ പ്രമാണം ഒരു വിമാനത്തെ ഗുരുത്വാകർഷണശക്തിയിൽ നിന്നും സ്വതന്ത്രമാക്കി ആകാശത്തിലുയർത്തുമ്പോൾ ഗുരുത്വാകർഷണശക്തി ഇല്ലാതാകുമോ? പൈലറ്റ് അവന്റെ വിമാനത്തിന്റെ എൻജിൻ നിർത്തിയാലറിയാം ഗുരുത്വാകർഷണ ശക്തി പൂർണ്ണബലത്തോടെ നിലനിൽക്കുന്നതായി മനസ്സിലാക്കും. അതുപോലെതന്നെ പാപത്തിന്റെയും മരണത്തിന്റെയും പ്രമാണത്തിൽ നിന്നു സ്വതന്ത്രരായി എങ്കിലും കീഴോട്ടുള്ള വലിവ് ഇല്ലാതാകുന്നില്ല. മറിച്ച് ഒരു ക്രിസ്ത്യാനിക്ക് അത് *എതിർക്കാൻ സാധിയ്ക്കാത്ത* താഴേക്കു വലിയ്ക്കുന്ന ഒരു ശക്തിയല്ല. നമ്മുടെ സമ്മതമില്ലാതെ പാപത്തിന് നമ്മെ തോൽപിക്കുവാൻ കഴിയുകയില്ല. ക്രിസ്ത്യാനിക്ക് എതിർക്കാൻ പറ്റാത്ത ഒരു ശക്തിയല്ല. ആത്മാവിന്റെ ശക്തിയാൽ ജഡത്തിന്റെ ശക്തിയെ മരിപ്പിക്കുവാൻ നമുക്കു സാധിക്കും (8:13, കാണുക 8:26).

**വാക്യം 3. ജഡത്താലുള്ള ബലഹീനത നിമിത്തം ന്യായപ്രമാണത്തിനു കഴിയാഞ്ഞതിനെ സാധിപ്പാൻ ദൈവം ചെയ്തു.** NASB 3 ഒപ്പം 4 യിൽ ന്യായപ്രമാണത്തിന് LAW എന്ന് വലിയക്ഷരത്തിൽ മൂന്നും നാലും വാക്യങ്ങളിൽ എഴുതിയിരിക്കുന്നു. കാരണം മോശെയുടെ ന്യായപ്രമാണത്തെയാണ് അത് സൂചിപ്പിക്കുന്നത്. പൗലൊസിന്റെ പ്രസ്താവനകൾ 7–ാം അദ്ധ്യായത്തിലെ ചർച്ചകളോട് നേരിട്ട് ബന്ധിപ്പിച്ചിരിക്കുകയാണ്.

മോശെയുടെ ന്യായപ്രമാണത്തിന് പാപത്തിന്റെയും മരണത്തിന്റെയും പ്രമാണത്തിൽ നിന്നും പൗലൊസിനെ സ്വതന്ത്രനാക്കുവാൻ കഴിഞ്ഞില്ല.[15] എന്തുകൊണ്ട്? എന്തുകൊണ്ടെന്നാൽ ജഡത്തിന്റെ ബലഹീനത നിമിത്തം ന്യായപ്രമാണത്തിന്റെ തന്നെ ബലഹീനത എന്നല്ല എന്തെന്നാൽ അത് ദൈവം കൊടുത്തതാണ്. എന്നാൽ അതിനു പ്രവർത്തിയ്ക്കേണ്ട ജഡം ബലഹീനമായിരുന്നു. ജഡിക മനുഷ്യനു – അതായത് സ്വയാശ്രയക്കാരനായ മനുഷ്യന് സ്വന്തം കഴിവിൽ മാത്രം ആശ്രയിക്കുന്ന മനുഷ്യന് ന്യായപ്രമാണം പൂർണ്ണമായി അനുസരിപ്പാൻ കഴിഞ്ഞില്ല. അവന്റെ ബലഹീനതമൂലം മനുഷ്യനെ സ്വതന്ത്രനാക്കുവാൻ ന്യായപ്രമാണത്തിനു കഴിഞ്ഞില്ല. ഈ തത്വം പല ഉദാഹരണങ്ങളാൽ തെളിയിക്കാം.

അനുഭവസമ്പന്നനായ കോച്ച് (പന്തുകളി അഭ്യസിപ്പിക്കുന്നവൻ)ന് കളിയിൽ താല്പര്യമില്ലാത്ത കൂട്ടത്തെ ജയിക്കുന്ന ഒരു സംഘമാക്കി തീർക്കുവാൻ സാദ്ധ്യമല്ല.

യുവജനങ്ങളുടെ ഒരു സംഗീത സംഘത്തെ രൂപീകരിയ്ക്കുവാൻ ശ്രമിയ്ക്കാത്ത ഒരു സംഗീതജ്ഞന് സംഗീതത്തിൽ യാതൊരു താലന്തും ഇല്ലാത്തവരും താല്പര്യമില്ലാത്തവരുമായവരെക്കൊണ്ട് ഒന്നും ചെയ്യുവാൻ സാധിയ്ക്കയില്ല.

ഒരു കരകൗശലവിരുതന് ഉപയോഗ്യമല്ലാത്ത മരം കൊണ്ട് ഒരു നല്ല മേശയോ കസേരയോ ഉണ്ടാക്കുവാൻ സാധിക്കയില്ല.

ഈ ഉദാഹരണങ്ങളിൽ പന്തുകളിപരിശീലകനും സംഗീതജ്ഞനും കരകൗശല വിദഗ്ദനും മോശമായ സാധനങ്ങളാൽ പണിചെയ്യുവാൻ ശ്രമിക്കുന്നു. അതുപോലെ ന്യായപ്രമാണവും ജഡത്തിന്റെ ബലഹീനത നിമിത്തം പരിമിതപ്പെട്ടു. ന്യായപ്രമാണത്തിന് എന്തെങ്കിലും കുറവുണ്ടായിരുന്നുവോ? ഇല്ല. ഡേവ്മില്ലർ ചോദിച്ചു. നിന്റെ കാറിന് പറക്കുവാൻ കഴിയാത്തതുകൊണ്ട് നീ അതിനെ തൊഴിച്ചു തട്ടിക്കളയുമോ? നിശ്ചയമായും ഇല്ല. അത് പറക്കുവാനായി നിർമ്മിക്കപ്പെട്ടതല്ല. മോശെയുടെ ന്യായപ്രമാണം പാപത്തെ നീക്കുവാൻ ഉണ്ടാക്കിയതല്ല. പാപത്തെ വെളിപ്പെടുത്തുവാൻ ഉണ്ടാക്കിയതാണ്, മാറ്റുവാനല്ല.[16]

ന്യായപ്രമാണത്തിനു ചെയ്യുവാൻ സാധിക്കാഞ്ഞത് ദൈവം *ചെയ്തു*. ജഡം നിമിത്തം ന്യായപ്രമാണത്തിന് ജനത്തെ പാപത്തിൽനിന്നും സ്വതന്ത്രരാക്കുവാൻ കഴിഞ്ഞില്ല. ജഡം ബലഹീനമായിരുന്നതുമൂലം. **ദൈവം ജഡത്തെ ഉപയോഗിച്ച് മനുഷ്യരെ സ്വതന്ത്രരാക്കി. ദൈവം തന്റെ പുത്രനെ പാപ ജഡത്തിന്റെ സാദൃശത്തിലും പാപം നിമിത്തവുമയച്ച് പാപയാഗമാക്കി അയച്ച് പാപത്തിന് ജഡത്തിൽ ശിക്ഷ വിധിച്ചു.** ദൈവം പാപത്തിനുമേൽ ജയം എടുത്തു. ജഡത്തിൽ വെല്ലുവിളി കൂടാതെ ഭരിയ്ക്കുവാൻ സാധിക്കാത്തയിടത്തിൽ ജയമെടുത്തു.[17]

മൂന്നാം വാക്യത്തിൽ പല അടിസ്ഥാനപരമായ ഉപദേശങ്ങൾ അടങ്ങിയിട്ടുണ്ട്. ഉദാഹരണമായി ക്രിസ്തുവിന്റെ നരാവതാരത്തെക്കുറിച്ച് പരാമർശമുണ്ട്. ദൈവം തന്റെ ''സ്വന്തപുത്രനെ'' അയച്ചു. മോറിസ് പറയുന്നു. ഏതെങ്കിലും ഒരു ദൂതനെയല്ല. താനുമായി നിസ്തുലമായ ബന്ധത്തിലായിരുന്നവനെ അയച്ചു.[18] യേശു പാപജഡത്തിന്റെ സാദൃശത്തിൽ വന്നു. ''സാദൃശം'' എന്നത് അതുപോലെയുള്ള പാപജഡം എന്നാൽ അക്ഷരപ്രകാരം പാപത്തിന്റെ ജഡം എന്നാണ്. ആത്മാവിന്റെ നടത്തിപ്പിൽ ഓരോ വാക്കുകളും കരുതലോടെ തെരഞ്ഞെടുത്തവ തന്നെയാണ്. ബ്രൂസ് പറഞ്ഞു,

> പാപജഡത്തിന്റെ സാദൃശത്തിലയച്ചു എന്നത് ഡോസെറ്റിക്[19] ഉപദേശമാകാം. സുവിശേഷത്തിന്റെ സാരാംശമാണ് ദൈവപുത്രൻ ജഡത്തിൽ വന്നു എന്നുള്ളത്. വെറുതെ ജഡത്തിന്റെ സാദൃശത്തിൽ മാത്രമല്ല. പൗലൊസിന് അങ്ങനെ പറയാമായിരുന്നു. ''ജഡത്തിൽ വന്നു'' എന്ന്, പക്ഷേ മനുഷ്യശരീരം ആണ് പാപം പ്രവേശിച്ച് അധികാരം കൈയ്യടക്കിയതും ദൈവകൃപ അടുത്തുവരുന്നതുവരെ വാണതും എന്ന കാര്യം ഉറപ്പിച്ചുപറയുവാൻ പൗലൊസ് ഉദ്ദേശിച്ചു. തന്മൂലം ജഡം എന്നു

> പറയാതെ പാപത്തിന്റെ ജഡം എന്നോ പാപംനിറഞ്ഞ ജഡം എന്നോ പറയുന്നു. ദൈവപുത്രൻ പാപജഡത്തിൽ വന്നു എന്നു പറഞ്ഞാൽ അവനിൽ പാപം ഉണ്ടെന്ന് വരും. വേറൊരു സ്ഥാനത്ത് അവനെ പാപം അറിയാത്തവനെന്നു പൗലൊസ് പറഞ്ഞു. (2 കൊരി. 5:21) അതുകൊണ്ടാണ് ക്രിസ്തുവിനെ പാപജഡത്തിന്റെ സാദൃശത്തിലയച്ചു എന്നു എഴുതിയിരിക്കുന്നത്.[20]

യേശുക്രിസ്തുവിന്റെ ശരീരം പരിശോധിക്കുവാനുള്ള അവസരം നമുക്കു ലഭിച്ചിരുന്നു എങ്കിൽ നാം വസിക്കുന്ന ശരീരങ്ങൾ പോലെ തന്നെ ഉള്ളതാണെന്ന് മനസ്സിലാക്കുമായിരുന്നു.[21] കീഴോട്ടുവലിക്കുന്ന വലിവുള്ളതായി ത്തന്നെ. നമ്മെപ്പോലെയല്ല ദൈവത്തിനു സ്തോത്രം യേശു താഴോട്ടുള്ള ആ വലിവിനെ സഹായിച്ചില്ല.

ദൈവം തന്റെ പുത്രനെ വൃഥാ ലോകത്തിലേക്ക് അയയ്ക്കുക ആയിരുന്നില്ല. "പാപത്തിനുള്ള യാഗമായിട്ടാണ്" അയച്ചത്. NASB ആ യിൽ അത് യാഗമായി എന്നത് പ്രത്യേകം italics ൽ കാണിച്ചിരിക്കുന്നു. തർജ്ജമ ചെയ്തവർ ചേർത്തതാണെന്ന് കാണിക്കുവാനായിട്ടാണത്. മൂല ഭാഷയിൽ പാപത്തെപ്പറ്റി περὶ ἁμαρτίας (*peri hamartias*) എന്നു മാത്രമാണ്. ഏതായാലും ആ പേര് ഗ്രീക്കു പഴയനിയമത്തിൽ (ലെുഋേമഴശിേ) കാണുന്നു (കാണുക സങ്കീ. 40:6).

ബ്രിയാൻ ചാപ്പലിന്റെ വാക്കുകൾ ഉപയോഗിച്ചാൽ, ... പാപത്തിനുള്ള യാഗം എന്നത് പഴയനിയമകാലത്ത് പാപത്തിനായി കൊല്ലുന്ന മൃഗങ്ങളെ യാണ് ഓർപ്പിക്കുന്നത്.

> യാഗം കഴിയ്ക്കപ്പെടുന്ന മൃഗം പാപത്തിന്റെ ഭീകരാവസ്ഥയെ ഓർമ്മിപ്പിക്കുന്നു. അതേസമയം തന്റെ നിയമം ലംഘിച്ചതിന്റെ ശിക്ഷ മറ്റൊന്നിന്റെ മേൽ ആക്കാനുള്ള ദൈവത്തിന്റെ സമ്മതവും കാണുന്നു. ദൈവം നിർദ്ദോഷിയായ ഒരു മൃഗത്തിന്റെ മേൽ ചുമത്തിയതുപോലെ ദൈവം തന്റെ പുത്രന്റെമേൽ ചുമത്തി.[22]

കാളകളുടെയും ആട്ടുകൊറ്റന്മാരുടെയും രക്തത്തിന് പാപങ്ങളെ നീക്കുവാൻ കഴിയുന്നതല്ല. (എബ്രാ. 10:4); മൃഗങ്ങളുടെ രക്തത്തിനു ചെയ്യുവാൻ സാധിക്കാഞ്ഞത് ക്രിസ്തുവിന്റെ ഒരിക്കലായുള്ള യാഗം നിവർത്തിച്ചു (എബ്രാ. 10:10).

അതിന്റെ ഫലമായി ദൈവം "പാപത്തിന് ജഡത്തിൽ ശിക്ഷ വിധിച്ചു." ദൈവം പാപത്തിന് ജഡത്തിൽ ശിക്ഷ വിധിച്ചുവെന്ന് പൗലൊസ് പറഞ്ഞു. ചാൾസ് സ്പർജൻ ഇങ്ങനെ പറഞ്ഞു.[23] ദൈവം പാപത്തെ ശിക്ഷിയ്ക്കുവാനും എന്നെ ശിക്ഷിക്കാതിരിക്കുവാനും ഒരു വഴി കണ്ടുപിടിച്ചു. ദൈവം പാപത്തിനു ശിക്ഷ വിധിച്ചുവെന്ന് പൗലൊസ് പറയുമ്പോൾ അതേ യേശുവിന്റെ ജഡമാണോ നമ്മുടെ ജഡമാണോ എന്നൊരു ചോദ്യം ഉദിക്കുന്നു. നമ്മുടെ ജഡം എന്നാണ് വിചാരിച്ചതെങ്കിൽ താഴേക്കുവലിക്കുവാനുള്ള ജഡത്തിന്റെ ശക്തിയെ യേശുവിന്റെ ശക്തി നമ്മെ ശിക്ഷവിധിക്കും. എന്തുകൊണ്ടെന്നാൽ നാം അതിന്റെ കീഴിൽ ഞെരുങ്ങിപ്പോയി. ജഡം എന്നത് യേശുവിന്റെ ശരീരത്തെക്കുറിച്ചാണെങ്കിൽ ആ വാക്ക് യേശുവിന്റെ മേൽ വന്ന പാപത്തിന്റെ ന്യായവിധി (അവന്റെ) ശരീരം ക്രൂശിന്മേൽ തൂങ്ങപ്പെട്ടപ്പോൾ വന്നത് (1 കൊരി. 15:3; 2 കൊരി. 5:21). ക്രിസ്തുവിന്റെ ശരീരം ധരിയ്ക്കൽ നമ്മുടെ വീണ്ടെടുപ്പിന്റെ

ദൈവിക പദ്ധതിയിൽ വളരെ പ്രധാനപ്പെട്ടതും ഒഴിച്ചുകൂടാൻ പറ്റാത്തതുമാണ്. മനുഷ്യവർഗ്ഗത്തിനുവേണ്ടി തന്നെത്താൻ മറുവിലയായി കൊടുത്തപ്പോൾ (1 തിമോ. 2:6) ക്രിസ്തു മനുഷ്യനാകേണ്ടിവന്നു. പാപത്തെ ജഡത്തിൽ ശിക്ഷിക്കേണ്ടതിന് അവൻ ജഡമെടുക്കേണ്ടതായും വന്നു.

ഇതാണ് ദൈവത്തിന്റെ കരുതൽ. ദിവ്യമായ കരുതൽ സ്വന്തപുത്രനെ ആദരിക്കാതെ നമുക്കെല്ലാവർക്കും വേണ്ടി ഏല്പിച്ചു തന്ന ദൈവത്തിന്റെ കരുതൽ എത്ര അതിശയകരം (8:32)!

**വാക്യം 4**. ഈ വലിയ കരുതലിന്റെ ഉദ്ദേശം നിശ്ചമായും നമ്മെ പാപത്തിൽ നിന്നും രക്ഷിക്കുകയാണ്. എന്നാൽ അതു മാത്രമല്ല. ദൈവത്തിന്റെ കരുതലിനെക്കുറിച്ചുള്ള പൗലൊസിന്റെ സന്ദേശം നമ്മുടെ ജീവിതത്തെ സ്വാധീനിയ്ക്കണം. നാം *വിശുദ്ധീകരണത്തെ*ക്കുറിച്ചാണ് പറയുന്നതെന്ന് മറക്കരുത്. നാം നീതീകരിയ്ക്കപ്പെട്ടശേഷം ഒരു പ്രത്യേകമായ വിധത്തിൽ ജീവിക്കണം. നാലാം വാക്യത്തിൽ പൗലൊസ് ദൈവം തന്റെ പുത്രനെ അയച്ചതിന്റെ അടിസ്ഥാനകാരണം എന്താണെന്ന് പറയുന്നുണ്ട്. **നമ്മിൽ ന്യായപ്രമാണത്തിന്റെ നീതി നിവൃത്തിയാകേണ്ടതിനാണ്.** δικαίωμα (*dikaiōma*) എന്നതിന്റെ അർത്ഥം നീതി എന്നാണ് അതാണ് ന്യായപ്രമാണത്തിന്റെ ്യൂലൂൗല്യാലിഭ ഉദ്ദേശം.[24]

പൗലൊസ് ന്യായപ്രമാണത്തിന്റെ ഉദ്ദേശത്തെക്കുറിച്ചു അത് നമ്മിൽ നിവൃത്തിയാകുന്നതിനെക്കുറിച്ച് പറഞ്ഞപ്പോൾ അദ്ദേഹം എന്താണ് അർത്ഥമാക്കിയത്? നാം മോശെയുടെ ന്യായപ്രമാണത്തിലെ കല്പനകളെല്ലാം അനുസരിക്കുന്നതിനെക്കുറിച്ച് ചിന്തിച്ചിരിക്കയില്ല. നാം ആ ന്യായപ്രമാണത്തിന് മരിച്ചു എന്നാണ് നേരത്തേ പറഞ്ഞത്. മരിച്ചതിനാൽ നാം അതിൽ നിന്നും ഒഴിവുള്ളവരായി എന്നും പറയുന്നു. (7:4, 6) നാം വിശ്വസിക്കുമ്പോൾ നാം ന്യായപ്രമാണകല്പനകളെല്ലാം അനുസരിച്ചതായി ന്യായപ്രമാണം ആവശ്യപ്പെടുന്നതെല്ലാം നമ്മിൽ നിവൃത്തിയായതായി ദൈവം കണക്കാക്കുന്നു.

ഈ ഭാഗത്തേക്കുറിച്ച് രണ്ടു വസ്തുതകൾ ശ്രദ്ധിയ്ക്കണം ന്യായപ്രമാണത്തിന്റെ ആവശ്യങ്ങൾ എന്നത് ഗ്രീക്കിൽ ഏകവചനമാണ്. ബഹുവചനമല്ല. ചില തർജ്ജമകളിൽ ബഹുവാചനമായും കാണുന്നുണ്ട്. ഗ്രീക്കുപദം ഏകവചനമാണ്. രണ്ടാമത്തേത് ന്യായപ്രമാണത്തിന്റെ നീതി നാം നിവൃത്തിച്ചതായിട്ടല്ല നമ്മിൽ നിവൃത്തിയ്ക്കപ്പെട്ടതായിട്ടാണ് പൗലൊസ് പറയുന്നത്. ദൈവത്തിന്റെ കൃപയാലുള്ള കരുതൽ എന്തിനുവേണ്ടി ന്യായപ്രമാണം കൊടുത്തുവോ ആ ഉദ്ദേശം നമ്മിൽ നിറവേറ്റപ്പെടും.[25] ജെ.ഡി. തോമസ് പറയുന്നു പൗലൊസിന്റെ മനസ്സിൽ മോശെയുടെ ന്യായപ്രമാണത്തിന്റെ ഉദ്ദേശം അതിന്റെ ലക്ഷ്യത്തിലേക്കുള്ള നടത്തിപ്പ് ഇവ ഒരിക്കലും എത്തിച്ചേരുവാൻ കഴിയാതിരുന്നു. അത് തനിയെ പ്രവർത്തിച്ചതിനാലാണ്.[26]

ന്യായപ്രമാണത്തിന്റെ ആവശ്യങ്ങൾ എന്തായിരുന്നു? എന്തു സാധിയ്ക്കുന്നതായിരുന്നു അതിന്റെ ഉദ്ദേശം? നാം വിശുദ്ധീകരണത്തിന്റെ ഭാഷ ഉപയോഗിക്കുകയാണെങ്കിൽ വിശുദ്ധരായ ആളുകളെ ഉണ്ടാക്കുകയായിരുന്നു എന്നു പറയാം (ലേവ്യ 11:44, 45). റോമർ 8ലെ പൗലൊസിന്റെ വാക്കുകൾ ഉപയോഗിച്ചാൽ ദൈവത്തെ പ്രസാദിപ്പിക്കുക (8:8).

ഒരു ‘‘നിയമസംഹിതയുടെ ഉദ്ദേശങ്ങൾ’’ എങ്ങനെ നിറവേറ്റാം. പൗലൊസ് പറഞ്ഞത് അതു നമ്മിൽ നിറവേറ്റാൻ സാധിയ്ക്കുമെന്നാണ്. **ജഡത്തെയല്ല ആത്മാവിനെ അനുസരിച്ചു നടക്കുന്ന നമ്മിൽ ന്യായപ്രമാണത്തിന്റെ നീതി നിവൃത്തിക്കാം** എന്നാണ്. ‘‘നടക്കുക’’ എന്ന വാക്ക് ഒരാൾ ജീവിക്കുക

എന്നർത്ഥം വരുന്ന പ്രയോഗമാണ്. (6:4; 2 കൊരി. 5:7) ജീവിത ശൈലി എന്നു പറയാം. 7:14-25-ൽ പൗലൊസിന് ജഡത്തെ അനുസരിച്ച് ജീവിക്കുവാൻ താല്പര്യമില്ല എന്നു പറഞ്ഞിട്ടുണ്ട്. പക്ഷേ അവൻ അങ്ങനെ ജീവിച്ചു. എന്നാൽ അതിനു മാറ്റം വന്നു. അവന് ഇപ്പോൾ "ആത്മാവിനെ അനുസരിച്ച് ജീവിയ്ക്കുവാൻ"സാധിക്കുന്നുണ്ട്.

8-ാം അദ്ധ്യായത്തിൽ മുഴുവൻ ടുശൃശ എന്നുള്ളതിന്റെ S എപ്പോൾ വലിയ S ആക്കണമെന്നതിനെപ്പറ്റി നിശ്ചയമില്ലായ്മ നിലനിൽക്കുന്നു. എപ്പോഴാണ് പരിശുദ്ധാത്മാവിനെ സൂചിപ്പിക്കുന്നത്. (രമുശമേഹ S) എപ്പോഴാണ് മനുഷ്യാത്മാവിനെ സൂചിപ്പിക്കുന്നത്. (ാമഹഹ ) തർജ്ജമക്കാരും വ്യാഖ്യാതാക്കളും വലിയ S ഉപയോഗിക്കുന്നതിൽ വ്യത്യാസം കാണിക്കുന്നു. 4-ാം വാക്യത്തിൽ ടുശൃശ എന്നതിന് വലിയ 'S' ഉപയോഗിക്കുകയാണ് ആവശ്യം. ച.അ.ട.ആ ചെയ്യുന്നതുപോലെ പരിശുദ്ധാത്മാവിനും യോഗ്യമായി നടക്കുക എന്നുവച്ചാൽ പരിശുദ്ധാത്മാവിന് ഇഷ്ടമായതു ചെയ്യുക എന്നാണർത്ഥമാക്കുന്നത്.

ചിലർ ആത്മാവിനനുസരണമായി സംസാരിക്കുന്നു എന്നു പറയുന്നെങ്കിലും പൗലൊസിന്റെ വെല്ലുവിളി ആത്മാവിനനുസരണമായി *നടക്കുക* എന്നാണ്. 8:14 ന്റെ വ്യാഖ്യാനം നോക്കുക. ആത്മാവിന് അനുസരണമായുള്ളത് ഏതെന്നറിയുവാനുള്ള ഏകമാർഗ്ഗം ആത്മാവ് നിശ്വസിച്ച് എഴുതിച്ച പുസ്തകം വായിച്ചു പഠിക്കുകയാണ്.

ദൈവം നമ്മിൽ നിന്നു പ്രതീക്ഷിയ്ക്കുന്നത് ഒരു പ്രത്യേകരീതിയിൽ പ്രവർത്തിയ്ക്കുവാനാണ്. നമ്മുടെ ക്രിസ്തീയ നടപ്പിൽ നാം പരിശുദ്ധാത്മാവിന്റെ നടത്തിപ്പിനു കീഴ്പെട്ടു നടക്കണം. ന്യായപ്രമാണം/പ്രവർത്തി എന്ന രീതിയിൽ അതു സാദ്ധ്യമല്ലായിരുന്നു. (7:14-25) എന്നാൽ കൃപ/വിശ്വാസം എന്ന ക്രമീകരണത്തിൽ ദൈവത്തിന്റെ ആത്മാവിന്റെ സഹായത്തോടുകൂടിയാണ് നമുക്ക് വിശുദ്ധജീവിതം നയിക്കുവാൻ സാധിക്കുന്നത്. ഫലത്തിൽ പൗലൊസ് അവശ്യപ്പെട്ടത് നമുക്കു കഴിയുന്നത് നാം ചെയ്യണം എന്നാണ് (8:12, 13).

## ജഡവും ആത്മാവും തമ്മിലുള്ള<br>വൈരുദ്ധ്യങ്ങൾ (8:5-13)

### ജഡത്തിൽ കൂടി മരണം (8:5-8)

**[5]ജഡസ്വഭാവമുള്ളവർ ജഡത്തിനുള്ളതും ആത്മസ്വഭാവമുള്ളവർ ആത്മാവിനുള്ളതും ചിന്തിക്കുന്നു. ജഡത്തിന്റെ ചിന്ത മരണം. [6]ആത്മാവിന്റെ ചിന്തയോ ജീവനും സമാധാനവും. ജഡത്തിന്റെ ചിന്ത ദൈവത്തോടു ശത്രുത്വം ആകുന്നു. [7]അതു ദൈവത്തിന്റെ ന്യായപ്രമാണത്തിനു കീഴ്പെടുന്നില്ല. കീഴ്പെടുവാൻ കഴിയുന്നതുമല്ല. [8]ജഡസ്വഭാവുമുള്ളവർക്ക് ദൈവത്തെ പ്രസാദിപ്പിപ്പാൻ കഴിവില്ല.**

**വാക്യം 5**. പ്രവർത്തികൾ നമ്മുടെ ഹൃദയത്തിന്റെ ചിന്തകളിൽ നിന്നും വരുന്നു. അല്ലെങ്കിൽ മനസ്സിൽ നിന്നും വരുന്നു. സദൃശവാക്യങ്ങൾ 4:23; 23:7 ഘഗ. 6:45) അതുകൊണ്ട് പൗലൊസ് തുടരുന്നു. **ജഡസ്വഭാവമുള്ളവർ ജഡത്തിനുള്ളതും ആത്മസ്വഭാവമുള്ളവർ ആത്മാവിനുള്ളതും ചിന്തിക്കു**

**ന്നു.** ഈ പാഠം ചില ആളുകളെ "ജഡസ്വഭാവമുള്ളവരായും" വേറെ ചിലരെ "ആത്മസ്വഭാവ" മുള്ളവരായും ചിത്രീകരിച്ചിരിക്കുന്നു. McCord ന്റെ തർജ്ജമയിൽ ഒന്നാമത്തെ കൂട്ടരെ "ജഡത്തെ അനുസരിച്ചു ജീവിയ്ക്കുന്നവരെന്നും" രണ്ടാമത്തെ കൂട്ടരെ "ആത്മാവിനെ അനുസരിച്ചു ജീവിക്കുന്നവരെന്നും" പറയുന്നു. ച.ശ്ല.ആ യിൽ ഒരു കൂട്ടരെ ജഡത്തിന്റെ നിലവാരത്തിൽ ജീവിയ്ക്കുന്നവരെന്നും മറ്റവരെ ആത്മവിന്റെ നിലവാരത്തിൽ ജീവിയ്ക്കുന്നവരെന്നും പറഞ്ഞിട്ടുണ്ട്. "ജഡത്തിനുവേണ്ടി ചിന്തിയ്ക്കുക" എന്നത് ആത്മാവിനുള്ളത് ചിന്തിക്കുക എന്നുള്ളതിന് വിരുദ്ധമാണ്.

φρονέω (*phroneō*) എന്ന ഗ്രീക്കുപദം മൂലം ഒരാളുടെ ഇച്ഛയുടെ ഗതിയാണ്, അത് ജീവിതത്തിന്റെ അടിസ്ഥാനപരമായ ഭാവവും പെരുമാറ്റങ്ങളെ തീരുമാനിയ്ക്കുന്നതുമാണ്.[27] ജഡത്തിനുള്ളത് എന്നു പറയുമ്പോൾ അസാന്മാർഗ്ഗികമോ വളരെ ദുഷ്ടതയേറിയതോ എന്ന് ചിന്തിച്ചേക്കാം അതാണ്.[28] കൂടുതലായി ജഡത്തിന്റെ പ്രവർത്തി മദ്യപാനവും വെറിക്കൂത്തും മാത്രമല്ല അസൂയയും പിണക്കവും പോലെയുള്ളതും ആകുന്നു.[29]

ജഡത്തിനുള്ളതും എന്നു പറയുമ്പോൾ ഈ ലോകത്തിന്റെ ചെയ്തികളും മനോഭാവങ്ങളും ആണ്. വേഗം കഴിഞ്ഞുപോകുന്ന താല്ക്കാലികമായ ഒരു ലോകം. ജഡത്തിനുള്ളതു ചിന്തിക്കുന്നു എന്നു പറയുമ്പോൾ അങ്ങനെ ചെയ്യുന്നവർ ഇഹലോകജീവിതത്തിൽ മുഴുവനായി ഉൾപ്പെട്ടിരിക്കുന്നു. ലൗകീക ബന്ധത്തിൽ കെട്ടപ്പെട്ടിരിക്കുന്നു. ഉദാഹരണമായി ഗലാ. 5:19–21 വരെ "ജഡത്തിന്റെ പ്രവർത്തികൾ എന്നുൾപ്പെടുത്തിയിരിക്കുന്നത് അധാർമ്മികത മാത്രമല്ല മദ്യപാനവും അസൂയയും ഭിന്നതയും കൂടെയാണ്."

"ജഡത്തിന്റെ കാര്യങ്ങൾ" ലോകത്തിന്റെ പ്രവൃത്തികളും മനോഭാവവും നീങ്ങിപ്പോകുന്ന താൽക്കാലിക ലോകത്തിലുള്ളതാണ്. "മനസ്സിനെ അതിലേക്ക് ഉറപ്പിക്കുന്നത്" ജഡത്തിന്റെ കാര്യങ്ങളും എന്നർത്ഥമാക്കുന്നത് ഈ ലോകത്തിലെ ജീവിതവുമായി കെട്ടുപിണഞ്ഞ് കിടക്കുന്നതാണ്. അവർ കാണാവുന്നതും രുചിക്കാവുന്നതും സ്പർശിക്കാവുന്നതുമായ കാര്യങ്ങളിൽ മാത്രം ശ്രദ്ധ ചെലുത്തുന്നു. സ്വാഭാവികമായിട്ടുള്ളതൊഴികെ മറ്റൊന്നിലും ശ്രദ്ധയില്ല.[30] മത്തായി 6:31–ൽ ജഡീക മനുഷ്യന്റെ തത്വം എന്തു തിന്നും എന്തു കുടിക്കും എന്തു ധരിക്കും എന്നുള്ളതു മാത്രമാണ്.[31] പൗലൊസ് അവരെക്കുറിച്ച് എഴുതിയതിങ്ങനെ (ഫിലി. 3:19) അവരുടെ ദൈവം അവരുടെ വയറ് ... അവർ ഭൂമിയിലുള്ളതു ചിന്തിക്കുന്നു. ഒരു വ്യക്തി, സന്തോഷമുള്ളവനും ഭയമുള്ളവനും ആകർഷണീയനും വിദ്യാഭ്യാസമുള്ളവനും സംസ്ക്കാരമുള്ളവനും കീർത്തിപ്പെട്ടവനും കഠിനാദ്ധ്വാനിയും നല്ല അയല്ക്കാരനും ഒക്കെയായിരിക്കാം എന്നാലും ജഡസ്വഭാവമുള്ളവനായിരിക്കാം.

മറിച്ച്, ആത്മസ്വഭാവമുള്ളവർ (ആത്മാവിന്റെ കാര്യങ്ങളിൽ മനസ്സ് ഉറപ്പിച്ചവർ) ആണ്. ആത്മാവിന്റെ കാര്യങ്ങൾ എന്നാൽ ദൈവികമായ ആത്മീകമായ കരുതലുകൾ ആണ്.[32] നിത്യതയുടെ വിഷയത്തിൽപെട്ട കാര്യങ്ങൾ സാധാരണമായി അതൊന്നും അധികമായി കാണപ്പെടുന്നതല്ല. എന്നാൽ കാണപ്പെടുന്നവയെക്കാൾ യാഥാർത്ഥ്യമായതാണ്. ഈ ലോകസംബന്ധമായ കാര്യങ്ങൾ എല്ലാം ഇല്ലാതാകുമ്പോഴും ജഡികമായ കാര്യങ്ങൾ എല്ലാം ഇല്ലാതാകുമ്പോഴും ആത്മീയമായ കാര്യങ്ങൾ എന്നേക്കും നിലനിൽക്കും.

ആത്മീയ കാര്യങ്ങളിൽ മനസ്സുറപ്പിച്ചു ജീവിക്കുന്നത് അത്ര പ്രയാസം കുറഞ്ഞ കാര്യമല്ല. പഞ്ചേന്ദ്രിയങ്ങളിൽ അനുഭവവേദ്യമാകുന്ന കാര്യങ്ങളാൽ

നാം ചുറ്റപ്പെട്ടിരിക്കുകയാണ്. നമുക്ക് ചില വസ്തുക്കളും ചില ശുശ്രൂഷകളും ലഭിയ്ക്കണമെന്നും അത് നമ്മുടെ സുഖത്തിനും സന്തോഷകരമായ ജീവിതത്തിനും ഒഴിച്ചുകൂടാത്തതുമാണെന്നുള്ള ഒരു സന്ദേശം നമ്മെ ബോംബു ഭീഷണിപോലെ സ്വാധീനിച്ചുകൊണ്ടിരിക്കുകയാണ്. നാം ക്രിസ്ത്യാനികളാണെങ്കിലും എപ്പോഴും ഈ ജഡത്തെ സംരക്ഷിയ്ക്കുന്ന കാര്യം മാത്രം ചിന്തിച്ചുകൊണ്ടിരുന്നാൽ ജഡത്തിൽ മനസ്സുറപ്പിച്ചുള്ള ജീവിതം ഒഴിവാക്കുവാൻ മിക്കവാറും സാധിക്കയില്ല. അതുകൊണ്ടാണ് നമ്മുടെ ജീവിത കേന്ദ്രത്തിൽ ആത്മീയകാര്യങ്ങളിലേക്ക് നമ്മുടെ ശ്രദ്ധയെ തിരിച്ചുവിടുന്ന ചില കാര്യങ്ങൾ ഉണ്ടായിരിക്കേണ്ടത്.

വേദപുസ്തക വായനയും പഠിത്വവും
എരിവോടും എപ്പോഴുമുള്ള പ്രാർത്ഥന.
സഭയുടെ ആരാധനക്കൂട്ടങ്ങളിൽ വിശ്വസ്തമായ സാന്നിദ്ധ്യം.
കർത്താവിന്റെ വേലയിലുള്ള പങ്കാളിത്തം.
ആത്മീയരായ ക്രിസ്ത്യാനികളോടുകൂടെ ബന്ധം.

**വാക്യം 6.** എന്തുകൊണ്ടാണ് ഒരാൾ ജഡസ്വഭാവമുള്ളവരായിരിക്കുന്നതിനുപകരം ആത്മസ്വഭാവമുള്ളവരായിരിക്കേണ്ടത്? **ഒരു കാര്യം ജഡത്തിന്റെ ചിന്ത** [φρόνημα, *phronēma*] **മരണം.** എല്ലാവരും മരിക്കുന്നു. ആത്മസ്വഭാവമുള്ളവരും മരിക്കുന്നു. ശാരീരികമായി. അതുകൊണ്ട് ഈ ''മരണം'' ആത്മീയ മരണമാണെന്ന് മനസ്സിലാക്കാം. അത് ദൈവത്തിൽ നിന്നുള്ള വേർപാടാണ്. ഇപ്പോഴും (യെശയ്യാ 59:1, 2) നിത്യമായും (വെളിപ്പാട് 20:14, 15; 21:7, 8) ഉള്ള വേർപാടാണ്.

രണ്ടാമത്തെ കാര്യം **ആത്മാവിന്റെ ചിന്തയോ ജീവനും സമാധാനവും തന്നെ.** ജീവൻ എന്നാൽ ആത്മീയ ജീവൻ.അതായത് ദൈവവുമായുള്ള ആത്മീക ഐക്യവും കൂട്ടായ്മയും അതിൽ നിന്നുണ്ടാകുന്ന അനുഗ്രഹങ്ങളും 5:1–ാം വാക്യത്തിൽ പൗലൊസ് പറഞ്ഞു.[33] "അതുകൊണ്ട് വിശ്വാസത്താൽ നീതീകരിക്കപ്പെട്ടിട്ട് നമ്മുടെ കർത്താവായ യേശു ക്രിസ്തു മൂലം നമുക്ക് ദൈവത്തോടു സമാധാനം ഉണ്ട്.'' ക്രിസ്ത്യാനികൾ എന്ന നിലയ്ക്ക് നാം നമ്മുടെ മനസ്സുകളെ ആത്മാവിന്റെ കാര്യങ്ങളിലുറപ്പിയ്ക്കുമ്പോൾ സ്വർഗ്ഗീയ സമാധാനം തുടരെ അനുഭവിയ്ക്കുവാനും അതിന്റെ ആഴങ്ങളിലേക്കു ഇറങ്ങുവാനും സാധിയ്ക്കും.

**വാക്യം 7.** ജഡിക മനസ്സുള്ളവന്റെ അഥവാ ജഡിക കാര്യങ്ങളിൽ മനസ്സ് ഉറപ്പിക്കുന്നതിന്റെ ആത്യന്തികമായ ഫലം പൗലൊസ് വിവരിച്ചു. (അത് മരണമാണ്) എന്നാൽ അങ്ങനെയുള്ള മനസിന്റെ ദുരന്തവും പരിഹാസ്യതയും വ്യക്തമാക്കുവാൻ പൗലൊസ് ആഗ്രഹിച്ചു. പൗലൊസ് പറഞ്ഞു, **ജഡത്തിന്റെ ചിന്ത ദൈവത്തോട് ശത്രുത്വം ആകുന്നു.** ശത്രുത്വം എന്നത് ἔχθρα (*echthra*) എന്നതിന്റെ തർജ്ജമയാണ്. ഈ വാക്ക് ''പകയ്ക്കുകയും എതിർക്കുകയും ചെയ്യുന്നു'' എന്നർത്ഥം വരുന്നു.[34] *ലരവവ്യേീ* എന്ന ഗ്രീക്കുവാക്കിനോട് ബന്ധപ്പെട്ടതാണ്. ἐχθρός (*echthros*) എന്നത് ചെറിയ ഇഷ്ടക്കേടല്ല ഭയങ്കര ''ശത്രുതയെ'' കാണിയ്ക്കുന്നു എന്ന് മോറിസ് പറഞ്ഞു. വെള്ളം ചേർക്കാൻ പറ്റാത്ത കഠിനവാക്കാണ് എന്നർത്ഥം.[35]

ഈ ലോകവുമായി അടുത്തബന്ധത്തിൽ ജീവിയ്ക്കുന്ന ഒരാളിൽനിന്നും

ഇതിന് എതിർപ്പുണ്ടായേക്കാം. ''ഞാൻ മതത്തെ എതിർക്കുന്നില്ല.'' ഞാൻ ഭീകരപ്രവർത്തികളൊന്നും ചെയ്യുന്നില്ല. ദൈവത്തെക്കുറിച്ച് ഭയങ്കരമായതൊന്നും ഞാൻ ചിന്തിക്കുന്നില്ല. അതൊക്കെ ശരിയായിരിക്കാം. എന്നാൽ ഈ ലോക കാര്യങ്ങളിൽ മാത്രം ശ്രദ്ധിച്ച് ജീവിയ്ക്കുന്നയാൾ ദൈവത്തിന് അയാളെക്കുറിച്ചുള്ള ഉദ്ദേശത്തെ വകവയ്ക്കാത്തവനാണ്. അവൻ ദൈവത്തെ തടയുകയും എതിർക്കുകയും ചെയ്യുന്നു. അതാണ് ദൈവത്തിന്റെ ''ശത്രു'' വാക്കുന്നത്.

**ഇന്നത്തേക്കുളള സത്യം - വചന പഠന സഹായി**പൗലൊസ് പറഞ്ഞു, **ജഡസ്വഭാവമുള്ളവർ ദൈവത്തിന്റെ ന്യായപ്രമാണത്തിനു കീഴ്പ്പെടുന്നില്ല. കീഴ്പ്പെടുവാൻ കഴിയുന്നതുമല്ല**. ഈ സന്ദർഭത്തിൽ ദൈവത്തിന്റെ ന്യായപ്രമാണം എന്നത് മോശെയുടെ ന്യായപ്രമാണമാണ്.[36] എന്നാൽ അതിന്റെ തത്വം ദൈവം ഏതെങ്കിലും സമയത്തു കൊടുത്തത് ഏതു പ്രമാണവും എന്നാണ്. 7:14-25വരെ പൗലൊസ് പറയുന്നത് ജഡം ജയിച്ചു മുന്നേറിയതിനാൽ അവന് ന്യായപ്രമാണം അനുസരിയ്ക്കുവാൻ കഴിയുന്നില്ല എന്നാണ്. ഇന്നും ഇതു ശരിയാണ്.

ജഡസ്വഭാവമുള്ളവർക്ക് (ജഡത്തിൽ മനസ്സ് ഉറപ്പിച്ചിട്ടുള്ളവർക്ക്) ദൈവത്തിന്റെ പ്രമാണങ്ങൾക്കു കീഴ്പെടുവാൻ കഴിയുന്നില്ല, കീഴ്പ്പെടുന്നുമില്ല. കീഴ്പ്പെടുവാൻ കഴിയുന്നില്ല എന്ന വാക്കുകളിൽ ചിലർ തെറ്റുപദേശമായ ''സംപൂർണ്ണ പാരമ്പര്യ പാപസ്വഭാവം'' കാണുന്നു. എന്നാൽ പൗലൊസ് പുതിയ ഒരു ചിന്ത കൊണ്ടുവരികയായിരുന്നില്ല. 7:14-25 വരെയുള്ള കാര്യം തന്നെ വീണ്ടും ശക്തീകരിച്ചു പറയുകയായിരുന്നു. എന്തുകൊണ്ടാണ് ഒരാൾക്ക് ജഡസ്വഭാവമുള്ള ഒരു പുരുഷനോ സ്ത്രീക്കോ ദൈവത്തിന്റെ ന്യായപ്രമാണത്തിനു കീഴ്പ്പെടുവാൻ കഴിയാത്തത്? തത്വം ലളിതമാണ്. നീ പടിഞ്ഞാറോട്ടു പോകുവാൻ നിർബന്ധിയ്ക്കുകയാണെങ്കിൽ നിനക്ക് കിഴക്കോട്ട് പോകാൻ സാധിയ്ക്കയില്ല. വെള്ളത്തിൽ ചാടി മുങ്ങിക്കടക്കാൻ നിർബന്ധിതമാണെങ്കിൽ ഉറങ്ങിയിരിപ്പാൻ സാധിയ്ക്കുകയില്ല. തിന്നുവാനും കുടിയ്ക്കുവാനും വിസമ്മതിച്ചാൽ വയർ നിറഞ്ഞിരിപ്പാൻ സാധിക്കുകയില്ല.

**വാക്യം 8**. പൗലൊസ് സമാപിപ്പിക്കുന്നു. ''**ജഡസ്വഭാവമുള്ളവർക്ക് ദൈവത്തെ പ്രസാദിപ്പിപ്പാൻ കഴിയുകയില്ല**'' ''ജഡത്തിൽ'' എന്നതിന് ''മാംസം കൊണ്ടുള്ള ഒരു ശരീരത്തിൽ'' എന്ന അർത്ഥമല്ല. അങ്ങനെയെങ്കിൽ നമ്മിൽ ആർക്കും ദൈവത്തെ പ്രസാദിപ്പിക്കുവാൻ കഴിയുകയില്ല എന്ന് പറയേണ്ടി വരും. ജഡത്തിൽ ആയിരിക്കുക എന്നതിന് അവനവന്റെ സ്വന്തം മാനുഷിക കഴിവിൽ മാത്രം ആശ്രയിച്ച് ജീവിയ്ക്കുവാൻ ശ്രമിയ്ക്കുക എന്നാണർത്ഥം. ദൈവസഹായം കൂടാതെ ദൈവാത്മാവിന്റെ അധികാരത്തിൻ കീഴിലല്ലാതെ ജഡത്താൽ ഭരിയ്ക്കപ്പെടുന്ന അവസ്ഥ (8:9).

8-ാം വാക്യം പരമകാഷ്ഠയിലെത്തുന്നതിനു വിപരീതമാണെന്ന് ചിലർക്കു തോന്നിയേക്കാം. ആത്മീയ മരണം (8:6) ദൈവത്തെ പ്രസാദിപ്പിക്കാതെ ജീവിക്കുന്നതിനേക്കാൾ കഷ്ടമല്ലേ? യഥാർത്ഥത്തിൽ അല്ല. കാരണം നാം ദൈവത്തെ പ്രസാദിപ്പിക്കാതെയിരിക്കുമ്പോൾ നാം ജീവിയ്ക്കുന്നതിന്റെ ഉദ്ദേശം സാധിപ്പിയ്ക്കുന്നില്ല. (8:4ന്റെ വ്യാഖ്യാനം കാണുക) ഒരാൾ ഇഹലോക ജീവിതത്തിൽ എന്തെല്ലാം നേടിയാലും എന്തെല്ലാം കാര്യങ്ങൾ നിർവഹിച്ചു കഴിഞ്ഞാലും ദൈവം അവനെക്കുറിച്ച് ഉദ്ദേശിച്ചിരുന്ന വിധത്തിലുള്ള ഒരാളായി തീർന്നില്ലെങ്കിൽ അവന്റെ ജീവിതം ആകമാനം തോൽവിയടഞ്ഞതാണ്!

## അകമേ വസിക്കുന്ന ആത്മാവിനാലുള്ള ജീവിതം (8:9-11)

**[9]നിങ്ങളോ ദൈവത്തിന്റെ ആത്മാവു നിങ്ങളിൽ വസിക്കുന്നു എന്നു വരികിൽ ജഡസ്വഭാവമുള്ളവരല്ല, ആത്മ സ്വഭാവമുള്ളവരത്രെ. ക്രിസ്തുവിന്റെ ആത്മാവില്ലാത്തവൻ അവനുള്ളവനല്ല. [10]ക്രിസ്തു നിങ്ങളിൽ ഉണ്ടെങ്കിലോ ശരീരം പാപം നിമിത്തം മരിക്കേണ്ടതെങ്കിലും ആത്മാവ് നീതി നിമിത്തം ജീവനാകുന്നു. [11]യേശുവിനെ മരിച്ചവരിൽ നിന്നുയർപ്പിച്ചവന്റെ ആത്മാവ് നിങ്ങളിൽ വസിക്കുന്നു എങ്കിൽ ക്രിസ്തുയേശുവിനെ മരണത്തിൽ നിന്ന് ഉയർപ്പിച്ചവൻ നിങ്ങളിൽ വസിയ്ക്കുന്ന തന്റെ ആത്മാവിനെക്കൊണ്ട് നിങ്ങളുടെ മർത്യശരീരങ്ങളെയും ജീവിപ്പിക്കും.**

പൗലൊസ് ജഡത്താൽ ഭരിക്കപ്പെട്ടു ജീവിയ്ക്കുന്നതിനെ ആത്മാവിനാൽ ഭരിച്ചു നടത്തപ്പെടുന്ന ജീവിക്കുന്നതുമായിട്ടുള്ള വൈരുദ്ധ്യം കാണിക്കുകയായിരുന്നുവല്ലോ. 9–ാം വാക്യത്തിൽ അദ്ദേഹം ഒരു വ്യക്തിപരമായി എഴുതുന്നു. മൂന്നാമത് ജല്യഴീ ൽനിന്നും (അവർ; 8:8) സക്കെ്കന്റ് ുല്യഴീ ലേക്ക് മാറുന്നു. (നിങ്ങൾ; 8:9) പ്രഥമപുരുഷ സർവ്വനാമത്തിൽ നിന്നും മദ്ധ്യമപുരുഷ സർവ്വനാമത്തിലേക്കു മാറുന്നു.

റോമർ 8:9–11 ലെ താക്കോൽ വാക്ക് ''വസിക്കുന്നു'' എന്നുള്ളതാണ്. 7:17, 20 ഭാഗത്ത് പൗലൊസ് അവനിൽ വസിക്കുന്ന പാപത്തെക്കുറിച്ച് പറയുന്നു. വസിയ്ക്കുന്നു എന്നുള്ളത് ഒരു ചെറിയ സന്ദർശനത്തെ കുറിയ്ക്കുന്നതല്ല. പിന്നെയോ താമസം ഉറപ്പിക്കുന്നതിനെ സൂചിപ്പിക്കുന്നു. 8:9–11 ഭാഗത്ത് പൗലൊസ് പഴയ താമസക്കാരനായ ജഡത്തിന്റെയും പുതിയ ദിവ്യതാമസക്കാരന്റെയും തമ്മിൽ വൈരുദ്ധ്യങ്ങളെ എടുത്തു കാണിയ്ക്കുന്നു.

9–ാം വാക്യം ദൈവം എന്തുചെയ്തു എന്നു പറയുന്നു. നാം സ്നാനപ്പെട്ടപ്പോൾ നമുക്ക് ആത്മാവിനെ ദൈവം ദാനമായി തന്നു. 10–ാം വാക്യത്തിൽ ദൈവം ചെയ്തുകൊണ്ടിരിക്കുന്ന കാര്യം പറയുന്നു. അവൻ നമുക്കു തന്ന ആത്മാവിനാൽ ജീവൻ നൽകിക്കൊണ്ടിരിയ്ക്കുന്നു. 11–ാം വാക്യത്തിൽ ദൈവം നമുക്കു ചിലതു ചെയ്യും എന്നു പറയുന്നു. ഭാവിയിലൊരു ദിവസം നമുക്കു തന്ന ആത്മാവിനാൽ അവൻ നമ്മെ മരിച്ചവരുടെ ഇടയിൽ നിന്നും ഉയർപ്പിക്കുമെന്നും പറയുന്നു.

**വാക്യം 9**. 8:8–ൽ ജഡസ്വഭാവമുള്ളവർക്ക് ദൈവത്തെ പ്രസാദിപ്പിപ്പാൻ കഴിവില്ല എന്നു പൗലൊസ് പറഞ്ഞിരുന്നു. എന്നാൽ അതിനോടു ചേർന്ന് **നിങ്ങളോ ദൈവത്തിന്റെ ആത്മാവു നിങ്ങളിൽ വസിക്കുന്നു എന്നു വരികിൽ ജഡസ്വഭാവമുളളവരല്ല ആത്മസ്വഭാവമുളളവരത്രെ** എന്ന് പറഞ്ഞു. ഈ പ്രസ്താവനയിൽ ''നിങ്ങൾ'' എന്നത് ശക്തിപ്പെടുത്തി പറഞ്ഞിരിക്കുന്നു.[37] പൗലൊസ് പറയുന്നത് ജഡത്തിലുള്ളവർക്ക് ദൈവത്തെ പ്രസാദിപ്പിപ്പാൻ കഴിയുകയില്ല. 8:8 എന്നാൽ അത് നിങ്ങളെ സംബന്ധിച്ച് ശരിയല്ല. കാരണം *നിങ്ങൾ* ജഡത്തിലുള്ളവരല്ല, ആത്മാവിലുള്ളവരാണ്.

''എങ്കിൽ'' എന്ന് ചേർത്തിട്ടുണ്ട്. ''ദൈവത്തിന്റെ ആത്മാവ് നിങ്ങളിൽ വസിക്കുന്നു'' എങ്കിൽ പെന്തെകൊസ്തുനാളിൽ പത്രൊസ് തന്നെ കേട്ടുകൊണ്ടിരുന്നവരോട് ഇങ്ങനെ പറഞ്ഞു. ''നിങ്ങൾ മാനസാന്തരപ്പെട്ട് നിങ്ങളുടെ പാപമോചനത്തിനായി ഓരോരുത്തൻ യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനം ഏല്പിൻ. *എന്നാൽ പരിശുദ്ധാത്മാവ് എന്ന ദാനം ലഭിക്കും*'' (പ്രവൃ

ത്തി. 2:38). **"പരിശുദ്ധാത്മദാനം എന്നത് പരിശുദ്ധാത്മാവു തന്നെയാണ്."** ഉയിർത്തെഴുന്നേറ്റ കർത്താവു നല്കുന്നതും പിതാവിന്റെ അധികാരത്തിൻ കീഴ ിലും ആകുന്നു.[38] പ്രവൃത്തി. 5:32-ൽ അപ്പൊസ്തലൻമാർ പിതാവു നൽകുന്ന പരിശുദ്ധാത്മാവിനെക്കുറിച്ചു് തന്നെ അനുസരിക്കുന്നവർക്കു നൽകുന്ന പരിശുദ്ധാത്മാവ് എന്ന് പറഞ്ഞിട്ടുണ്ട്. വീര്യപ്രവൃത്തികളൊന്നും കൂടാതെ ഈ ദാനം സ്നാനസമയത്തു ലഭിച്ചതും "പരിശുദ്ധാത്മാവിന്റെ അധിവാസം" എന്ന് പേർ പറയുന്നതുമായ ഈ അനുഭവമാണ്. (8:9, 13, 16, 26; 2 തിമൊ 1:14; 1 കൊരി. 6:19; ഗലാ 4:6, 7; എഫെ. 1:13, 14).

"എങ്ങനെയാണ്" പരിശുദ്ധാത്മാവ് ക്രിസ്ത്യാനിയുടെ "ഹൃദയത്തിൽ" വസിക്കുന്നത്? ഈ ചോദ്യം പിന്നീട് വിശദമായി ചർച്ച ചെയ്യാം. (കാണുക - പ്രായോഗികത ഠവല ശിറംലഹഹശിഴ ീള വേല ഒശ്യഹ്യ പരിശുദ്ധാത്മാവിന്റെ അധിവാസം പജേുകൾ 79-88) ഇവിടെ രണ്ടു കാര്യങ്ങൾ ശ്രദ്ധിക്കേണം. 8-ാം അദ്ധ്യായത്തിലെ ആത്മാവിന്റെ അധിവാസവും 7-ാം അദ്ധ്യായത്തിലെ പാപത്തിന്റെ അധിവാസവും തമ്മിലുള്ള വൈരുദ്ധ്യം ആണ് കാണിച്ചിട്ടുള്ള ത്. പാപം ഒരാളുടെ "ഹൃദയത്തിൽ" വസിക്കുന്നതുപോലെ പരിശുദ്ധാത്മാവ് മനുഷ്യഹൃദയങ്ങളിൽ പാർക്കുവാൻ ആഗ്രഹിക്കുന്നു. പാപം ഒരാളിൽ വസി ക്കുമ്പോൾ പാപം അവന്റെ ജീവിതത്തെ നിയന്ത്രിക്കുന്നു. ദൈവാത്മാവ് അവ വസിക്കുമ്പോൾ ആത്മാവ് അവനെ നിയന്ത്രിക്കണം. രണ്ടാമത് പൗലൊസിന്റെ 8ാം അദ്ധ്യായത്തിലെ ശക്തീകരണം "എങ്ങനെയാണ്" അധിവാസം നടക്കു ന്നത് എന്നല്ല. എല്ലാ ക്രിസ്ത്യാനികളുടെയും ഉള്ളിൽ പരിശുദ്ധാത്മാവ് വസി ക്കുന്നുണ്ട്. അത് അവനിൽ ഒരു മാറ്റം വരുത്തണം!

പല സഭാവിഭാഗങ്ങളിലെയും എഴുത്തുകാരും പ്രസംഗകരും രക്ഷിയ്ക്ക പ്പെടുന്നതും പരിശുദ്ധാത്മാവിനെ പ്രാപിയ്ക്കുന്നതും പല സമയങ്ങളിലാ ണെന്ന് പറയാറുണ്ട്. (കഴിഞ്ഞ കാലങ്ങളിൽ ചിലർ അതിനെ "കൃപയുടെ രണ്ടാമത്തെ അനുഗ്രഹം" എന്ന പേരിൽ പഠിപ്പിച്ചു.) എന്നാൽ രക്ഷിയ്ക്കപ്പെ ടുന്ന സമയത്തു തന്നെ പരിശുദ്ധാത്മാവിനെ പ്രാപിയ്ക്കുന്നു എന്ന് വേദപു സ്തകം പഠിപ്പിക്കുന്നു. അതായത് അവൻ ആത്മാവിനാൽ സ്നാനപ്പെടുമ്പോൾ (പ്രവൃത്തി 2:38). മോറിസ് പറഞ്ഞത് പരിശുദ്ധാത്മദാനം ചിലർക്കു പ്രത്യേക മായി കൊടുക്കുന്നതല്ല എന്നാണ്. എന്നാൽ എല്ലാ ക്രിസ്ത്യാനികൾക്കും ഒരു ക്രിസ്ത്യാനിയായിത്തീരുമ്പോൾ ലഭിയ്ക്കുന്ന ദാനമാണെന്നത്രെ.[39] ഹാൻഡ്ലി സി. ജി. മൗൾ എഴുതിയത്. "ഒരു നിമിഷംപോലും നാം കർത്താവായ യേശു ക്രിസ്തുവിൽ നിന്നും ഉയർന്ന് പരിശുദ്ധാത്മ നിയന്ത്രണം പ്രാപിയ്ക്കുന്നു എന്ന് ചിന്തിക്കരുത് എന്നാണ്."[40]

പൗലൊസ് തുടർന്ന് **ക്രിസ്തുവിന്റെ ആത്മാവില്ലാത്തവൻ അവനുള്ളവ നല്ല** എന്നു പറയുന്നു. നിനക്ക് പരിശുദ്ധാത്മാവില്ലെങ്കിൽ അതിന്റെയർത്ഥം നീ തിരുവചനപ്രകാരം വിശ്വസിച്ച് സ്നാനമേറ്റിട്ടില്ല. (പ്രവൃത്തി. 2:38) നീ തിരുവചനപ്രകാരം സ്നാനപ്പെട്ടില്ലെങ്കിൽ ക്രിസ്തുവിലായിട്ടില്ല (6:3-5). നീ ക്രിസ്തുവിലല്ലെങ്കിൽ നീ അവനുള്ളവനല്ല. ച.ഋ.ആ. ഇങ്ങനെ അത് വെളിപ്പെ ടുത്തുന്നു. ഒരു മനുഷ്യൻ ആത്മാവിനെ പ്രാപിച്ചിട്ടില്ലെങ്കിൽ അവൻ ക്രിസ്ത്യാ നിയല്ല. ഇത് അക്ഷരപ്രകാരമുള്ള തർജ്ജമയല്ല. എന്നാൽ വാകൃത്തിലെ ആശയം വെളിപ്പെടുത്തുന്നു. "ക്രിസ്ത്യാനി" (Χριστιανός, *Christianos*) എന്നാൽ "ക്രിസ്തുവിനുള്ളവൻ" എന്ന് അർത്ഥമാക്കാവുന്നതിനാൽ.[41] പൗലൊസിന്റെ വാക്കുകളെ തെറ്റിദ്ധരിയ്ക്കരുതല്ലോ. നിന്നിൽ പരിശുദ്ധാത്മാവില്ലെങ്കിൽ

നീ ക്രിസ്തുവിനുള്ളവനല്ല. തോമസ് എഴുതി ആത്മാവ് ഏതു വിധത്തിൽ ക്രിസ്ത്യാനിയിൽ വസിച്ചാലും ആ രീതിയിൽ അവനിൽ ഇല്ലെങ്കിൽ ആ ആൾ ഒരു ക്രിസ്ത്യാനിയല്ല.[42]

രക്ഷിക്കപ്പെടുന്നതും ആത്മാവിനെ പ്രാപിക്കുന്നതും വേറെ വേറെ സമയങ്ങളിലാണെന്നു പഠിപ്പിയ്ക്കുന്നവർക്ക് ഇത് വിഷമം ഉണ്ടാക്കുന്നു. അവരുടെ തെറ്റായ ഉപദേശത്തിന്റെ ഫലമായി അവർ പഠിപ്പിക്കുന്നത് ഒരാൾക്ക് രക്ഷിയ്ക്കപ്പെടുവാനും അതേ സമയം ഒരു ക്രിസ്ത്യാനി അല്ലാതെയായിരിപ്പാനും കഴിയുമെന്നാണ് (ക്രിസ്തുവിനുള്ള ആൾ). അവർ അവരുടെ ആളുകളെ പരിശുദ്ധാത്മാവിനുവേണ്ടി പ്രാർത്ഥിപ്പാൻ പ്രോത്സാഹിപ്പിക്കുന്നു. ''ആത്മാവിനുവേണ്ടി ഹൃദയം തുറന്നുകൊടുപ്പാൻ പ്രേരിപ്പിക്കുന്നു.'' അവരുടെ എഴുത്തുകൾ അവർ വിശ്വസിച്ചപ്പോൾ ഒടുവിൽ എങ്ങനെ ''പരിശുദ്ധാത്മാവിനെ പ്രാപിച്ചു'' എന്ന കണക്കുകളാൽ നിറഞ്ഞിരിക്കുന്നു.

റോമർ 8:9, അന്യഭാഷയിൽ സംസാരിക്കുക മുതലായ കരിസ്മാറ്റിക്ക് അനുഭവങ്ങളോടു കൂടിയാണ് പരിശുദ്ധാത്മാവു വരുന്നതെന്നു പഠിപ്പിക്കുന്നവർക്ക് ഒരു വിഷമം ഉണ്ടാക്കുന്ന വചനമാണ്. കഴിഞ്ഞ ഉദാഹരണംപോലെ ആ ഉപദേശം, അടിസ്ഥാനപരമായി പഠിപ്പിക്കുന്നത് അങ്ങനെയുള്ള അനുഭവങ്ങൾ ഉണ്ടായില്ലെങ്കിൽ ഒരാൾ ക്രിസ്ത്യാനിയല്ലെന്നാണ് അവൻ ക്രിസ്തുവിനുള്ളവനല്ല എന്നാണ്. ഈതരം കൂട്ടായ്മകളിൽ ഈ അടയാളങ്ങൾ ''നടത്തുവാനായി'' വളരെ സമ്മർദ്ദം ചെലുത്തുന്നുമുണ്ട്.

റോമർ 8-ൽ പൗലൊസ് ക്രിസ്ത്യാനികളെ ആത്മാവിനെ ''പ്രാപിപ്പാനല്ല'' ഉത്സാഹിപ്പിച്ചുകൊണ്ടിരുന്നത്. അദ്ദേഹം അവരെ ഓർമ്മിപ്പിച്ചുകൊണ്ടിരുന്നത് അവരിൽ പരിശുദ്ധാത്മാവു വസിക്കുന്നുണ്ടെന്നും ഈ വസ്തുത അവരെ സ്വാധീനിക്കണമെന്നും ആണ്.

പത്താം വാക്യത്തിലേക്കു പോകുന്നതിനു മുൻപായി 9-ാം വാക്യത്തിൽ പരിശുദ്ധാത്മാവിനെക്കുറിച്ചു പറയുന്ന ചിലകാര്യങ്ങൾ ശ്രദ്ധിക്കണം. ഒന്നാമതായി ആത്മാവിനെ ദൈവത്തിന്റെ ആത്മാവ് എന്നാണ് പറഞ്ഞിട്ടുള്ളത്. ക്രിസ്തുവിന്റെ ആത്മാവ് എന്നും പറയുന്നുണ്ട് (1:20; കൊലോ. 2:9 ഗഖഢ) ദൈവത്വത്തിലുള്ള ആളുകളെക്കുറിച്ച് നാം വ്യത്യസ്തമായി മനസ്സിലാക്കണം. മൂവരും പൂർണ്ണമായി വേർപെടുത്താൻ സാധിയ്ക്കാത്തവിധത്തിൽ അടുത്ത ബന്ധം പുലർത്തുന്നവരാണ്. അവരിൽ ഒരാൾ ചെയ്യുന്നത് മറ്റെയാളും ചെയ്തു എന്ന് പറയാം. തത്ഫലമായി പരിശുദ്ധാത്മാവ് ദൈവത്തിന്റെ ആത്മാവും ക്രിസ്തുവിന്റെ ആത്മാവുമാണ്. കൂടാതെ റോമർ 8:9ൽ ആത്മാക്കൾ നമ്മിൽ വസിക്കുന്നതു തമ്മിൽ വ്യത്യസ്തമായി പറഞ്ഞിട്ടില്ല (8:10).

രണ്ടാമത്, 9-ാംമ വാക്യം ''നമ്മുടെ ആളത്വം ആത്മാവിൽ'' വസിക്കുന്നതിനെകുറിച്ച് ആത്മാവ് നമ്മിൽ വസിക്കുന്നതിനെക്കുറിച്ചു പറയുന്നു. ഈ രണ്ടു ചിത്രങ്ങളും ചേർത്തു ചിന്തിച്ചാൽ അത് ക്രിസ്ത്യാനിയും ആത്മാവും തമ്മിൽ ഉണ്ടാകേണ്ട ബന്ധത്തിന്റെ അടുപ്പം കാണിക്കുന്നു.

**10-ാം വാക്യം**. പരിശുദ്ധാത്മാവ് നമ്മിൽ വസിക്കുന്നതുമൂലം നമുക്കുണ്ടാകുന്ന പ്രയോജനങ്ങൾ എന്തെല്ലാമാണ്? **ക്രിസ്തു നിങ്ങളിൽ ഉണ്ടെങ്കിൽ** എങ്കിൽ എന്ത് - നിങ്ങളിൽ വസിക്കുന്നതുകൊണ്ട് (8:9) പൗലൊസ് പ്രസ്താവിച്ചു **''ശരീരം പാപം നിമിത്തം മരിക്കേണ്ടതെങ്കിലും ആത്മാവ് നീതി നിമിത്തം ജീവനാകുന്നു.''**[43]

ഇവിടെ സൂചിപ്പിച്ചിരിക്കുന്ന മർത്യശരീരം 11-ാം വാക്യത്തിലെ ''മർത്യശ

രീരം'' ആണ്.[44] നീ ഒരു ക്രിസ്ത്യാനിയാണെങ്കിലും നിന്നിൽ പരിശുദ്ധാത്മാവു വസിക്കുന്നുണ്ടെങ്കിലും നിന്റെ ശരീരം ശാരീരികമരണത്തിനു വിധേയമാണ്. ആദാമിന്റെ പാപം മൂലം അത് മരിച്ചതാണ് (5:15-21; 1 കൊരി. 15:22) അതു ശരിയാണെങ്കിലും നിന്റെ ആത്മാവ് നീതിനിമിത്തം ജീവനാകുന്നു (2 കൊരി 4:16). നീ നീതികരിക്കപ്പെട്ടതുകൊണ്ട് യേശുവിന്റെ രക്തത്താൽ നീതീകരിയ്ക്കപ്പെട്ടതുകൊണ്ട്[45] 10-ാം വാക്യത്തെക്കുറിച്ചു ചിന്തിപ്പാൻ ഒരു മാർഗ്ഗമുണ്ട്. നിന്റെ ശരീരം ആദാമ്യ ലംഘനം മൂലം മരിച്ചതാണ്. നിന്റെ ആത്മാവ് ക്രിസ്തു മൂലം ജീവനുള്ളതാണ്!

**വാക്യം 11.** പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തിന് മനുഷ്യന്റെ ആത്മാവിൽ മാത്രമെ ഫലപ്രദമായി പ്രവർത്തിപ്പാൻ കഴിയുകയുള്ളോ? ശരീരത്തിന്മേൽ ഒരു ഫലവും ഇല്ലേ? 11-ാം വാക്യം പറയുന്നു ''അല്ല'' എന്ന്. **ക്രിസ്തുവിനെ മരണത്തിൽ നിന്നും ഉയർപ്പിച്ചവന്റെ ആത്മാവ് നിങ്ങളിൽ വസിക്കുന്നതുകൊണ്ട് ഇത് ദൈവത്തിന്റെ ആത്മാവ്** എന്നുള്ളത് ദീർഘമായി പറയുന്ന ഒരു വിധമാണ്. ഇവിടത്തെ ശക്തീകരണം, യേശുവിനെ മരണത്തിൽ നിന്നുയർപ്പിച്ച അതേ ദൈവാത്മാവ് എന്നാണ്. **ആ ദൈവാത്മാവ് നിങ്ങളിൽ വസിക്കുന്നതുകൊണ്ട് ആ ദൈവാത്മാവ് നിങ്ങളുടെ മർത്യശരീരങ്ങളെയും ജീവിപ്പിക്കും.**

ശരീരത്തിന്റെ ഉയിർത്തെഴുന്നേല്പിനെക്കുറിച്ച് പുതിയ നിയമത്തിന് ധാരാളം പറയുവാനുണ്ട്. സാധാരണ നമ്മുടെ ഉയിർത്തെഴുന്നേല്പ്പിനെ യേശുക്രിസ്തുവിന്റെ ഉയിർത്തെഴുന്നേൽപ്പിനോട് ബന്ധപ്പെടുത്തിയാണ് ചിന്തിക്കാറ്. ഫിലിപ്പിയർ 3:20, 21 പൗലൊസ് എഴുതി ''നമ്മുടെ പൗരത്വമോ സ്വർഗ്ഗത്തിലാകുന്നു.'' അവിടെ നിന്നും കർത്താവായ യേശുക്രിസ്തു രക്ഷിതാവായി വരുമെന്ന് നാം കാത്തിരിക്കുന്നു. അവൻ സകലവും തനിക്കു കീഴ്പ്പെ-ടുത്തുവാൻ കഴിയുന്ന തന്റെ വ്യാപാരശക്തികൊണ്ട് നമ്മുടെ താഴ്ചയുള്ള ശരീരങ്ങളെ തന്റെ മഹത്വമുള്ള ശരീരത്തിന് അനുരൂപമായി രൂപാന്തരപ്പെടുത്തും. 1 കൊരി. 15-ൽ ഉയിർത്തെഴുന്നേല്പിനെ സംബന്ധിച്ച ദീർഘമായ ചർച്ച കാണം:

> എന്നാൽ ക്രിസ്തു നിദ്രകൊണ്ടവരിൽ ആദ്യഫലമായി മരിച്ചവരുടെ ഇടയിൽ നിന്നും ഉയിർത്തിരിക്കുന്നു (1 കൊരി. 15:20).

> പക്ഷേ ഒരുവൻ മരിച്ചവർ എങ്ങനെ ഉയർക്കുന്നു എന്നും ഏതുവിധം ശരീരം ശരീരത്തോടെവരുന്നു എന്നും ചോദിക്കും. മൂഢാ നീ വിതെക്കുന്നത് ചത്തില്ല എങ്കിൽ ജീവിക്കുന്നില്ല. നീ വിതെക്കുന്നത് ഉണ്ടാകുവാനുള്ള ശരീരമല്ല. ഗോതമ്പിന്റെയോ മറ്റുവല്ലതിന്റെയോ മണിയത്രെ വിതെയ്ക്കുന്നത്. ദൈവമോ തന്റെ ഇഷ്ടം പോലെ അതിന് ഒരു ശരീരവും ഓരോ വിത്തിന് അതതിന്റെ ശരീരവും കൊടുക്കുന്നു (1 കൊരി. 15:35-38).

> മരിച്ചവരുടെ പുനരുത്ഥാനവും അവ്വണ്ണം തന്നെ. ദ്രവത്വത്തിൽ വിതെക്കപ്പെടുന്നു. അദ്രവത്വത്തിൽ ഉയിർക്കുന്നു. അപമാനത്തിൽ വിതെക്കപ്പെടുന്നു. തേജസ്സിൽ ഉയിർക്കുന്നു. ബലഹീനതയിൽ വിതെക്കപ്പെടുന്നു. ശക്തിയിൽ ഉയിർക്കുന്നു. പ്രാകൃത ശരീരം വിതെക്കപ്പെടുന്നു. ആത്മീക ശരീരം ഉയിർക്കുന്നു. പ്രാകൃത ശരീരം ഉണ്ടെങ്കിൽ ആത്മീക ശരീരവും ഉണ്ട് (1 കൊരി. 15:42-44).

റോമർ 8:11 ലെ ആശ്ചര്യകരമായ വാഗ്ദത്തത്തിലേക്കു തിരിച്ചുപോകാം. ''ക്രിസ്തുയേശുവിനെ മരണത്തിൽ നിന്നുയിർപ്പിച്ചവൻ നിങ്ങളിൽ വസിയ്ക്കുന്നതിന്റെ ആത്മാവിനെക്കൊണ്ട് നിങ്ങളുടെ മർത്യശരീരങ്ങളെയും ജീവിപ്പിക്കും'' (റോമ. 8:11). ജോൺ R. W. Stott അഭിപ്രായപ്പെട്ടത് ഉയിർത്തെഴുന്നേൽപ്പിൽ രൂപാന്തരവും ഉൾപ്പെട്ടിരിക്കുന്നു എന്നാണ്. നമ്മുടെ ശരീരങ്ങളെ ഉയിർത്തെഴുന്നേൽപ്പിച്ച് ഒരു പുതിയ തേജസ്സുള്ള ശരീരമായി രൂപാന്തരപ്പെടുത്തി നമ്മുടെ ആളത്വത്തിന്റെ പുതിയ വാഹനമാകുന്നു. എല്ലാവിധ ബലഹീനതകൾ, രോഗങ്ങൾ, വേദനകൾ, താഴ്ച്കൾ, മരണം ഇവയിൽ നിന്നും സ്വതന്ത്രരാക്കുന്നു.[46]

ഈ സമയത്ത് രണ്ടു കാര്യങ്ങൾ പറയുന്നത് ആവശ്യമായിരിക്കുന്നു. ഒന്ന് പുനഃരുത്ഥാന സമയത്തു ദൈവം *കുറേ* ശരീരങ്ങൾ നിർമ്മിച്ചിട്ട് നമ്മുടെ ആത്മാക്കളെ അതിൽ പാർപ്പിക്കയല്ല ചെയ്യുന്നത്. അവൻ നമ്മുടെ മർത്യ ശരീരങ്ങൾക്ക് ജീവൻ കൊടുക്കുകയാണ് ചെയ്യുന്നത്. മണ്ണായി മാറുന്ന മർത്യശരീരവും ഉയർത്തെഴുന്നേല്പ്പിക്കുന്ന അമർത്യ ശരീരവും തമ്മിൽ ഒരു പ്രത്യേക ബന്ധം ഉണ്ടായിരിക്കും. ഒരു *തുടർച്ച* അടങ്ങിയിട്ടുണ്ടാകും. നമ്മുടെ ഉയിർത്തെഴുന്നേറ്റ ശരീരത്തിൽ നാം നാം തന്നെയായിരിക്കും.

രണ്ടാമത് നമ്മുടെ മർത്യശരീരങ്ങൾക്ക് ജീവൻ നല്കുമെന്ന് പൗലൊസ് പറഞ്ഞപ്പോൾ ''ജീവൻ'' എന്നത് വെറുതെ മരിച്ചസ്ഥിതിയിൽ നിന്നും ജീവൻ പ്രാപിയ്ക്കുക മാത്രമല്ല ക്രിസ്തുവിന്റെ പുനരാഗമന സമയത്ത് ദുഷ്ടന്മാരുടെയും നല്ലവരുടെയും ശരീരങ്ങൾ കല്ലറകളിൽ നിന്നും വെളിയിൽ വരും (യോഹ. 5:28, 29). റോമർ 8:11ൽ ''ജീവൻ'' എന്നത് ''ജീവന്റെ'' മുഴുവനായ അർത്ഥത്തിലാണ്. ദൈവസന്നിധിയിൽ കാണപ്പെടുന്നത്. വിശ്വസ്തരായവർക്ക് ദൈവസന്നിധിയിൽ ആയിരിപ്പാൻ തക്കശരീരം കൊടുക്കപ്പെടും. ദൈവത്തിന്റെ മഹത്വസന്നിധിയിൽ എന്നന്നേക്കും നില്ക്കുവാൻ കഴിയുന്നതും നില്ക്കുമെന്നുള്ളതും ആയ ശരീരങ്ങൾ ''അമർത്യമാക്കി'' തരും.[47]

ഇതെല്ലാം എങ്ങനെ സംഭവിക്കും? പൗലൊസ് പറയുന്നത് ഈ രൂപാന്തരം **നിങ്ങളിൽ വസിക്കുന്ന തന്റെ ആത്മാവിൽകൂടെ** നടക്കുമെന്നാണ്. ഏതോ വിധത്തിൽ ശരീരത്തിന്റെ ഉയിർത്തെഴുന്നേല്പ്പ് നമ്മിൽ വസിക്കുന്ന തന്റെ ആത്മാവിനോടു ബന്ധപ്പെട്ടിരിക്കുന്നു. നമ്മുടെ താല്പര്യത്തെ ഉണർത്തുവാനായി പൗലൊസ് ഇത്രത്തോളം പറഞ്ഞു. എന്നാൽ നമ്മുടെ ഉൽക്കണ്ഠയെ തൃപ്തിപ്പെടുത്താൻ എല്ലാം പറഞ്ഞുമില്ല.

"കൂടെ" എന്ന ഘടക വാക്കിലൂടെയാണ് ἔχθρα(ഡയ) പുറകെ വരുന്ന അക്യുസേറ്റിവ് കേസ്:[48] ഡയ എന്നതിന്റെ അർത്ഥം ''അതുകൊണ്ട്'' അല്ലെങ്കിൽ ''അതുനിമിത്തം'' റോമർ 8:11 പറയുന്നത് 2കൊരിന്ത്യർ 5ൽ പറഞ്ഞതാണ്. അവിടെ പൗലൊസ് തന്റെ അധികമായ ആഗ്രഹം ''സ്വർഗ്ഗീയമായ പാർപ്പിടം അതിനു മീതെ ധരിപ്പാൻ വാഞ്ഛിക്കുന്നു'' എന്നു വിവരണം നൽകി (2 കൊരി. 5:5). ഇതിനു വേണ്ടി നമ്മെ ഒരുക്കിയത് ദൈവമാണെന്ന് പൗലൊസ് പറയുന്നു. നമുക്ക് ആത്മാവിനെ അച്ചാരമായി തന്നത് ദൈവമാണെന്നു പറഞ്ഞു (2 കൊരി. 5:2). റോമർ 8:11 പറയുന്നത് ആത്മാവിന്റെ നമ്മുടെ ഉള്ളിലെ അധിവാസം നമ്മുടെ ഉയിർത്തെഴുന്നേൽപ്പിന്റെ *അച്ചാരമാണെന്നു* ചിന്തിക്കാം.

വേറെ പഴയ കൈയ്യെഴുത്തു പ്രതികളിൽ റശമ യുടെ പിമ്പിലായി ഴലിശ ശേ്ല രമലെ ചേർത്തിരിക്കുന്നതിനാൽ അതിന്റെ അർത്ഥം ''കൂടെ'' എന്നോ

“അതു മുഖാന്തിരമെന്നോ” ആകാം. പല തർജ്ജമക്കാർക്കും കൂടുതൽ താല്പര്യമാകകൊണ്ട് പരിശുദ്ധാത്മാവ് നമ്മുടെ ഉയിർത്തെഴുന്നേൽപിൽ പ്രാവർത്തികമായി പങ്കെടുക്കുമെന്ന് സൂചിപ്പിക്കുന്നു. ഖ. ണ. ങമര ഴമ്യ്യൈ വിശദീകരിച്ചു. ദൈവം യേശുവിനെ ഉയർപ്പിച്ച അതേ മാർഗ്ഗം ഉപയോഗിയ്ക്കുകയാണെങ്കിൽ അതേ ഫലവും നമുക്കു കാണാൻ സാധിയ്ക്കുമെന്നാണ്.[49]

പുനഃരുത്ഥാനത്തിൽ പരിശുദ്ധാത്മാവിന്റെ പങ്കിനെ അതിസൂക്ഷ്മമായി ഖണ്ഡിതമായി പറയുവാൻ സാധിയ്ക്കയില്ലെങ്കിലും[50] അവന്റെ അധിവാസം നാം ഉയിർത്തെഴുന്നേല്ക്കുമെന്ന് നമുക്ക് ഉറപ്പുതരുന്നു!

## ആത്മാവിനാൽ ജീവിക്കുന്നതിനുള്ള കടപ്പാട് (8:12, 13)

**[12]ആകയാൽ സഹോദരന്മാരെ നാം ജഡത്തെ അനുസരിച്ചു ജീവിക്കേണ്ടതിന് ജഡത്തിനല്ല കടക്കാരാകുന്നത്. [13]നിങ്ങൾ ജഡത്തെ അനുസരിച്ച് ജീവിക്കുന്നു എങ്കിൽ മരിക്കും നിശ്ചയം. ആത്മാവിനാൽ ശരീരത്തിന്റെ പ്രവർത്തികളെ മരിപ്പിക്കുന്നു എങ്കിലോ നിങ്ങൾ ജീവിക്കും.**

**വാക്യം 12**. ജഡവും ആത്മാവും തമ്മിലുള്ള വിരുദ്ധകാര്യങ്ങൾ സമാപിപ്പിക്കുന്നത് 12,13 വാക്യങ്ങളിലാണ്. ഈ വാക്യങ്ങൾ നമ്മുടെ കടങ്ങളെ നമ്മെ ഓർമ്മിപ്പിക്കുന്നു. ഒന്ന് അതിൽ അടങ്ങിയിട്ടുണ്ട്. മറ്റേത് എടുത്തുപറഞ്ഞിട്ടുമുണ്ട്.

ആത്മാവിനോടുള്ള നമ്മുടെ കടം വീട്ടുന്ന കാര്യവും 12-ാം വാക്യം “**ആകയാൽ സഹോദരന്മാരേ**” എന്നു തുടങ്ങുന്നു. “ആകയാൽ സഹോദരന്മാരേ പൗലൊസ് താൻ അവതരിപ്പിച്ച സത്യങ്ങൾ പ്രയോഗിക്കുവാൻ ഒരുക്കമുള്ളവനായിരിക്കുന്നു. തന്റെ വായനക്കാരെ സഹോദരന്മാരെ എന്ന് സംബോധന ചെയ്യുന്നു. പ്രിയപ്പെടലിന്റെയും കരുതലിന്റെയും പേര്. ഉടനെ പറയുന്നു നമുക്കൊരു കടമുണ്ട്. **നാം കടപ്പാടുള്ളവരാണെന്നു** പറയുമ്പോൾ ὀφειλέτης (*opheiletēs*) എന്ന ഗ്രീക്കുപദമാണ് 1:14-ൽ പൗലൊസ് ഉപയോഗിച്ച ഒരു പദമാണ് സുവിശേഷം പറവാൻ താൻ “കടപ്പെട്ടിരിക്കുന്നു” എന്ന ഈ വാക്കിനെ “കടക്കാരൻ” എന്നും തർജ്ജമ ചെയ്യാം.[51] 12-ാം വാക്യത്തിൽ പല തർജ്ജമയിലും “നാം കടക്കാരാണ്” എന്നു കാണുന്നു (KJV; NKJV; ASV; RSV; NRSV; ESV; McCord കാണുക). “കടക്കാരൻ” എന്ന വാക്കിന് കടമയുണ്ട് എന്നു പറയുന്നതിനേക്കാൾ ഘനമുണ്ട്.

ആർക്കാണ് നാം കടം കൊടുക്കാനുള്ളത്? നാം തിരിച്ചടയ്ക്കാൻ ചുമതലയില്ലാത്ത ഒരു കടത്തെക്കുറിച്ച് പൗലൊസ് ആദ്യം പറഞ്ഞു. **ജഡത്തിനല്ല, ജഡത്തിനായി ജീവിക്കുവാനല്ല.** നാം ക്രിസ്ത്യാനികളാകുന്നതിനു മുൻപ് നാം പാപത്തിന്റെ അടിമത്വത്തിലായിരുന്നു (7:14). അതിന്റെ ഇഷ്ടം ചെയ്യുവാൻ കടപ്പെട്ടിരിക്കുന്നു. നാം രക്ഷിക്കപ്പെട്ട് ക്രിസ്തുവിന്റെ ദൈവഭവനത്തിന്റെ അംഗങ്ങളായപ്പോൾ ദൈവം തന്റെ ആത്മാവിനെ നമ്മുടെ ഉള്ളിൽ വസിക്കുവാൻ നമുക്ക് കടമയില്ല. ചുമതലയില്ല. റിച്ചാർഡ് റോജേർസ് അതെപ്പറ്റി ഇങ്ങനെ പറയുന്നു:

> ജഡം വന്ന് നമ്മിൽ നിന്നും ഒരു കാര്യം ആവശ്യപ്പെടുമ്പോൾ, ഞാൻ നിന്നെ അനുസരിക്കുവാൻ ഒരു കടപ്പാടും ഇല്ല. ഞാൻ നിനക്ക് ഒന്നും

കടപ്പെട്ടിട്ടില്ല. എനിക്ക് നിന്നിൽ നിന്നും ഒരു പ്രയോജനമോ ഗുണമോ ലഭിച്ചിട്ടില്ല. നീ എനിക്ക് ഒരു നന്മയും ചെയ്തിട്ടില്ല. ഞാൻ നിനക്കു ഒന്നും കടപ്പെട്ടിട്ടില്ല. എനിക്ക് നിന്നിൽ നിന്നും ഒരു പ്രയോജനമോ ഗുണമോ ലഭിച്ചിട്ടില്ല. നീ എനിക്ക് ഒരു നന്മയും ചെയ്തിട്ടില്ല. ഞാൻ നിനക്കു ഒന്നും കടപ്പെട്ടിട്ടുമില്ല എന്നു ജഡത്തോടു പറയാം.[52]

യൂജിൻ പെറ്റേർസൺ തമാശ രൂപത്തിൽ 12-ാം വാക്യത്തെകുറിച്ച് ഇങ്ങനെ പറഞ്ഞു: "തന്നത്താൻ പ്രവർത്തിക്കുക എന്നതു പഴയജീവിതരീതിയ്ക്ക് ഞാൻ ഒന്നും കടപ്പെട്ടിട്ടില്ല. ഞാൻ നിനക്ക് ഒരു കടവും വീട്ടാനില്ല അതിനെ ഭംഗിയായി കുഴിച്ചുമൂടിയിട്ട് നിന്റെ ജീവിതം മുമ്പോട്ടു കൊണ്ടുപോകുക" (MSG).

സഭയിലെ ചില അംഗങ്ങൾ ചിന്തിക്കുന്നത് അവർ ജഡത്തിനു കടക്കാരാണെന്നാണ്. അവരുടെ ജഡിക ആഗ്രഹങ്ങൾക്ക് അവർ കടപ്പെട്ടവരാണെന്നാണ്. അവർ പാപം ചെയ്യുമ്പോൾ ചിലപ്പോൾ അവർ പറയും "അതെന്റെ നിയന്ത്രണത്തിലല്ലായിരുന്നു" പൗലൊസ് പറയുന്നത് അതങ്ങനെയല്ല. നമുക്ക് ആത്മാവിനെ നൽകിയപ്പോൾ ആ സ്ഥിതി മാറിപ്പോയി.

നാം ജഡത്തോട് കടപ്പെട്ടിട്ടില്ലെങ്കിൽ പിന്നെ ആരോടാണ് കടപ്പെട്ടിട്ടുള്ളത്? പൗലൊസ് തന്റെ വാചകം പൂർത്തിയാക്കുന്നില്ല. താൻ അടുത്ത ആശയത്തിലേക്കു പായുകയാണ്. ആശയം ഇങ്ങനെ പൂർത്തീകരിയ്ക്കപ്പെടണമെന്നുള്ളത് ഊഹിക്കാൻ കഴിയും നാം പരിശുദ്ധാത്മാവിനോട് കടപ്പെട്ടിരിക്കുന്നു. ആത്മാവിനിഷ്ടമാം വണ്ണം ജീവിക്കേണ്ടതിന് നാം ആത്മാവിന്റെ കടക്കാരാണ്.

**വാക്യം 13.** നാം ആത്മാവിന്റെ ഇഷ്ടപ്രകാരം ജീവിച്ച് ആത്മാവിന്റെ കടം വീട്ടുവാൻ ശ്രമിച്ചാലും ഇല്ലെങ്കിലും എന്തെങ്കിലും വ്യത്യാസമുണ്ടോ? ഉണ്ട്. പൂർണ്ണമായി ഉണ്ട്. പൗലൊസ് ആദ്യം തന്റെ മറുപടിയുടെ നിഷേധാത്മക വശം പറയുന്നു. "**ജഡത്തെ അനുസരിച്ചു ജീവിക്കുന്നു എങ്കിൽ നിങ്ങൾ മരിക്കും നിശ്ചയം**" ജഡത്തെ അനുസരിച്ചു ജീവിക്കുക എന്നു പറഞ്ഞാൽ എന്താണ്. അത് ഒരുവന്റെ ചക്രവാളം ജഡത്താൽ അതിർത്തി നിർണ്ണയിക്കപ്പെട്ടതായിരിക്കുക. അതായത് ഒരാൾ തന്റെ ശ്രദ്ധയും താല്പര്യവുമെല്ലാം ഇഹലോകജീവിതത്തോടുമാത്രം ബന്ധപ്പെടുത്തുക.[53] വിതെക്കുന്നവന്റെ ഉപമയിൽ യേശു "ഇഹലോകത്തിന്റെ ചിന്തയും ധനത്തിന്റെ വഞ്ചനയും മറ്റു വിഷയമോഹങ്ങളും എന്നു പറയുന്നുണ്ട്" (മർ. 4:19). ജഡത്തെ അനുസരിച്ച് ജീവിച്ചാൽ നിങ്ങൾ ആത്മീകമായി മരിക്കും. ഞ.ഇ.ഒ. ഘലിസ്യെ ഇങ്ങനെ എഴുതി മനുഷ്യർ ജഡപ്രകാരം ജീവിക്കുമ്പോൾ അവർ ചിന്തിക്കുന്നത് അവർ യഥാർത്ഥത്തിൽ ജീവിക്കുകയാണെന്നത്രെ. പക്ഷേ ആ സമയത്ത് അവർ നിത്യമരണത്തിലേക്ക് യാത്ര ചെയ്യുകയാണ്.[54]

പൗലൊസ് സഹോദരന്മാരോട് ദൈവഭവനക്കാരെയെന്നാണ് സംബോധന ചെയ്തു സംസാരിക്കുന്നത്. "ഹൃദയത്തിൽ" പരിശുദ്ധാത്മാവിന്റെ അധിവാസമുള്ള ക്രിസ്ത്യാനികൾക്ക് ആത്മാവിനെ കണ്ടില്ലെന്നു ഭാവിച്ച് ജഡത്തിനനുസാരമായി ജീവിയ്ക്കുവാൻ സാധിയ്ക്കുമോ? അങ്ങനെ ആത്മീയമായി "മരിയ്ക്കുവാൻ" സാധിയ്ക്കുമോ? "സാധിക്കും" എന്നു സങ്കടത്തോടെ പറയുന്നു. അസാദ്ധ്യമായിരുന്നെങ്കിൽ പൗലൊസിന്റെ ഈ ഗുണദോഷങ്ങൾക്ക് സാദ്ധ്യത ഇല്ലായിരുന്നു.

നിശ്ചയമായി ഒരു ക്രിസ്ത്യാനി അങ്ങനെയല്ല ജീവിക്കേണ്ടത്. പൗലൊസ്

ചർച്ചയും നേരെയുള്ള വശത്തേക്കുവരുന്നു. **ആത്മാവിനാൽ ശരീരത്തിന്റെ പ്രവർത്തികളെ മരിപ്പിക്കുന്നു എങ്കിൽ നിങ്ങൾ ജീവിക്കും.** നിങ്ങൾ ശരീരത്തിന്റെ പ്രവർത്തികളെ മരിപ്പിക്കുക എന്നാൽ ഗ്രീക്കിൽ ഒറ്റവാക്കാണ് θανατόω (*thanatoō*). θάνατος (*thanatos*) എന്നാൽ ''മരണം'' എന്നർത്ഥം. ഒരാളെ ''കൊല്ലുക'' എന്നോ ''കൊല്ലുവാൻ ഏല്പിക്കുക'' എന്നോ അർത്ഥമാക്കാം.[55] മരണവിധിയും അതിന്റെ നടപ്പാക്കലും ക്രിസ്ത്യാനികൾ ഏതിനെ കൊല്ലണമെന്നാണ് പൗലൊസ് ആവശ്യപ്പെടുന്നത്? ശരീരത്തിന്റെ പ്രവൃത്തികളെ കൊല്ലണം. ശരീരത്തിന്റെ *തെറ്റായ* പ്രവൃത്തികളെ എന്ന് തർജ്ജമ ചെയ്യാം. (ചകഢ; ഖആ കാണുക) സ്റ്റോട്ട് ''ശരീരത്തിന്റെ തെറ്റായ പ്രവൃത്തികളെ നിർവചിക്കുന്നത്'' ശരീരത്തിന്റെ എല്ലാ തെറ്റായ പ്രവർത്തികളും കണ്ണ്, ചെവി, വായ്, കൈ, കാൽ ഇവ നമ്മെ മാത്രം സേവിക്കയും ദൈവത്തെയും മറ്റുള്ളവരെയും സേവിക്കാതിരിക്കയും ചെയ്യുന്നതാണ്.[56]

ചിലർ ഇതുപോലെയുള്ള ഭാഗങ്ങൾ തെറ്റായി പ്രയോഗിച്ചിട്ട് ശരീരത്തെ അടിച്ചും ഇടിച്ചും തെറ്റായി പീഢിപ്പിക്കുന്നതിന് ശ്രമിക്കുന്നു.[57] എന്നാൽ അതല്ല പൗലൊസ് പഠിപ്പിച്ചത്. അദ്ദേഹം പറഞ്ഞത് ജഡീക പ്രവൃത്തികൾ മരണത്തിന് ഏൽപ്പിക്കണമെന്നുള്ളതാണ്.

അതു നമുക്കുതന്നെ ചെയ്‌വാൻ സാധിയ്ക്കുമോ? ഇല്ല. എന്നാൽ പൗലൊസ് പറഞ്ഞു നമുക്ക് ദൈവാത്മാവിനാൽ അതു സാധിക്കും. അതായത് നമ്മുടെ ഉള്ളിൽ വസിക്കുന്ന ആത്മാവിനാൽ സാധിക്കും. ഇത് ''എങ്ങനെ'' സാധിക്കുമെന്ന് പൗലൊസ് പറയുന്നില്ല. ഇങ്ങനെയാണെന്നുമാത്രം പറഞ്ഞു. ക്രിസ്ത്യാനി എന്ന നിലയ്ക്ക് നമുക്കു കൂടുതൽ സൗകര്യങ്ങളുണ്ട്. ജീവിതത്തിന്റെ വെല്ലുവിളികളെ നേരിടുവാൻ നമുക്ക് സഹായത്തിന് ദൈവത്തിന്റെ ആത്മാവു തന്നെയുണ്ട്. എഫെസ്യർ 3:16, 20 പൗലൊസ് പറഞ്ഞത് അവന്റെ മഹത്വത്തിനൊത്തവണ്ണം അവന്റെ ആത്മാവിനാൽ അകത്തെ മനുഷ്യനെ സംബന്ധിച്ച് ശക്തിയോടെ ബലപ്പെടേണ്ടതിനും നാം ചോദിക്കുന്നതിലും നിനെക്കുന്നതിലും എത്രയോ അധികമായി ചെയ്യുവാൻ നമ്മിൽ വ്യാപിക്കുന്ന ശക്തിയാൽ കഴിയുന്നവന്.

പൗലൊസിന്റെ സൂക്ഷ്മമായ സമീകൃതമായ കാഴ്ച്ചപ്പാട് ശ്രദ്ധിയ്ക്കുക. ''ജഡത്തിന്റെ പ്രവൃത്തികളെ മരിപ്പിക്കുന്നത്'' ആത്മാവിനാൽ മാത്രമല്ല. അത് സാധിക്കുന്നത് നാം തന്നെയുമല്ല. പൗലൊസ് പറഞ്ഞത് ആത്മാവിനാൽ *നാം* ശരീരത്തിന്റെ പ്രവർത്തികളെ മരിപ്പിയ്ക്കുന്നു എന്നാണ്. ദൈവഭക്തിയുള്ള ജീവിതം നയിപ്പാൻ നാം നമ്മുടെ കഴിവു മുഴുവൻ ഉപയോഗിക്കുന്നു. അതേ സമയം നാം ആവശ്യമുള്ള ബലത്തിനായി കർത്താവിൽ ആശ്രയിക്കുന്നു. സ്വയത്തിൽ ആശ്രയിക്കുന്നതിനുപകരമായി ദൈവത്തിൽ ആശ്രയിപ്പാൻ നാം പഠിക്കണം. സ്വയാശ്രയത്തിന്റെ വഴി നമ്മെ തോൽവിയിലേക്കും നിരാശയിലേക്കും വൃഥാ പ്രയത്നത്തിലേക്കും നയിക്കുന്നു. ദൈവാശ്രയത്തിലേക്കുള്ള വഴി വിജയത്തിലേക്കും സമാധാനത്തിലേക്കും നടത്തുന്നു (8:6, 37).

ഒരു പാപമില്ലാത്ത പരിപൂർണ്ണതയിൽ ഈ ജീവിതത്തിൽ ദൈവത്തിന്റെ സഹായത്താൽ എത്തിച്ചേരാമെന്ന് വിചാരിക്കുന്നുണ്ടോ? ഒരിക്കലുമില്ല. പൗലൊസ് വർത്തമാനകാലക്രിയ ഉപയോഗിക്കുന്നതു ശ്രദ്ധിയ്ക്കുക. ജഡത്തിന്റെ പ്രവൃത്തികളെ നിങ്ങൾ മരിപ്പിക്കുകയാണ്. ഗ്രീക്കുഭാഷയിൽ വർത്തമാനകാലക്രിയ തുടർച്ചയായുള്ള പ്രവർത്തിയെക്കുറിക്കുന്നു. ജഡവുമായുള്ള യുദ്ധം നമ്മുടെ അവസാനശ്വാസംവരെ ഒരു തുടർച്ചയായുള്ള യുദ്ധമായിരി

ക്കും. എന്നാൽ അത് പ്രത്യാശയില്ലാത്ത ഒരു യുദ്ധമല്ല എന്ന് പൗലൊസ് ഉറപ്പു തരുന്നു. ദൈവത്തിന്റെ പക്ഷത്തുനിന്ന് നാം ചെയ്യുന്ന യുദ്ധമാണത് (8:31–39)!

ദൈവാത്മാവിന്റെ സഹായത്താൽ അതിന്റെ അന്ത്യം എന്തായിരിക്കും? ആത്മാവിനാൽ ശരീരത്തിന്റെ പ്രവൃത്തികളെ മരിപ്പിക്കുന്നു എങ്കിൽ *നിങ്ങൾ ജീവിക്കും*. ഇപ്പോൾ നമുക്ക് ജീവിക്കുവാൻ യോഗ്യതയുള്ള ജീവിതം നയിക്കാം (യോഹ 10:10); ഇവിടം കഴിഞ്ഞതിനുശേഷം നമുക്ക് കർത്താവിനോടു കൂടെയുള്ള ജീവിതം എന്നെന്നേക്കും നയിക്കാം.

## "ദൈവപുത്രന്മാർ" (8:14-17)

**[14]ദൈവാത്മാവു നടത്തുന്നവർ ഏവരും ദൈവത്തിന്റെ മക്കൾ ആകുന്നു. [15]നിങ്ങൾ പിന്നെയും ഭയപ്പെടേണ്ടതിന് ദാസ്യത്തിന്റെ ആത്മാവിനെയല്ല നാം "അബ്ബാപിതാവേ" എന്നു വിളിക്കുന്ന പുത്രത്വത്തിന്റെ ആത്മാവിനെയത്രെ പ്രാപിച്ചത്. [16]നാം ദൈവത്തിന്റെ മക്കൾ എന്ന് ആത്മാവുതാനും നമ്മുടെ ആത്മാവോടുകൂടെ സാക്ഷ്യം പറയുന്നു. [17]നാം മക്കൾ എങ്കിലോ അവകാശികളും തന്നെ. നാം അവനോടുകൂടെ തേജസ്ക്കരിക്കപ്പെടേണ്ടതിന് അവനോടുകൂടെ കഷ്ടം അനുഭവിച്ചാലത്രെ.**

**വാക്യം 14**. പിന്നീട് പൗലൊസ് എഴുതുന്നു. **ദൈവാത്മാവു നടത്തുന്നവർ** (ἄγω, *agō*) **ഏവരും ദൈവത്തിന്റെ മക്കൾ ആകുന്നു** (γάρ, *gar*). മുമ്പുള്ള വാക്യങ്ങളുമായി ചേർന്ന് 14-ാം വാക്യം പറയുന്നത് ആത്മാവിനെ അനുസരിച്ച് നടക്കുന്നതിനെക്കുറിച്ചാണ് (8:4). ആത്മാവിന്റെ വിഷയങ്ങളിൽ മനസ്സുവെച്ച് (8:5) ജഡത്തിന്റെ പ്രവർത്തികളെ ആത്മാവിനാൽ മരിപ്പിച്ചു. (8:13) ഇപ്പോൾ സൂചിപ്പിക്കുന്നത് അങ്ങനെയുള്ളവർ ദൈവത്തിന്റെ മക്കൾ ആണെന്നാണ്.

14-ാം വാക്യം പലപ്പോഴും സന്ദർഭത്തിൽ നിന്നും അടർത്തിമാറ്റാറുണ്ട്. ആത്മാവിനാൽ *നടത്തപ്പെടുന്നതിന്* അമിതപ്രാധാന്യം കൊടുത്തു. പൗലൊസിന്റെ ശക്തീകരണം അതിൽ അല്ലായിരുന്നു. പൗലൊസ് ശ്രദ്ധ കേന്ദ്രീകരിച്ചത് *നമ്മെത്തന്നെ* ദൈവാത്മാവിന്റെ *നടത്തിപ്പിനു വിധേയരാക്കുവാൻ* വിട്ടുകൊടുക്കുന്നതിന്റെ ആവശ്യകതയിലാണ്. 14-ാംവാക്യം കൂടുതലായി ദൈവത്താൽ നടത്തപ്പെടുന്നതിൽ നയിക്കപ്പെടുന്നതിനേക്കാൾ അനുഗമിയ്ക്കപ്പെടുന്നതിലാണ്. ചഇഢ പറയുന്നത് ... മൂ എഴുതിയത് ആത്മാവിനാൽ നടത്തപ്പെടുക എന്നാൽ നമ്മുടെ ആത്മാക്കളെ ആത്മാവിനെ അനുസരിപ്പാൻ തക്കവണ്ണം ക്രമീകരിയ്ക്കുന്നതിനെകുറിച്ചാണ്.[58]

എന്നാൽ പലപ്പോഴും പഠിതാക്കൾ ചോദിയ്ക്കുന്നത് "ആത്മാവു നമ്മെ *എങ്ങനെ*യാണ് നടത്തുന്നത് എന്നാണ്." ദൈവ നടത്തിപ്പ് എന്ന വിഷയം പൗലൊസ് പുതുതായി അവതരിപ്പിച്ച ഒരു വിഷയമല്ല. 23-ാം സങ്കീർത്തനം 3-ാം വാക്യത്തിലെ പരിചിതമായ വാക്കുകൾ നോക്കാം. "തിരുനാമം നിമിത്തം എന്നെ നീതിപാതകളിൽ നടത്തുന്നു" (KJV). നാം ഒരു പാട്ട് ഇങ്ങനെ പാടുന്നു:

"അവൻ എന്നെ നടത്തുന്നു: അനുഗ്രഹകരമായ ചിന്ത!
സ്വർഗ്ഗീയമായ ആശ്വാസം നൽകുന്ന വാക്കുകൾ!
ഞാൻ എന്തായിരുന്നാലും എന്തെല്ലാം ചെയ്താലും,
ദൈവത്തിന്റെ കരം ആണ് എന്നെ നടത്തുന്നത്."[59]

എന്നിരുന്നാലും ഏതോ കാരണത്താൽ *പരിശുദ്ധാത്മാവു* നടത്തുന്നു എന്നതിനെ മറ്റൊരു അർത്ഥത്തിൽ വ്യാഖ്യാനിക്കുന്നവരുണ്ട്. അവർ ഗൂഢമായ മന്ത്രണത്തെയും, വെളിപ്പെടുത്തുന്ന സ്വപ്നങ്ങളെയും മനസ്സിനെ ഇളക്കുന്ന ദർശനങ്ങളെയും, തടയാൻ സാധിയ്ക്കാത്ത തോന്നലുകളെയും ആത്മാവിന്റെ നടത്തിപ്പിനെ ഗ്രഹിയ്ക്കുന്നതിന് ഉപയോഗിക്കുന്നു. നമ്മുടെ തോന്നലുകളിൽ ആശ്രയിക്കുവനാണെങ്കിൽ നാമെല്ലാവരും വിഷമിക്കും. നമ്മുടെ തോന്നലുകളെപ്പോലെ മാറിമറിഞ്ഞു വരുന്ന മറ്റൊന്നുമില്ല. ജെ.ഡി. തോമസ് ഒരു സ്ത്രീയെക്കുറിച്ച് പറഞ്ഞു. അവളുടെ സൈന്യത്തിലായിരുന്ന മകൻ യുദ്ധത്തിൽ കൊല്ലപ്പെട്ടതായി വാർത്ത ലഭിച്ചു.[60] അവൾ വല്ലാത്ത സങ്കടത്തിലായി. ആദ്യത്തെ വാർത്ത തെറ്റാണെന്ന് രണ്ടാമതൊരു വാർത്ത ലഭിച്ചു. മകൻ ജീവിച്ചിരിക്കുന്നുവെന്ന് അവൾ വളരെ സന്തോഷിച്ചു. അവസാനം രണ്ടാമത്തെ വാർത്തതെറ്റാണെന്നും ആദ്യത്തേത് ശരിയായിരുന്നെന്നും അറിഞ്ഞു. വീണ്ടും ദു:ഖത്തിലാണ്ടു. നാം ചെയ്യുന്നതും പറയുന്നതും നമ്മുടെ തോന്നലുകളിൽന്മേൽ ആശ്രയിച്ചാണെങ്കിൽ നാം നമ്മുടെ ജീവിതത്തെ മണലിന്മേൽ വീടു പണിയുന്നവനോട് തുല്യരാകും.

ഒരാൾക്ക് അയാളുടെ തോന്നലുകൾ ആത്മാവിന്റെ നടത്തിപ്പുകളാണോ എന്നു മനസ്സിലാക്കുവാൻ എന്താണ് മാർഗ്ഗം? അതോ അവന്റെ മനസ്സിന്റെ വെറും തോന്നലുകളാണോ എന്ന്. അതോ ദുഷ്ടനായവനിൽ നിന്നും വരുന്നതാണോ എന്നും തിരിച്ചറിയുന്നതെങ്ങനെ. ചിലപ്പോൾ ഈ ഉത്തരം നല്കാറുണ്ട്. ''തിരുവചനത്തിൽ പറയുന്നതിനെതിരായി പരിശുദ്ധാത്മാവ് നടത്തുകയില്ല'' ആ ഉത്തരം ഈ പ്രശ്നത്തിന്റെ ഉത്തരം ഭാഗികമായി നല്കുന്നു. ''നടത്തിപ്പ്'' വചനവിരുദ്ധമാണെങ്കിൽ അത് ആത്മാവിന്റെ നടത്തിപ്പല്ല എന്നുറപ്പാണ്. എന്നാൽ ''നടത്തിപ്പ്'' ഒരു അഭിപ്രായമാണ് വിശ്വാസപ്രശ്നമല്ല എന്നു വരികിലോ? കരിസ്മാറ്റിക്ക്കാരുടെ ധാരാളം പ്രസിദ്ധീകരണങ്ങൾ ഞാൻ വായിച്ചിട്ടുണ്ട്. അവർ തങ്ങളുടെ അംഗങ്ങൾ ദൈവാത്മാവിനാൽ നടത്തപ്പെടുന്നു എന്ന് സ്വതവേ വിശ്വസിക്കുന്നില്ല. ഒരു അംഗം തനിക്ക് ഒരു കാര്യത്തിൽ ആത്മനടത്തിപ്പുണ്ടെന്ന് പറഞ്ഞാൽ അങ്ങനെയങ്ങു വിശ്വസിയ്ക്കുകയില്ല. ഒരാൾ വേറൊരാളോട് താൻ ഒരു പ്രത്യേക പുസ്തകം വാങ്ങണമെന്ന് അവൾക്കു നടത്തിപ്പുണ്ടായതായി *പറഞ്ഞു.* ആ പ്രസംഗകൻ അവളോട് തന്റെ കൈവശം ആ പുസ്തകമുള്ളതിനാൽ ആ പുസ്തകം വാങ്ങാൻ ആത്മാവ് പറയുകയില്ലെന്ന് അദ്ദേഹം പറഞ്ഞു. അവളുടെ ആ നടത്തിപ്പിനെ ആ പ്രസംഗകൻ വിശ്വസിച്ചില്ല.

തോന്നലുകൾ ആശ്രയിക്കുവാൻ പറ്റിയ ഒരു നടത്തിപ്പല്ല എന്നു *വ്യക്തം.* തോന്നലുകളെ ആശ്രയിച്ചാൽ നാം ഒരിക്കലും ചെയ്യേണ്ടതെന്തെന്ന് അറിയുകയില്ല.

പിന്നെ എങ്ങനെ നമുക്ക് നിശ്ചയമുണ്ടാക്കാം? ദൈവനിശ്വാസീയമായ ദൈവവചനത്തിലാശ്രയിക്കുന്നതുമൂലം. ദൈവവചനം വായിച്ചു പഠിക്കുന്നതാണ്. നാം എങ്ങനെ ജീവിക്കണമെന്ന് ദൈവം ആഗ്രഹിക്കുന്നു. മാർഗ്ഗം മനസ്സിലാകുവാനുള്ള വിശ്വാസ്യമായ ഏക മാർഗ്ഗം. നാം എത്രയും കൂടുതൽ വേദപുസ്തകം പഠിക്കുകയും അതിലെ ഉപദേശങ്ങൾ നമ്മുടെ ചിന്തയുടെ ഭാഗമായി മാറ്റുകയും ചെയ്യുന്നതോടെ നാം ദൈവഹൃദയത്തോട് വളരെ അടുക്കുന്നു. ദൈവം പഠിപ്പിക്കുന്ന കാര്യങ്ങൾ അനുസരിക്കുവാൻ നാം എത്ര കൂടുതലായി ശ്രമിക്കുന്നുവോ അത്രത്തോളം നമുക്ക് ദൈവേഷ്ടത്തെക്കുറിച്ച്

ഉറപ്പുവരുത്തുവാൻ കഴിയും.

പരിശുദ്ധാത്മാവിനു അത്രയും വ്യക്തമല്ലാത്ത മാർഗ്ഗത്തിൽ നടത്തുവാൻ കഴിയുമോ? പൗലൊസ് സാധാരണ ‘‘തുറന്ന വാതിലുകളെക്കുറിച്ചും’’ ദൈവം ‘‘തുറന്നുകൊടുത്ത’’ അവസരങ്ങളെക്കുറിച്ചും പറഞ്ഞിട്ടുണ്ട് (1 കൊരി. 16:9; 2 കൊരി. 2:12; കൊലോ 4:3). എന്റെ ജീവിതത്തിൽ ഞാൻ തുറന്ന വാതിലുകൾ - എന്റെ സമയവും താലന്തുമുപയോഗിച്ച് പ്രവർത്തിപ്പാനുള്ള അവസരങ്ങളെക്കുറിച്ച് ബോധവാനാവാൻ ശ്രമിച്ചിട്ടുണ്ട്. കൂടാതെ നമ്മുടെ ജീവിതത്തെ സ്വാധീനിപ്പാൻ പരിശുദ്ധാത്മാവിനു കഴിയുന്ന മാർഗ്ഗങ്ങളെ ചിന്തിച്ചാൽ ദൈവഭക്തരായ ആളുകളുടെ ആലോചനാസഹായം നാം ചേർക്കുന്നത് നന്നായിരിക്കും (സദൃശ. 1:5; 12:15; 13:10). നമ്മെക്കാൾ ദൈവയിഷ്ടത്തെക്കുറിച്ച് പരിജ്ഞാനവും അറിവും ഉള്ളവരുടെ ആലോചന സാധ്യമാകുന്ന വേറെയും ദിവ്യമായ സ്വാധീനങ്ങളുണ്ട്.

എന്നാൽ ദൈവവചനമല്ലാതെയുള്ള മറ്റെല്ലാ സ്രോതസ്സുകളും പലതിനും വിധേയമാണ്. നമ്മുടെ സ്വന്ത അനുഭവങ്ങൾ തന്നെയും പല വിവരണങ്ങൾക്കും വിധേയമാണ്. അവ നമ്മുടെ ആഗ്രഹങ്ങൾക്കും താല്പര്യങ്ങൾക്കും വിധേയമായിരിക്കുന്നു. ഞാൻ രണ്ടുവിധത്തിൽ ശക്തമായ മുന്നറിയിപ്പു തരുന്നു. ഒന്നാമത് എല്ലാം നല്ലതുപോലെ പരിശോധിക്കണം (1 തെസ്സ. 5:21). ദൈവവചനത്തിന്റെ വെളിച്ചത്തിൽ പരിശോധിയ്ക്കുക. നിങ്ങൾ ചെയ്യുകയോ പറയുകയോ ചെയ്യുന്ന ഏതു കാര്യത്തിലും ദൈവികസഹായമോ നടത്തിപ്പോ ഉണ്ടെന്ന് അവകാശപ്പെടുവാൻ ധൃതിപ്പെടരുത്. ദൈവം ‘‘എന്നോടുപറഞ്ഞു’’ എന്നോ ‘‘ദൈവം എന്റെ ഹൃദയത്തിൽ വച്ചു’’ എന്നോ പറയുന്നതിൽ അല്പം നിഗളഭാവം വരാം. ദൈവം നിങ്ങളുടെ ജീവിതത്തിൽ പ്രവർത്തിയ്ക്കുകയില്ല എന്നല്ല ഞാൻ പറയുന്നത്. ദൈവം ചെയ്തത് എന്തെന്നു കാണുവാൻ മങ്ങിയ രീതിയിലെങ്കിലും കാണുവാൻ സമയമെടുക്കും. ഇരുപതോ മുപ്പതോ വർഷത്തിനുശേഷം പുറകോട്ടു നോക്കിയാൽ പല കാര്യങ്ങളിലും ദൈവത്തിന്റെ കരം പ്രവർത്തിച്ചു എന്നു കാണുവാൻ കഴിയും. തൽക്കാലം വചനപ്രകാരമുള്ള ആത്മാവിന്റെ നടത്തിപ്പ് അനുസരിയ്ക്കുന്നതായിരിക്കും ഉചിതമായിട്ടുള്ളത്. അങ്ങനെ ചെയ്യുവാൻ സാധിക്കുമെങ്കിൽ ദൈവം ‘‘എല്ലാ കാര്യങ്ങളെയും നന്മയാക്കിത്തീർക്കും’’ എന്നുറപ്പിയ്ക്കാം (8:28).

എങ്ങനെയായാലും പൗലൊസിന്റെ റോമർ 8:14 ലെ പ്രഥമ ഉദ്ദേശം ആത്മാവു *നടത്തുക* എന്നതിലുപരിയായി ആത്മാവിനെ *അനുഗമിയ്ക്കുക* എന്നതാണ് എന്ന് ഞാൻ ആവർത്തിച്ചു പറയുന്നു. നാം യഥാർത്ഥത്തിൽ ദൈവത്തിന്റെ മക്കൾ ആണെന്ന് പൗലൊസ് ഉറപ്പുതരുന്നു. നാം ആത്മാവിനെ അനുസരിയ്ക്കുമെങ്കിൽ മാത്രം! ഒരു കീർത്തി കേട്ട ആളിന്റെ മകനാണെന്ന് പറയപ്പെടുന്നത് മഹാസന്തോഷമായി ചിലർക്ക് തോന്നുന്നു. ഒരു ധനവാന്റെ മകൻ എന്നറിയപ്പെടുന്നതിൽ പലർക്കും സന്തോഷമുണ്ട്. ദൈവത്തിന്റെ മകൻ എന്നു പറയപ്പെടുവാൻ അതിൽ എത്രയോ അധികം സന്തോഷിയ്ക്കണം!

14-ാം വാക്യത്തിൽ ‘‘മക്കൾ’’ എന്ന പദം (υἱός, *huios* എന്ന പദത്തിന്റെ ബഹുവചനം) പൊതുവായ രീതിയിൽ (സാധാരണ രീതിയിൽ ഉപയോഗിച്ചിരിക്കയാണ്) ആണിനും പെണ്ണിനും പൊതുവായി. 16-ാം വാക്യത്തിൽ (τέκνον, *teknon* എന്ന പദത്തിന്റെ ബഹുവചനം) ‘‘ദൈവത്തിന്റെ മക്കൾ’’ എന്നത് പിതാവിന്റെ പുത്രന്മാരെയും *പുത്രിമാരെയും* ഉദ്ദേശിച്ചാണ്. പുത്രന്മാർ എന്നുപയോഗിച്ചതിന് പൗലൊസിന് ചില കാരണങ്ങളുണ്ടാവാം. ഒരു പക്ഷേ

ഒരു മകളെക്കാൾ അധികമായി മകനെ അവകാശിയായി ആ നാളുകളിൽ കരുതിയിരുന്നിരിക്കാം. അല്ലെങ്കിൽ നാം ദൈവത്തിന്റെ പുത്രനോട് താദാത്മ്യപ്പെടുന്നു എന്ന വിധത്തിലായിരിക്കാം (8:17).

**വാക്യം 15.** ദൈവപൈതലാകുന്നത് എത്ര പ്രത്യേകമായ ഒരവസ്ഥയാണെന്ന് പൗലൊസ് തുടർന്നു പറയുന്നു: **നിങ്ങൾ പിന്നെയും ഭയപ്പെടേണ്ടതിന് ദാസ്യത്തിന്റെ ആത്മാവിനെ അല്ല നാം ''അബ്ബാ പിതാവേ'' എന്നു വിളിക്കുന്ന പുത്രത്വത്തിന്റെ ആത്മാവിനെയത്രെ പ്രാപിച്ചത്.** ''പിന്നെയും'' എന്ന വാക്ക് മുൻകാലങ്ങളിൽ ഭയപ്പെടുവാൻ പാപംമൂലം അടിമകൾ ഉണ്ടായിരുന്നു. അവൻ ദൈവകല്പന പൂർണ്ണമായി പാലിച്ചിരുന്നില്ല എന്ന കാര്യത്തെ സൂചിപ്പിക്കുന്നു. ആത്മാവ് അവരെ നടത്തിക്കൊണ്ടുപോകുന്നത് നിയമവും/പ്രവർത്തിയും എന്ന ഒരു രീതിയിലേക്കല്ല (അവിടെ ഭയം മുഖ്യമായിരുന്നു) പിന്നെയോ, കൃപ/വിശ്വാസം എന്ന രീതിയിലേക്കാണ് നടത്തുന്നത്; അധികം യഹൂദന്മാരും.

15-ാം വാക്യത്തിൽ ദൈവാത്മാവോ മനുഷ്യാത്മാവോ എന്ന പതിവു ചോദ്യം ഉണ്ട്. പല തർജ്ജമയിലും രണ്ടാമത്തെ ഉപയോഗത്തിൽ വലിയ ട ഉപയോഗിച്ചിട്ടുണ്ട്. (ഗഖഢ, ചകഢ) ചുരുക്കം ചിലവയിൽ രണ്ടു സ്ഥാനത്ത് വലിയ (ട) തന്നെ ഉപയോഗിച്ചിട്ടുണ്ട്. (ചള്ളആ, ഞള്ളആ കാണുക). വലിയ ട ഉപയോഗിച്ചാൽ അതിനർത്ഥം ''നിങ്ങൾ പ്രാപിച്ച ആത്മാവ് (πνεῦμα, *pneuma*) നിങ്ങളെ അടിമത്വത്തിലേക്കു നടത്തുന്നില്ല'' എന്നാണ് (2 തിമോ. 1:7). നിങ്ങളെ മക്കളാക്കുകയാണ് ചെയ്തത്. ചെറിയ െ ആണ് ഉപയോഗിച്ചതെങ്കിൽ അതിനർത്ഥം സ്വഭാവം, അവസ്ഥ എന്നീ അർത്ഥമാണ്.[61] (അ ശി വേല ചഅടആ) സന്ദേശം അതുതന്നെ. നാം രക്ഷിയ്ക്കപ്പെട്ടപ്പോൾ ദൈവം നമ്മെ *അടിമകളാക്കുകയായിരുന്നില്ല* പിന്നെയോ തന്റെ *മക്കളാക്കിത്തീർത്തു*![62] (ഗലാ. 4:7). അങ്ങനെ ''മക്കളാക്കിയെങ്കിൽ ദൈവത്തിന്റെ അവകാശികളും ആക്കി.''

അടിമത്വവും പുത്രത്വവും തമ്മിലുള്ള വ്യത്യാസം പൗലൊസിന്റെ കത്ത് അന്നു വായിച്ചവർക്ക് നമ്മെക്കാൾ ശരിയായി മനസ്സിലാകും. ബന്ധനവും ധൈര്യവും തമ്മിലുള്ള വ്യത്യാസമാണത്. ദൈവത്തെ ഒരു ശിക്ഷകനായി കാണുന്നതും രക്ഷകർത്താവായി കാണുന്നതും തമ്മിലുള്ള വ്യത്യാസമാണത്.[63] ഒരു അടിമയ്ക്ക് യജമാനനുമായുള്ള ബന്ധം വിവരിക്കുന്ന ഏക പദം ''ഭയം'' എന്നതു മാത്രമായിരുന്നു. ഭയമുണ്ടാക്കുന്ന അടിമത്വത്തിലേക്കല്ല നമ്മെ നടത്തിയിരിക്കുന്നത്, പിന്നെയോ ''അബ്ബാ പിതാവേ!'' എന്നു വിളിക്കുന്ന പുത്രത്വത്തിൻ ആത്മാവിനെയത്രെ പ്രാപിച്ചത്! യജമാനന്റെ സാന്നിദ്ധ്യത്തിൽ വിറയ്ക്കുന്ന അടിമകളല്ല നാം, പിന്നെയോ അപ്പന്റെ സാന്നിദ്ധ്യത്തിൽ ധൈര്യവും ആശ്വാസവും അനുഭവിയ്ക്കുന്ന മക്കളാണ്.

ഈ രീതിയിൽ അനുഗ്രഹിയ്ക്കപ്പെട്ടിരിക്കുന്നതിനാൽ നാം ''അബ്ബാ പിതാവേ'' എന്നു വിളിക്കുന്നു. എമവേല്യ എന്ന ഇംഗ്ലീഷ് വാക്ക് πατήρ (*patēr*) എന്ന സാധാരണ ഗ്രീക്കു പദത്തിൽനിന്നും തർജ്ജമ ചെയ്യപ്പെട്ടിട്ടുള്ളതാണ്. ''അയയമ'' എന്നത് ഒരു അരാമ്യ പദമാണ്. ''അപ്പൻ'' എന്നർത്ഥം. എന്നാൽ അതിനും മേലായി ഒരു *കുഞ്ഞ്* അപ്പനെ വിളിക്കുന്ന വാക്കാണ് ''അപ്പച്ചാ'', ''പപ്പാ'' എന്നതുപോലെ ദൈവത്തെ സംബോധന ചെയ്വാൻ ഈ രീതി ഉപയോഗിച്ചിരുന്നില്ല. എന്നാൽ യേശു ഉപയോഗിച്ചിരുന്നു. ഗെദ്ശെമനയിൽ അവൻ കരഞ്ഞു. അപ്പാ ''ദൈവമേ''! എന്ന് ''നിനക്ക് എല്ലാം കഴിയും. ഈ

പാനപാത്രം എന്നിൽ നിന്ന് മാറ്റണമേ, എങ്കിലും എന്റെ ഇഷ്ടമല്ല നിന്റെയിഷ്ട മാകട്ടെ'' (മർ. 14:36).

ക്രിസ്സ് ബുല്ലാർഡ് ആൾക്കൂട്ടം നിറഞ്ഞ പഴയ യെരുശലേമിന്റെ ചന്തസ്ഥ ലങ്ങളിൽ കുട്ടികൾ കൈകൾ മേലോട്ടുയർത്തി അവരുടെ പിതാക്കന്മാരോട് ''അബ്ബാ, അബ്ബാ!''[64] എന്ന് വിളിയ്ക്കുന്നു. അവരുടെ വിളിയിൽ പല കാര്യ ങ്ങളും അടങ്ങിയിട്ടുണ്ട്. ''ഞാൻ ക്ഷീണിതനാണ് പപ്പാ എന്നെ പിടിക്കൂ; എന്നെ സഹായിക്കൂ പപ്പാ! എന്നു വിളിയ്ക്കുന്നതു കാണാം. ''അബ്ബാ'' എന്നുള്ളത് പിതൃപുത്രബന്ധത്തിലെ മനോഹരമായ ഒരു പ്രകടനമാണ്.

ഏതു മാർഗ്ഗത്തിൽ കൂടെയാണ് നാം ദൈവമക്കളായത്? പൗലൊസ് പറഞ്ഞത് പുത്രത്വത്തിന്റെ ആത്മാവിനെ പ്രാപിച്ചതുകൊണ്ടാണ്[65] നാം ദൈവമ ക്കൾ ആയത് എന്നാണ്. വേറെ ഭാഗത്ത് നാം ആത്മീയ ജനനം പ്രാപിച്ചതുകൊ ണ്ടാണ് ദൈവമക്കൾ ആയത് എന്ന് പറഞ്ഞിട്ടുണ്ട് (യോഹ. 3:3, 5; 1 പത്രൊസ് 1:22, 23; 1 യോഹ. 2:29; 3:9; 4:7; 5:1, 4, 18). പൗലൊസിന് *ദത്തെടുക്കൽ* എന്ന സാദൃശമാണ് കൂടുതൽ താല്പര്യമുള്ളതായി കാണപ്പെടുന്നത് (ഗലാ. 4:5; എഫെ. 1:5) ദൈവമക്കളായി തീരുന്ന പ്രക്രിയയെ അല്പം വ്യത്യസ്തമായി കാണുന്നു. രണ്ടു സാദൃശങ്ങളാണ് ഇവ. ഒരോന്നും അനുഭവത്തിന്റെ രണ്ടു വശങ്ങളെ ശക്തിപ്പെടുത്തിക്കാണിക്കുന്നു.

''ദത്തെടുക്കുക'' എന്നുള്ളത് υἱοθεσία (*huiothesia*) രണ്ടു വാക്കുകൾ ചേർന്ന υἱός (*huios*) നോടു കൂടെ θέσις (*thesis*) ആക്കുക എന്ന വാക്കു ചേർന്നതാണ്. ജന്മനാ മകനല്ലെങ്കിലും മകന്റെ സ്ഥാനവും പദവിയും സ്ഥിതി യും നൽകുന്ന രീതിക്കാണ് ''ദത്തെടുക്കുക'' എന്ന വാക്കുപയോഗിച്ചിരിക്കു ന്നത്.[66] നാം അറിയുന്നിടത്തോളം യഹൂദന്മാരുടെയിട യിൽ ദത്തെടുക്കൽ അധികമായി നടന്നിരുന്നില്ല. എന്നാൽ ഇതര സമൂഹങ്ങളിൽ അത് നടന്നിരു ന്നു.[67] ഒന്നാം നൂറ്റാണ്ടിലെ റോമൻ ലോകത്ത് ദത്തുപുത്രൻ അവനെ ദത്തെ ടുക്കുന്ന രക്ഷിതാവിന്റെ പേരു നിലനിർത്തുവാനും സ്വത്തുക്കൾ അവകാശ പ്പെടുത്തുവാനുമായി തെരഞ്ഞെടുക്കപ്പെട്ടവരാണെന്ന് ബ്രൂസ് പറഞ്ഞിട്ടുണ്ട്.[68] ദൈവത്തിന് സ്വന്തമായി ഒരു പുത്രൻ മാത്രമെയുള്ളൂ എന്നും ബാക്കിയുള്ള നാമെല്ലാം ദത്തെടുക്കൽ മൂലം മക്കളാക്കപ്പെട്ടവരാണെന്നും പറയുന്നു.[69] നമ്മുടെ ദത്തെടുക്കൽ നാം ''ജീവിയ്ക്കുന്നു'' എന്നും ''പ്രവർത്തിക്കുന്നു'' എന്നുമുള്ളതിനെ സ്വാധീനിക്കണം. അതുകൊണ്ട് ചഘം പറയുന്നത് ''ദൈവ ത്തിന്റെ കുടുംബത്തിലേക്ക് ദത്തെടുക്കപ്പെട്ട ദൈവത്തിന്റെ സ്വന്തമക്കളെപേ ാലെ" നിങ്ങൾ ''*പെരുമാറണം*'' എന്നാണ്.

**വാക്യം 16**. ഇതു ചിന്തിക്കുന്നത് വളരെ സന്തോഷമുണ്ടാക്കുന്ന കാര്യമാ ണ്. എന്നാൽ നാം ദൈവത്തിന്റെ മക്കളാണെന്ന് എങ്ങനെ *അറിയാൻ* കഴി യും? അതിന്റെ തെളിവു തരുവാൻ പൗലൊസ് വീണ്ടും പറയുന്നു. കോടതി ഭാഷ വീണ്ടും ഉപയോഗിക്കുകയാണ്: ''**നാം ദൈവമക്കളെന്ന് ആത്മാവുതാന ും[70] നമ്മുടെ ആത്മാവോടുകൂടെ സാക്ഷ്യം പറയുന്നു**.'' പണ്ഡിതന്മാരുടെ ഇടയിൽ ഇത് ''നമ്മുടെ ആത്മാവോടുകൂടെയെന്നാണോ'', ''നമ്മുടെ ആത്മാവിനോട്'' എന്നാണോ തർജ്ജമ ചെയ്യേണ്ടത് എന്നതിനെ ചൊല്ലി ഒരു ചർച്ചയുണ്ട്. സമ്മറച്ചർ συμμαρτυρέω (*summartureō*) എന്നുള്ള ആ പ ദം സമ്മറേച്ചിയോ എന്ന ഗ്രീക്കുവാക്കിൽ നിന്നും ഉണ്ടായത് സാക്ഷ്യപ്പെടു ത്തുക എന്നർത്ഥമാണ്. മർച്ചെറിയോ μαρτυρέω (*martureō*) എന്ന വാക്കിൽ നിന്നും σύν (*sun*) എന്നുള്ള വാക്കിൽനിന്നുകൂടെ വന്നതാണ്. അതിനർത്ഥം

സാക്ഷിക്കുക, സാക്ഷ്യം പറയുക എന്നാണ്.

ഒരു വസ്തുത രണ്ടോ മൂന്നോ സാക്ഷികളുടെ വാമൊഴിയാൽ ഉറപ്പിക്കാമെന്ന് വേദപുസ്തകം പഠിപ്പിക്കുന്നു. (മത്താ. 18:16; ആവ. 17:6; 19:15 യോഹ. 8:17) പൗലൊസ് പറയുന്നത് ഫലത്തിൽ രണ്ടു സാക്ഷികൾ മൂലം നീ ദൈവപൈതലാണെന്ന് ഉറപ്പിക്കുവാൻ കഴിയുമെന്നാണ്. പരിശുദ്ധാത്മാവും നിങ്ങളുടെ ആത്മാവും ചഇഢ യിൽ "ആത്മാവ് നമ്മുടെ ആത്മാക്കളോടു ചേർന്ന് നാം ദൈവമക്കളെന്നു പറയുന്നു" എന്നുകാണുന്നു. ജെ.ബി. പറയുന്നത്, "പരിശുദ്ധാത്മാവും നമ്മുടെ ആത്മാവും നാം ദൈവമക്കളെന്ന ഐക്യ സാക്ഷ്യം നൽകുന്നു" എന്നാണ്.

ചില എഴുത്തുകാർ ആത്മാവിന്റെ സാക്ഷ്യത്തെപ്പറ്റി പറയുമ്പോൾ നമ്മുടെ ഹൃദയത്തിൽ പരിശുദ്ധാത്മാവ് നല്കുന്ന നിശ്ചയത്തിന്റെ തോന്നലുകളെപ്പറ്റി പറയുന്നുണ്ട്. ആ വ്യാഖ്യാനത്തിന് നാല് പോരായ്മകളെങ്കിലുമുണ്ട്. ഒന്നാമത് അത് നമ്മുടെ ആത്മാവിനോടുള്ള സാക്ഷ്യമാണ്. രണ്ടാമത് നേരത്തെ സൂചിപ്പിച്ചതുപോലെ തോന്നലുകൾ മാറിമറിഞ്ഞുവരുന്നവയും സ്വാഭാവികമായും ആശ്രയിക്കുവാൻ പറ്റാത്തതും ആണ്. തന്മൂലം ആത്മാവിന്റെ സാക്ഷ്യത്തിലും ആശ്രയിക്കുവാൻ സാധിയ്ക്കുകയില്ല. മൂന്നാമത് തോന്നലുകളാലുള്ള സാക്ഷ്യത്തിൽ വിശ്വസിക്കുന്നവർപോലും അവകാശപ്പെടുന്നത് എല്ലാ വിശ്വസ്തരായ ദൈവമക്കൾക്കും ഇത്തരം തോന്നലുകളുണ്ടെന്നാണ്. എന്നാലും ദൈവാത്മാവിന്റെ സാക്ഷ്യം എല്ലാ ദൈവമക്കൾക്കും ഉള്ളതാണ്. അങ്ങനെ സാക്ഷ്യം എന്നതായിരുന്നാലും അത് വെറും ആന്തരികമായ ഒരു തോന്നലായിരുന്നാൽ പോരാ. പൗലൊസിന് അങ്ങനെയൊരു വ്യാഖ്യാനം മനസ്സിലുണ്ടായിരുന്നെന്ന് ഒരു സൂചനയും കാണുന്നില്ല. ആത്മാവിന്റെ സാക്ഷ്യത്തെക്കുറിച്ചുള്ള ഈ സമീപനം വ്യാഖ്യാതാവിന്റെ ഉപദേശസംബന്ധമായ ചായ്വനുസരിച്ചായിരിക്കും, അല്ലാതെ വാക്യത്തിന്റെ യഥാർത്ഥമായ ആശയവിവരണം ആയിരിക്കുകയില്ല.

16-ാം വാക്യത്തെ അതിന്റെ പിൻപേ വരുന്ന വാക്യത്തിൽ നിന്നും വേർപെടുത്തി ചിന്തിയ്ക്കരുത്. പൗലൊസ് നാം "അബ്ബാ പിതാവേ"! എന്നു വിളിയ്ക്കുന്ന പുത്രത്വത്തിന്റെ ആത്മാവിനെ നമ്മുടെ ഹൃദയങ്ങളിൽ തന്നിരിക്കുന്നു എന്നാണ് (8:15). 15ഉം 16ഉം വാക്യങ്ങൾ തമ്മിലുള്ള ബന്ധം ചഋആയിൽ ശക്തീകരിച്ചിട്ടുണ്ട്. അതിങ്ങനെ. ആത്മാവു നമ്മെ മക്കളാക്കുന്നു. അബ്ബാ പിതാവേ എന്നു വിളിപ്പാൻ നമ്മെ ശക്തരാക്കുന്നു. *ആ കരച്ചിൽ* ദൈവാത്മാവ് നമ്മുടെ ആത്മവോടുചേർന്ന് നാം ദൈവമക്കളാണെന്നു സാക്ഷ്യം പറവാൻ നമ്മെ സഹായിക്കുന്നു (8:15, 16; ഞടഢ കാണുക). റോമർ 8:15, 16നു ഒരു ഒത്തുവാക്യം ഗലാത്യർ 4:6 ആണ്. നിങ്ങൾ മക്കൾ ആകകൊണ്ട് ദൈവം അബ്ബാപിതാവേ എന്നു വിളിക്കുന്നു. പുത്രത്വതിന്റെ ആത്മാവിനെ നിങ്ങളുടെ ഹൃദയങ്ങളിൽ അയച്ചിരിക്കുന്നു. ഗലാ 4:6ൽ പരിശുദ്ധാത്മാവ് അബ്ബാ പിതാവേ എന്നു വിളിക്കുന്നു. അതെ സമയം റോമർ 8:15ൽ നമ്മുടെ ആത്മാവാണ് "അബ്ബാ പിതാവേ" എന്നു വിളിക്കുന്നത്. "അബ്ബാ പിതാവേ" എന്നുള്ളത് ഒരു ഇരട്ടിസാക്ഷ്യമാണ്. നമ്മുടെ ആത്മാക്കൾ ദൈവം നമ്മുടെ "അബ്ബാ" ആകുന്നു, "പിതാവാകുന്നു" എന്ന് സാക്ഷ്യപ്പെടുത്തുന്നു. പരിശുദ്ധാത്മാവ് അതിനോട് ചേർന്ന് ഏറ്റുപാടുന്നു. "അതേ ശരിതന്നെ! ദൈവം അവരുടെ പിതാവുതന്നെയാകുന്നു"!

ഈ സത്യത്തെ എപ്പോഴാണ് പരിശുദ്ധാത്മാവ് ഏറ്റുപറഞ്ഞത്? അവൻ

വചനം നിശ്വസിച്ചപ്പോൾ കൊരിന്ത്യർക്കെഴുതുമ്പോൾ താൻ എഴുതുന്ന വചനം ''ആത്മാവിനാൽ'' ഉപദേശിയ്ക്കപ്പെട്ടതായിരിക്കണമെന്ന് പൗലൊസിന് നിർബന്ധമുണ്ടായിരുന്നു (1 കൊരി. 2:13). നാം വിശ്വാസത്തിനു അനുസരണമുള്ളവരാകുമ്പോൾ ദൈവത്തിന്റെ കൃപയാൽ സ്വീകരിക്കുന്നതോടുകൂടി ദൈവഭവനത്തിന്റെ ഭാഗമാക്കുകയാണെന്ന് ആത്മാവ് പുതിയനിയമത്തിൽ സാക്ഷ്യപ്പെടുത്തുന്നുണ്ട്. നിങ്ങളെല്ലാവരും ക്രിസ്തുയേശുവിങ്കലെ വിശ്വാസത്താൽ *ദൈവത്തിന്റെ മക്കളാകുന്നു* എന്ന് ക്രിസ്തുവിനോടു ചേരുവാൻ സ്നാനമേറ്റവരായ നിങ്ങൾ എല്ലാവരും ക്രിസ്തുവിനെ ധരിച്ചിരിക്കുന്നു (ഗലാ. 3:26, 27). ഒരാൾ ചോദിച്ചേക്കാം ''തിരുവെഴുത്തിനെ ആത്മാവിന്റെ സാക്ഷ്യം എന്ന് പറയാമെന്ന് നിശ്ചയമുണ്ടോ?

ആത്മാവിന്റെ സാക്ഷ്യമാണോ തിരുവചനം എന്നുള്ളത് നിങ്ങൾക്ക് ഉറപ്പുണ്ടോ? എന്ന് ആരെങ്കിലും ചോദിച്ചേക്കാം. എബ്രായർ 10:15മ നമുക്ക് ചിന്തിക്കാം. അതു പരിശുദ്ധാത്മാവും *നമുക്കു* സാക്ഷീകരിക്കുന്നു. എങ്ങനെയാണ് പരിശുദ്ധാത്മാവ് അതു ചെയ്യുന്നത്? എഴുത്തുകാരൻ തുടരുന്നു,

> ''ഈ കാലം കഴിഞ്ഞ ശേഷം ഞാൻ അവരോട് ചെയ്‌വാനിരിക്കുന്ന നിയമം ഇങ്ങനെയാകുന്നു:
> ഞാൻ എന്റെ ന്യായപ്രമാണം അവരുടെ ഉള്ളിലാക്കി അവരുടെ ഹൃദയങ്ങളിൽ എഴുതും''
> അവൻ പിന്നെയും പറയുന്നു,
> ''അവരുടെ പാപങ്ങളെയും അകൃത്യങ്ങളെയും ഞാൻ ഇനി ഓർക്കയുമില്ല'' (എബ്രാ. 10:15 യ-17).

ഈ ഉദ്ധരണി യിരെമ്യാവ് 31:33, 34 പിരിശുദ്ധാത്മാവിനാൽ നിശ്വസിയ്ക്കപ്പെട്ടത് (2 പത്രൊസ് 1:21ഉം കാണുക). Jim McGuiggan എഴുതി,

> ആളുകൾ അവരുടെ നിർണ്ണയങ്ങളെയും ഉറപ്പുകളെയും തിരുവചനത്തിന്മേൽ അടിസ്ഥാനപ്പെടുത്തി അനുഭവങ്ങൾക്ക് അർത്ഥമുണ്ടാക്കണം. അനുഭവങ്ങളെ രക്ഷയുടെ അടിസ്ഥാനം ചുവടുമായി സ്വീകരിയ്ക്കുമ്പോൾ വണ്ടി കുതിരക്കു മുൻപിൽ കെട്ടിയതുപോലെയാണ്. ആത്മാവ് വേദപുസ്തകത്തിൽ സാക്ഷ്യം നൽകിയിട്ടുണ്ട്.
>
> അതിൽ നിറയുക നമ്മുടെ അനുഭവങ്ങളെ വേദവചനങ്ങളാൽ വ്യാഖ്യാനിയ്ക്കാം. അല്ലാതെ വേദവചനം കൊണ്ട് ബൈബിളിനെ വ്യാഖ്യാനിക്കാതെയിരിക്കാം.[71]

ആദ്യ പ്രസംഗകർ റോമർ 8:16നെക്കുറിച്ച് പഠിപ്പിച്ചപ്പോൾ അവരുടെ ഉദാഹരണത്തിൽ അവർ പരിശുദ്ധാത്മാവിനെ ആദ്യം ഒരു സാക്ഷിയായി സങ്കല്പിച്ചു. ആത്മാവ് ഇങ്ങനെ പറയുന്നു എന്നു സങ്കല്പിക്കുക. ''നിങ്ങൾ യേശുക്രിസ്തുവിൽ വിശ്വസിക്കുകയും അവന്റെ ഇഷ്ടം ചെയ്യുവാൻ തുടങ്ങുകയും ചെയ്യുകയാണെങ്കിൽ നീ ഒരു ദൈവപൈതലാണ്.'' അവർ പുതിയനിയമത്തിൽനിന്നും അതു തെളിയിപ്പാൻ വാക്യങ്ങൾ ഉദ്ധരിക്കുന്നു. ഉദാഹരണത്തിനായി അവർ ഒരു സാങ്കല്പിക ക്രിസ്ത്യാനിയെ വിളിച്ചുനിർത്തി സാക്ഷ്യം പറയിപ്പിക്കുന്നു. ''ആത്മാവ് പറഞ്ഞത് *ഞാൻ ചെയ്തു.''*

അതിനാൽ "ഞാൻ" ഒരു ദൈവപൈതലായിത്തീർന്നു. ചിലർ ഈ രീതിയെ ഒരു നിസാരമായ സമീപനമാണെന്ന് പറഞ്ഞേക്കാം. എന്നാൽ അത് തെളിയിക്കുന്നത് പരിശുദ്ധാത്മാവിന് എങ്ങനെ മനുഷ്യാത്മാക്കളോട് സാക്ഷീകരിക്കുവാൻ കഴിയും എന്നാണ്.

നാം ദൈവമക്കളാണെന്ന് അറിയുവാൻ *നമുക്കു കഴിയുമോ?* അഗ്നി ചൂടുള്ളതും മഞ്ഞ് തണുത്തതും ആണെന്നു പറയുന്നതുപോലെ അറിയുവാൻ കഴികയില്ല.[72] പൗലൊസ് പറഞ്ഞു. "നാം കാഴ്ചയാലല്ല വിശ്വാസത്താലാണ് നടക്കുന്നതെന്ന്" (2 കൊരി. 5:7) അതിനോടു ചേർന്ന് രുചിക്കുകയും തൊടുകയും ചെയ്യുന്നതുമൂലമല്ല എന്നും നമുക്കു ചേർത്തു പറയാവുന്നതാണ്. നാം ദൈവത്തിന്റെ പ്രിയരാണെന്ന് അറിയുവാൻ ഒരു മാർഗ്ഗമുണ്ട്. യോഹന്നാൻ ഇങ്ങനെ എഴുതിയിട്ടുണ്ട്. "ഞാൻ ഇതു *നിങ്ങൾക്കെഴുതിയിരിക്കുന്നത്* നിങ്ങൾക്കു നിത്യജീവനുണ്ടെന്ന് നിങ്ങൾ *അറിയേതിനത്രെ*" (1 യോഹ. 5:13). തോമസ് ചോദിക്കുന്നു. "നാം ദൈവത്തിന്റെ പുത്രന്മാരാണെന്ന് *എഴുതപ്പെട്ടിരിക്കുന്നത്* എത്ര അത്ഭുതകരമായിരിക്കുന്നു അല്ലേ?"[73]

**വാക്യം 17.** നാം ദൈവമക്കളാണെന്ന് തെളിവു സഹിതം ഉറപ്പിച്ച ശേഷം പൗലൊസ് പറയുന്നു. **മക്കൾ എങ്കിലോ അവകാശികളും ദൈവത്തിന്റെ അവകാശികളുമത്രെ** ആ ചിന്ത സങ്കല്പങ്ങളെ അമ്പരപ്പിയ്ക്കുന്നു. പത്രൊസ് വിശ്വസ്തരായ ദൈവമക്കൾക്കായി സൂക്ഷിയ്ക്കപ്പെട്ടിരിക്കുന്ന അവകാശത്തെക്കുറിച്ച് പറയുന്നുണ്ട്. ക്ഷയം മാലിന്യം വാട്ടം ഇവ ഇല്ലാത്തതുമായ അവകാശം എന്ന് പറഞ്ഞിട്ടുണ്ട് നിങ്ങൾക്കായി സ്വർഗ്ഗത്തിൽ സൂക്ഷിച്ചിരിയ്ക്കുന്ന അവകാശമാണെന്ന്. 1 പത്രൊസ് 1:4 "ദൈവദൂതന്മാരെ അവകാശികളെന്ന്" പറഞ്ഞിട്ടില്ല എന്ന് ഞ.ഇ. ആലഹഹ പറയുന്നു. മനുഷ്യർക്ക് മാത്രമെ ഈ അവകാശമുള്ളു. "നമ്മുടെ അവകാശത്തെപ്പറ്റി നാം വിഷമിക്കുന്നതെന്തിന്?"[74]

നാം അവകാശികളെന്നുള്ളത് നാം നമ്മുടെ രക്ഷ നേടിയെടുക്കുന്നതല്ലെന്നുള്ളത് ഒന്നുകൂടി ഉറപ്പിക്കുന്നു. കൃപയാലാണ് നാം രക്ഷിക്കപ്പെടുന്നത്.[75] നിങ്ങൾ ആർക്കുവേണ്ടിയെങ്കിലും ജോലി ചെയ്താൽ കിട്ടുന്ന ശമ്പളം അവകാശമല്ല. ആർക്കെങ്കിലും വേണ്ടി ജോലി ചെയ്തോ കച്ചവടം ചെയ്തോ ലഭിക്കുന്ന ശമ്പളത്തിനെ അവകാശം എന്നു പറയുകയില്ല. മറ്റൊരാളുടെ പ്രയത്നത്താൽ ലഭിയ്ക്കുന്നതും അവകാശിക്കു കൊടുക്കുകയും ചെയ്യുന്നതാണ്. അങ്ങനെയെങ്കിൽ നമ്മുടെ നിത്യമായ "അവകാശം" യേശു സമ്പാദിച്ചതും നമുക്കു "നൽകപ്പെടുന്നതും ആണ്!" അമ്പരപ്പിക്കുന്ന കൃപ!

പുത്രത്വത്തിന്റെ അനുഗ്രഹങ്ങളെപ്പറ്റിയുള്ള വിസ്മയിപ്പിക്കുന്ന കാര്യങ്ങൾ പൗലൊസ് പറഞ്ഞു കഴിഞ്ഞില്ല. വീണ്ടും വർണ്ണിയ്ക്കുന്നു, **ക്രിസ്തുവിന്റെ കൂട്ടവകാശികൾ**. 8:29-ൽ ക്രിസ്തുവിനെ അനേകം സഹോദരന്മാരിൽ "ആദ്യജാതൻ" എന്ന് വിളിക്കുന്നു. ദൈവകുടുംബത്തെ സൂചിപ്പിക്കുമ്പോൾ ക്രിസ്തുവിനെ നമ്മുടെ "മൂത്ത സഹോദരനായി" കണക്കാക്കാം.[76] 17-ാം വാക്യത്തിൽ പൗലൊസ് പറയുന്നത് നാം നമ്മുടെ മൂത്തസഹോദരന്റെ "കൂട്ടവകാശികളാണെന്നാണ്"! കൂട്ടവകാശികൾ എന്ന പ്രയോഗം συγκληρονόμος (*sunklēronomos*) എന്ന പദവും κληρονόμος (*klēronomos*) എന്ന പദവും "ചേർന്ന്" σύν (*sun*) ഉള്ളതാണ്.

യേശുക്രിസ്തുവിന് തന്റെ അവകാശം യോഗ്യതമൂലമാണ് ലഭിക്കുന്നത് എന്നോർക്കാം. നമുക്കു ലഭിയ്ക്കുന്നത് "കൃപ" യാലും. അവൻ അതിന് അർഹനാണ്. നമ്മൾ അർഹരല്ല. വളർന്ന മക്കൾ അവകാശത്തിനായി വഴക്കു

ണ്ടാക്കുന്നതു കണ്ടിട്ടുണ്ട്. ഓരോരുത്തരും അവരവരുടെ ഓഹരിയോ അതിൽ കൂടുതലോ കിട്ടുന്നതിനായി പോരടിക്കുന്നു. അതൊരു മോശമായ കാഴ്ച്ചയാണ്. യേശുക്രിസ്തു അങ്ങനെയല്ല. അവകാശം ലഭിക്കുവാൻ യഥാർത്ഥത്തിൽ അർഹതയുള്ളത് അവനു മാത്രമാണ്. അവൻ സന്തോഷമായി അവനുള്ളത് സഹോദരീ സഹോദരന്മാർക്ക് പങ്കുവെക്കും. കൂട്ടവകാശികൾ എന്നതിന്റെ അർത്ഥം കൃത്യമായും നമുക്ക് മനസ്സിലാകുന്നില്ല എങ്കിലും ഇങ്ങനെയായിരിക്കുമെന്ന് നാം വിശ്വാസത്താൽ അനുമാനിക്കുന്നു. ഈ വിസ്മയകരമായ പദവിയ്ക്കായി ദൈവത്തോട് നന്ദിയുള്ളവരായിരിക്കാം!

എങ്കിലും ഈ പദവിയ്ക്ക് ഒരു വ്യവസ്ഥ പാലിക്കേണ്ടതുണ്ട്. 17-ാം വാക്യം പൗലൊസ് ഇങ്ങനെ അവസാനിപ്പിക്കുന്നു. "**അവനോടു കൂടെ തേജസ്കരിക്കപ്പെടേണ്ടതിന് അവനോടുകൂടെ കഷ്ടമനുഭവിച്ചാലത്രെ.**" കൂട്ടവകാശികളാകണമെങ്കിൽ കൂട്ടായി കഷ്ടമനുഭവിക്കുകയും വേണം. "ഇപ്പോൾ കഷ്ടത, മഹത്വം പിന്നീട്" എന്നുള്ളത് ഒരു പുതിയ നിയമ വിഷയം തന്നെയാണെന്ന് ബ്രൂസ് അഭിപ്രായപ്പെട്ടിട്ടുണ്ട്[77] (യോഹ. 15:20; 2 തിമോ. 2:12). നാം കിരീടം ധരിക്കണമെങ്കിൽ കുരിശുവഹിക്കണമെന്ന് പറഞ്ഞിട്ടുണ്ട് (മത്തായി. 16:24, 25; വെളി. 2:10).

ക്രിസ്തുവിനോടുകൂടെ കഷ്ടം സഹിക്കുന്നവർ "അവനോടുകൂടെ തേജസ്കരിക്കപ്പെടും." തോമസ് ഇങ്ങനെ എഴുതി "ഈ വാക്യങ്ങൾ നമ്മെ ക്രിസ്തുവുമായുള്ള ബന്ധത്തിന്റെ അത്യുച്ചകോടിയിലേക്കു നയിക്കുന്നു."[78] ഒരു നിമിഷം ചിന്തിക്കുക. ക്രിസ്തു തന്റെ പിതാവിങ്കലേക്ക് തിരിച്ചെത്തിയ ശേഷം ലഭിച്ചമാനവും മഹത്വവും എത്രയെന്ന്. നമുക്കതു മനസ്സിലാക്കുവാൻ തുടങ്ങുന്നതിനു പോലും സാദ്ധ്യമല്ല. എന്നാലും ശ്രമിച്ചു നോക്കുക. എബ്രായ ലേഖകൻ പറയുന്നത്, ക്രിസ്തു തന്റെ മുമ്പിൽ വച്ചിരുന്ന സന്തോഷം ഓർത്ത് തന്റെ ക്രൂശ് സഹിയ്ക്കുവാൻ പ്രാപ്തനായി എന്ന് (എബ്രാ. 12:2). 1 തിമൊ. 3:16-ൽ പൗലൊസ് എഴുതിയിരിക്കുന്നു: "അവൻ തേജസ്സിൽ എടുക്കപ്പെട്ടു" എന്ന്. നാം ക്രിസ്തുവിനോടു വിശ്വസ്തരായിരുന്നാൽ നാം ആ തേജസ്സിൽ പങ്കാളികളാകും. റോമർ 8:17ന്റെ അവസാനത്തിൽ പൗലൊസ് അവനോടുകൂടെ തേജസ്ക്കരിക്കപ്പെടുമെന്ന് എഴുതിയിരിക്കുന്നു. 18ാം വാക്യത്തിൽ പൗലൊസ് "നമ്മിൽ വെളിപ്പടുവാനുള്ള തേജസ്സിനെക്കുറിച്ച് എഴുതിയിരിക്കുന്നു." 30-ാം വാക്യത്തിൽ ഭാവിയിലേക്കു നോക്കിക്കൊണ്ടു താൻ പറയുന്നു. "ദൈവം താൻ നീതീകരിച്ചവരെ തേജസ്ക്കരിച്ചു" എന്ന്.

## ക്രിസ്ത്യാനിയുടെ മഹത്വ പ്രത്യാശ (8:18-25)

**18നമ്മിൽ വെളിപ്പെടുവാനുള്ള തേജസ്സുവിചാരിച്ചാൽ ഈ കാലത്തിലെ
കഷ്ടങ്ങൾ സാരമില്ല എന്നു ഞാൻ എണ്ണുന്നു. 19സൃഷ്ടി ദൈവപുത്രന്മാരുടെ
വെളിപ്പാടിനെ ആകാംക്ഷയോടെ കാത്തിരിക്കുന്നു. 20സൃഷ്ടി ദ്രവത്വത്തിന്റെ
ദാസ്യത്തിൽ നിന്നു വിടുതലും ദൈവമക്കളുടെ തേജസ്സാകുന്ന സ്വാത
ന്ത്ര്യവും പ്രാപിയ്ക്കും എന്നുള്ള ആശയോടെ മായെക്കു കീഴ്പ്പെട്ടിരിക്കുന്നു.
21മനഃപൂർവ്വമായിട്ടല്ല അതിനെ കീഴ്പെടുത്തിയവന്റെ കല്പന നിമിത്തമത്രെ.
22സർവ്വ സൃഷ്ടിയും ഇന്നുവരെ ഞരങ്ങി ഈറ്റുനോവോടിരിക്കുന്നു എന്ന്
നാം അറിയുന്നുവല്ലോ. 23ആത്മാവെന്ന ആദ്യദാനം ലഭിച്ചിരിക്കുന്ന നാമും**

**നമ്മുടെ ശരീരത്തിന്റെ വീണ്ടെടുപ്പായ പുത്രത്വത്തിനു കാത്തുകൊണ്ട് ഉള്ളിൽ ഞരങ്ങുന്നു. [24]പ്രത്യാശയാലല്ലോ നാം രക്ഷിയ്ക്കപ്പെട്ടിരിക്കുന്നത്. കാണുന്ന പ്രത്യാശയോ പ്രത്യാശയല്ല. [25]ഒരുത്തൻ കാണുന്നതിനായി ഇനി പ്രത്യാശിക്കുന്നത് എന്തിന്? നാം കാണാത്തതിനായി പ്രത്യാശിക്കുന്നു എങ്കിലോ അതിനായി ക്ഷമയോടെ കാത്തിരിക്കുന്നു.**

**വാക്യം 18**. ഇവിടെ പൗലൊസ് തിരുവെഴുത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഉൾകാഴ്ചകളിലൊന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്: "**നമ്മിൽ വെളിപ്പെടുവാനുള്ള തേജസ്സുവിചാരിച്ചാൽ ഈ കാലത്തിലെ കഷ്ടങ്ങൾ സാരമില്ല എന്നു ഞാൻ എണ്ണുന്നു.**" അതിനു ചില വർഷങ്ങൾക്കു മുൻപ് തന്റെ കൊരിന്തിലുള്ള കൂട്ടു ക്രിസ്ത്യാനികൾക്ക് ഇതുപോലെയൊരു പ്രസ്താവന എഴുതിയിരുന്നു. "അതുകൊണ്ട് ഞങ്ങൾ അധൈര്യപ്പെടാതെ, ഞങ്ങളുടെ പുറമേയുള്ള മനുഷ്യൻ ഇങ്ങനെ നശിച്ചുപോകുന്നെങ്കിലും ഞങ്ങളുടെ അകമേയുള്ളവൻ നാൾക്കുനാൾ പുതുക്കം പ്രാപിക്കുന്നു. നൊടിനേരത്തേക്കുള്ള ഞങ്ങളുടെ ലഘുവായ കഷ്ടം അത്യന്തം അനവധിയായി തേജസ്സിന്റെ നിത്യഘനം ഞങ്ങൾക്കു കിട്ടുവാൻ ഹേതുവാകുന്നു" (2 കൊരി. 4:16, 17). പൗലൊസ് എന്തെല്ലാം സഹിച്ചു എന്നോർത്തു നോക്കുക (2 കൊരി. 11:23–29)! അവനെ സംബന്ധിച്ചിടത്തോളം അതെല്ലാം നൊടിനേരത്തേക്കുള്ള "ലഘുവായ കഷ്ടം" ആയിരുന്നു. അവനെ കാത്തിരിയ്ക്കുന്ന "തേജസ്സിന്റെ നിത്യഘന" ത്തോട് തുലനം ചെയ്യുമ്പോൾ.

ചാൾസ് സ്പർജന്റെ റോമർ 8:18നെ ആസ്പദമാക്കി ഉപയോഗിച്ച ഉദാഹരണം കാണുക:

> നമ്മുടെ തൽക്കാലത്തെ കഷ്ടങ്ങളെ ഒരു ചെറിയ കണക്കിൽ ഉൾകൊള്ളിച്ചു. എല്ലാ കഷ്ടങ്ങളും കൂടെകൂട്ടി ആകത്തുക കണ്ടു. അതിനു സമമായ മഹത്വം എന്തെന്ന് പറയുവാൻ തയാറായി. എന്നാൽ അതുപേക്ഷിച്ചിട്ട് ഇങ്ങനെ പറഞ്ഞു. "നമ്മിൽ വെളിപ്പെടുവാനുള്ള തേജസ്സു വിചാരിച്ചാൽ നമ്മുടെ ഇപ്പോഴത്തെ കഷ്ടങ്ങൾ തീരെ സാരമില്ല" എന്നെഴുതി. ആയിരത്തിലൊന്നായി നില്ക്കുമോ? ഇല്ല. അത് താരതമ്യപ്പെടുത്തുവാൻ സാധിയ്ക്കയില്ല. നമ്മുടെ ഭാവി മഹത്വത്തിന്റെ പത്തുലക്ഷത്തിലൊന്നായാൽ പോലും താരതമ്യപ്പെടുത്താം. എന്നാൽ പൗലൊസ് പറയുന്നത് അങ്ങനെയൊന്നും താരതമ്യപ്പെടുത്താൻ സാധിയ്ക്കാത്തതാണെന്നാണ്. കഷ്ടങ്ങൾ ഒരു തുള്ളിപോലെയും മഹത്വം അതിരുകളില്ലാത്ത സമുദ്രം പോലെയുമത്രെ.[79]

NASB യിൽ "നമുക്കു വെളിപ്പെടുവാനുള്ള തേജസ്സ്" എന്നും KJV, NIV എന്നിവയിൽ "'നമ്മിൽ' വെളിപ്പെടുവാനുള്ള തേജസ്സ്" എന്നും ആണ്. രണ്ടു വിധത്തിലായാലും ഗ്രീക്കിലെ വാക്കിനു സമമാണ്. εἰς (*eis*) എന്ന ഘടകം ഉപയോഗിച്ചിരിക്കുന്നു. അത് എല്ലാം കൂടി ചേർത്ത് *നമുക്കും*, *നമ്മിലും* നമ്മുടെമേലും എന്നെല്ലാമുള്ള അർത്ഥത്തിൽ എഴുതി!

നമുക്കായും നമ്മിലും വെളിപ്പെടുവാനുള്ള തേജസ്സ് എന്താണ്? "ദൈവമക്കളുടെ തേജസ്സ്" (8:21) എന്നത് പ്രത്യേകമായി ശരീരത്തിന്റെ വീണ്ടെടുപ്പിനെ കുറിച്ചാണ് (8:23). നമ്മുടെ കർത്താവു വീണ്ടും വരുമ്പോൾ നമുക്ക് മഹത്വപ

ൂർണ്ണമായ ശരീരങ്ങൾ ലഭിക്കും (1 കൊരി. 15:43; 1 യോഹ. 3:2). അവന്റെ തേജസ്സിലിരിപ്പാൻ കൃപ നല്കപ്പെടും (വെളി. 21:23). അതിനപ്പുറമൊന്നും നമുക്ക് ഊഹിക്കുവാൻ കഴിയുകയില്ല. ''തേജസ്സ്'' എന്ന വാക്കിൽ എന്തെല്ലാം ഉൾക്കൊള്ളിച്ചിട്ടുണ്ടോ അതെല്ലാം ദൈവം നമുക്കായി ഒരുക്കിയിട്ടുണ്ട്. ''ഞാൻ എണ്ണുന്നു'' എന്നു പറഞ്ഞത് (λογίζομαι, *logizomai*) ''നിസ്സംശയം ഉറപ്പായി എന്ന് ഉറപ്പിച്ചിരിക്കുന്നു.''[80]

18-ാം വാക്യം അവസാനിപ്പിക്കുന്നതിനു മുമ്പായി ''വെളിപ്പെടുവാനുള്ള'' തേജസ്സിനെക്കുറിച്ച് നോക്കാം. ἀποκαλύπτω (*apokaluptō*) എന്ന ഗ്രീക്കുപദമ ാണുപയോഗിച്ചിരിക്കുന്നത ἀπο (*apo*, “നിന്നും”), καλύπτω (*kaluptō*, മൂടുക) “മൂടിമാറ്റുക” എന്ന അർത്ഥമാണ് *Apokaluptō*. ഇപ്പോൾ അത് മൂടിവച്ചിരിക്കു ന്നതിനാൽ കാണുവാൻ സാധിയ്ക്കയില്ല. തന്മൂലം *പ്രത്യാശ* ആവശ്യമാണ്. 25-ാം വാക്യത്തിൽ “കാണാത്ത കാര്യങ്ങൾക്കായി നാം പ്രത്യാശിയ്ക്കുന്നു” എന്നു പറയുന്നു.

**വാക്യം 19.** നമ്മുടെ മഹത്വപ്രത്യാശയെക്കുറിച്ച് ചർച്ച ചെയ്യുമ്പോൾ പൗലൊസ് പ്രതീക്ഷിക്കാത്ത കാര്യം ചെയ്യുന്നു. നമ്മുടെ പ്രത്യാശ സർവ്വസൃ ഷ്ടിയുടെയും പ്രത്യാശയുമായി ബന്ധിപ്പിക്കുന്നു, 19-23 വരെ. ഈ വാക്യ ങ്ങൾ പുതിയനിയമത്തിലെ മറ്റെല്ലാ വാക്യങ്ങളിൽ നിന്നും വ്യത്യസ്തമാണ്.

19-ാം വാക്യത്തിൽ ''**സൃഷ്ടി ദൈവപുത്രന്മാരുടെ വെളിപ്പാടിനെ ആകാം ക്ഷയോടെ കാത്തിരിക്കുന്നു**'' എന്ന് എഴുതപ്പെട്ടിരിക്കുന്നു. വീണ്ടും ദൈവപ ുത്രന്മാർ എന്ന പ്രയോഗം ദൈവമക്കൾ എന്നതിനുപകരം ഉപയോഗിച്ചിരിക്കു കയാണ്. മകനായാലും മകളായാലും (8:14 ന്റെ വിശദീകരണം നോക്കുക). ''ദൈവപുത്രന്മാരുടെ വെളിപ്പാട്'' എന്നത് നമുക്ക് വെളിപ്പെടുവാനുള്ള തേ ജസ്സ് എന്നാണ്. നമ്മിലും നമുക്കായും നമുക്കുവേണ്ടിയും നമ്മുടെ മേലും (8:18) ക്രിസ്തു വരുമ്പോൾ നമുക്ക് മഹത്വപൂർണ്ണമായ ശരീരങ്ങൾ ലഭിക്കും. അവനോടുകൂടെയിരിപ്പാൻ നമ്മെ കൊണ്ടുപോകും. ദൈവപുത്രന്മാരുടെ വെളിപ്പാട് എന്നതിന് ക്രിസ്തുവരുമ്പോൾ നാം യഥാർത്ഥത്തിൽ ദൈവമക്ക ളാണെന്ന് വെളിപ്പെടുകയും ചെയ്യും എന്നും അർത്ഥമാക്കാം. അവിശ്വാസവും ശത്രുതയും ഉള്ള ഈ ലോകം ആണ് ഈ സത്യം സമ്മതിക്കേണ്ടിയും വരും.

ആ മഹത്വകരമായ സംഭവത്തിനായി സൃഷ്ടി എത്ര ആകാംക്ഷയോടെ യാണ് കാത്തിരിക്കുന്നത് എന്നു കാണിയ്ക്കുവാൻ പൗലൊസ് ഉപയോഗി ച്ചിരിക്കുന്ന വാക്കുകൾ ശ്രദ്ധിക്കുക. ''ഞരങ്ങി ഈറ്റുനോവോടിരിക്കുന്നു'' ആകാംക്ഷയോടുള്ള കാത്തിരിപ്പ് ἀποκαραδοκία (*apokaradokia*) (മൂന്നു വാക്കുകൾ ചേർന്ന ഒരു വാക്ക്) ἀπό (*apo,* “നിന്നും”), κάρα (*kara,* “തല”) δοκέω (*dokeō,* നോക്കികാത്തിരിക്കുക) അതിന്റെ അർത്ഥം തലയുയർത്തി കാത്തിരിക്കുക എന്നാണ്. .[81] തല ഉയർത്തി കണ്ണുകൾ അവൻ വരുന്നയി ടത്തേക്കു ഉറപ്പിച്ച് സ്നേഹപൂർണ്ണനായവനെ കാണുവാൻ നോക്കിയിരി ക്കുന്ന കാഴ്ചയാണ്.[82] ἀπεκδέχομαι (*apekdechomai*) റയിൽ പാളത്തിലേക്കു കണ്ണുനട്ട് ആകാംഷയോടെ കാത്തിരിയ്ക്കുന്ന ഒരു മനുഷ്യനെ സങ്കല്പ്പി ക്കുക.[83] ἐκδέχομαι (*ekdechomai*) അവന്റെ സ്നേഹഭാജനത്തെ[84] ἀπό (*apo*) കൊണ്ടുവരുന്ന ട്രെയിനിനായി നോക്കിയിരിക്കുന്നു.ഇത് നിർദ്ദശേിക്കുന്നു ആകാംക്ഷയോടെ കാത്തിരിക്കുക.[85] സകല സൃഷ്ടിയും ദൈവപുത്രന്മാർ അവരുടെ സ്വന്ത അവകാശത്തിലേക്കു കടന്നുവരുന്നതു കാണാൻ വിരലുക ളിൽ പൊങ്ങിനിന്നു നോക്കുന്നു.

സൃഷ്ടി എന്ന് എഴുതിയിരിക്കുന്നത് ആരെ ഉദ്ദേശിച്ചാണ്? ആശയോടും കൊതിയോടെയും കാത്തിരിക്കുന്നത് ആർക്കായിട്ട് ''സൃഷ്ടി'' (κτίσις, *ktisis*)[86] എന്നത് സൃഷ്ടിക്കപ്പെട്ടവയെ കുറിക്കുന്നു.[87] അതിൽ *ഏതാണ്* പൗലൊസ് ചിന്തിച്ചത്? അതിന് പല ഉത്തരങ്ങൾ പറയാറുണ്ട്.[88] ദൈവജനത്തെ ഉദ്ദേശിച്ചാണെന്ന് ചിലർ പറയുന്നു. അതു ശരിയാണെന്നു തോന്നുന്നില്ല. 23-ാം വാക്യത്തിൽ സൃഷ്ടി എന്നത് ദൈവജനത്തിനെതിരായി ഉപയോഗിച്ചിരിക്കുന്നു. സൃഷ്ടി മാത്രമല്ല ഞരങ്ങുന്നത്. ദൈവമക്കളായ നാമും ഞരങ്ങുന്നുണ്ട്. ദൈവപുത്രന്മാരുടെ വെളിപ്പെടലിനായി.

''സൃഷ്ടി'' എന്നത് അക്രൈസ്തവരെ ഉദ്ദേശിച്ചാണെന്ന് വേറെ ചിലർ പറയുന്നു. അവർ തെളിവായി പറയുന്നത് എവിടെയും ജനങ്ങൾ ഒരു നല്ല നാളെയ്ക്കായി കാംക്ഷിക്കുന്നുണ്ട് എന്നതാണ്. 21-ാം വാക്യത്തിൽ സൃഷ്ടിതന്നെയും ദ്രവത്വത്തിന്റെ ദാസ്യത്തിൽ നിന്നും വിടുതൽ പ്രാപിയ്ക്കണമെന്നു കാണുന്നു. രക്ഷിക്കപ്പെടാത്ത മനുഷ്യരെക്കുറിച്ചു പറഞ്ഞതാണെന്നുള്ളതും സംശയമാണ്. ഒരർത്ഥത്തിൽ അക്രൈസ്തവലോകം ഒരു നല്ല നാളെക്കായി ഞരങ്ങുന്നു എന്നുള്ളത് വാസ്തമാണ്. എന്നാൽ ആ വ്യാഖ്യാനം ഈ സന്ദർഭത്തിനു ചേർന്നതല്ല. 21-ാം വാക്യത്തിൽ സൃഷ്ടി ദ്രവത്വത്തിന്റെ ദാസ്യത്തിൽ നിന്നു വിടുതൽ പ്രാപിച്ച് ദൈവപുത്രന്മാരുടെ തേജസ്സാകുന്ന സ്വാതന്ത്ര്യം പ്രാപിക്കും എന്നു കാത്തിരിക്കുന്നു. രക്ഷിക്കപ്പെടാത്ത മനുഷ്യവർഗ്ഗത്തെക്കുറിച്ചെഴുതിയാണോ എന്നത് സംശയാസ്പദമാണ്.

''സൃഷ്ടിയെന്നത്'' സൃഷ്ടിയ്ക്കപ്പെട്ട ഭൗമികമായ അഖിലാണ്ഡത്തെ മുഴുവനായി ഉൾകൊള്ളിച്ചുകൊണ്ടുള്ള ഒരു വാക്കായി പരിഗണിയ്ക്കാം. മനുഷ്യന്റെ ആത്മാവൊഴികെ.[89] McGarvey ഇങ്ങനെ പറയുന്നു. സന്ദർഭം അനുസരിച്ച് ഈ ഭൂമിയും അതിന്മേലുള്ള മനുഷ്യനൊഴികെയുള്ള സർവ്വജീവജാലങ്ങളും എന്ന് ചിന്തിക്കാം.[90]

ഈ നിലപാടിന് പല എതിരഭിപ്രായങ്ങളുമുണ്ട്. സൃഷ്ടി, കാംക്ഷിച്ചു കാത്തിരിക്കുക ഞരങ്ങുക, കഷ്ടപ്പെടുക എന്നിവ ചെയ്യുന്നതായി പറയുന്നു. ഇതെല്ലാം ഒരാളുടെ പ്രവർത്തികളാണ്. തിരുവെഴുത്തുകളിൽ പലയിടത്തും പാടുക, ആർക്കുക, മനുഷപ്രവർത്തികൾപോലെ ചെയ്യുന്നു തുടങ്ങിയതൊക്കെ ചെയ്യുന്നതായി സൂചിപ്പിച്ചിട്ടുണ്ട് (സങ്കീ. 96:12; 98:8; യെശ. 35:1; 55:12). ഇതാണ് ആളത്വരൂപത്തിലാക്കുക എന്ന് പറയപ്പെടുന്നത്. *വസ്തു*വിനെക്കുറിച്ച് *ആളെന്നവണ്ണം* പറയുക. ജീവനില്ലാത്ത വസ്തുക്കളെക്കുറിച്ച് ''കാംക്ഷിയ്ക്കുകയും കാത്തിരിക്കുകയും മറ്റും'' ചെയ്യുക എന്നു പറയുമ്പോൾ എന്റെ മനസ്സിൽ പകുതി പൂർത്തിയായ ഒരു വീട് അവസാന പണികൾക്കായി കാത്തിരിയ്ക്കുന്നു എന്നു പറയുന്നതും പൂർത്തിയാകാത്ത ഒരു ചിത്രരചന അവസാന മിനുക്കുപണികൾക്കായി കാത്തിരിക്കുന്നതും ഭാഗികമായ ഒരു കൈയ്യെഴുത്തു പ്രതി മുഴുവൻ കഥ പറയപ്പെടുവാനായി കാത്തിരിക്കുന്നതും മറ്റുമാണ് കാണുന്നത്.

സൃഷ്ടിയ്ക്കപ്പെട്ട ലോകം എന്നതിന് വേറൊരു എതിരഭിപ്രായമുള്ളത് മർ. 16:15ലും കൊലോ. 1:23ലും ആ വാക്ക് മനുഷ്യരെ ഉദ്ദേശിച്ചു പറഞ്ഞിരിക്കുന്നു. മൂ ഇങ്ങനെ മറുപടി കൊടുക്കുന്നു:

> പൗലൊസിന് ഈ വാക്ക് മനുഷ്യസൃഷ്ടികളെ സൂചിപ്പിച്ചു പറയാം. (മർ. 16:15; കൊലൊ. 1:23) എന്നാൽ അദ്ദേഹം സാധാരണമായി ദൈവ

ത്തിന്റെ മുഴുവൻ സൃഷ്ടിയെയും ഉദ്ദേശിച്ചു പറഞ്ഞതാണ് (റോമ. 1:20, 25; കൊലൊ.1:15). അതിന്റെ അർത്ഥം മനസ്സിലാക്കാനുള്ള താക്കോൽ ഈ വസ്തുതയാണ്. ''സൃഷ്ടി അനുഭവിയ്ക്കുന്ന ദ്രവത്വം അതിന്റെ സ്വന്തം കുറ്റം കൊണ്ടുണ്ടായതല്ല. അതുകൊണ്ട് മനുഷ്യജീവികളെ ഒഴിവാക്കണം.''[91]

പല തർജ്ജമകളിൽ പൗലൊസിന് പൊതുവായി സൃഷ്ടിയെക്കുറിച്ചുള്ള വീക്ഷണം എടുത്തുകാണിയ്ക്കുന്നുണ്ട്. ചഋആ യ്ക്ക് സൃഷ്ടിയ്ക്കപ്പെട്ട അഖിലാണ്ഡം എന്നും ചകഞഢയിൽ സൃഷ്ടിയ്ക്കപ്പെട്ട ലോകം എന്നും ചഋഢയിൽ ദൈവം ഉണ്ടാക്കിയതെല്ലാം എന്നും എഴുതിയിരിക്കുന്നു. 2 പത്രൊസ് 3:7–ൽ നിന്നും വെളിപ്പാട് 21:1–ൽ നിന്നും *ഇപ്പോഴത്തെ* ആകാശവും ഭൂമിയും എന്ന് ഒരു വാക്യംശം കാണുന്നു. അല്ലെങ്കിൽ *ആദ്യത്തെ* ആകാശവും ഭൂമിയു മെന്നും പഴയ ആകാശവും ഭൂമിയും എന്നും നമുക്ക് വേണമെങ്കിൽ പറയാം (2 പത്രൊസ്. 3:13; വെളി. 21:1). നമ്മുടെ പാഠത്തിലെ സൃഷ്ടിയെക്കുറിച്ചുള്ളതെല്ലാം ഈ വ്യാഖ്യാനത്തിനു ചേരുന്നതാണ്.

പൗലൊസിന്റെ ചിന്തയിൽ മനുഷ്യനെ കൂടാതെയുള്ള സൃഷ്ടിക്കപ്പെട്ട ലോകം എന്നായിരുന്നെങ്കിൽ *എന്തിനു*വേണ്ടിയാണ് ക്രിസ്തുവിന്റെ വരവിനു വേണ്ടി ഈ ലോകം ഞരങ്ങിക്കൊണ്ട് കാത്തിരിക്കുന്നത് എന്നു ചോദിക്കും. ഉത്തരം രണ്ടു വിധത്തിലാണ്. ഒന്ന് ആദാമ്യപാപത്തിന്റെ സൃഷ്ടിയോടുള്ള ബന്ധത്തിന്റെ ഫലമായിട്ടും മനുഷ്യവർഗ്ഗവും ഈ ലോകവും തമ്മിലുള്ള അഭേദ്യമായ ബന്ധം മൂലവുമാണ്. ആദാം പാപം ചെയ്തപ്പോൾ അതിന്റെ ഫലം ആദാമിനെ മാത്രമല്ല ലോകത്തെ മുഴുവൻ അതു ബാധിച്ചു. ഭൂമി നിന്നാൽ ശപിക്കപ്പെട്ടിരിക്കുന്നു എന്ന് ആദാമിനോടു പറഞ്ഞു. നിന്റെ ആയുഷ്കാലം മുഴുവൻ നീ കഷ്ടതയോടെ അതിൽ നിന്നും അഹോവൃത്തി കഴിക്കും. മുള്ളും പറക്കാരയും നിനക്ക് അതിൽ നിന്നും മുളയ്ക്കും (ഉല്പ. 3:17, 18).

പാപം എത്ര ഭയങ്കരമാണ്? ഭൂലോകത്തെ മുഴുവൻ കേടാക്കുവാൻ കഴിവുള്ള ഒരു കാര്യമാണ്. ഇന്നും നന്മയും സൗന്ദര്യവും ലോകത്തിൽ നില നില്ക്കുന്നുണ്ട്. എന്നാൽ ദോഷവും വൈരുദ്ധ്യവും ഈ ലോകത്തിലുണ്ട്. മനുഷ്യൻ കഷ്ടമനുഭവിക്കുന്നത് നീതിയാണ് എന്നാൽ സൃഷ്ടി അതിന്റെ *ഫലമായിട്ടാണ്* കഷ്ടമനുഭവിക്കുന്നത്. ആദാമിനെയും ഹവ്വയുടെയും പാപത്തിന്റെ *ഫലമായിട്ടുതന്നെ.*[92]

**വാക്യങ്ങൾ 20, 21.** സൃഷ്ടിയ്ക്കപ്പെട്ട ലോകത്തിന്മേൽ ആദാമ്യ പാപത്തിന്റെ ഫലം എന്തായിരുന്നു. പൗലൊസ് തുടർന്നു പറയുന്നു, **സൃഷ്ടി മായെക്കു കീഴ്പ്പെട്ടിരിക്കുന്നു.**[93] മായ എന്നാൽ ματαιότης (*mataiotēs*) യുക്തിയില്ലായ്മ എന്ന് അർത്ഥമാക്കാം. *Mataiotēs* എന്നത് എന്തിന്റെയും ലക്ഷ്യമില്ലായ്മയെ കാണിക്കുന്നു. പ്രയോജനകരമായ ഉദ്ദേശമോ ഫലമോ ഇല്ലാതിരിക്കുന്ന അവസ്ഥ.[94] സഭാപ്രസംഗിയുടെ പുസ്തകം ഗ്രീക്കിലുള്ളതിൽ 1:2 ഇങ്ങനെയാണ് തർജ്ജമ ചെയ്തിരിക്കുന്നത്. ഹാ; മായ, മായ സകലവും മായയത്രെ എന്ന് സഭാപ്രസംഗി പറയുന്നു. ചകഢ സഭാപ്രസംഗി 1:2 തർജ്ജമ ചെയ്തത് അർത്ഥമില്ലായ്മ, അർത്ഥമില്ലായ്മ എന്ന് സഭാപ്രസംഗി പറയുന്നു. മുഴുവനും അർത്ഥമില്ലാത്തത് സർവ്വവും അർത്ഥമില്ലാത്തത് *Mataiotēs* എന്ന പദം സൂചിപ്പിക്കുന്നത് പാപം നിമിത്തം ഭൂമിയ്ക്ക് അതിന്റെ ഉണ്മയുടെ ഉദ്ദേശം നിവർത്തിക്കുവാൻ സാധിക്കുന്നില്ല എന്നാണ്. ജെ.ബി.യിൽ അതിന് അതിന്റെ

ഉദ്ദേശം നിവർത്തിയ്ക്കുവാൻ സാധിക്കാതെ പോയി എന്നാണ്.

സൃഷ്ടിക്കപ്പെട്ട ലോകം ഉണ്ടാക്കിയ ഏതോ മോശമായ തീരുമാനം സാധിക്കുവാൻ കഴിയാത്തതിന്റെ ഫലമല്ല. പൗലൊസ് വീണ്ടും സംസാരം തുടരുമ്പോൾ വസ്തുവിനെ ആളെന്നപോലെയാക്കി പറയുന്നു. "**മനഃപൂർവ്വമല്ല; അതിനെ കീഴ്പ്പെടുത്തിക്കൊടുത്തവന്റെ**[95] **കല്പന നിമിത്തമത്രെ.**" ഭൂമിയ്ക്ക് ഇച്ഛാശക്തി ഉണ്ടായിരുന്നു എങ്കിൽ അത് ഉദ്ദേശ നിവൃത്തിയില്ലാത്ത അവസ്ഥ തെരഞ്ഞെടുക്കുകയില്ലായിരുന്നു. ദൈവമാണ് സൃഷ്ടിക്കപ്പെട്ട ലോകത്തെ മായെക്കു കീഴ്പെടുത്തിയത്. അത് മനുഷ്യന്റെ പാപം മൂലമാണ്.

എന്നിരുന്നാലും ദൈവം സൃഷ്ടിയ്ക്കപ്പെട്ട ലോകത്തെ പ്രത്യാശയില്ലാത്ത സ്ഥിതിയിൽ വിട്ടുകളഞ്ഞില്ല. ആ ഭാഗം പറയുന്നത് അതിനെ **പ്രത്യാശമൂലം** മായെക്കു കീഴ്പെടുത്തിയെന്നാണ്. പ്രത്യാശ എന്നത് പല പ്രാവശ്യം ഈ ഭാഗത്ത് ഉപയോഗിച്ചിട്ടുണ്ട്. എന്നാൽ ഇവിടെയാണ് ഒന്നാമതായി ഉപയോഗിക്കുന്നത്. എന്തു *പ്രത്യാശയിൽ?* **സൃഷ്ടി ദ്രവത്വത്തിന്റെ ദാസ്യത്തിൽ നിന്ന് വിടുതൽ പ്രാപിയ്ക്കുമെന്നുള്ള ആശയോടെയും ദൈവമക്കളുടെ തേജസ്സാകുന്ന സ്വാതന്ത്ര്യം പ്രാപിക്കുമെന്നുള്ള ആശയോടെയും.**

ദൈവമക്കളുടെ തേജസ്സ് 17, 18 വാക്യങ്ങളിൽ പ്രതിപാദിച്ചിരിക്കുന്നത് നാം ക്രിസ്തുവിനോടുകൂടെ മഹത്വപ്പെടുന്നതും നമുക്ക് വെളിപ്പെടുവാൻ പോകുന്ന മഹത്വത്തെയും കുറിച്ചാണ്. സന്ദർഭത്തിൽ നമ്മുടെ ശരീരത്തിന്റെ വീണ്ടെടുപ്പിനെക്കുറിച്ച് പറഞ്ഞു. ഉയർത്തെഴുന്നേൽപ്പിൽ നമുക്ക് മഹത്വീകരിക്കപ്പെട്ട ശരീരങ്ങൾ ലഭിയ്ക്കുമ്പോൾ (1 കൊരി. 15:43). ആദ്യമായി നാം വേദനകളിൽ നിന്നും ദ്രവത്വത്തിൽനിന്നും മരണത്തിൽ നിന്നും *വിടുവിക്കപ്പെടും.* അങ്ങനെ പൗലൊസ് ദൈവമക്കളുടെ തേജസ്സാകുന്ന *സ്വാതന്ത്ര്യത്തെ*ക്കുറിച്ച് സംസാരിച്ചു. നമ്മുടെ ഈ പ്രത്യാശയെ സൃഷ്ടിയുടെ പ്രത്യാശയോടനുബന്ധിപ്പിച്ച് അതും അടിമത്വത്തിൽ നിന്നും ദ്രവത്വത്തിൽ നിന്നും സ്വതന്ത്രരാകുമെന്നു പറഞ്ഞു. മനുഷ്യവർഗ്ഗവും ഭൂമിയും ശാപം പങ്കുവച്ചിരുന്നു (ഉല്പ. 3:16–19). ശാപമോക്ഷവും, ഭൂമിയും മനുഷ്യവർഗ്ഗവും പങ്കായി അനുഭവിക്കും (വെളിപ്പാട് 22:3).

ഒരു ദിവസം യേശുക്രിസ്തു വരും (1 തെസ്സ. 4:16, 17). എന്തു സംഭവിയ്ക്കുമെന്ന് പൗലൊസ് പറയുന്നു:

> അന്ത്യകാഹളനാദത്തിങ്കൽ പെട്ടെന്ന് കണ്ണിമയ്ക്കുന്നതിനിടയിൽ നാമെല്ലാവരും രൂപാന്തരപ്പെടും. കാഹളം ധ്വനിക്കും മരിച്ചവർ അക്ഷയരായി ഉയിർക്കുകയും നാമെല്ലാവരും രൂപാന്തരപ്പെടുകയും ചെയ്യും. ഈ ദ്രവത്വമുള്ളത് അദ്രവത്വത്തെയും, ഈ മർത്യമായത് അമർത്യത്വത്തെയും ധരിക്കേണം (1 കൊരി. 15:51–53).

നാം രൂപാന്തരപ്പെടുമ്പോൾ നാം *ആത്മീയ* ശരീരത്തിലാകും (1 കൊരി. 15:44). ഏതോ വിധത്തിൽ ഈ *ആത്മീയ* ശരീരം നമ്മുടെ പഴയ ഭൗമിക ശരീരത്തോട് ബന്ധപ്പെട്ടതായിരിക്കും (1 കൊരി. 15:35–38);[96] എന്നാൽ നമ്മുടെ ആത്മീയ ശരീരം അമർത്യമായിരിക്കും. മഹത്വപൂർണ്ണമായിരിക്കും, ശക്തിയുള്ളതായിരിക്കും (1 കൊരി. 15:42–44). ആ *ആത്മീയ* ശരീരങ്ങൾക്കു ജീവിക്കുവാൻ ഒരു ആത്മീയ സ്ഥലം ആവശ്യമാണ്. യേശുവിന്റെ വാക്കിൽ ഈ പഴയ ഭൂമിയും ആകാശവും ഒഴിഞ്ഞുപോകും. (മത്തായി. 24:35) പത്രൊസ്

പറഞ്ഞത് ഈ പഴയതെല്ലാം കത്തിപ്പോകുമെന്നാണ് (2 പത്രൊ 3:10; 3:7). ഈ സങ്കല്പം ഉപയോഗിക്കാമെങ്കിൽ അതിന്റെ ചാരത്തിൽനിന്നും ഒരു ‘‘പുതിയ’’ ഭൂമിയും ആകാശവും ഉണ്ടായിവരും (2 പത്രൊ. 3:13; വെളി. 21:1). വീണ്ടും ഏതെങ്കിലും വിധത്തിൽ നമുക്കു ഗ്രഹിക്കുവാൻ സാദ്ധ്യമല്ലാത്ത വിധത്തിൽ ‘‘പഴയ.’’

ഭൗമിക ആകാശവും ഭൂമിയുമായി ഒരു ബന്ധം ഉണ്ടായിരിക്കും. ഏദെൻ തോട്ടം ഭൗമിക ശരീരങ്ങൾക്ക് ജീവിപ്പാൻ യോഗ്യമായ പരിപൂർണ്ണതയുള്ള സ്ഥലമായിരുന്നതുപോലെ ആത്മീയ ശരീരങ്ങൾക്കു ജീവിപ്പാൻ തക്കസ്ഥല മായിരിക്കും. ഒരു പൂർണ്ണതയുള്ള സ്ഥലം നല്കും (യോഹ. 14:2, 3; വെളി. 21:22). ഇതു നമുക്ക് എങ്ങനെ മനസ്സിലാക്കാം. ആത്മീയ ശരീരം എങ്ങനെയി രിക്കുമെന്നു ഗ്രഹിപ്പാൻ നമുക്കു സാദ്ധ്യമല്ലാത്തതുപോലെ, ആത്മീയ ശരീര ത്തിന് താമസസ്ഥലം എങ്ങനെയുണ്ടെന്നു ഗ്രഹിപ്പാനും നമുക്കു സാദ്ധ്യമല്ല. ഇത്രത്തോളം മനസ്സിലാക്കിയാൽ മതിയാകും. ദൈവത്തിന്റെ കൃപയാൽ നമുക്കു നമ്മുടെ കർത്താവ് എവിടെയുണ്ടോ അവിടെ വസിക്കുവാൻ സാധി ക്കും. (മത്താ. 6:9, വെളി. 21:1, 22, 23; 22:1, 3) സ്വർഗ്ഗം എന്നു പേരുള്ള ഒരു ‘‘സ്ഥലത്ത്’’ (ഫിലി. 3:20, 21; കൊലോ. 1:5; 1 തെസ്സ. 4:16, 17; 1 പത്രൊ. 1:3, 4).[97]

**വാക്യം 22**. നമുക്ക് ഇന്നത്തെലോകം അനുഭവിക്കുന്ന വ്യർത്ഥതയെക്കു റിച്ച് ചിന്തിക്കുവാൻ മടങ്ങിവരാം. നാം രൂപാന്തരപ്പെടുന്നു. ആ മഹത്വമേറിയ ദിവസത്തെക്കുറിച്ച് ചിന്തിയ്ക്കുമ്പോൾ ഫലത്തിൽ സൃഷ്ടിയ്ക്കപ്പെട്ട ലോക വും അതിനായി കാത്തിരിയ്ക്കുന്നു. പൗലൊസ് പറഞ്ഞു ‘‘**സകല സൃഷ്ടിയും ഞരങ്ങി ആകാംക്ഷയോടെ കാത്തിരിക്കുന്നു**’’ എന്ന് **നാം അറിയുന്നു**. നാം ഒരു കലങ്ങിമറിഞ്ഞ ലോകത്തിൽ ജീവിക്കുന്നതുകൊണ്ടാണ് ഈ കാര്യം ‘‘നാം അറിയുന്നു.’’ സർവ്വസൃഷ്ടിയും ഒരു പോലെ ഞരങ്ങിക്കൊണ്ടിരിക്കുന്നു συστενάζω (*sustenazō*) στενάζω (*stenazō*) σύν (*sun*). പൗലൊസ് ഒരു ആലങ്കാ രിക ഭാഷ ഉപയോഗിക്കുകയാണ്.[98] ഭൂമിയുടെ ഞരക്കം നമ്മെ ഓർമ്മപ്പെടുത്തു ന്നത് ഭൂകമ്പത്തിന്റെ മുഴക്കവും, കൊടുങ്കാറ്റ്, ഹറികേയ്ൻ മുതലായവയുടെ അലർച്ചയും കാട്ടുതീയുടെ പൊട്ടലും തിരമാലകളുടെ ഇരപ്പും മറ്റുമാണ്. അപ്പൊസ്തലൻ പറഞ്ഞത് ഞരക്കം **ഇന്നും തുടർന്നുകൊണ്ടിരിയ്ക്കുന്നു** എന്നാണ്. ഇതാണ് നമ്മുടെ ഇപ്പോൾ. പൗലൊസിന്റേതുപോലെ ഞരക്കം ഇതുവരെ തുടർന്നു. കർത്താവു വരുന്നതുവരെ തുടരും.

ഭൂമിയുടെ വേദനയും ദുഃഖവും അർത്ഥമില്ലാത്തതല്ല. സർവ്വസൃഷ്ടിയും ഞരങ്ങി **ഈറ്റുനോവോടിരിക്കുന്നു** എന്ന് പൗലൊസ് പറയുന്നു. ഈറ്റുനോ വോടിരിക്കുന്നു എന്നത് ഒരു ഗ്രീക്കു പദത്തിൽ നിന്നുള്ളതാണ് συνωδίνω (*sunōdinō*). അത് പ്രസവ വേദന ὠδίνω (*ōdinō*).[99] അനുഭവിക്കുക. അതിന ർത്ഥം *സൃഷ്ടിമരണ* വേദനയിൽ പ്രസവ വേദനയാണനുഭവിക്കുന്നത് എന്ന ത്രെ.[100] പ്രസവ വേദന അനുഭവിച്ചിട്ടുള്ള സ്ത്രീകൾക്ക് പുരുഷന്മാരെക്കാൾ കൂടുതലായി ഈ സാദൃശ്യം മനസ്സിലാകും. വേദന ഭയങ്കരമായിരിക്കും എന്നാൽ അർത്ഥമില്ലാത്ത വെറും വേദനയല്ല. അത് ഒരു പുതിയ ജീവനി ലേക്കു നയിക്കുന്ന വേദനയാണ്. അത് കാരുഫലത്തിലേക്കുള്ള വേദനയാണ്. പൗലൊസിന്റെ അലങ്കാരഭാഷയിൽ പഴയ ഭൂമിയുടെയും സ്വർഗ്ഗത്തിന്റെയും വേദന ഒരു നല്ല നാളേയ്ക്കുവേണ്ടിയുള്ള വേദനയാണ്. ഒരു *പുതിയ* ഭൂമിയും ആകാശത്തിനും വേണ്ടിയുള്ള വേദന.

**വാക്യം 23**. സൃഷ്ടിക്കപ്പെട്ട ലോകത്തിൽ നിന്നും ക്രിസ്ത്യാനികളിലേക്കു

വരുന്നു. **ഇതുമാത്രമല്ല,** സൃഷ്ടി ഞരങ്ങുന്നു എന്നു മാത്രമല്ല **നാമും ഞരങ്ങുന്നു**. ദൈവമക്കൾ എന്ന നിലയ്ക്ക് നമുക്ക് ധാരാളം അനുഗ്രഹങ്ങൾ നല്കപ്പെട്ടിട്ടുണ്ട്. ഒന്നാമത് **ആത്മാവെന്ന ആദ്യദാനം** ലഭിച്ചു. ''ആദ്യഫലം'' എന്ന വാക്ക് പഴയനിയമത്തിൽ കൊയ്ത്തിലെ ആദ്യഫലമായ ഒന്നാമത്തെ കറ്റ അർപ്പിക്കുന്ന കാര്യമാണ്. നന്ദികാണിക്കുന്നതിനായും പ്രതീക്ഷയുടെ പ്രസ്താവനയായും അത് അർപ്പിച്ചിരുന്നു[101] (പുറ. 23:19, ലേവ്യ. 23:10, 11). ഒന്നാമത്തെ വിളഞ്ഞ കറ്റ നീരാഞ്ജനം ചെയ്യുന്നത് ഇനിയും വരാനുണ്ട് എന്ന് വിളിച്ചറിയിക്കുന്ന ഒരു മാർഗ്ഗമായിരുന്നു. ഇതിലും നല്ലത് ഇനിയുമുണ്ട്.[102] ചഇഡയിൽ ''നമുക്ക് ദൈവീക വാഗ്ദത്തത്തിന്റെ ആദ്യ ഭാഗം ലഭിച്ചു എന്ന് പറയുന്നതായിരുന്നു.''[103]

എന്നാലും നാം **നമ്മിൽ ഞരങ്ങുന്നു**. വരുവാനുള്ളതിനായി 2 കൊരി. 5:2-ൽ ഈ കൂടാരത്തിൽ ഞരങ്ങിക്കൊണ്ട് ഞങ്ങൾ നഗ്നരായിട്ടല്ല ഉടുപ്പുള്ളവരായിരിക്കുന്നു എങ്കിൽ സ്വർഗ്ഗീയമായ ഞങ്ങളുടെ പാർപ്പിടം അതിനു മീതെ ധരിപ്പാൻ വാഞ്ജിക്കുന്നു (2 കൊരി. 5:2). ഞാൻ കൂടുതൽ കാലം ജീവിക്കുന്തോറും പൗലൊസിന്റെ ഞരക്കത്തെക്കുറിച്ചുള്ള പ്രസ്താവന കൂടുതൽ തീവ്രമായി അനുഭവിച്ചറിയുവാൻ ഇടയാകുന്നു. ഈ ദ്രവത്വത്തിനധീനമായ ശരീരത്തിൽ അത് വീണുപോകുന്ന ഒരു വീടിനു തുല്യമാണ്!

പൗലൊസ് പറഞ്ഞു, നാം ഈ ശരീരത്തിൽനിന്ന് വേർപെട്ട് പുതിയ ശരീരം ധരിപ്പാൻ അതിയായി **വാഞ്ഛരിച്ചിരിക്കുന്നു** എന്ന്. 19ാം വാക്യത്തിലെ ആകാംക്ഷയോടുള്ള കാത്തിരുപ്പുതന്നെയാണ്. കാത്തിരിപ്പ് സൃഷ്ടിക്കപ്പെട്ട ലോകം വിരലിൽ ഉയർന്നുനിന്ന് നോക്കിക്കാത്തിരിക്കും പോലെ നാമും ആകംക്ഷയോടെ കാത്തിരിക്കുന്നു!

നമ്മുടെ ഞരക്കവും ആകാംക്ഷയോടെയുള്ള കാത്തിരിപ്പും ആത്മാവെന്ന ആദ്യദാനം ലഭിച്ചിട്ടും ഉണ്ടാകുന്നതല്ല; പിന്നെയോ നമുക്ക് ആത്മാവെന്ന ആദ്യ ദാനം ലഭിച്ചതുകൊണ്ട് ഉണ്ടാകുന്നതാണ്. നാം ''ആദ്യദാനം'' രുചിച്ചറിഞ്ഞതുകൊണ്ട് ബാക്കിയുള്ള ആത്മീയ കൊയ്ത്തിന്റെ ഫലത്തിനായി പ്രത്യാശയോടെ കാത്തിരിക്കുകയാണ്. ഒരു കുട്ടിക്ക് ഒരു ചെറിയ കഷണം കേക്കു കൊടുത്തിട്ട് ഭക്ഷണം കഴിഞ്ഞശേഷം ഒരു വലിയ കഷണം കേക്കു തരാം എന്ന് വാക്കുപറയുന്നതുപോലെയാണ്.

എന്തിനുവേണ്ടിയാണ് നാം ''ആകാംക്ഷയോടെ കാത്തിരിക്കുന്നത്''? **പുത്രത്വത്തിനായി**. ഒറ്റനോട്ടത്തിൽ അത് ആവശ്യമില്ലാത്തതാണെന്നു തോന്നാം. 8:15-ൽ നാം പുത്രത്വത്തിന്റെ ആത്മാവിനെ *പ്രാപിച്ചു* എന്ന് പ്രഖ്യാപിക്കുന്നുണ്ട്. പിന്നെ നാം *കാത്തിരിക്കുന്നത് എന്തിനായിട്ടാണെന്ന്* പറയുന്നത്? പൗലൊസ് ഒരു വിഷയം കടക്കുന്നതിന് മുൻപ് സാദൃശ്യങ്ങളെ വിവരിയ്ക്കുവാൻ മടിയ്ക്കുന്നില്ല. ഉദാഹരണമായി സഭയും കർത്താവും തമ്മിലുള്ള ബന്ധം മനസ്സിലാക്കുവാൻ ഒരു വിവാഹത്തിന്റെ സാദൃശ്യം പൗലൊസ് ഉപയോഗിക്കാറുണ്ട് (റോമർ. 7:4; എഫെ. 5:22-33). എന്നാൽ വേറൊരുഭാഗത്ത് സഭയെ ഒരു മണവാട്ടിയാകാനുള്ളതായി സാദൃശ്യപ്പെടുത്തിയിട്ടുണ്ട് (2 കൊരി. 11:2).

പുത്രത്വത്തെക്കുറിച്ചുള്ള പൗലൊസിന്റെ വാക്കുകൾ സംയോജിപ്പിക്കുന്നത് ആവശ്യമെന്നു തോന്നുന്നു എങ്കിൽ നമുക്ക് അത് ഇങ്ങനെ ചെയ്യാം. *ഒരർത്ഥത്തിൽ* നാമെല്ലാം ദൈവത്തിന്റെ ദത്തുപുത്രന്മാരാണ്. *വേറൊരർത്ഥത്തിൽ* നാം ദെത്തെടുക്കൽ പൂർത്തിയായിട്ടില്ല. നമുക്ക് പുത്രത്വത്തിന്റെ അവ

കാശങ്ങൾ ഇപ്പോൾ തന്നെ ഉണ്ടെന്ന് സന്ദർഭം സൂചിപ്പിക്കുന്നു. എന്നാൽ ക്രിസ്തുവിന്റെ വരവിങ്കൽ സംഭവിക്കുന്ന ശരീരത്തിന്റെ ഉയിർത്തെഴുന്നേല്പ വരെ ആ പ്രക്രിയ അവസാനിക്കുന്നുമില്ല എന്ന് കാണിക്കുന്നു.

ഫലത്തിൽ പൗലൊസ് പറയുന്നത് നമ്മുടെ പുത്രത്വത്തിന്റെ പ്രക്രിയ അവസാനിക്കുന്നത് നമുക്ക് **ശരീരത്തിന്റെ വീണ്ടെടുപ്പു**[104] സംഭവിയ്ക്കുമ്പോഴാണ്. ഇഖആ പറയുന്നത് നാം പുത്രന്മാരാകുവാൻ തുടർന്നും ആകാംക്ഷയോടെ കാത്തിരിക്കുന്നു എന്നത്രെ. അതായത് ശരീരങ്ങൾ സ്വതന്ത്രമാക്കപ്പെടുന്നതുവരെ, വീണ്ടെടുക്കപ്പെടുന്നതുവരെ ശരീരത്തിന്റെ വീണ്ടെടുപ്പാണ് പൗലൊസിന്റെ ചർച്ചയുടെ ഉച്ചകോടിയിലെ വസ്തുതയെന്നതിൽ ചിലർ അതിശയിച്ചേക്കാം (ഉയിർത്തെഴുന്നേൽപ്പിക്കൽ). പൗലൊസ് സൃഷ്ടിയ്ക്കപ്പെട്ട ലോകത്തിന്റെ ആകാംക്ഷയും നമ്മുടെ ആകാംക്ഷയും കൂടെ ബന്ധിപ്പിയ്ക്കുകയാണ് എന്നോർക്കുക. ആദാമിന്റെ പാപം മരണവും ദ്രവത്വവും സൃഷ്ടിക്കപ്പെട്ട ലോകത്തിന്മേൽ വരുത്തി. അതേ സമയം മരണവും ദ്രവത്വവും ഭൗതികശരീരത്തിന്മേൽ വന്നു (1 കൊരി. 15:22; എബ്രാ. 9:27). നാം ഈ മാംസശരീരത്തിൽ വസിക്കുന്ന കാലത്തെല്ലാം നാം വേദനയ്ക്കും പരീക്ഷകൾക്കും വിധേയരുമാണ് (1 യോഹ. 2:16). ദൈവത്തോടുകൂടെ സ്വർഗ്ഗത്തിൽ ആയിരിപ്പാൻ സാധിക്കുന്നുമില്ല (1 കൊരി. 15:50). എന്നാൽ ദൈവത്തിന് സ്തോത്രം നമുക്ക് നമ്മുടെ ശരീരത്തിന്റെ വീണ്ടെടുപ്പിനായി കാത്തിരിയ്ക്കാം.

**വാക്യം 24**. സൃഷ്ടിയ്ക്കപ്പെട്ട ലോകം മായെക്കു കീഴ്പെട്ടപ്പോൾ ഒരിക്കൽ അതിൽ നിന്നും വിടുതലുണ്ടാകുമെന്നുള്ള പ്രതീക്ഷ ഉണ്ടായിരുന്നു. (8:20, 21) നാമും പ്രത്യശയിലാണ് സൂക്ഷിക്കപ്പെടുന്നത്. **പ്രത്യാശയാലല്ലോ നാം രക്ഷിക്കപ്പെട്ടിരിക്കുന്നത്**. ചഅടആയിൽ “പ്രത്യാശയിൽ” എന്നാണ്. വേറെ ചില തർജ്ജമകളിൽ “പ്രത്യാശയാൽ” എന്നു കാണുന്നു. പ്രത്യാശയുടെ ഗ്രീക്കുപദം ἐλπίς (*elpis*) ഇത് 24-ാം വാക്യത്തിൽ കാണുന്നു. അതിനു മുമ്പായി ഒന്നുമില്ല. ചിലർ “ആൽ” എന്നു ചേർത്തിരിക്കുന്നു. എന്നാൽ പൗലൊസ് എഴുതുന്നത് “പ്രത്യാശ നമ്മെ കാത്തുസൂക്ഷിയ്ക്കുകയും മുന്നോട്ടുപോകുവാൻ സഹായിക്കുകയും ചെയ്യുന്നു.” പൗലൊസിന്റെ ജീവിതത്തിൽ ജീവൻ നൽകിതുടങ്ങിയത് ജ്വലിയ്ക്കുന്ന സത്യം എന്തെന്നാൽ “മനുഷ്യന്റെ അവസ്ഥ പ്രത്യാശയില്ലാത്തതല്ല” എന്നുള്ളതാണ്.[105]

ചിലർ 24-ാം വാക്യത്തിൽ പ്രത്യാശ എന്നതിനെ എതിർക്കുന്നു. കാരണം വേറെ ഭാഗത്ത് നാം “വിശ്വാസത്താൽ നീതീകരിക്കപ്പെട്ടു” എന്നു പറഞ്ഞിട്ടുണ്ട് (3:28; 5:1). വിശ്വാസവും പ്രത്യശയും വേറെവേറെ ഗുണങ്ങൾ ആണെങ്കിലും വളരെ അടുത്ത ബന്ധമുള്ളതാണ്. എബ്രായ ലേഖനകർത്താവ് വിശ്വാസത്തെക്കുറിച്ച് “വിശ്വാസം ആശിക്കുന്നതിന്റെ ഉറപ്പ് ആണെന്നു പറഞ്ഞു” (എബ്രാ. 11:1). പ്രത്യാശയില്ലാത്ത വിശ്വാസം രക്ഷിക്കുന്ന വിശ്വാസമല്ല.

ഈ സ്ഥാനത്ത് പൗലൊസ് പ്രത്യാശ എന്നാൽ എന്താണെന്ന് പറയുന്നു: **കാണുന്ന പ്രത്യാശ പ്രത്യാശയല്ല. ഒരുത്തൻ കാണുന്നതിനായി ഇനി പ്രത്യാശിക്കുന്നത് എന്തിന്?** ചില വാക്കുകൾ വിശദീകരണത്തിനായി പറയട്ടെ. ഒരുത്തൻ കാണുന്നതിനായി ഇനി പ്രത്യാശിക്കുന്നത് എന്തിനെന്നുള്ള ചോദ്യം വായിക്കുന്നു. ഇങ്ങനെ ഉത്തരം പറയുന്നു, ഞാൻ എന്നും ഞാൻ ഒരേ കാര്യം കാണുന്നു. എന്നെങ്കിലും അത് കരസ്ഥമാക്കണമെന്ന് ആശിക്കുന്നു. കാണുന്ന എന്ന് പൗലൊസ് പറഞ്ഞതു മനസ്സിലാക്കണമെങ്കിൽ താൻ ശാരീരിക കണ്ണുകൾ കൊണ്ട് ഇപ്പോൾ കാണുവാൻ സാധിക്കാത്ത (βλέπω,

*blepō*) കാര്യങ്ങളെക്കുറിച്ചാണ് സംസാരിക്കുന്നതെന്നു മനസ്സിലാക്കണം (2 കൊരി. 4:18): ക്രിസ്തുവിന്റെ വരവിങ്കൽ നമ്മുടെ ശരീരത്തിന്റെ വീണ്ടെടുപ്പ്. ഒടുവിൽ നാം അത് കാണുമ്പോൾ അത് യാഥാർത്ഥ്യമായിതീരും. 24-ാം വാക്യത്തിലെ കാണുന്ന എന്ന പ്രയോഗം ഉള്ളത് എന്നോ അവസാനം സ്വന്തമാക്കുന്നത് എന്നോ ആണെന്നു ചിന്തിക്കാം. ചകഢയിൽ ചോദിക്കുന്നു. തനിക്കുള്ളതിനുവേണ്ടി ആർ പ്രത്യാശിക്കുന്നു? എന്ന് ഫിലിപ്പ്സ് പറയുന്നത് നമുക്കു ലഭിച്ചിട്ടില്ലാത്ത ഒന്നിനുവേണ്ടി കാത്തിരിയ്ക്കുക എന്നാണ്.

**വാക്യം 25.** ദൈവമക്കൾ എന്ന അവസ്ഥയിൽ ഇനി എന്തെല്ലാം പദവികൾ അനുഭവിയ്ക്കാമെന്നുള്ള താല്പര്യം പൗലൊസ് ശക്തിപ്പെടുത്തി പറയുന്നത്. പിന്നെയോ. ആ പദവികളെല്ലാം ലഭിക്കുമെന്നുറപ്പിക്കുവാൻ നമുക്കു കാരണമുണ്ട് എന്നാണ് പറയുന്നത്. നമ്മെ നിലനിർത്തുന്ന ഒരു *പ്രത്യാശ* നമുക്കുണ്ട്. **നാം കാണാത്തതിനായി പ്രത്യാശിക്കുന്നു എങ്കിലോ അതിനായി ക്ഷമയോടെ കാത്തിരിക്കുന്നു.** "പ്രത്യാശ" എന്നതിനു പകരം അത്യധികമായ പ്രതീക്ഷ എന്ന് ചിന്തിച്ചാൽ അത് സഹായകരമായിരിക്കും. ഫലത്തിൽ പൗലൊസ് ഇങ്ങനെ പറയുകയാണ്. നാം ഇതുവരെ സ്വന്തമാക്കിയിട്ടില്ലാത്ത അനുഗ്രഹത്തിനുവേണ്ടി നാം യഥാർത്ഥത്തിൽ *പ്രതീക്ഷിക്കുന്നുങ്കിൽ* അതിനുവേണ്ടി സ്ഥിരതയോടെ കാത്തിരിപ്പാൻ അതു നമ്മെ സഹായിക്കും. ദൈവം ഒരു കാര്യം വാഗ്ദത്തം ചെയ്യുമ്പോൾ വിശ്വാസം അതു വിശ്വസിക്കുന്നു. പ്രത്യാശ പ്രതീക്ഷിക്കുന്നു. സ്ഥിരതയോടുകൂടിയ പ്രവർത്തനം അതിനായി കാത്തിരിക്കുന്നു.[106]

ὑπομονή (*hupomonē*) /സ്ഥിരോത്സാഹം എന്ന വാക്കിന്റെ ഗ്രീക്കു പദം (വൗീ്ീില) സ്ഥിരോത്സാഹം ചെയ്യുവാനുള്ള കഴിവിനെ കുറിയ്ക്കുന്നു (5:3). സഹിക്കുക, വിട്ടുകളയാതെ തുടരുക, എന്തുതന്നെ വന്നാലും എബ്രായ ലേഖനകർത്താവു എഴുതിയത് നമുക്കുമുമ്പിൽ വച്ചിരിക്കുന്ന ഓട്ടം സ്ഥിരതയോടെ ഓടുക എന്നാണ് (എബ്രാ. 12:1). യേശു പറഞ്ഞത് അവസാനത്തോളം സഹിച്ചുനില്ക്കുന്നവൻ രക്ഷപ്പെടും എന്നാണ് (മത്തായി. 10:22).

പീഡനം നിമിത്തം പൗലൊസിന്റെ വായനക്കാരിൽ പലർക്കും സ്ഥിരതയോടെ ഓടുവാൻ പ്രയാസമായിരുന്നു. ഇന്നും ചില സ്ഥലങ്ങളിൽ ക്രിസ്ത്യാനികൾക്ക് പീഡനിമിത്തം നിലനിൽക്കുവാൻ വളരെ പ്രയാസമുണ്ട്. കൂടുതൽ പരീക്ഷണങ്ങളും ഉപദ്രവങ്ങളും ഒഴിവാക്കുവാൻ യേശുവിനെ ഉപേക്ഷിക്കേണ്ടി വരുന്നു. റോമർ 8:25ൽ പറയുന്നതുപോലെ നാം ക്ഷമയോടെ കാത്തിരിക്കണം. മാത്രമല്ല നമ്മുടെ പ്രത്യാശ നിമിത്തം നമുക്ക് വിടാതെ പിടിച്ചുനിൽക്കുവാൻ കഴിയും എന്നും പറയുന്നു. ദൈവികമായ ഇച്ഛാശക്തിയാൽ നാം സ്ഥിരമായി നില്ക്കും അവന്റെ ശക്തിയും നമ്മുടെ ഇച്ഛയോടു ചേർന്ന് ദൈവത്തെ പ്രസാദിപ്പിക്കും.

## ക്രിസ്ത്യാനിക്കുള്ള ആത്മസഹായം (8:26, 27)

**[26]അവ്വണ്ണം തന്നെ ആത്മാവ് നമ്മുടെ ബലഹീനതയ്ക്കു തുണനിൽക്കുന്നു. വേണ്ടും പോലെ പ്രാർത്ഥിക്കേണ്ടത് എങ്ങനെ എന്ന് നാം അറിയുന്നില്ലല്ലോ. ആത്മാവുതന്നെ ഉച്ചരിച്ചുകൂടാത്ത ഞരക്കങ്ങളാൽ നമുക്കുവേണ്ടി പക്ഷവാദം ചെയ്യുന്നു.[27] എന്നാൽ ആത്മാവു വിശുദ്ധർക്കുവേണ്ടി പക്ഷവാദം ചെയ്യുന്നതുകൊണ്ട് ആത്മാവിന്റെ ചിന്ത ഇന്നതെന്ന് ഹൃദയങ്ങളെ പരിശോ**

**ധിക്കുന്നവൻ അറിയുന്നു.**

**വാക്യം 26.** ഈ വാക്യം തുടങ്ങുന്നത് "**അവ്വണ്ണം തന്നെ ആത്മാവ് നമ്മുടെ ബലഹീനതയ്ക്കു തുണ നിൽക്കുന്നു**" എന്നാണ്. മുമ്പിൽ പറഞ്ഞ കാര്യ വുമായി ബന്ധിപ്പിക്കുന്നതാണ് "അവ്വണ്ണം തന്നെ" എന്നുള്ളത് മുൻപറഞ്ഞ പ്രസ്താവനകളെ സൂചിപ്പിച്ചിച്ചു പറയുന്നു. അതുപോലെ 26-ാം വാക്യത്തിന്റെ ആദ്യഭാഗത്ത് ആത്മാവു നമ്മുടെ ആത്മാവോടു സാക്ഷ്യം പറയുന്നു എന്ന സ്ഥാനത്ത് (8:16) അവൻ നമ്മുടെ ബലഹീനതയ്ക്കു തുണ നിൽക്കുന്നു. ഒരു പക്ഷേ അതു സൂചിപ്പിക്കുന്നത് പ്രത്യാശയെയും ഫലത്തെയുംകുറിച്ചുള്ള ചർച്ചയെ ആയിരിക്കാം. പ്രത്യാശസ്ഥിരത ഉണ്ടാക്കുന്നതുപോലെ (8:24, 25) ആത്മാവു നമ്മുടെ ബലഹീനതയ്ക്കു തുണനിൽക്കുന്നു.

ഈ സന്തോഷിപ്പിക്കുന്ന സത്യത്തേക്കാൾ പ്രധാനമല്ല ചെറിയ സൂച നയുടെ കാര്യം. ആത്മാവു നമ്മുടെ ബലഹീനതയ്ക്കു തുണ നിൽക്കുന്നു. "നമ്മുടെ" എന്ന സർവനാമം ഉപയോഗിച്ചിരിക്കുന്നതിനാൽ പൗലൊസ് തന്നെയും ഉൾപ്പെടുത്തിയിട്ടുണ്ടെന്നു വ്യക്തം. പൗലൊസ് തന്നെ ഒരിക്കലും ഒരു അതിവിശുദ്ധനായി കരുതിയിരുന്നില്ല. അപ്പൊസ്തലന് ഏതു ബലഹീ നതയായിരുന്നു മനസ്സിൽ ഉണ്ടായിരുന്നത്? ശാരീരികമോ വികാരപരമോ ആത്മീയമോ. മൂ ന്റെ അഭിപ്രായം "ബലഹീനത" എന്നത് നമ്മുടെ മാനുഷിക ജീവിതത്തിന്റെ ഏതെങ്കിലും പരിമിതികളാവാം.[107] നമ്മിൽ അനേകർക്കും ബലഹീനരായി തങ്ങളെത്തന്നെ ചിന്തിപ്പാൻ താൽപര്യമില്ല. എന്നാൽ നാം സത്യസന്ധരാണെങ്കിൽ നമ്മിലുള്ള ബലഹീനതകളെ അംഗീകരിക്കണം. നിരന്തരമായി തുടരെയും നമ്മെ അടിപ്പെടുത്തുന്നതുമായ ബലഹീനതകളുണ്ട്. അതിന് ദൈവീക സഹായം ലഭിയ്ക്കും എന്നുള്ളത് അതിശയമല്ലേ? ആത്മാവ് നമ്മുടെ ബലഹീനതയ്ക്കു തുണ നില്ക്കുന്നു.

തുണ (ഒലഹു) എന്നതിനെ തർജ്ജമ ചെയ്തിരിക്കുന്ന ഗ്രീക്കുപ ദം സങ്കീർണ്ണമാണെങ്കിലും പഠനസഹായിയാണ് συναντιλαμβάνομαι (*sunantilambanomai*).[108] അത് മൂന്നു ഗ്രീക്കുപദങ്ങളെ സംയോജിപ്പിക്കുന്നു, σύν (*sun*, "with"), ἀντί (*anti,* "നരേ, ന് എതിർ വശത്ത്") ഒപ്പം λαμβάνω (lambanō, "സ്വീകരിക്കാൻ, സ്വീകരിക്കാൻ"). അ. ഠ. റോബേർട്ട്സൺ എഴുതിയത്:- പരിശുദ്ധാത്മാവ് നമ്മുടെ ബലഹീനതകളെ എടുത്ത് നമ്മോ ടുകൂടെ തന്റെ പങ്കായ ഭാരം വഹിച്ച് നമ്മോടു മുഖം തിരിച്ച് ഒരു തടിയുടെ രണ്ടറ്റത്തും പിടിച്ചുകൊണ്ട് എടുക്കുന്നതുപോലെ ആത്മാവിന്റെ സഹായം നമ്മെ ഓർമ്മിപ്പിക്കുന്നത്.[109]

പൗലൊസിന്റെ കൊരിന്ത്യരോടുള്ള ഒരു പ്രസ്താവനയാണ്. തനിക്കു ണ്ടായ ഒരു ശാരീരിക ബലഹീനതയെക്കുറിച്ചു പറഞ്ഞ സാഹചര്യത്തിൽ:

> അവൻ എന്നോട് "എന്റെ കൃപ നിനക്കുമതി. എന്റെ ശക്തി ബലഹീന തയിൽ തികഞ്ഞുവരുന്നു എന്നു പറഞ്ഞു. ആകയാൽ ക്രിസ്തുവിന്റെ ശക്തി എന്റെ മേൽ ആവസിക്കേണ്ടതിന് ഞാൻ അതി സന്തോഷത്തോടെ എന്റെ ബലഹീനതകളിൽ പ്രശംസിക്കും. ബലഹീനനായിരിക്കുമ്പോൾ തന്നെ ശക്തനാകുന്നു (2 കൊരി. 12:9, 10).

പൗലൊസ് സ്വന്തം ബലത്തിൽ ആശ്രയിക്കുന്നതിനുപകരം ദൈവത്തിൽ ആശ്ര

യിക്കുവാൻ പഠിച്ചിരുന്നു. ഇത് നാം എല്ലാവരും പഠിക്കേണ്ട ഒരു പാഠമാണ്.

ആത്മാവ് നമ്മുടെ ബലഹീനതയ്ക്കു തുണ നിൽക്കുന്നു എന്നു പറഞ്ഞ ശേഷം ആ സത്യം നമുക്കെല്ലാവർക്കും ഉണ്ടാകുന്ന പ്രത്യേക തോൽവിമൂലം ഉദാഹരിച്ചു. അങ്ങനെ ആത്മാവ് നമ്മുടെ പ്രത്യേക ബലഹീനതയിൽ സഹായിക്കുന്നു എന്ന് കാണിച്ചു. ഏതു ബലഹീനതയാണ് നിനക്കു കൂടുതൽ ബാധിയ്ക്കുന്നതായി തോന്നുന്നത്? ഏതു ബലഹീനതയിലാണ് നീ ആത്മാവിന്റെ സഹായം ആഗ്രഹിക്കുന്നത്? ആ ചോദ്യങ്ങൾക്ക് അനേക ഉത്തരങ്ങൾ നല്കാം. ദൃഢമായ വിശ്വാസത്തിലുണ്ടാവുന്ന ബലഹീനത ധാർമ്മിക ബലഹീനത എന്തുതന്നെവന്നാലും കർത്താവിൽ ആശ്രയം വയ്ക്കുന്നതിലുള്ള ബലഹീനത പൗലൊസ് തന്റെ ഉദാഹരണത്തിനായി തെരഞ്ഞെടുത്ത ബലഹീനത കാണുമ്പോൾ നമുക്ക് അത്ഭുതം തോന്നാം. നമ്മുടെ *പ്രാർത്ഥനാ* ജീവിതത്തെ സംബന്ധിച്ചുള്ള ഒരു ബലഹീനതയാണ്. "**എങ്ങനെ പ്രാർത്ഥിക്കണമെന്ന് നാം അറിയുന്നില്ലല്ലോ.**" പക്ഷേ പ്രാർത്ഥനയാണ് ദൈവവുമായുള്ള ബന്ധത്തിന്റെ ജീവനാഡി. നമ്മുടെ പ്രാർത്ഥനാ ജീവിതം ആയിരിക്കേണ്ടതുപോലെ ആയിരുന്നാൽ ദൈവത്തിന് പറയപ്പെട്ട മറ്റെല്ലാ ജീവിതപ്രശ്നങ്ങളിലും നമ്മെ സഹായിപ്പാൻ കഴിയും. എന്നാൽ ആ ജീവനാഡി ബന്ധമറ്റുപോയാൽ എല്ലാം നഷ്ടപ്പെട്ടുപോകും.

പൗലൊസ് നമ്മുടെ പ്രാർത്ഥനയിലെ ബലഹീനതകളെ വിവരിച്ച് "നാം *എങ്ങനെ* പ്രാർത്ഥിക്കണമെന്ന് നാം അറിയുന്നില്ല. എന്നു പറഞ്ഞു." എന്ത്, എങ്ങനെ എന്ന ചോദ്യങ്ങൾ ചോദ്യരൂപമായ τίς (*tis*) എന്നതിനാൽ കാണിച്ചിരിക്കുന്നു. Tis ഗഖഢ എന്നത് സാധാരയായി എന്ത് എന്ന വാക്കാൽ തർജ്ജമ ചെയ്യപ്പെട്ടിരിയ്ക്കുന്നു. എന്നാൽ ആര്, ഏതൊരാൾ, എന്തുകൊണ്ട് എങ്ങനെ എന്നൊക്കെയുള്ള അർത്ഥങ്ങളുണ്ട്.[110] റോമർ 8:26 നെ എങ്ങനെ, എന്ത് എന്ന അർത്ഥങ്ങളിൽ വിഭാഗിയ്ക്കപ്പെട്ടിരിക്കുന്നു. ഠശ നെ രണ്ടു വിധത്തിലും ചിന്തിക്കാൻ കഴിയുന്നതിനാലും രണ്ടും നമ്മുടെ പ്രാർത്ഥനക്കുറവിനു കാരണമാകയാലും അആ രണ്ടും ഉപയോഗിക്കുന്നു. "എന്തു പ്രാർത്ഥനയാണ് അർപ്പിക്കേണ്ടതെന്നോ അത് എങ്ങനെ യോഗ്യമായ് അർപ്പിക്കാമെന്നോ നാം അറിയുന്നില്ല."

നാം പ്രാർത്ഥിക്കുമ്പോൾ ആത്മാവ് എങ്ങനെയാണ് നമ്മുടെ ബലഹീനതയ്ക്ക് തുണ നില്ക്കുന്നത്? **ആത്മാവുതന്നെ ഉച്ചരിച്ചുകൂടാത്ത ഞരക്കങ്ങളാൽ നമുക്കു വേണ്ടി പക്ഷവാദം ചെയ്യുന്നു.** പക്ഷവാദം എന്നത് ὑπερεντυγχάνω (*huperentunchanō*) എന്ന ഗ്രീക്കുപദത്തിൽ നിന്നാണ്. ὑπέρ (*huper*) ഒരാൾക്കു വേണ്ടി എന്നും ἐντυγχάνω (*entunchanō*) (അപേക്ഷിക്കുക) എന്നും ഉള്ളവയാണ്) ഗ്രീക്കു പദവും ശിലേൃരലറല എന്ന ഇംഗ്ലീഷ് പദവും മറ്റൊരാൾക്കുവേണ്ടി വാദിയ്ക്കുക എന്ന അർത്ഥം തരുന്നു. റോമർ 8-ൽ അല്പം കൂടി മുമ്പിലായ സ്വർഗ്ഗത്തിൽ ക്രിസ്തു നമുക്കുവേണ്ടി പക്ഷവാദം ചെയ്യുന്നു എന്ന് നാം വായിക്കുന്നു (8:34; എബ്രാ. 7:25). 26-ാം വാക്യം നമ്മോടു പറയുന്നത് ഒരു പ്രത്യേക രീതിയിൽ നമ്മിൽ വസിയ്ക്കുന്ന പരിശുദ്ധാത്മാവ് നമ്മുടെ കാര്യം വാദിക്കുന്നു എന്നാണ്.

റോമർ 8:26 മൂലം ചിലർക്ക് അല്പം ചിന്താക്കുഴപ്പം ഉണ്ട്. അവർ എതിർക്കുന്നത് 1 തിമോ. 2:5-ൽ ഒരു മദ്ധ്യസ്ഥൻ മാത്രമെയുള്ളൂ അത് ക്രിസ്തുവാണ് എന്നു കാണുന്നു. പക്ഷേ പല പക്ഷവാദക്കാരും ഉണ്ടാകാം മനുഷ്യരിൽ നിന്നുള്ളതും ദിവ്യമായവരും. പുതിയനിയമം പഠിപ്പിക്കുന്നത് മനുഷ്യരും മറ്റു

ള്ളവർക്കു വേണ്ടി പക്ഷവാദ പ്രാർത്ഥന നടത്തണമെന്നാണ് (15:30; 1 തിമോ 2:1, 2). അതിനാൽ യേശുവും ആത്മാവും നമുക്കായി പക്ഷവാദം ചെയ്യുന്നു എന്നു പറയുന്നതിൽ യാതൊരു വൈരുദ്ധ്യവുമില്ല. യേശുക്രിസ്തു ദൈവത്തിന്റെ സിംഹാസനത്തിങ്കൽ നമുക്കുവേണ്ടി പക്ഷവാദം ചെയ്യുന്നു. ആത്മാവ് നമ്മുടെ ഹൃദയസിംഹാസനത്തിൽ പക്ഷവാദം ചെയ്യുന്നു. ഇതു തമ്മിലുള്ള ബന്ധം വിശദീകരിക്കുവാനുള്ള വേറൊരു മാർഗ്ഗം ഇങ്ങനെയാണ്. നാം ആത്മാവിന്റെ *സഹായത്താൽ* യേശു മൂലം ദൈവത്തോട് പ്രാർത്ഥിക്കുന്നു.

ആത്മാവു നമുക്കുവേണ്ടി പക്ഷവാദം ചെയ്യുന്നു എന്ന് വെറുതെ പറഞ്ഞതല്ല. ആത്മാവ് തന്നെ ഉച്ചരിച്ചുകൂടാത്ത ഞരക്കങ്ങളാൽ നമുക്കുവേണ്ടി പക്ഷവാദം ചെയ്യുന്നു എന്നാണ്. ഉച്ചരിച്ചു ἀλαλήτος (*alalētos*) ‘‘കൂടാത്ത ഞരക്കങ്ങൾ’’ λαλέω (*laleō*) എന്നത് ഗ്രീക്കുപദത്തിൽ നിന്നാണ് (α, *a*). *Alalētos* എന്നതിന്റെ അർത്ഥം വെളിപ്പെടുത്താത്തതോ വെളിപ്പെടുത്തുവാൻ കഴിയാത്തതോ എന്നത്രെ.[111] നിങ്ങൾ സന്തോഷാധിക്യത്താൽ സംസാരിക്കുവാൻ വാക്കുകൾ കിട്ടാത്ത സ്ഥിതിയിലായിട്ടുണ്ടോ? നിങ്ങൾ എപ്പോഴെങ്കിലും ദുഃഖത്തിന്റെ ആധിക്യത്താൽ സംസാരിപ്പാൻ കഴിയാതെയായിട്ടുണ്ടോ? എന്നാൽ അലലേറ്റോസിന്റെ അർത്ഥം മനസ്സിലാകും.

പരിശുദ്ധാത്മാവ് “ഞരക്കങ്ങളാൽ” നമുക്കു വേണ്ടി പക്ഷവാദം ചെയ്യുന്നു. 26–ാം വാക്യത്തിൽ ആരാണ് ഞരങ്ങുന്നതെന്ന് സൂചിപ്പിച്ചിട്ടില്ല. എന്നാൽ 8:22–ൽ സൃഷ്ടി ഞരങ്ങുന്നു എന്നും 8:23ൽ പരിശുദ്ധാത്മാവ് നമ്മോട് സഹതാപപൂർവ്വം ഞരങ്ങുന്നു എന്നും പറഞ്ഞിട്ടുണ്ട്.[112] 26–ാം വാക്യത്തിലെ ഞരക്കവും 23ലെ ഞരക്കവും ഒന്നുതന്നെയാണെന്നും നമ്മുടെ ഞരക്കവും അതു തന്നെയാണെന്നും പലരും ഉറപ്പിക്കുന്നു. (8.26) ആത്മാവിന്റ സന്തോഷം ഞരങ്ങുന്നു, സമയം (8:23) ന്റെ സന്ദർഭം അത് ക്രിസ്ത്യാനിയുടെ ഞരക്കമാണെന്ന് സൂചിപ്പിക്കുന്നു.

കരിസ്മാറ്റിക്ക് ആളുകൾ ‘‘ഉച്ചരിച്ചുകൂടാത്ത ഞരക്കങ്ങളെ ആത്മാവ് നടത്തുന്ന പ്രത്യേക പ്രാർത്ഥനാ ഭാഷയാണെന്ന് ചിന്തിക്കുന്നു. അവർ അവകാശപ്പെടുന്നത് ആത്മാവ് പ്രാർത്ഥിക്കുന്നവരുടെ തൊണ്ടയെയും നാവിനേയും ചിരികളെയും നിയന്ത്രിച്ച് കേൾവിക്കാരായ മനുഷ്യർക്ക് മനസ്സിലാകാത്ത ശബ്ദങ്ങളോ വാക്കുകളോ പുറപ്പെടുവിക്കുന്നു എന്നാണ്. അവർ വിശ്വസിക്കുന്നത് ഈ പ്രാർത്ഥനാഭാഷ അന്യഭാഷകളിൽ സംസാരിക്കുന്നതിന്റെ ഒരു വെളിപ്പെടുത്തലാണെന്നത്രെ.[113] ‘‘ഉച്ചരിച്ചു കൂടാത്ത ഞരക്കങ്ങൾ’’ എന്നതിന്റെ അർത്ഥം അതല്ല. പലകാരണങ്ങൾ കൊണ്ടാണ് ഞാൻ ശക്തിയായി അതു പറഞ്ഞത്. ഒന്നാമത് നാം അത്ഭുതങ്ങളുടെ കാലത്തല്ല ജീവിക്കുന്നത് എന്ന് പുതിയ നിയമം പഠിപ്പിക്കുന്നു.[114] അതുകൊണ്ടുതന്നെ ആളുകൾക്ക് ഇന്ന് ആത്മനിശ്വാസീയതയോടു കൂടിയ ഭാഷ സംസാരിക്കുവാൻ കഴിയുകയില്ല. മാത്രമല്ല ഇനിയും പറയുന്ന കാര്യങ്ങളും ശ്രദ്ധിക്കുക:

1. ഉച്ചരിച്ചുകൂടാത്ത വാക്കുകൾ ഒന്നുകിൽ ഉച്ചരിക്കപ്പെട്ടിട്ടില്ല അല്ലെങ്കിൽ ഉച്ചരിക്കുവാൻ കഴിയാത്തതാണ്. പ്രാർത്ഥന ഭാഷ ഉച്ചരിക്കപ്പെട്ടതാണ്. സ്റ്റോട്ട് അതേക്കുറിച്ച് ഇങ്ങനെ പറഞ്ഞു. ഈ ‘‘ഞരക്കം’’ അന്യഭാഷയാകുവാൻ സാദ്ധ്യതയില്ല.[115] എന്തുകൊണ്ടെന്നാൽ ആ ഭാഷകൾ വാക്കുകളാൽ വെളിപ്പെടുത്തപ്പെട്ടവയാണ്. അത് ചിലർക്കു മനസ്സിലായിരുന്നു. വ്യാഖ്യാതിയ്ക്കപ്പെടുകയും ചെയ്തിരുന്നു. ഇവിടെ പൗലൊസ് പറയുന്നത് അസ്പഷ്ടമായ ഞരക്കങ്ങളെക്കുറിച്ചാണ്.[116]

2. പുതിയനിയമ കാലത്തു തന്നെ (അത്ഭുതങ്ങളുടെ കാലം) എല്ലാ വ്യക്തികൾക്കും അന്യഭാഷകളിൽ സംസാരിക്കുന്ന വരം ഇല്ലായിരുന്നു. (1 കൊരി. 12:30) റോമർ 8:26 പറയുന്നത് പരിശുദ്ധാത്മാവ് *ഓരോ* ദൈവപൈതലിനെയും എങ്ങനെ സഹായിക്കുന്നു എന്നുള്ളതാണ്. അതുകൊണ്ട് അത് അന്യഭാഷയാകുവാൻ സാധിക്കയില്ല.

3. ഈ അദ്ധ്യായത്തിൽ ഞരക്കത്തെക്കുറിച്ച് പറയുന്നത് മൂന്നാം പ്രാവശ്യമാണ് (8:22, 23, 26). ആദ്യത്തെ രണ്ടു തവണകളിലും അന്യഭാഷ സംസാരിക്കുന്നതിനെക്കുറിച്ചല്ല എന്നുറപ്പാണ്. ഇവിടെ എന്തുകൊണ്ട് അന്യഭാഷയാകണം?

4. ഈ വാക്യത്തിലോ സന്ദർഭത്തിലോ ഒരു പ്രാർത്ഥനാഭാഷയെപ്പറ്റി പൗലൊസ് സംസാരിക്കുന്നില്ല. അവിടെയില്ലാത്ത ഒരു കാര്യം ആ വാക്യത്തിലേക്കു കൊണ്ടുവന്നു ചേർക്കുവാനാണ് കരിസ്മാറ്റിക് ഉപദേശം സാദ്ധ്യമാകുന്നിടത്തെല്ലാം കടത്തിവിടാൻ ശ്രമിയ്ക്കുന്നവർ ചെയ്യുന്നത്.

ഞരക്കം എന്ന പദത്തിന്റെ കാര്യം പറഞ്ഞ് കുഴങ്ങിയിട്ട് പൗലൊസിന്റെ സന്ദേശത്തിന്റെ ഉദ്ദേശം കാണാതിരിപ്പാനിടയാകരുത്. എന്തോ എങ്ങനെയോ പ്രാർത്ഥിക്കണമെന്നു നാം അറിയുന്നില്ല എന്ന് പ്രസ്താവിച്ചു നമ്മുടെ പ്രാർത്ഥനാ ജീവിതത്തിൽ നമ്മെത്തന്നെ ആശ്രയിക്കുകയാണെങ്കിൽ നമ്മുടെ സ്ഥിതി പ്രാർത്ഥനാ ജീവിതത്തിൽ നന്നാകുകയില്ലായിരുന്നു. എന്നാൽ ആത്മാവ് സഹായിപ്പാനുണ്ട്. അവൻ നമ്മുടെ ഹൃദയത്തെ അറിയുന്നു. അവൻ നമ്മുടെ ആവശ്യങ്ങളും അറിയുന്നു. നാം എന്താണ് പറയുവാൻ ശ്രമിക്കുന്നതെന്നും അവനറിയാം. അവൻ നമ്മുടെ ബലഹീന പരിശ്രമത്തെ എടുത്ത് ദൈവസന്നിധിയിൽ അർപ്പിക്കുവാൻ തക്കതാക്കി. വേറൊരു ഭാഗത്ത് നാം ദൈവത്തിന്റെ മക്കളെന്ന നിലയിൽ പ്രാർത്ഥിക്കുമ്പോൾ നാം ആത്മാവിൽ പ്രാർത്ഥിക്കുകയാണ് എന്ന് (എഫെ. 6:18; യൂദ 20).

**വാക്യം 27.** ആത്മാവിന്റെ പ്രവർത്തനഫലമായി നമ്മുടെ പ്രാർത്ഥനകൾ ദൈവത്തിന്റെ കാതുകളിൽ എത്തുന്നുണ്ടോ? ദൈവം അതു ശ്രദ്ധിയ്ക്കുന്നുണ്ടോ? അതെ, ഈ വാക്യം ഇങ്ങനെ തുടരുന്നു. **ഹൃദയങ്ങളെ പരിശോധിക്കുന്നവൻ ആത്മാവിന്റെ ചിന്ത ഇന്നതെന്ന് അറിയുന്നു.** ദൈവമാണ് ഹൃദയങ്ങളെ പരിശോധിക്കുന്നത് (പ്രവൃത്തി 1:24, 1 കൊരി. 4:5; 1 തെസ്സ. 2:4; വെളി. 2:23). ദൈവത്തെക്കുറിച്ചുള്ള ഈ വിശേഷണം വിറപ്പിക്കുന്നതും ആശ്വസിപ്പിക്കുന്നതുമാണ്. വിറപ്പിക്കുന്നത് അനുതപിക്കാത്ത പാപിയെയാണ്. എന്നാൽ യുദ്ധത്തിനൊരുങ്ങിനിൽക്കുന്ന വിശുദ്ധന് ആശ്വാസപ്രദവുമാണ്. അവന് നിശ്ചയമായും ആത്മാവിന്റെ ചിന്ത ഇന്നതെന്ന് അറിയാം. അവർ തമ്മിൽ നിരന്തരമായ സംസർഗ്ഗമുണ്ട്.

27–ാം വാക്യം തുടരുന്നു. **എന്നാൽ ആത്മാവ് വിശുദ്ധർക്കുവേണ്ടി ദൈവഹിത പ്രകാരം പക്ഷവാദം ചെയ്യുന്നതുകൊണ്ട്.** അതിൽ അന്തർഭവിച്ചിരിക്കുന്ന ആത്മാവ് ക്രിസ്ത്യാനിക്കുവേണ്ടി മാത്രമെ പക്ഷവാദം ചെയ്യുന്നുള്ളൂ. എന്നാണ്. അതായത് വിശുദ്ധന്മാർക്കുവേണ്ടി. ഇത് അവിശ്വാസികൾക്കുള്ള വാഗ്ദത്തമല്ല. ദൈവഹിതപ്രകാരം എന്നുള്ള വാക്യാംശം ഇങ്ങനെ പറയുന്നു.[117] പരിശുദ്ധാത്മാവ് നമുക്കുവേണ്ടി പക്ഷവാദം ചെയ്യുന്നത് ദൈവഹിതമാണ്. അഥവാ ആത്മാവിന് നമുക്കുവേണ്ടിയുള്ള ഏതപേക്ഷയും ദൈവഹിതപ്രകാരമാണ്. എങ്ങനെയായാലും അതിൽ പറയുന്നത് നമുക്കുവേണ്ടിയുള്ള ആത്മാവിന്റ അപേക്ഷ ദൈവം ചെവിക്കൊള്ളുകയും ഉത്തരം തരുകയും ചെയ്യും എന്നാണ്. അപ്പൊസ്തലനായ യോഹന്നാൻ ഇങ്ങനെ എഴുതി,

അവന്റെയിഷ്ടപ്രകാരം നാം എന്തു അപേക്ഷിച്ചാലും അവൻ നമ്മുടെ അപേക്ഷ കേൾക്കുന്നു എന്നുള്ളത് നമുക്ക് അവനോടുള്ള ധൈര്യം ആകുന്നു. നാം എന്തു അപേക്ഷിച്ചാലും അവൻ നമ്മുടെ അപേക്ഷ കേൾക്കുന്നു എന്നറിയുന്നുവെങ്കിൽ അവനോടു കഴിച്ച അപേക്ഷ നമുക്കു ലഭിച്ചു എന്നും അറിയുന്നു (1 യോഹ. 5:14, 15).

## ദൈവീക വാഗ്ദത്തവും ദൈവീക കരുതലും (8:28-30)

**[28]എന്നാൽ ദൈവത്തെ സ്നേഹിക്കുന്നവർക്ക്, നിർണ്ണയപ്രകാരം വിളിക്കപ്പെട്ടവർക്കു തന്നെ, സകലവും നന്മയ്ക്കായി കൂടി വ്യാപരിക്കുന്നു എന്നു നാം അറിയുന്നു.[29] അവൻ മുന്നറിഞ്ഞവരെ തന്റെ പുത്രൻ അനേകം സഹോദരന്മാരിൽ ആദ്യജാതനാകേണ്ടതിന്[30] അവന്റെ സ്വരൂപത്തോട് അനുരൂപരാകുവാൻ മുൻനിയമിച്ചിരിക്കുന്നു. മുൻ നിയമിച്ചവരെ വിളിച്ചും വിളിച്ചവരെ നീതീകരിച്ചും നീതീകരിച്ചവരെ തേജസ്സ്ക്കരിച്ചുമിരിക്കുന്നു.**

**വാക്യം 28.** പ്രാർത്ഥന എന്ന വിഷയത്തിൽ നിന്നും ദൈവീക കരുതൽ എന്ന വിഷയത്തിലേക്കു പൗലൊസ് മാറുന്നു. 26–ാം വാക്യത്തിൽ നമുക്ക് അറിയാത്ത എന്തോ ഉണ്ടെന്ന് അവൻ പറയുന്നു. ‘‘വേണ്ടും പോലെ പ്രാർത്ഥിക്കേണ്ടത് എന്തെന്ന് നാം അറിയുന്നില്ലല്ലോ.’’ ഇവിടെ നമുക്ക് അറിയാൻ കഴിയുന്നതിനെക്കുറിച്ച് അവൻ പറയുന്നു: **എന്നാൽ ദൈവത്തെ സ്നേഹിക്കുന്നവർക്ക്, നിർണ്ണയപ്രകാരം വിളിക്കപ്പെട്ടവർക്ക് തന്നെ സകലവും നന്മക്കായി കൂടി വ്യാപരിക്കുന്നു എന്നു നാം അറിയുന്നു.** വേദപുസ്തകത്തിലെ സുപരിചിതവും ഏറ്റവും ഇഷ്ടപ്പെടുന്നതുമായ ഭാഗങ്ങളിൽ ഒന്നാണിത്. അതിന്മേൽ എല്ലാക്കാലത്തിലും സ്ഥലങ്ങളിലുമുള്ള വിശ്വാസികൾ തങ്ങളുടെ മനസ്സ് ഉറപ്പിച്ചിരുന്നു. പരിക്ഷീണരായിരിക്കുമ്പോൾ നാം തല ചായ്ക്കുന്ന ഒരു തലയിണയോട് അതിനെ ഉപമിച്ചിരിക്കുന്നു എന്ന് സ്റ്റോട്ട് എഴുതിയിരിക്കുന്നു.[118]

‘‘വേദപുസ്തകത്തിൽ എവിടെയും തന്റെ മക്കൾക്ക് ദൈവം നല്കിയിരിക്കുന്ന എറ്റം വലിയ വാഗ്ദത്തമാണ് റോമ. 8:28’’ എന്ന് മൂ പറഞ്ഞിരിക്കുന്നു. എന്നാൽ ‘‘ഏറ്റവും തെറ്റിദ്ധരിക്കപ്പെട്ടിട്ടുള്ളതും’’ ആണെന്ന് അദ്ദേഹം കൂട്ടിചേർക്കുന്നു.[119] ഉദാഹരണത്തിന് വിശ്വസ്തനായ ഒരു ദൈവപൈതലിന്റെ ജീവിതത്തിൽ നല്ലതുമാത്രമെ സംഭവിക്കുകയുള്ളൂ എന്ന് ഈ ഭാഗം പറയുന്നില്ല. ഈ ജീവിതത്തെ സംബന്ധിച്ചുള്ളത് എല്ലാം ഒടുവിൽ ഏറ്റം നല്ലതായി തീരും എന്ന അന്ധമായ ശുഭാപ്തിവിശ്വാസവും ഈ ഭാഗം പ്രകടിപ്പിക്കുന്നില്ല. എന്താണ് ഈ വാക്യം പറയുന്നത്?

ഒന്നാമതായി അതു പറയുന്നത്, തന്റെ മക്കളുടെ ജീവിതത്തിൽ ദൈവം പ്രവർത്തിക്കുന്നു (ഗഖഢ) എന്നാണ്. സകലവും നന്മക്കായി കൂടി വ്യാപരിക്കുന്നു എന്ന് പല കൈയെഴുത്തു പ്രതികളും അക്ഷരികമായി തന്നെ പറയുന്നു. ഒരാൾ ചഅടആ വാക്യാംശമോ ഗഖഢ വാക്കുകളോ ഏതുതന്നെ ഉപയോഗിച്ചാലും നാം മനസ്സിലാക്കുന്നത് (ജീവിതത്തിൽ സംഭവിക്കുന്നത്) ഒന്നും അതിൽതന്നെ സംഭവിക്കുന്നതല്ല മറിച്ച് ദൈവീക കാരണം അതിൽ അടങ്ങിയിരിക്കുന്നു എന്നാണ്.

താൻ ശബ്ബത്തിൽ ജോലിചെയ്യുന്നതിനെ പ്രതിരോധിച്ചു കൊണ്ട് യേശു

പറഞ്ഞത് ‘‘എന്റെ പിതാവ് ഇന്നുവരെയും പ്രവർത്തിക്കുന്നു; ഞാനും പ്രവർത്തിക്കുന്നു’’ (യോഹ 5:17). സൃഷ്ടിക്കുന്ന കർത്തവ്യത്തിൽ നിന്ന് ദൈവം ഏഴാം ദിവസം വിശ്രമിച്ചു (ഉല്പ. 2:2), എന്നാൽ താൻ പ്രവർത്തിക്കുന്നത് നിർത്തിവച്ചു എന്ന് അതിന് അർത്ഥമില്ല. ഇപ്പോഴും അവൻ ഈ പ്രപഞ്ചത്തെ ഉയർത്തിപ്പിടിക്കുകയും (താങ്ങുകയും) തന്റെ മക്കളെ കരുതുകയും ചെയ്തുകൊണ്ടേയിരിക്കുന്നു. വ്യക്തിപരമായി ദൈവം തന്റെ മക്കൾക്കുവേണ്ടി തുടർച്ചയായി പ്രവർത്തിക്കുന്നു എന്ന് പലഭാഗങ്ങളും പറയുന്നു. ഉദാഹരണമായി ദൈവം നമ്മുടെ ആവശ്യങ്ങൾ അറിയുന്നു. അവൻ നമ്മുടെ ആവശ്യങ്ങൾ നിവർത്തിച്ചുതരുന്നു എന്ന് പർവ്വത പ്രസംഗത്തിൽ യേശു ഊന്നി പറയുന്നു (മത്താ. 6:32; 7:11). 1 കൊരി. 10:13ൽ ദൈവം പ്രവർത്തിക്കുന്ന വേറൊരു വിധം കാണുന്നു. അവിടെ പറഞ്ഞിരിക്കുന്നത് നമുക്ക് സഹിക്കുവാൻ കഴിയുന്നതിനു മീതെ പരീക്ഷിക്കപ്പെടുവാൻ അവൻ സമ്മതിക്കില്ല. ‘‘പരീക്ഷയോടുകൂടെ അവൻ പോക്കുവഴിയും ഉണ്ടാക്കും’’ എന്നാണ്.

റോമ. 8:28 അതിന്റെ പശ്ചാത്തലവാക്യങ്ങളിൽ നിന്ന് അടർത്തി എടുത്താൽ നമുക്ക് അതിന്റെ അർത്ഥസംപുഷ്ടത നഷ്ടമാകും. പരിശുദ്ധാത്മാവ് നമ്മുടെ ബലഹീനതയിൽ നമ്മെ സഹായിക്കുന്നതിനെക്കുറിച്ചാണ് പൗലൊസ് സംസാരിച്ചുകൊണ്ടിരുന്നത്. അവൻ അത് പ്രാവർത്തികമാക്കുന്നത് ഒന്നാമത് നമ്മുടെ പ്രാർത്ഥനാ ജീവിതത്തെ സഹായിക്കുന്നതിലൂടെയും (റോമ. 8:26, 27) അടുത്തതായി നമ്മുടെ ജീവിതത്തിൽ സംഭവിക്കുന്ന അർത്ഥമില്ലാത്തവ എന്നു തോന്നുന്ന കാര്യങ്ങൾക്ക് അർത്ഥം കണ്ടെത്തുവാൻ സഹായിക്കുന്നതിലൂടെയും ആണ്. (റോമ. 8:28). ചില പരിഭാഷകളിൽ 28-ാം വാക്യവും അതിനുമുകളിലുള്ള വാക്യങ്ങളും തമ്മിലുള്ള ബന്ധം ഊന്നിപറഞ്ഞിരിക്കുന്നു. ഉദാഹരണമായി ചല്ലആ പ്രകാരം 27, 28 വാക്യങ്ങൾ പറയുന്നത് ‘‘ആത്മാവ് വിശുദ്ധർക്കു വേണ്ടി ദൈവഹിതപ്രകാരം പക്ഷവാദം ചെയ്യുന്നു എന്നും ദൈവത്തെ സ്നേഹിക്കുന്നവർക്കു സകലവും നന്മക്കായി കൂടി വ്യാപരിപ്പിക്കുവാൻ അവൻ (ആത്മാവ്) പ്രവർത്തിക്കുന്നു എന്നും ആണ്.’’

നമ്മെ സഹായിക്കുന്നത് പിതാവായ ദൈവമോ അതോ പരിശുദ്ധാത്മാവോ എന്നു ചിന്തിക്കുന്നത് പ്രാധാന്യം അർഹിക്കുന്നില്ല. (കാരണം ഒരാൾ ചെയ്യുന്നത് മറ്റെ ആൾ ചെയ്യുന്നു എന്നു പറയാം) പ്രധാനമായത് ദൈവം നമ്മുടെ ജീവിതങ്ങളിൽ പ്രവർത്തിക്കുന്നു എന്ന് മനസ്സിലാക്കുകയാണ്. ‘‘അവൻ ഇടതടവില്ലാതെ ഊർജ്ജസ്വലതയോടെ, സോദ്ദേശ്യമായി നമുക്കുവേണ്ടി പ്രവർത്തനനിരതനായിരിക്കുന്നു.’’[120]

രണ്ടാമതായി, റോമ. 8:28 പറയുന്നത് ദൈവമക്കളുടെ ജീവിതത്തിൽ സംഭവിക്കുന്ന എല്ലാറ്റിനേയും – തിന്മയേയും നന്മയേയും – ആത്യന്തികമായി അവരുടെ പ്രയോജനത്തിനായി തീർക്കുവാൻ ദൈവം അവരുടെ ജീവിതത്തിൽ പ്രവർത്തിക്കുന്നു. ‘‘സകലവും’’ എന്നതുകൊണ്ട് പൗലൊസ് എന്താണർത്ഥമാക്കുന്നതെന്ന് ആളുകൾ ചിലപ്പോൾ അതിശയിച്ചേക്കാം. ‘‘ദൈവം സകലവും നന്മെക്കായി കൂടി വ്യാപരിപ്പിക്കുന്നു’’ ചില വാക്യങ്ങൾക്കുശേഷം പൗലൊസ് ‘‘സകലവും’’ എന്നതിന് ഒരു നിർവ്വചനം കൊടുത്തിരിക്കുന്നു. അവിടെ അവൻ ‘‘കഷ്ടതയോ ഉപദ്രവമോ സങ്കടമോ പട്ടിണിയോ നഗ്നതയോ ആപത്തോ വാളോ’’ ‘‘*ഈ സകലത്തിലും*’’ നമ്മെ സ്നേഹിച്ചവൻ മുഖാന്തിരം നാം പൂർണ്ണജയം പ്രാപിക്കുന്നു എന്നു പറയുന്നു (റോമ. 8:35, 37). ഒരാളുടെ

സാഹചര്യം എത്രതന്നെ അഴുക്കായിരുന്നാലും ദൈവത്തിന് സകലത്തെയും നന്മയാക്കി കൂടി വ്യപരിപ്പിക്കുവാൻ കഴിയും.

ഈ വാക്യത്തിൽ ''നന്മ'' എന്നതുകൊണ്ട് എന്താണർത്ഥമാക്കുന്നത് എന്ന് മറ്റുചിലർ അതിശയിച്ചേക്കാം. പലരീതിയിൽ നമുക്ക് ഇതിന് മറുപടി പറയാം. എന്നാൽ ഈ വാക്യത്തിന്റെ പശ്ചാത്തലത്തിൽ മനുഷ്യരുടെ ജീവിതത്തെ ദൈവീക ഉദ്ദേശത്തോട് യോജിപ്പുള്ളതാക്കി തീർക്കുന്നതെന്തോ അതിനെ ''നന്മ'' എന്നു വിളിക്കാം. തന്റെ പുത്രനോട് നമെല്ലാവരും അനുരൂപപ്പെടേണമെന്ന് ദൈവം ആഗ്രഹിക്കുന്നു (വാക്യം 29). മനുഷ്യരെ ക്രിസ്തുവിനോട് കൂടുതൽ അനുരൂപപ്പെടാൻ നമ്മെ സഹായിക്കുന്നവ എല്ലാം ''നന്മ'' ആണ്. അതുപോലെ ദൈവീകോദ്ദേശത്തെ തകർക്കുന്നവ എല്ലാം തിന്മയും. ദൈവം തന്റെ മക്കളെ തേജസ്സ്ക്കരിക്കുവാൻ ആഗ്രഹിക്കുന്നതായി വാക്യം 30 ന്റെ അവസാനഭാഗം സൂചിപ്പിക്കുന്നു. സ്വർഗ്ഗത്തിലേക്ക് പോകുവാനായി നമ്മെ ഒരുക്കുന്നവ എല്ലാം നന്മയാണ്. ഈ ലക്ഷ്യത്തിൽ നിന്ന് അവരെ തെറ്റിച്ചുകളയുന്നവ എല്ലാം ''തിന്മ'' യും.

''ദൈവം സകലവും നന്മയ്ക്കായി കൂടി വ്യാപരിപ്പിക്കുന്നു'' എന്നു നാം അറിയുന്നു എന്ന് എന്തുകൊണ്ടാണ് പൗലൊസ് ധൈര്യപൂർവ്വം പറയുന്നത്? കാരണം, ഈ തത്വം അവന്റെ ജീവിതത്തിൽ പ്രവർത്തിക്കുന്നത് വീണ്ടും വീണ്ടും അവൻ കണ്ടിട്ടുണ്ട്. ഉദാഹരണത്തിന് അവന്റെ ''ജഡത്തിൽ ഒരു ശൂലം'' ഉണ്ടായിരുന്നു (2 കൊരി 12:7). അവനെ അലോസരപ്പെടുത്തിയിരുന്നു ഒരു ശാരീരിക അസുഖം. അത് ഒരു ''തിന്മയായി'' പൗലൊസിനു തോന്നി. അതുകൊണ്ട് അത് അവനെ വിട്ടു നീങ്ങേണ്ടതിന് അവൻ ആത്മാർത്ഥമായി പ്രാർത്ഥിച്ചു. (2 കൊരി. 12:8) എന്നാൽ കർത്താവ് അവനോട് ''എന്റെ കൃപ നിനക്കുമതി; എന്റെ ശക്തി ബലഹീനതയിൽ തികഞ്ഞു വരുന്നു'' എന്നു പറഞ്ഞു. (2 കൊരി. 12:9a). അവന്റെ ശാരീരിക അസ്വാസ്ഥ്യം കൂടുതൽ ദൈവത്തെ ആശ്രയിക്കുവാൻ പഠിപ്പിച്ചു എന്ന നന്മ ഉളവാക്കി. ''ആകയാൽ ക്രിസ്തുവിന്റെ ശക്തി എന്റെ മേൽ വസിക്കേണ്ടതിന് ഞാൻ അതിയായ സന്തോഷത്തോടെ എന്റെ ബലഹീനതകളിൽ പ്രശംസിക്കും'' (2 കൊരി. 12:9യ).

പൗലൊസിന്റെ ജീവിതത്തിലെ പല ദൃഷ്ടാന്തങ്ങളും ഓർമ്മയിലെത്തുന്നു. ഒരു സമയത്ത് അവനും അവന്റെ കൂട്ടുവേലക്കാരനും ശാരീരിക പീഡനത്തിനുശേഷം തടവിലാക്കപ്പെട്ടു (പ്രവർത്തി. 16:23, 24). മിക്കവരും ഇതിനെ ''തിന്മാ'' യായി കണക്കാക്കും. എന്നാൽ ദൈവം അതിൽ നിന്ന് ഒരു ''നന്മ'' ഉളവാക്കി. ആ കാരാഗ്രഹപ്രമാണിയും അവന്റെ കുടുംബവും ക്രിസ്ത്യാനികളായി തീർന്നു (പ്രവ. 16:30–34). മറ്റൊരു ഉദാഹരണം, യെരുശലേമിൽവച്ച് ബന്ധിതനായപ്പോൾ മുതൽ റോമയിലെ കാരാഗൃഹത്തിൽ റോമാ പടയാളികളാൽ കാക്കപ്പെട്ട് തടവിൽ താമസിക്കുന്നതുവരെയുള്ള കാലത്തെ പീഡിതങ്ങളാണ്. ഇതെല്ലാം ''തിന്മ'' യായി തോന്നമെങ്കിലും പൗലൊസിന്റെ കാഴ്ച്ചപ്പാടിൽ അതിലൂടെ ''നന്മ'' ഉളവായി എന്ന് അവൻ ഫിലിപ്പയർക്ക് എഴുതുന്നു,

> എനിക്കു ഭവിച്ചത് സുവിശേഷത്തിന്റെ അഭിവൃദ്ധിക്കു കാരണമായി തീർന്നു. എന്റെ ബന്ധനങ്ങൾ ക്രിസ്തു നിമിത്തമാകുന്നു എന്ന് അകമ്പടി പട്ടാളത്തിലൊക്കെയും ശേഷം എല്ലാവർക്കും തെളിവായി വരികയും സഹോദരന്മാർ മിക്കപേരും എന്റെ ബന്ധനങ്ങളാൽ കർത്താവിൽ ധൈര്യം പൂണ്ട് ദൈവത്തിന്റെ വചനം ഭയം കൂടാതെ പ്രസ്താവിപ്പാൻ

അധികം തുനിയുകയും ചെയ്തിരിക്കുന്നു (ഫിലി. 1:12-14).

ചില സന്ദർഭങ്ങളിൽ അതിലെ "നന്മ" കാണാൻ പൗലൊസിനു ബുദ്ധിമുട്ടായിരുന്നിരിക്കണം. അങ്ങനെയുള്ളപ്പോൾ അവൻ പറഞ്ഞത്,

> ഞങ്ങൾ അധൈര്യപ്പെടാതെ ഞങ്ങളുടെ പുറമെയുള്ള മനുഷ്യൻ ക്ഷയിച്ചുപോകുന്നു എങ്കിലും ഞങ്ങളുടെ അകമെയുള്ളവൻ നാൾക്കുനാൾ പുതുക്കം പ്രാപിക്കുന്നു. നൊടിനേരത്തേക്കുള്ള ഞങ്ങളുടെ ലഘുവായ കഷ്ടം അത്യന്തം അനവധിയായി തേജസ്സിന്റെ നിത്യഘനം ഞങ്ങൾക്ക് കിട്ടുവാൻ ഹേതുവാകുന്നു. കാണുന്നതിനെ അല്ല, കാണാത്തതിനെയത്രേ ഞങ്ങൾ നോക്കിക്കൊണ്ടിരിക്കുന്നു; കാണുന്നത് താൽക്കാലികം, കാണാത്തതോ നിത്യം (2 കൊരി. 4:16-18; 2 തിമോ. 4:8).

എബ്രായർ 12:11 ന്റെ പദാനുവർത്തനം അതിന്റെ അർത്ഥമൂല്യം വർദ്ധിപ്പിക്കുന്നു. ജീവിതത്തിലെ എല്ലാ പ്രശ്നങ്ങളും *തല്ക്കാലം* സന്തോഷകരമല്ല ദുഃഖകരമത്രെ എന്നു തോന്നും. എന്നാൽ ദൈവത്തിലുള്ള തങ്ങളുടെ വിശ്വാസം കാത്തു സൂക്ഷിക്കുന്നവർക്ക് *പിന്നത്തേതിൽ* നീതി എന്ന സമാധാനഫലം പുറപ്പെടുവിക്കുക. നാം ആകേണ്ടത് ആയിത്തീരുവാൻ അവ നമ്മെ സഹായിക്കുന്നു.

തന്റെ മക്കളുടെ ജീവിതത്തിൽ നന്മ ഉളവാകത്തക്കവണ്ണം പ്രത്യേകമായ രീതിയിൽ ദൈവം പ്രവർത്തിക്കുന്നു എന്ന് റോമ. 8:28 പഠിപ്പിക്കുന്നു. മൂന്നാമതായി അവൻ അങ്ങനെ പ്രവർത്തിക്കുന്നത് തന്റെ മക്കൾക്കു വേണ്ടി മാത്രമാണെന്ന് ഈ ഭാഗം ഊന്നിപ്പറയുന്നു. റോമാലേഖനത്തിന്റെ അടിസ്ഥാനത്തിൽ, "ദൈവം യേശുവിൽ വിശ്വസിക്കുന്നവർക്ക് സകലവും നന്മക്കായി കൂടി വ്യാപരിപ്പിക്കുന്നു" എന്ന് പൗലൊസ് പറയുമായിരിക്കും എന്ന് നാം പ്രതീക്ഷിച്ചിരുന്നിരിക്കാം. അതിനു പകരം പൗലൊസ് വേറൊരു പദപ്രയോഗമാണ് ഉപയോഗിച്ചിരിക്കുന്നത്. നമ്മുടെ ചിന്തയെ ഉത്തേജിപ്പിക്കുന്ന ഒരെണ്ണം. റോമ.8:28ലെ വാഗ്ദത്തം "ദൈവത്തെ സ്നേഹിക്കുന്നവർക്കും നിർണ്ണയപ്രകാരം വിളിക്കപ്പെട്ടവർക്കും ഉള്ളതാണ്. ഈ പദങ്ങൾ ദൈവത്തിന്റെ വിശ്വസ്തരായ മക്കളെ നിർവ്വചിക്കുന്നു." മൂ തന്റെ നിരീക്ഷണത്തിൽ പറഞ്ഞിരിക്കുന്നത് ക്രിസ്ത്യാനികളെ ആദ്യം മാനുഷിക ദിശയിൽനിന്നും (ദൈവത്തെ സ്നേഹിക്കുന്നവർ) പിന്നെ ദൈവീക ദിശയിൽ നിന്നും (നിർണ്ണയപ്രകാരം വിളിക്കപ്പെട്ടവർ) നിർവ്വചിച്ചിരിക്കുന്നു എന്നാണ്.[121]

ഒന്നാമതായി ഈ അത്ഭുതകരമായ വാഗ്ദത്തം "ദൈവത്തെ സ്നേഹിക്കുന്നവർക്കു വേണ്ടിയാണ് എന്ന് പൗലൊസ് കാണുന്നു. റോമ 8-ാം അദ്ധ്യായത്തിന്റെ അവസാന ഭാഗം ദൈവത്തിനു നമ്മോടുള്ള സ്നേഹത്തെ കേന്ദ്രീകരിച്ചുള്ളതാണ്. യേശുക്രിസ്തുവിലുള്ള ദൈവസ്നേഹത്തിൽ നിന്ന് നമ്മെ വേർപിരിപ്പാൻ ഒന്നിനും കഴികയില്ല" എന്ന് പൗലൊസ് ഉറപ്പിച്ചു പറയുന്നു (8:39). ദൈവത്തിന് നമ്മോടുള്ള സ്നേഹം തന്നെ തിരിച്ചു സ്നേഹിക്കാൻ നമ്മെ പ്രേരിപ്പിക്കണം. (1 യോഹ. 4:19 KJV) അവനോടുള്ള നമ്മുടെ സ്നേഹം, അവനെ കൂടുതൽ ആശ്രയിക്കുവാനും അവന്റെ ഹിതം ചെയ്യുവാനും നമ്മെ ഉത്സാഹിപ്പിക്കണം (യോഹ. 14:15, 1 യോഹ. 5:3).

പൗലൊസ് ഉപയോഗിച്ചിരിക്കുന്ന മറ്റൊരു പദം "*വിളിക്കപ്പെട്ടവർ*" –

തന്റെ നിർണ്ണയപ്രകാരം വിളിക്കപ്പെട്ടവർ എന്നതാണ്. ''വിളിക്കപ്പെട്ടവർ'' എന്ന പദം തുടർന്നുള്ള ഭാഗത്ത് വിശദമായി ചർച്ച ചെയ്തിട്ടുണ്ട് (8:30 കാണുക). ഇവിടെ എല്ലാവരും സുവിശേഷത്താൽ വിളിക്കപ്പെട്ടു എന്നും (2 തെസ്സ. 2:14) വിളിക്കപ്പെട്ടവർ എന്ന പദംകൊണ്ട് സുവിശേഷത്തിനോട് അനുകൂലമായി പ്രതികരിച്ചവരെയാണ് ഉദ്ദേശിക്കുന്നതെന്നും നാം മനസ്സിലാക്കുക. ദൈവവി ളിയ്ക്കു *അനുകൂല മറുപടി പറഞ്ഞവർ* എന്നു സാരം.

ഒരു പക്ഷെ ഈ ഭാഗത്തെ ഏറ്റവും സവിശേഷമായ വാക്യാംശം ''നിർണ്ണയപ്രകാരം'' എന്നതാണ്. – നിർണ്ണയപ്രകാരം വിളിക്കപ്പെട്ടവർ– ദൈവ ത്തിന് ഒരു പദ്ധതിയും ഉദ്ദേശ്യവും ഉണ്ട്. എഫെസൊസിലെ ക്രിസ്ത്യാനി കൾക്ക് എഴുതുമ്പോൾ അവൻ നമ്മുടെ കർത്താവായ യേശുക്രിസ്തുവിൽ ന ിവർത്തിച്ച അനാദി നിർണ്ണയത്തെക്കുറിച്ചും (എഫേ. 3:11) തിമൊഥെയോസിന് എഴുതുമ്പോൾ ''അവർ നമ്മെ രക്ഷിക്കയും ... തന്റെ സ്വന്തനിർണ്ണയത്തിന ും കൃപയ്ക്കും ഒത്തവണ്ണമത്രെ'' (2 തിമൊ. 1:9) എന്നും പറഞ്ഞിരിക്കുന്നു. ''പർപ്പസ്'' (ഉദ്ദേശ്യം) എന്ന വാക്കു വന്നിരിക്കുന്നത് ''പ്രൊതേസിസ്'' πρόθεσις (*prothesis*) എന്ന വാക്കിൽ നിന്നാണ്. അതു രണ്ടുവാക്കുകൾ πρό (*pro,* "മുമ്പേയുള്ളത്") എന്ന വാക്കും θεσις(*thesis,* "ഉണ്ടായിരുന്നത്") എന്ന വാക്കും ചേർന്നുണ്ടായതാണ്. യേശുക്രിസ്തുവിനെ ഈ ലോകത്തിലേക്ക് അയച്ച് മനുഷ്യരാശിയെ വീണ്ടെടുക്കുക എന്ന ദൈവീക മുൻനിർണ്ണയത്തെ കാണിക്കാൻ ''*പ്രൊതെസിസ്*'' എന്ന വാക്കാണ് ഉപയോഗിച്ചിരിക്കുന്നത്. ദൈവത്തിന്റെ മുന്നമേയുള്ള പദ്ധതിയെ മാത്രമല്ല അതു നടപ്പിലാക്കുവാന ുള്ള അവന്റെ സ്ഥിരോദ്ദേശത്തേയും ഈ വാക്ക് കുറിക്കുന്നു. ദൈവത്തിന്റെ പദ്ധതി അല്ലെങ്കിൽ ഉദ്ദേശ്യം അതാണ് അടുത്ത രണ്ടു വാക്യങ്ങളുടെ കേന്ദ്ര ആശയം.

**വാക്യങ്ങൾ 29, 30**. 28–ാം വാക്യത്തിലെ, ദൈവത്തിന്റെ ഉദ്ദേശത്തെക്കു റിച്ചുള്ള സൂചന 29, 30 വാക്യങ്ങളിൽ അതിന്റെ ഒരു രൂപരേഖ തരുവാൻ അവനെ പ്രേരിപ്പിച്ചു. സ്റ്റോട്ട് എഴുതിയിരിക്കുന്നതിങ്ങനെയാണ്,

> ഈ വാക്യങ്ങളിലും അതിനോടു ചേർന്നുള്ളവയിലും പൗലൊസ് തന്റെ പരിശുദ്ധാത്മ നിയന്ത്രിതമായ മനസ്സിലൂടെ ദൈവത്തിന്റെ ലോക സ്ഥാപനം മുതൽ ലോകാന്ത്യംവരെയുള്ള പദ്ധതിയെയും ഉദ്ദേശത്തെയും ദൈവത്തിന്റെ മുന്നറിവിനെയും മുൻനിശ്ചയത്തെയും വേർപിരിക്കുവാൻ സാധിക്കാത്ത തന്റെ സ്നേഹത്തെയും വീക്ഷിക്കുന്നു.[122]

റോമ. 8:29, 30 മനസ്സിലാക്കുവാൻ ബുദ്ധിമുട്ടുള്ള ഭാഗമായി കണക്കാ ക്കുന്നു.[123] റോമാ ലേഖനത്തിലെ ഈ രണ്ടു വാക്യങ്ങൾ ചില ദൈവശാസ്ത്ര ചർച്ചകളുടെയും കേന്ദ്രബിന്ദുവായി തീർന്നിട്ടുണ്ട് (റോമ. 8:28–30).[124] അല്ലാതെ ഇത്ര അധികം വിവാദചർച്ചകൾക്കു നിദാനമായ വേറൊരു പുതിയ നിയമഭാഗം ഉണ്ടാവില്ല എന്ന് മോസസ് ഇ. ലാർഡ് എന്ന എഴുത്തുകാരൻ പറയുന്നു. ''കാൽവനിസ്റ്റുകളുടെ വിശ്വാസ സംഹിതയാണ് ഈ രണ്ടു (29, 30) വേദവാ ക്യങ്ങൾ എന്നും അദ്ദേഹം പറയുന്നു.''[125] ഈ ഭാഗത്തെ അടിസ്ഥാനമാക്കി ജോൺ കാൽവിന്റെ[126] വിശ്വാസ സിദ്ധാന്തങ്ങൾ താഴെ പറയുന്നു:

താൻ രക്ഷിപ്പാനിരിക്കുന്നവരെ ദൈവം മുന്നറിഞ്ഞിരിക്കുന്നു.

മുൻ നിയമിച്ചവരെ (മുൻ തീരുമാനം) രക്ഷിക്കുന്നു. അത് അവരുടെ യോഗ്യതകൊണ്ടല്ല മറിച്ച് ദൈവഹിതത്തിന്റെ ഒരു പ്രകടനമായാണ്.
താൻ രക്ഷിപ്പാനായി മുൻ നിയമിച്ചവരെ അവൻ പരിശുദ്ധാത്മാവിന്റെ നേരിട്ടുള്ളതും തടുത്തുകൂടാത്തതുമായ പ്രവർത്തനത്താൽ വിളിക്കുകയും ചെയ്യുന്നു. ഇത് അവരെ ആത്മീകമായി ഉണർത്തുകയും വിശ്വാസത്തിലേക്കു വരുത്തുകയും ചെയ്യുന്നു.
വിളിച്ചവരെ നീതീകരിച്ചിരിക്കുന്നു.
രക്ഷപ്പെടുവാൻ അവർക്കു ചെയ്യുവാൻ കഴിയാതിരുന്നതുപോലെ നഷ്ടമായിപോകുവാനും അവർക്കൊന്നും ചെയ്യുവാൻ കഴിയില്ല. അങ്ങനെ സംശയാതീതമായി ഒരു നാൾ ദൈവം അവരെ സ്വർഗ്ഗത്തിന് തേജസ്ക്കരിക്കുകയും ചെയ്യും.

ഈ വിശ്വാസ സംഹിതയും റോമ. 8:29, 30 വാക്യങ്ങളും താരതമ്യപ്പെടുത്തുമ്പോൾ, ഈ ഭാഗം കാൽവിനിസ്റ്റുകൾക്കു പ്രിയമായിരിക്കുന്നതെന്തുകൊണ്ട് എന്നു കാണാം. അതേ സമയം സൂക്ഷ്മമായ ഒരു താരതമ്യ പഠനം നടത്തിയാൽ രണ്ടു സത്യങ്ങൾ വെളിവാകും. ഒന്നാമതായി കാൽവിനിസ്റ്റുകൾ വായിക്കുന്നതുപോലെ - ആഗ്രഹിക്കുന്നതുപോലെ - അല്ല ഈ ഭാഗം വായിക്കുന്നത്. രണ്ടാമതായി, അവരുടെ ദൈവശാസ്ത്രത്തെ അവൻ ഈ ഭാഗത്ത് *കൂട്ടിവായിക്കുക*യാണു ചെയ്യുന്നത്.

ഇത്തരുണത്തിൽ ബാർക്ലെയുടെ നിരൂപണം ശ്രദ്ധേയമാണ്. ‘‘വളരെയധികം ദുർവ്യാഖ്യാനം ചെയ്യപ്പെട്ട ഒരു ഭാഗമാണിത്. ഈ ഭാഗം ശരിയായി മനസ്സിലാക്കണമെങ്കിൽ ഒരു കാര്യം നാം ഓർമ്മിക്കണം. പൗലൊസ് ഈ ഭാഗത്തെ ഒരിക്കലും ഒരു ദൈവശാസ്ത്രതത്വമായോ തത്വജ്ഞാനമായോ കണ്ടിരുന്നില്ല.’’[127] 8:29, 30-ൽ പൗലൊസ് തുടരുന്നു, ദൈവം സകലവും നന്മെക്കായി കൂടി വ്യാപരിപ്പിക്കുന്നു എന്ന സത്യത്തെ ക്രിസ്ത്യാനികൾക്കു ഉറപ്പിച്ചു പറഞ്ഞുകൊടുക്കുക മാത്രമായിരുന്നു തന്റെ ലക്ഷ്യം (8:28). ആ ഉറപ്പ് നമുക്ക് ഈ രീതിയിൽ സംഗ്രഹിക്കാം:

ദൈവത്തിന് ഒരു പദ്ധതിയുണ്ട്.
ഈ ലോകം എത്ര തന്നെ കലുഷിതമാണെന്ന് തോന്നിയാലും അവന്റെ പദ്ധതി നടന്നുകൊണ്ടിരിക്കുന്നു. അത് മാറിപ്പോകുകയില്ല. ഒന്നിനും അതിനെ നശിപ്പിക്കുവാനും കഴിയില്ല. അതിനെ അവൻ നടത്തിയിരിക്കും അവൻ അതിനെ നിവർത്തിക്കും.
അങ്ങനെ, പൗലൊസിന്റെ ലേഖനം വായിക്കുന്നവർ തങ്ങളെതന്നെ ആ പദ്ധതിയുടെ ഭാഗമാക്കിയാൽ, അവർ ജയാളികളായിത്തീരും (8:37).

ഈ ഉറപ്പായിരുന്നു ആദിമ സഭയിലെ വിശ്വാസികൾക്ക് ആവശ്യമായിരുന്നത്. ഇന്ന് നമുക്കും ആവശ്യമായിരിക്കുന്നത് ഈ ഉറപ്പാണ്.

എന്നിരുന്നാലും എന്തുകൊണ്ടാണ് റോമ. 8:29, 30-ൽ പൗലൊസ് ഈ വാക്കുകൾ ഉപയോഗിച്ചതെന്ന് നമുക്കു പിന്നെയും സംശയം ബാക്കിയാകാം. ഈ ഭാഗം നമുക്ക് ദൈവം ഭൂതകാലത്തിൽ എന്തുചെയ്തു? ഇപ്പോൾ അവൻ എന്തു ചെയ്യുന്നു, ഇനി ഭാവിയിൽ അവൻ എന്തു ചെയ്യാൻ പോകുന്നു എന്ന് മൂന്നു ഭാഗങ്ങളായി തിരിച്ച് സൂക്ഷ്മമായി നമുക്കു പഠിക്കാം.

ദൈവം പണ്ടുപണ്ട് എന്തുചെയ്തു എന്നത് ഒന്നാമതായി ഈ ഭാഗം (8:29) പറയുന്നു. ''**അവൻ** (ദൈവം) **മുന്നറിഞ്ഞവരെ**'' എന്നാണ് ഈ ഭാഗം തുടങ്ങുന്നത്. മുന്നറിയുക എന്ന വാക്ക് ''പ്രൊജിനോസ്കൊ προγινώσκω (*proginōskō*) എന്ന വാക്കിൽ നിന്നു വന്നതാണ്. ഇത് γινώσκω (*ginōskō*) എന്ന സാമാന്യ ഗ്രീക്കു വാക്കും (അറിയുക) അതിനോട് ചേർന്ന് πρό (*pro*) (മുൻപേ) എന്നൊരു വാക്കും ചേർന്നുണ്ടായതാണ്. ദൈവത്തിന്റെ മുന്നറിവ് എന്നത് മനുഷ്യമനസ്സിന് പൂർണ്ണമായി മനസ്സിലാക്കാൻ പ്രയാസമായ ആഴമറ്റ ഒരു രഹസ്യമാണ്. നമ്മുടെ സ്വാതന്ത്ര്യത്തിലേക്കു കടന്നു കയറാതെ ഹനിക്കാതെ എങ്ങനെ ഞാൻ ചെയ്യാനിരിക്കുന്ന കാര്യങ്ങളെക്കുറിച്ച് ദൈവത്തിന് മുന്നറിയാം എന്നത് പലർക്കും മനസ്സിലാക്കാൻ ബുദ്ധിമുട്ടാണ്. ''ഞാൻ ചെയ്യാനിരിക്കുന്നതിനെപ്പറ്റി ദൈവത്തിനു മുന്നറിവ് ഉണ്ടെങ്കിൽ എനിക്കതിൽ എന്തു തീരുമാനശക്തിയാണുള്ളത്?'' പരസ്പര വിരുദ്ധമെന്നു തോന്നുന്ന ഈ രണ്ടു കാര്യങ്ങളെ സമന്വയിപ്പിക്കാൻ പൗലൊസ് ശ്രമിക്കുന്നില്ല.

പൗലൊസ് മനുഷ്യന്റെ ഇച്ഛാശക്തിയിൽ തിരഞ്ഞെടുക്കുവാനുള്ള അവന്റെ അധികാരത്തിൽ/സ്വാതന്ത്ര്യത്തിൽ വിശ്വാസം ഉള്ള ആളാണ്. റോമാലേഖനത്തിൽ പൗലൊസ് തന്റെ വായനക്കാർക്ക് തിരഞ്ഞെടുക്കുവാനുള്ളത് ചെയ്യുവാനോ ചെയ്യാതിരിക്കുവാനോ ഉള്ള ഇച്ഛാശക്തി ഉപയോഗിച്ചുകൊണ്ട് വിശ്വസിക്കുവാൻ പറയുന്നു. റോമാലേഖനത്തിലുടനീളം, താൻ പിന്നീട് തിമൊഥെയോസിന് എഴുതുന്നതുപോലെ സകലമനുഷ്യരും രക്ഷ പ്രാപിപ്പാനും സത്യത്തിന്റെ പരിജ്ഞാനത്തിൽ എത്തുവാനും ദൈവം ഇച്ഛിക്കുന്നു എന്നു സൂചിപ്പിക്കുന്നു (1 തിമൊ. 2:4 പ്ര. 10:34, 35; 2 പത്രൊ. 3:9). എന്നാൽ, ഒരു വിധത്തിൽ താൻ ആരെ വിളിക്കും, നീതീകരിക്കും, മഹത്വീകരിക്കും എന്നത് ദൈവത്തിന് മുന്നേ അറിയുന്ന കാര്യമാണ് (റോമ. 8:29). ദൈവത്തിന്റെ ഈ മുന്നറിവ്, മാനുഷിക സ്വാതന്ത്ര്യത്തെയും (തെരഞ്ഞെടുക്കാനുള്ള) മാനുഷിക ചുമതലയേയും ഹനിക്കുന്നില്ല എന്നത് പൗലൊസിന് അറിയാമായിരുന്നു.

എന്നാൽ ഈ രണ്ടു വേദപുസ്തക സത്യങ്ങളെ സമന്വയിപ്പിക്കാനുള്ള ഒരു ആഗ്രഹം നമ്മിൽ പലർക്കും ഉണ്ട്. അതിന്റെ ഒരു സാദ്ധ്യതയായി പറയുന്നത്, ദൈവം വ്യക്തികളെയല്ല ഒരു കൂട്ട (സമൂഹം) ത്തെയാണ് മുന്നറിഞ്ഞത് - രക്ഷപ്പെടുന്ന ഒരു കൂട്ടം, നശിച്ചുപോകുന്ന ഒരു കൂട്ടം. ഏതു കൂട്ടത്തിൽ (സമൂഹത്തിൽ) താൻ ഉൾപ്പെടണം എന്നത് ഓരോ വ്യക്തിയുമാണ് തീരുമാനിക്കേണ്ടത്. ജിമ്മി അലൻ, അതിനെക്കുറിച്ച് ഇങ്ങനെ പറഞ്ഞിരിക്കുന്നു. ''തന്റെ മക്കൾ അനുസരണം ഉള്ളവരായിരിക്കും എന്ന് ദൈവം മുൻനിശ്ചയിച്ചിട്ടില്ല. മറിച്ച് അനുസരിക്കുന്നവർ തന്റെ മക്കളായിത്തീരും'' എന്നാണ്.[128]

ഈ സമീപനം 30-ാം വാക്യത്തിലെ ''വിളിച്ചു'' എന്ന വാക്കിനെ ചുറ്റിപ്പറ്റിയാണ്. ''**അവൻ മുന്നറിഞ്ഞവരെ വിളിച്ചും വിളിച്ചവരെ** ...'' (30) വിളിക്കുക എന്ന വാക്ക് καλέω (*kaleo*–"വിളിക്കുക") എന്ന പദത്തിൽ നിന്നും വന്നിരിക്കുന്നു. കൊലോസ്യയിലെ വിശ്വാസികളോട് ''നിങ്ങളെ ഏക ശരീരമായി വിളിച്ചിരിക്കുന്നു'' (കൊലൊ. 3:15) എന്നു പറയുന്നു. ഈ ശരീരം സഭയാണ് (കൊലോ 1:18). സഭ എന്ന പദം, ἐκκλησία (*ekklēsia*) യുടെ അർത്ഥം καλέω (*kaleo*–"വിളിക്കുക") ἐκ (*ek,*"പുറത്തേക്ക്") എന്നാണ്. എഫേസ്യർക്കു എഴുതുമ്പോൾ (1 പത്രൊ. 2:9) പൗലൊസ് പറയുന്നു. സഭ ദൈവത്തിന്റെ നിത്യമായ പദ്ധതിയിൽ ഉൾപ്പെട്ടതാണ് (എഫെ. 3:10, 11, 21). ഇതിൽ നിന്നും നമുക്ക് അനുമാനിക്കാവുന്നത് ദൈവം മുന്നറിഞ്ഞത്, രക്ഷപ്പെട്ടവരുടെ ഒരു സമൂഹം -

വിളിച്ചിറക്കപ്പെട്ടവരുടെ ഒരു കൂട്ടം - അതായത് സഭ ഉണ്ടാക്കുന്നതിനെയാണ്; ഈ സമൂഹത്തിലെ - സഭയിലെ അംഗമാക്കുന്നതും അല്ലാത്തതും ഓരോ വ്യക്തിയുടെയും തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ്.

"അറിയുക" (*ginōskō*) - എന്ന വാക്ക് പരസ്പര ബന്ധത്തെ - അറിയുന്ന വ്യക്തിയും അറിയപ്പെടുന്ന വസ്തുവും തമ്മിലുള്ള ബന്ധത്തെ സൂചിപ്പിക്കുന്നു.[129] റോമ. 8:29-ൽ അആ ഇതിനെക്കുറിച്ച് സൂചിപ്പിക്കുന്നത് "ദൈവം മുന്നറിഞ്ഞവരെ-അവൻ മുന്നമെ അറിഞ്ഞിരുന്നവരും സ്നേഹിച്ചവരുമായവരെ" എന്ന വാക്യംശത്തോടെയാണ് "മുന്നറിഞ്ഞു" എന്ന വാക്കിൽ ഊന്നൽ കൊടുത്തിരിക്കുന്നത്, മുന്നറിഞ്ഞവർ എന്നതിനേക്കാൾ ദൈവം എന്തു ചെയ്യാനുദ്ദേശിക്കുന്നു എന്നതിനാണ്.

ഈ സമീപനം മൂലവാക്യത്തോട് (പ്രസ്തുത ഭാഗത്തോട്) നീതി പുലർത്തുന്നതും, വേദപുസ്തകത്തിന്റെ ഇതര ഭാഗങ്ങളിലുള്ള പഠിപ്പിക്കലുകളോട് ചേർന്ന് പോകുന്നതും മിക്ക ആളുകൾക്കും മനസ്സിലാകുന്നതുമാണ്. അതേസമയം ദൈവം, ആരെല്ലാം സുവിശേഷം സ്വീകരിയ്ക്കും ആരെല്ലാം നിരസിയ്ക്കും എന്ന് മുന്നമെ അറിയുന്നതിന്റെ പ്രയോജനം എന്തെന്നുള്ള ചോദ്യത്തിന് വില കാണും. നാം ദൈവം സർവ്വജ്ഞാനിയാണെന്ന് വിശ്വസിക്കുന്നു എങ്കിൽ ദൈവത്തിന് അതീവ താല്പര്യമുണ്ടെങ്കിൽ അറിയുവാൻ കഴിയും (പ്രവൃ. 18:10).

വ്യക്തികളുടെ ഇച്ഛാസ്വാതന്ത്ര്യത്തിൽ ഇടപെടാതെ അങ്ങനെയുള്ള കാര്യങ്ങൾ അറിയുവാൻ ദൈവത്തിന് കഴിയുമോ എന്നതാണ് ചിലരുടെ ചോദ്യങ്ങൾ. ദൈവത്തിന്റെ മുന്നറിവിനെപറ്റി നമുക്ക് മനസ്സിലാകാത്ത പല കാര്യങ്ങളുണ്ട്. എന്നാൽ മുൻപറഞ്ഞ ചോദ്യത്തിനുത്തരം "അതെ" എന്നാണ്. ഒരു സംഭവത്തെക്കുറിച്ച് അതു സംഭവിച്ചാലുടൻ അതിൽ ഉൾപ്പെട്ട വ്യക്തിയുടെ സ്വാതന്ത്ര്യത്തിൽ കൈ കടത്താതെ നമുക്ക് അറിയുവാൻ കഴിയുന്നതുപോലെ ദൈവത്തിന് ഒരു സംഗതിയെക്കുറിച്ച് അതു സംഭവിക്കുന്നതിനു *മുൻപ്* ദൈവത്തിന് ഒരു വ്യക്തിയുടെ സ്വാതന്ത്ര്യത്തിൽ കൈകടത്താതെ അതിനെക്കുറിച്ച് അറിയുവാൻ കഴിയും.

ദൈവത്തിന്റെ മുന്നറിവിനെക്കുറിച്ചുള്ള പല കാര്യങ്ങളും നാം ഒരിക്കലും മനസ്സിലാക്കുകയില്ല. എങ്കിലും ദൈവത്തിന്റെ മുന്നറിവിനെക്കുറിച്ച് ചില അതിശയകരമായ കാര്യങ്ങൾ നമുക്കറിയുവാൻ സാധിയ്ക്കും. മനുഷ്യനെ സൃഷ്ടിക്കുന്നതിനു മുമ്പുതന്നെ ദൈവം ഭാവിയിലേക്കു നോക്കി. ദൈവം മനുഷ്യന്റെ പാപത്തിലേക്കുള്ള വീഴ്ച്ച കണ്ടിട്ട് മനുഷ്യനെ വീണ്ടെടുപ്പിന് പദ്ധതി ഒരുക്കി. അതിന്റെ കേന്ദ്രവസ്തുതകളാണ് ക്രിസ്തുവിന്റെ ക്രൂശീകരണം, മഹത്വീകരണം, സഭയുടെ സ്ഥാപനം എന്നിവ (പ്രവ. 2:23, 24, 36; എഫെ. 3:10, 11, 21). നമുക്ക് അത് കൂടുതൽ വ്യക്തിപരമായി ചിന്തിക്കാം: ദൈവം നമ്മെയും നമ്മുടെ ആവശ്യങ്ങളെയും അറിഞ്ഞ് അതിന് വേണ്ടതു ചെയ്തു. ദൈവത്തിന്റെ മുന്നറിവിനായി സ്തോത്രം ചെയ്യാം!

ഈ വാക്യങ്ങളിൽ നാം മുന്നോട്ടു പോകുമ്പോൾ ദൈവത്തിന്റെ മുന്നറിവിനെക്കുറിച്ച് ദൈവത്തിന്റെ ലക്ഷ്യം എന്തായിരുന്നു. പൗലൊസ് പറയുന്നത് "**അവൻ മുന്നറിഞ്ഞവരെ അവൻ തന്റെ സ്വരൂപത്തോട് അനുരൂപരാക്കുവാൻ മുന്നിയമിച്ചിരിക്കുന്നു**" [εἰκών, *eikōn*] എന്നാണ്. "മുൻനിർണ്ണയിച്ചിരിക്കുന്നു" എന്ന പദം προορίζω (*proorizō*) എന്ന വാക്കിൽ നിന്നും തർജ്ജമ ചെയ്യപ്പെട്ടതാണ്. πρό (*pro*), ὁρίζω (*horizō*) എന്ന രണ്ടുവാക്കുകൾ ചേർന്നതാണ് ὁρίζω

(*horizō*) എന്നാൽ ഒരു അതിർ വയ്ക്കുക എന്ന അർത്ഥമാണ്.[130] അഥവാ നിശ്ചയിക്കുക, ചേരുമ്പോൾ മുൻനിർണ്ണയിക്കുക എന്നർത്ഥമാകും. അനുരൂപരാക്കുക എന്നത് σύμμορφος (*summorphos*) ൽ നിന്നും σύν (*sun*) എന്നതും μορφή (*morphē*) എന്നതും ചേരുമ്പോൾ ഒരാൾക്ക് മറ്റേ ആളിന്റെ അതേ രൂപമാണെന്നുള്ള അർത്ഥം വരുന്നു. യുഗങ്ങളായി ദൈവത്തിന്റെ ഉദ്ദേശം യേശുവിന്റെ അതേ രൂപമുള്ള ഒരു കൂട്ടം ജനങ്ങളെ സൃഷ്ടിക്കുക എന്നതാണ്.

മനുഷ്യത്വം ദൈവസ്വരൂപത്തിലാണ് സൃഷ്ടിക്കപ്പെട്ടത് (ഉല്പത്തി. 1:26); എന്നാൽ പാപം പ്രവേശിച്ചതുമൂലം അതൊരു തകർന്ന രൂപമായി. വികൃത രൂപമായി. അപ്പോൾ യേശു ഈ ലോകത്തിലേക്കുവന്നു. യേശു അദൃശനായ ദൈവത്തിന്റെ പ്രതിരൂപമായിരുന്നു (കൊലൊ. 1:15; 2 കൊരി. 4:4). ദൈവത്തിന്റെ സ്വഭാവത്തിന്റെ തനിരൂപം ആയിരുന്നു ഇപ്പോൾ എല്ലാ ക്രിസ്ത്യാനികളുടെയും നേരെയുള്ള വെല്ലുവിളി യേശുവിനെ പോലെയാകുക എന്നുള്ളതാണ് (ഫിലിപ്പിയർ. 2:5; 1 പത്രൊ. 2:21; എഫെ. 1:4). ഫിലിപ്സ് തർജ്ജമയിൽ പറയുന്നത് ദൈവത്തിന്റെ പുത്രന്റെ കുടുംബഛായ ഉണ്ടാകേണ്ടതിന് അവരെ തെരഞ്ഞെടുത്തു. അതിന്റെ പ്രവർത്തനം ഈ ജീവിതത്തിൽ തുടങ്ങുകയും ക്രിസ്തുവിന്റെ രണ്ടാം വരവിങ്കൽ ഉച്ചസ്ഥായിയിലെത്തുകയും ചെയ്യും. 2 കൊരി. 3:18-ൽ പൗലൊസ് പറയുന്നത് "മൂടുപടം നീങ്ങിയ മുഖത്ത് കർത്താവിന്റെ തേജസ്സിനെ കണ്ണാടിപോലെ പ്രതിബിംബിക്കുന്നവരായി നാം എല്ലാവരും തേജസ്സിന്മേൽ തേജസ്സു പ്രാപിച്ച് അതേ പ്രതിമയായി രൂപാന്തരപ്പെടും." യോഹന്നാൻ പറഞ്ഞു "അവൻ പ്രത്യക്ഷനാകുമ്പോൾ നാം അവനെ താൻ ഇരിക്കുമ്പോലെ തന്നെ കാണുന്നതാകകൊണ്ട് അവനോടു സദൃശന്മാരാകും" (1 യോഹ. 3:2).

വാക്യം ഇങ്ങനെ തുടരുന്നു. "**തന്റെ പുത്രൻ അനേകം പുത്രന്മാരിൽ ആദ്യജാതനാകേണ്ടതാണ്.**"[131] "ആദ്യജാതൻ" എന്നത് πρωτότοκος (*prōtotokos*) എന്ന ഗ്രീക്കുപദത്തിൽ നിന്നാണ്. πρωτό (*prōtos,* "ആദ്യം") τοκος (*tikto,* "ഉണ്ടായത്"). വേദപുസ്തകകാലത്ത് ആദ്യജാതന് വളരെ അനുകൂലായ ഒരു സാഹചര്യം ഉണ്ടായിരുന്നു[132]. ആദ്യം ജനിച്ചവനായതുകൊണ്ടുമാത്രമല്ല പ്രാധാന്യത്തിലും ഒന്നാമതായിരുന്നു. അതുകൊണ്ട്  യിൽ ക്രിസ്തു അനേകം സഹോദരന്മാരിൽ ഒന്നാമനും ഏറ്റവും അധികം ആദരിയ്ക്കപ്പെടുന്നവനും ആയിരിക്കും എന്നർത്ഥം.

ദൈവത്തിന്റെ നിത്യമായ പദ്ധതിയിൽ ദൈവം യേശുവിനെ ഒരു വലിയ ആത്മീയ കുടുംബത്തിന്റെ മുന്നോടിയാക്കി. ആ ഭവനത്തിൽ (1 തിമൊ. 3:15 സഭ എന്ന) ദൈവം പിതാവ് യേശു നമ്മുടെ "ജ്യേഷ്ഠസഹോദരൻ." നാം എല്ലാവരും സഹോദര സഹോദരിമാർ. എത്ര വലിയ അത്ഭുതമാണ് "യേശു നമ്മെ സഹോദര സഹോദരിമാർ എന്നു വിളിക്കപ്പെടുവാൻ ലജ്ജിയ്ക്കുന്നില്ല" എന്നുള്ളത് (എബ്രാ. 2:11).

ആദാമിനെയും ഹവ്വായേയും സൃഷ്ടിക്കുന്നതിനു മുമ്പായി ഇതായിരുന്നു ദൈവം പ്ലാൻ ചെയ്തിരുന്നത്. അവൻ എങ്ങിനെയാണ് ഈ കാര്യം പ്രവർത്തിപഥത്തിലാക്കിയത്. ഇപ്പോൾ അവൻ എന്താണു ചെയ്യുന്നത്? പൗലൊസ് പറഞ്ഞു, "അവൻ മുന്നറിഞ്ഞവരെ വിളിച്ചും" വേറൊരിടത്ത് പൗലൊസ് പറയുന്നു. "നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ കൂട്ടായ്മയിലേക്ക് നമ്മെ വിളിച്ചിരിക്കുന്നു" (1 കൊരി. 1:9). വിളിയ്ക്കുക എന്ന വാക്കിനെ നാം നേരത്തെ ചർച്ചചെയ്തതാണ് ചില കാര്യങ്ങൾ കൂടി പറയേ

ണ്ടത് ആവശ്യമാണ്.

എല്ലാവരെയും ദൈവം വിളിച്ചിരിക്കുന്നു എന്ന് ഒരർത്ഥത്തിൽ പറയാം. ''അദ്ധ്വാനിക്കുന്നവരും ഭാരപ്പെടുന്നവരും ആയുള്ളോരെ നിങ്ങൾ എല്ലാവരും എന്റെ അടുക്കൽ വരുവീൻ എന്ന് യേശു വിളിച്ചു'' (മത്താ. 11:28). 2 തെസ്സ. 2:14-ൽ പൗലൊസ് പറഞ്ഞു, ''ഞങ്ങളുടെ സുവിശേഷഘോഷണത്താൽ നിങ്ങളെ രക്ഷയ്ക്കു വിളിച്ചത്'' സുവിശേഷം സകല ജനത്തിനും ഉളളതാണ് (മർക്കൊ. 16:15). സങ്കടകരമെന്നു പറയട്ടെ, സുവിശേഷം കേൾക്കുന്ന എല്ലാവരും സുവിശേഷത്തോട് അനുകൂലമായി പ്രതികരിക്കുന്നില്ല (10:16, 17). അതുകൊണ്ട് വിളിയ്ക്കപ്പെട്ടവർ എന്നത് വിളിയോട് പ്രതികരിച്ചവർ എന്ന അർത്ഥമാണ് തരുന്നത്. വിശ്വാസത്താലും അനുസരണത്താലും സുവിശേഷത്തിന്റെ വിളിയോടു പ്രതികരിച്ചവരെയാണ് ഉദ്ദേശിക്കുന്നത് (1:6; 1 കൊരി. 1:24; യൂദ 1; വെളി. 17:14).

ഇന്നും ദൈവം ജനങ്ങളെ സുവിശേഷത്തിൽകൂടി വിളിക്കുന്നുണ്ട്? സുവിശേഷം സർവ്വജനത്തിനുമുള്ളതാണ്. അവൻ എന്തുകൂടെ ചെയ്യുന്നു, ഇങ്ങനെ നാം വായിക്കുന്നു, **അവൻ വിളിച്ചവരെ** (വിശ്വാസത്തോടെ പ്രതികരിച്ചവരെ) **നീതീകരിച്ചും** എന്ന്. ''നീതീകരിച്ചു'' എന്നത് റോമാലേഖനത്തിലെ ഒരു സാധാരണ കാണുന്ന പ്രയോഗമാണ്. ഏകദേശം ഈ ലേഖനത്തിന്റെ പകുതിഭാഗത്തോളം ദൈവം പാപികളെ നീതീകരിയ്ക്കുന്നതിന്റെ അടിസ്ഥാനത്തെക്കുറിച്ച് പ്രതിപാദിയ്ക്കുന്നതാണല്ലോ. യേശുവിന്റെ ക്രൂശുമുഖാന്തരം വിശ്വസിക്കുന്നവരായ നമ്മെ നീതിമാന്മാരെന്ന് ദൈവം കണക്കാക്കുന്നു (എണ്ണുന്നു).

29, 30 വാക്യങ്ങളിൽ പൗലൊസ് ഒരു ദൈവീക പ്രവർത്തനങ്ങളുടെ തുടർച്ചയെ ഒരു മാലപോലെ വിവരിക്കുന്നു. ആദ്യത്തേതു നാലും നാം നോക്കി. മുന്നറിവ് മുൻനിർണ്ണയം വിളി, നീതീകരണം ഈ മാലയിലെ അവസാനത്തെ കണ്ണി നാം കാണുവാൻ ഒരുങ്ങുന്നു. **നീതീകരിച്ചവരെ മഹത്വീകരിച്ചും ഇരിക്കുന്നു.** ''മഹത്വീകരിച്ചിരിയ്ക്കുന്നു'' എന്നത് ഭൂതകാലത്തിലാണ് (ഗ്രീക്കിൽ മീൃശേ ലേിലെ). തേജസ്സ്വിയായ ദൈവത്തിന്റെ മക്കൾ എന്ന പദവി നാം ഇപ്പോൾ അനുഭവിക്കുന്നതുകൊണ്ട് ആകാം (2 കൊരി. 3:18; 1 പത്രൊ. 1:8). എങ്ങനെയായാലും പൗലൊസ് ചിന്തിച്ചത് ക്രിസ്തു തിരികെ വരുമ്പോൾ നമുക്കു വെളിപ്പെടുന്ന മഹത്വത്തെക്കുറിച്ചാണ് (8:18; 8:17, 21). അങ്ങനെ പൗലൊസ് കൊലോസ്സ്യർക്കെഴുതി. നമ്മുടെ ജീവനായ ക്രിസ്തു വെളിപ്പെടുമ്പോൾ നാം അവനോടുകൂടെ തേജസ്സിൽ വെളിപ്പെടും (കൊലൊ. 3:4; 1 പത്രൊസ് 1:7). ഭാവിയിൽ സംഭവിക്കുന്ന കാര്യത്തെക്കുറിച്ചായിരുന്നെങ്കിൽ പൗലൊസ് എന്തുകൊണ്ടാണ് ഭൂതകാലം ഉപയോഗിച്ചത് എന്നു വച്ചാൽ താൻ നിവൃത്തിയാകുമെന്ന് പൂർണ്ണ നിശ്ചയമുള്ള സംഭവത്തെ നടത്തുന്നതുപോലെ വിവരിയ്ക്കുകയായിരുന്നിരിക്കാം.[133]

നീതീകരിയ്ക്കപ്പെട്ട എല്ലാവരും നിത്യമായി മഹത്വീകരിയ്ക്കപ്പെടുമെന്നു പറയുകയായിരുന്നോ? (ഒരുത്തർക്കും നശിച്ചു പോകാൻ സാധ്യതയില്ലാതെ) അല്ല ശക്തീകരിച്ചു പറഞ്ഞത് ദൈവത്തിന് ഒരു പദ്ധതിയുണ്ട്, നിത്യമായ ഒരു പദ്ധതി. അതു നടക്കുകതന്നെ ചെയ്യും. വ്യക്തികൾ എന്ന നിലയ്ക്ക് നമുക്ക് ആ പദ്ധതിയുടെ ഭാഗമാകാം, ഭാഗമാകാതെയിരിക്കാം. നമുക്ക് ദൈവത്തിന്റെ വിളി കേൾക്കാം; അല്ലെങ്കിൽ കേട്ടില്ലെന്നു നടിക്കാം.

> നമുക്ക് വിശ്വാസത്താൽ നീതീകരിയ്ക്കപ്പെടാം. അല്ലെങ്കിൽ വീണ്ടെടുക്കപ്പെടാതെ ജീവിക്കാം. ഒരിയ്ക്കൽ നീതീകരിക്കപ്പെട്ടാൽ നമുക്ക് ആത്മാവിനെ അനുസരിച്ച് നടക്കാം. ഒരു ദിവസം മഹത്വീകരിയ്ക്കപ്പെടാം അല്ലെങ്കിൽ ജഡത്തെ അനുസരിച്ച് ജീവിച്ച് നഷ്ടപ്പെട്ടു പോകാം, വ്യക്തികളായി പോകാം (8:13).

നാം ദൈവത്തിന്റെ പദ്ധതിയോടു ചേർന്ന് നടന്നാലും നടന്നില്ലെങ്കിലും അതു ദൈവത്തിന്റെ പദ്ധതി നിവൃത്തിയാകുന്നതിനെ ബാധിക്കുകയില്ല. ദൈവീക പദ്ധതി ആരുടെയും മനോരഥത്തെ ആശ്രയിച്ചല്ല നടപ്പാകുന്നത്. ദൈവത്തിന്റെ പ്ലാൻ നടക്കുകതന്നെ ചെയ്യും. കുറച്ചുപേർ മാത്രം പ്രതികരിച്ചാലും കൂടുതൽ പേർ പ്രതികരിച്ചാലും അതു നടക്കുകതന്നെ ചെയ്യും. ദൈവത്തിന്റെ പ്ലാനിൽ ഒരു മാറ്റവും വരാതെവണ്ണം ഉറപ്പിച്ചതാണ്. നിശ്ചയവുമാണ്. മാറ്റം മറിച്ചിലുകളും ഇളക്കപ്പെരുക്കവുമുള്ള ഈ ലോകത്തിൽ അത് വലിയൊരു ആശ്വാസമാണ്. ഈ അഖിലാണ്ഡത്തിന് അർത്ഥവും ഉദ്ദേശവുമുള്ളതാണ്. എല്ലാ ജീവിതങ്ങളും ദൈവീകമായ വിജയ ശ്രീലാളിതമായ ഒരു അന്ത്യത്തിലേക്ക് പദ്ധതിയുടെ ഉദ്ദേശത്തിലേക്ക് മാറ്റം വരുത്താനാവാത്തവിധം പൊയ്ക്കൊണ്ടിരിക്കുകയാണ്.

നേരത്തെ സൂചിപ്പിച്ചതുപോലെ റോമർ 8:29, 30 ഏതിരഭിപ്രായങ്ങളാൽ ചുറ്റപ്പെട്ടിരിക്കുന്നു. മൂ ഇങ്ങനെ പറഞ്ഞു,

> പൗലൊസിന്റെ പ്രധാന ശക്തീകരണം ഏതെന്ന് നാം കാണാതെ പോകരുത്. ദൈവത്തിന് നമ്മുടെ മഹത്വമുള്ള ഭാവിയ്ക്കുവേണ്ടി ഒരു പ്ലാനുണ്ട്. അത് അവൻ കുറേശ്ശയായി നടപ്പാക്കിക്കൊണ്ടിരിയ്ക്കുന്നു. നാം ഇതിനെക്കുറിച്ച് വേദശാസ്ത്രപരമായ ചോദ്യങ്ങൾ ചോദിയ്ക്കുവാനായിട്ടല്ല പിന്നെയോ നമ്മിൽ നല്ല പ്രവൃത്തിയെ ആരംഭിച്ചവൻ ക്രിസ്തുവിന്റെ നാളോളം അതിനെ തികയ്ക്കുമെന്നുള്ള പൂർണ്ണനിശ്ചയത്തോടെ ഈ വാക്യം പഠിക്കുക (ഫിലി. 1:6).[134]

## ക്രിസ്തുവിന്റെ സ്നേഹത്തിൽ നിന്നു വേർപിരിവില്ല (8:31-39)

**31ഇതു സംബന്ധിച്ച് നാം എന്തു പറയേണ്ടു? ദൈവം നമുക്ക് അനുകൂ
ലമെങ്കിൽ പ്രതികൂലം ആർ? 32സ്വന്ത പുത്രനെ ആദരിക്കാതെ നമുക്കെല്ലാ
വർക്കും വേണ്ടി ഏല്പിച്ചുതന്നവൻ അവനോടുകൂടെ സർവ്വവും നമുക്കു
നൽകാതിരിക്കുമോ? 33ദൈവം തിരഞ്ഞെടുത്തവരെ ആർ കുറ്റം ചുമത്തും?
34നീതീകരിക്കുന്നവൻ ദൈവം ശിക്ഷ വിധിക്കുന്നവൻ ആർ? ക്രിസ്തുയേ
ശു മരിച്ചവൻ, അതെ മരിച്ചിട്ട് ഉയിർത്തെഴുന്നേറ്റവൻ തന്നെ. അവൻ ദൈവ
ത്തിന്റെ വലത്തുഭാഗത്തിരിക്കുകയും നമുക്കു വേണ്ടി പക്ഷവാദം കഴിക്കയും
ചെയ്യുന്നു. 35ക്രിസ്തുവിന്റെ സ്നേഹത്തിൽ നിന്നു നമ്മേ വേർപിരിക്കുന്ന
താർ? കഷ്ടതയോ, സങ്കടമോ, ഉപദ്രവമോ, പട്ടിണിയോ, നഗ്നതയോ ആപ
ത്തോ വാളോ. നിന്റെ നിമിത്തം ഞങ്ങളെ ഇടവിടാതെ കൊല്ലുന്നു. 36അറു
പ്പാനുള്ള,**

**‘‘ആടുകളെ പോലെ ഞങ്ങളെ എണ്ണുന്നു എന്ന്;**

**എഴുതിയിരിക്കുന്നുവല്ലോ.**
**[37]നാമോ നമ്മെ സ്നേഹിച്ചവൻ മുഖാന്തിരം ഇതിലൊക്കെയും പൂർണ്ണജയം പ്രാപിക്കുന്നു. [38]മരണത്തിനോ ജീവനോ ദൂതൻമാർക്കോ വാഴ്ച്ചകൾക്കോ അധികാരങ്ങൾക്കോ ഇപ്പോഴുള്ളതിനോ, വരുവാനുള്ളതിനോ [39]ഉയരത്തിനോ ആഴത്തിനോ മറ്റു യാതൊരു സൃഷ്ടിക്കോ നമ്മുടെ കർത്താവായ യേശുക്രിസ്തുവിലുള്ള ദൈവസ്നേഹത്തിൽ നിന്ന് നമ്മെ വേർപിരിപ്പാൻ കഴികയില്ല എന്നു ഞാൻ ഉറച്ചിരിക്കുന്നു.**''

റോമർക്കെഴുതിയ ലേഖനത്തിലെ ഏറ്റവും വാക്ചാതുര്യമുള്ള ഒരു ഭാഗത്തേക്കാണ് നാം വന്നെത്തിയിരിക്കുന്നത്. ഒരു പക്ഷേ ഈ ലേഖനത്തിന്റെ ഉച്ചകോടിയാണെന്ന് വേണമെങ്കിൽ പറയാം: റോമ. 8:31-39. പുതിയനിയമത്തിൽ ഉള്ള മറ്റേതൊരു ഭാഗത്തെക്കാൾ ഉയർന്ന് പരമോന്നതസ്ഥാനത്തേക്ക് അപ്പൊസ്തലൻ ഇവിടെ എത്തിച്ചേരുകായാണ്.[135] റോമർ 8ന്റെ ഈ അവസാന ഭാഗത്തേക്കുറിച്ച് മൂ പറയുന്നത് ഇത് ദൈവത്തിന് തന്റെ ജനത്തോടുള്ള നിത്യമായ പ്രതിജ്ഞയുടെ പ്രൗഢിയേറിയ ഒരു ആഘോഷമാണെന്നാണ്.[136]

എട്ടാം അദ്ധ്യായത്തിന്റെ അവസാന വാക്യങ്ങളിൽ പാപമോചനം ലഭിച്ചവർക്ക് ദൈവിക കരുതലിന്റെ മൂന്ന് ഉറപ്പുകൾ ലഭിയ്ക്കുന്നുണ്ട് (8:28). ദൈവം തന്റെ മക്കൾക്കുവേണ്ടി പ്രവർത്തിക്കുന്നു. എല്ലാ കാര്യങ്ങളും നന്മക്കായി കൂടി വ്യാപരിപ്പിക്കുന്നു. തന്നെ സ്നേഹിക്കുന്നവർക്കു വേണ്ടി അവൻ ഇതെല്ലാം ചെയ്യുന്നു. പിന്നീട് നമുക്ക് മൂന്ന് വിജയകരമായ സമാപ്തികൾ ദൈവം തന്റെ ഉദ്ദേശനിവൃത്തിക്കായി ചെയ്യുന്നത് (8:29, 30). കഴിഞ്ഞകാലത്ത് ദൈവം മുന്നറിയുകയും മുൻ നിർണ്ണയിക്കുകയും ചെയ്തു. വർത്തമാനകാലത്ത് ദൈവം വിളിയ്ക്കുകയും നീതീകരിക്കുകയും ചെയ്യുന്നു. ഭാവിയിൽ അവൻ മഹത്വീകരിക്കും. അവസാനമായി 8:31-39വരെ നമുക്ക് മറക്കാനാകാത്താ മൂന്നു ചോദ്യങ്ങൾ ഉണ്ട്. അത് ദൈവത്തിന് തന്റെ ജനത്തോടുള്ള സഹതാപത്തെക്കുറിച്ചാണ് (8:31). ദൈവം തെരഞ്ഞെടുത്തവരെ ആർ കുറ്റം ചുമത്തും? (8:33) ദൈവസ്നേഹത്തിൽ നിന്ന് നമ്മെ വർപിരിക്കുന്നതാർ? (8:35). വേറെയും ചില ചോദ്യങ്ങൾ ഈ ഭാഗത്തുണ്ട്. പക്ഷേ അത് ഈ പറയപ്പെട്ട മൂന്നു ചോദ്യങ്ങളോടു ബന്ധപ്പെട്ടതാണ്.

**വാക്യം 31.** നമ്മുടെ വാക്യം തുടങ്ങുന്നത് ''**ഇതു സംബന്ധിച്ചു നാം എന്തു പറയേണ്ടു?**'' എന്നാണ്. വേറെ വാക്കുകളിൽ പറഞ്ഞാൽ നാം ചർച്ചചെയ്തുകൊണ്ടിരിക്കുന്ന കാര്യങ്ങളെക്കുറിച്ച് എന്താണ് പറയേണ്ടത്?[137] ഉടനെയുള്ള സന്ദർഭത്തിൽ താഴെപ്പറയുന്ന വിഷയങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്. നമ്മുടെ ബലഹീനതയ്ക്കു തുണയായിട്ടുള്ള ആത്മാവിന്റെ സഹായം (8:26, 27), തന്നെ സ്നേഹിക്കുന്നവർക്കു വേണ്ടി എല്ലാ സംഭവങ്ങളെയും കൂടി വ്യാപരിപ്പിക്കുന്ന ദൈവത്തിന്റെ പ്രവർത്തികൾ (8:28). ദൈവത്തിന്റെ നിത്യമായ ഉദ്ദേശങ്ങളും പദ്ധതികളും നടപ്പാക്കുന്ന കാര്യങ്ങൾ (8:29, 30). ''ഇതെല്ലാം മനസ്സിൽ കരുതിക്കൊണ്ട് നാം എന്താണ് പറയേണ്ടത്?'' (NEB). എന്തു നിഗമനത്തിൽ നാം എത്തിച്ചേരണം?

അതിന് പൗലൊസ് മറുപടി പറയുന്നത് ഈ ലേഖനത്തിൽ പലപ്പോഴും ഉപയോഗിക്കുന്ന ഒരു സമീപന രീതിയിൽ തന്നെയാണ്. ഉത്തരം അടങ്ങിയിട്ടുള്ള ചോദ്യങ്ങൾ ചോദിച്ചുകൊണ്ട് ആണ്. അങ്ങനെയുള്ള ചോദ്യങ്ങൾക്ക് വാചകധോരണിയിലാണ് ചോദിക്കുന്നത്. മറുപടി വായ് കൊണ്ട് കൊടുക്കു

വാനുദ്ദേശിച്ചുള്ള ചോദ്യങ്ങളല്ല. വായനക്കാരുടെ മുമ്പാകെ സത്യം അവതരിപ്പിക്കുവാനും അത് ശരിയ്ക്കും അവരുടെ മനസ്സിൽ പതിയത്തക്കവണ്ണവും വായനക്കാരെ കൂടെ അതിൽ ഉൾപ്പെടുത്തുവാനും അവർ ചിന്തിക്കുവാൻ ഇടയാകത്തക്കവണ്ണം ആണെഴുതുന്നത്.

ഒന്നാമത്തെ ചോദ്യത്തിന് വേറൊരു ചോദ്യം കൊണ്ടാണ് മറുപടി നൽകുന്നത്. ഈ ഭാഗത്തെ താക്കോൽ ചോദ്യങ്ങളിലൊന്ന്: ‘‘**ദൈവം നമുക്ക് അനുകൂലമെങ്കിൽ**[138] **പ്രതികൂലം ആർ?**’’ — പ്രതികൂലം ആർ? — എന്നു മാത്രം ആയിരുന്നെങ്കിൽ നമുക്ക് പല ഉത്തരങ്ങൾ കൊടുക്കാമായിരുന്നു. പൗലൊസിന് തനിക്കെതിരെയുണ്ടായിരുന്ന അനേക പ്രതികൂലങ്ങളെക്കുറിച്ച് പറയാമായിരുന്നു. അവിശ്വാസികളായ കുടുംബാംഗങ്ങൾ അസൂയാലുക്കളായ യഹൂദന്മാർ, ജാതികളിൽ കലഹം ഉണ്ടാക്കുന്നവർ, സഹതാപമില്ലാത്ത റോമൻ നേതാക്കൾ, പിന്നെ സാത്താനും. നമുക്കും നമ്മുടെ എതിരുകളെ യേശുവിനായി ജീവിക്കുന്നതിനു നമുക്കു പ്രതികൂലമായി വരുന്ന എല്ലാ ഘടകങ്ങളെയും കൊണ്ട് ഒരു പട്ടികയുണ്ടാക്കാൻ സാധിക്കും.

എന്നാൽ ചോദ്യത്തിന്റെ ആദ്യഭാഗം ചേർക്കുമ്പോൾ ചോദ്യത്തിന് വേറൊരു രൂപം വരുന്നു. ദൈവം നമുക്ക് അനുകൂലമായതുകൊണ്ട് ആർക്കും നമ്മെ വിജയകരമായി എതിർക്കുവാൻ സാധിക്കയില്ല. ഈ ചോദ്യത്തിൽ അടങ്ങിയിരിക്കുന്ന ഉത്തരം ‘‘ആർക്കും കഴിയുകയില്ല’’ എന്നാണ്. സങ്കീർത്തനക്കാരൻ ഇങ്ങനെ എഴുതി. ‘‘യഹോവ എന്റെ പക്ഷത്തുണ്ട്. ഞാൻ പേടിക്കയില്ല. മനുഷ്യൻ എന്നോട് എന്തു ചെയ്യും?’’ (സങ്കീ. 118:6).

**വാക്യം 32**. ദൈവം നമ്മോടുകൂടെയുണ്ടെന്ന് വൃഥാ അങ്ങു പറയുകയായിരുന്നില്ല. അങ്ങനെതന്നെ എന്നുള്ളതിനു തെളിവും നൽകുന്നു. 32-ാം വാക്യം ദൈവത്തെ ഇങ്ങനെ വിവരിച്ചുകൊണ്ട് ആരംഭിക്കുന്നു. ‘‘**സ്വന്ത പുത്രനെ ആദരിക്കാതെ നമുക്കെല്ലാവർക്കും വേണ്ടി ഏല്പിച്ചുതന്നവൻ**’’[139] ‘‘**ആദരിക്കാതെ**’’ എന്നർത്ഥം വരുവാൻ ഉപയോഗിച്ചിരിക്കുന്ന ഗ്രീക്കു പദം (φείδομαι, *pheidomai*) അബ്രാഹാം തന്റെ മകനെ യാഗം കഴിക്കുവാൻ ഒരുങ്ങിയതിനെക്കുറിച്ച് ദൈവം അബ്രാഹാമിന്റെ പ്രവർത്തിയെ ശ്ലാഘിച്ചു സംസാരിച്ചപ്പോൾ ഉപയോഗിച്ച പദത്തിന്റെ തർജ്ജമയാണ് (ഉല്പത്തി. 22:12). ഏക ജാതനായ മകനെ തരുവാൻ മടിയ്ക്കായ്കകൊണ്ട് [φείδομαι, *pheidomai*] ‘‘നീ ദൈവത്തെ ഭയപ്പെടുന്നു എന്നു ഞാനറിയുന്നു’’ അബ്രാഹാമിന്റെ ഏകജാതനായ മകനെ ദൈവത്തിനു കൊടുക്കുവാൻ മടിയില്ലാതെ സമ്മതിച്ചു. പക്ഷേ ദൈവം തന്റെ ഏകജാതനായ മകനെ നമുക്കുവേണ്ടി വാസ്തവമായി തന്നു.[140]

ദൈവം അവനെ കൊല്ലുവാൻ ഏല്പിച്ചു. എന്തുകൊണ്ടാണ് ദൈവം അങ്ങനെ ചെയ്തത്? അവൻ നമുക്കുവേണ്ടിയാണ് അതു ചെയ്തത്. ഒക്ടേവിയസ്വിൻസ്ലോ എഴുതി. മരിക്കുവാൻ യേശുവിനെ ഏൽപ്പിച്ചത് ആരാണ്? പണത്തിനായി യൂദയല്ല, ഭയംമൂലം പീലാത്തോസ് അല്ല യഹൂദന്മാർ അസൂയകൊണ്ടും അല്ല - പിതാവ് സ്നേഹം നിമിത്തമാണ്. ‘‘ദൈവം ലോകത്തെ അത്രയ്ക്കു സ്നേഹിക്കകൊണ്ട്[141] തന്റെ ഏകജാതനായ പുത്രനെ മരണത്തിനേല്പ്പിച്ചു’’ (യോഹ. 3:16).

‘‘സ്വന്ത പുത്രനെ ആദരിക്കാതെ നമുക്കെല്ലാവർക്കും വേണ്ടി ഏല്പിച്ചുതന്നവൻ’’ എന്നു പറഞ്ഞ ശേഷം ചോദിക്കുന്നത് **അവനോടുകൂടെ**[142] **സകലവും നമുക്കു നല്കാതിരിക്കുമോ?** എന്നാണ്. അതിന്റെ തത്വം വളരെ ലളിതമാണ്. ഏറ്റവും വലുതു തന്നവൻ അതിൽ ചെറുതായിട്ടുള്ളത് തരാതെയിരിക്കുമോ?

ഒരു മനുഷ്യൻ നിനക്ക് 20 രൂപാ തന്നെങ്കിൽ നിന്റെ ഒരാവശ്യത്തിൽ നിനക്ക് 25 പൈസ തരാതെയിരിക്കുമോ ദൈവം? തന്റെ മകൻ എന്ന വലിയ ദാനം നമുക്കായി തന്നു. അതിൽ ചെറിയ ഒരു ദാനവും തരുവാൻ ദൈവം മടിക്കുകയില്ല. എന്നു ചോദിച്ചശേഷം പൗലൊസ് പറഞ്ഞു. സകലവും എന്ന് എഴുതിയിരിക്കുന്നത് നമുക്ക് ആവശ്യമുള്ള സകലവും എന്നാണ്. മിക്കപ്പോഴും നമുക്കുവേണമെന്നു തോന്നുന്നതെല്ലാം നമുക്ക് നന്മയല്ല.

അത് യഥാർത്ഥത്തിൽ നമുക്കാവശ്യമായിട്ടുള്ളവയെ ഉദ്ദേശിച്ചാണ്. ഫിലിപ്പിയരോട് പൗലൊസ് പറഞ്ഞത് ദൈവം നിങ്ങളുടെ ബുദ്ധിമുട്ടൊക്കെയും സ്വർഗ്ഗത്തിലെ തന്റെ മഹിമാധനപ്രകാരം തീർത്തു തരും (ഫിലി. 4:19). ''ശാരീരികാവശ്യങ്ങൾ അതിൽപ്പെടും മുമ്പെ അവന്റെ രാജ്യവും നീതിയും അന്വേഷിക്ക. അതോടുകൂടെ ഇതൊക്കെയും നിങ്ങൾക്കു കിട്ടും'', എന്ന് യേശുപറഞ്ഞു (മത്താ. 6:33). എല്ലാറ്റിനും ഉപരിയായി നമ്മുടെ ആത്മീക ആവശ്യങ്ങൾ അതിൽ പെടും. എല്ലാറ്റിലും മേലായി നമ്മൾ ആകേണ്ടതുപോലെ ആകുന്നതിനും എല്ലാകാര്യങ്ങളും നാം ചെയ്യേണ്ടതുപോലെ ചെയ്യേണ്ടതിനും നമ്മുടെ ജീവിതത്തിൽ നിവർത്തിക്കേണ്ടതൊക്കെ നിവർത്തിയ്ക്കുന്നതിനും വേണ്ടതെല്ലാം എന്നർത്ഥമാക്കാം.

**വാക്യങ്ങൾ 33, 34. ''ദൈവം തെരെഞ്ഞെടുത്തവരെ ആർ കുറ്റം ചുമത്തും**'' എന്നുള്ളതാണ് അടുത്ത ചോദ്യം: തെരെഞ്ഞെടുത്തവർ ἐκλεκτός (*eklektos*)[143] ദൈവം മുന്നറിഞ്ഞ് മുൻ നിർണ്ണയിക്കപ്പെട്ട്, വിളിക്കപ്പെട്ട് നീതീകരിയ്ക്കപ്പെട്ടവരാണ് (8:29, 30). ടഋആയിൽ തെരഞ്ഞെടുക്കപ്പെട്ടവർ.

ഒരു കുറ്റം കൊണ്ടുവരിക എന്നത് എൻകാലയോ ἐγκαλέω (*enkaleō*) എന്ന വാക്കിൽ നിന്നുള്ളതാണ്. അത് ഒരാളെ കുറ്റപ്പെടുത്തുകയോ ആൾക്കെതിരെ ഏതെങ്കിലും തരത്തിൽ ഒരു കുറ്റം ആരോപിക്കയോ ചെയ്യുന്നതാണ് മറ്റെ ാരാളാൽ.[144] പൗലൊസ് തന്റെ സാങ്കൽപ്പികതയിൽ നിന്ന് ഒരു കോടതിയുടെ നിയമത്തെ ഇവിടെ ചൂണ്ടിക്കാണിക്കുന്നു. ഇത് 34-ാം വാക്യത്തിൽ ചോദിച്ചതിനെ വീണ്ടും ഉറപ്പിക്കുകയും ശിക്ഷാവിധിയെക്കുറിച്ച് ഓർപ്പിക്കുകയും ചെയ്യുന്നതാണ്.

ദൈവം തെരഞ്ഞെടുത്തവരെ ആർ കുറ്റം ചുമത്തും. ഇവിടെയും കോടതി ഭാഷയാണ്. 33-ാം വാക്യത്തിൽ ശിക്ഷവിധിക്കുന്ന കാര്യവും പറഞ്ഞിട്ടുണ്ട്. കുറ്റം ചുമത്തുന്നത് ഒരുത്തൻ മറ്റവന്റെ കുറ്റം പറയുന്നു എന്നതാണ്. ആർ കുറ്റം ചുമത്തുമെന്നത് ഒരുത്തൻ മറ്റവന്റെ കുറ്റം പറയുന്നു എന്നതാണ്. ആർ കുറ്റം ചുമത്തുമെന്ന ചോദ്യം അവിടെ നിർത്തിയാൽ, കുറ്റം ആരോപിക്കുന്നവർ വളരെയുണ്ട്. നമ്മെ അടുത്തറിയുന്നവർക്കറിയാം നാം പരിപൂർണ്ണരല്ലെന്ന് നമ്മെ ഇഷ്ടമില്ലാത്തവരും നമ്മുടെ കുറവുകൾ കാണിയ്ക്കുവാൻ ആകാംക്ഷയുള്ളവരായിരിക്കും. നമ്മുടെ സ്വന്ത ഹൃദയങ്ങളും നമ്മെ കുറ്റം വിധിക്കും (1 യോഹ 3:20, 21), നമ്മുടെ സ്വന്ത മനഃസാക്ഷി (2:15) യും. പിശാചു നമ്മെ കുറ്റം വിധിച്ചുകൊണ്ടിരിക്കും. സഹോദരന്മാരെ രാപ്പകൽ ദൈവസന്നിധിയിൽ കുറ്റം ചുമത്തുന്ന അപവാദി എന്നാണ് അവനെ പറഞ്ഞിട്ടുള്ളത് (വെളി. 12:10; സെഖര്യ 3:1).

എങ്കിലും ആർ കുറ്റം ചുമത്തുമെന്നാണ് പൗലൊസിന്റെ ചോദ്യം. ഒരു ചേ ാദ്യം കൂടെ ചോദിച്ചു. **നീതീകരിക്കുന്നവൻ ദൈവം; ശിക്ഷ വിധിക്കുന്നവൻ ആർ?** ശിക്ഷ വിധിയ്ക്കുക എന്നത്. κατακρίνω (*katakrinō*) എന്ന ഗ്രീക്കുപദത്തിൽ നിന്നാണ്. κρίνω (*krinō*) (വിധി പറയുക), κατά (*kata*) (വിധിക്കുക)

ചേരുമ്പോൾ കുറ്റം തെളിയുമ്പോൾ വിധി പ്രസ്താവിക്കുക എന്നർത്ഥം.[145] ദൈവം നമ്മെ നീതീകരിച്ചു എങ്കിൽ നമ്മുടെ പാപങ്ങളെല്ലാം ക്ഷമിച്ചു എങ്കിൽ നാം ഒരിക്കലും പാപം ചെയ്തിട്ടില്ലാത്തവരായി നമ്മോടും പെരുമാറുമെങ്കിൽ ആ പഴയപാപങ്ങളെ കൊണ്ടുവന്ന് നമ്മെ കുറ്റം ചുമത്തുവാൻ ആർക്കുക ഴിയും? അതിന്റെ ഉത്തരത്തിൽ അടങ്ങിയിരിക്കുന്നത് ആരുമില്ല, ''ആർക്കും കഴികയില്ല'' എന്നതാണ്.

ആരാണ് ശിക്ഷ വിധിക്കുന്നതെന്നു ചോദിച്ച ശേഷം പൗലൊസ് പറയു ന്നു, **ക്രിസ്തു മരിച്ചവൻ മരിച്ചിട്ട് ഉയിർത്തെഴുന്നേറ്റവൻ തന്നെ അവൻ ദൈവ ത്തിന്റെ വലത്തുഭാഗത്തിരിക്കയും നമുക്കുവേണ്ടി പക്ഷവാദം കഴിക്കുകയും ചെയ്യുന്നു**. പണ്ഡിതന്മാരുടെയിടയിൽ 33, 34 വാക്യങ്ങളുടെ ചിഹ്നങ്ങളെ ക്കുറിച്ച് തർക്കമുണ്ട്.[146] അതെങ്ങനെയായിരുന്നാലും അതിലെ ആശയത്തിന് വ്യത്യാസമില്ല. 33ഉം 34ഉം വാക്യങ്ങളിലെ വ്യത്യസ്തമായ പദപ്രയോഗങ്ങൾ ചോദ്യരൂപേണയും പദാർത്ഥത്തിലും തിരസ്ക്കരണത്തോടും അവസാനിപ്പി ക്കുന്നു.

34–ാം വാക്യം കുത്തും കോമയോടും കൂടെ അവസാനിപ്പിക്കുന്നു എങ്കിലും അടിസ്ഥാനമായി അത് ഒന്നുതന്നെയാണ്. അതൊന്നുതന്നെയാണ് നമ്മെ ശിക്ഷവിധിക്കുന്നതിന് അവകാശമുള്ളത് യേശുക്രിസ്തുവിനു മാത്ര മാണ്. താൻ മാനവ ജാതിയെ മുഴുവനും ഒരു ദിവസം ന്യായം വിധിക്കും (പ്രവർ. 17:31). ഞരഏൗശഴമി ഒരു തിരിച്ചറിയൽ പരീക്ഷ വച്ചിട്ടുണ്ട്. ശിക്ഷ വിധിയ്ക്കുവാനുള്ള ഏകാധിപതി എന്ന ഭാവത്തിൽ ആരെങ്കിലും പ്രത്യക്ഷ പ്പെട്ടാൽ അയാളുടെ കൈകളും കാലുകളും വിലാപ്പുറവും പരിശോധിക്കുക. അവന് അവിടെയെങ്ങും മുറിവില്ലെങ്കിൽ അവനെ മനഃപൂർവ്വം അവഗണി ക്കുക.[147] യേശുവിനെ തിരസ്ക്കരിക്കുന്നവനെ യേശു ശിക്ഷവിധിയ്ക്കും (മത്താ. 7:21–23; 25:31, 32, 41, 46; 2 കൊരി. 5:10) വിശ്വസ്തരായവർക്ക് ശിക്ഷ വിധിക്കുകയില്ലെന്നുള്ളതിന് ധാരാളം തെളിവുകൾ നൽകിയിട്ടുണ്ട്. റോമർ 8:34 പ്രകാരം യേശു എന്താണ് ചെയ്തത് എന്താണ് ചെയ്തുകൊണ്ടിരിക്കു ന്നത് എന്ന് പരിഗണിക്കാം:

അവൻ നമ്മുടെ പാപങ്ങൾ ഏറ്റെടുത്തുകൊണ്ട് നമ്മുടെ പാപങ്ങൾക്കു വേണ്ടി മരിച്ചു (1 കൊരി. 15:3).

ദൈവം അവന്റെ യാഗവും അവനെയും സ്വീകരിച്ചു എന്നതിന്റെ തെളിവായി അവനെ മരണത്തിൽനിന്നും ഉയിർത്തെഴുന്നേല്പിച്ചു (റോമ 1:4). നമ്മുടെ ഉയിർത്തെഴുന്നേല്പിന്റെ ഉറപ്പിനായും അവൻ ഉയിർത്തെഴുന്നേറ്റു (1 കൊരി. 15:20).

അവൻ ദൈവത്തിങ്കലേക്ക് ഉയർത്തപ്പെട്ടു. ഇപ്പോൾ പിതാവായ ദൈവ ത്തിന്റെ വലത്തുഭാഗത്ത് ഇരിക്കുന്നു (സങ്കീ. 110:1 പ്രവൃത്തി 2:33, 34) അധികാരസ്ഥാനമാണ് (മത്താ. 28:18).

അവൻ നമുക്കായി പക്ഷവാദം ചെയ്യുന്നു (എബ്രാ. 4:14–16; 7:25). പക്ഷ വാദം ചെയ്യുക എന്നുവച്ചാൽ വേറൊരാൾക്കുവേണ്ടി അപേക്ഷ കഴി ക്കുകയാണ്. 8:34ൽ ചഋആയിൽ ക്രിസ്തു ദൈവത്തിന്റെ വലത്തുഭാ ഗത്തിരുന്ന് നമ്മുടെ കാര്യത്തിനായി അപേക്ഷ കഴിക്കുന്നു.

**വാക്യം 35**. അതു നമ്മെ മറ്റൊരു താക്കോൽ വാക്യത്തിലേക്കു കൊ

ണ്ടുവരുന്നു. ''**ക്രിസ്തുവിന്റെ സ്നേഹത്തിൽനിന്ന് നമ്മെ വേർപിരിക്കുന്ന താർ?**'' ആര് എന്നുള്ളത് പരിഭാഷപ്പെടുത്തിയിരിക്കുന്നത് ടിസ് τίς (*tis*) എന്ന സംജ്ഞയിൽ നിന്നാണ്. അതേ പദം 33ഉം 34ഉം വാക്യങ്ങളിലും ചോദിച്ചു കാണുന്നു. ംവീ ആർ എന്നുള്ളത് ആളുകളെ കുറിയ്ക്കുന്നു. എന്നാൽ പൗലൊസ് ആളുകളെയല്ല വസ്തുക്കളെയത്രെ സൂചിപ്പിക്കുന്നത്. ആർ എന്ന തിനുപകരം എന്ത് എന്ന് വേണമെങ്കിൽ തർജ്ജമചെയ്യാം. (ചള്ളആ; ഞള്ളആ) വസ്തുക്കളാൽ ഉപദ്രവം ഉണ്ടാക്കപ്പെടുന്നതിന്റെ പുറകിൽ മാനുഷികമായ കാരണക്കാരാണുള്ളത്.

ക്രിസ്തുവിന്റെ സ്നേഹം എന്നാൽ ക്രിസ്തുവിനു നമ്മോടുള്ള സ്നേഹം എന്നു മനസ്സിലാക്കാം. നമുക്കുവനോടുള്ള സ്നേഹം എന്നല്ല അഞ്ചാം അദ്ധ്യായം ആ സ്നേഹം വിവരിക്കുന്നുണ്ടല്ലോ:

> നാം ബലഹീനർ ആയിരിക്കുമ്പോൾ തന്നെ ക്രിസ്തു തക്കസമയത്ത് അഭക്തർക്കുവേണ്ടി മരിച്ചു. നീതിമാനുവേണ്ടി ആരെങ്കിലും മരിക്കുന്നതു ദുർല്ലഭം. ഗുണവാനുവേണ്ടി പക്ഷേ മരിപ്പാൻ തുനിയുമായിരിക്കും. ക്രിസ്തുവോ നാം പാപികളായിരിക്കുമ്പോൾ തന്നെ നമുക്കു വേണ്ടി മരിക്കയാൽ ദൈവം തനിക്കു നമ്മോടുള്ള സ്നേഹത്തെ പ്രദർശിപ്പിക്കുന്നു (റോമ. 5:6-8).

ക്രിസ്തുവിന്റെ സ്നേഹത്തിൽനിന്നു നമ്മെ വേർപിരിക്കുന്നതാർ എന്ന ചോദ്യത്തിന് കഴിഞ്ഞ ചോദ്യത്തിന്റെതുപോലെതന്നെ ഉത്തരം അതിൽ അടങ്ങിയിട്ടുണ്ട്. ''ആരുമില്ല'' എന്ന കഴിഞ്ഞചോദ്യത്തിന്റെ ഉത്തരം പോലെ ഈ ചോദ്യത്തിന് ഒന്നിനും എന്ന് ഉത്തരം കൊടുക്കാം. സ്റ്റോട്ട് എഴുതിയിട്ടുള്ളത് നമ്മുടെ ക്രിസ്തീയ പ്രത്യാശയുടെ അടിസ്ഥാനം ദൈവത്തിന്റെ ഇളക്കമില്ലാത്ത സ്നേഹത്തിലാണ്.[148]

പൗലൊസിന്റെ കാലത്ത് ക്രിസ്ത്യാനികൾക്കു സഹിക്കേണ്ടിവന്ന വിവിധതരം കഷ്ടങ്ങളുടെ പട്ടിക നിരത്തിക്കൊണ്ടാണ് ചോദ്യങ്ങൾ ചോദിച്ചത്. ആദ്യത്തേതു രണ്ടും ഉപദ്രവങ്ങൾ എന്നതിൽ ഉൾപ്പെടും എന്നാൽ ഓരോന്നിനും രണ്ടു ശാക്തീകരണങ്ങളാണുള്ളത്. **ഉപദ്രവം** θλῖψις (*thlipsis*) എന്നത് അമർത്തുന്ന സമ്മർദത്തെ കുറിക്കുന്നു.[149] മുന്തിരിപ്പഴത്തെ ചവുട്ടി അതിന്റെ രസം ഇറക്കുന്നതുപോലെ എന്നർത്ഥം വരുന്ന വാക്കാണ്. കഷ്ടതയുടെ സമ്മർദ്ദം അനുഭവിച്ചിട്ടുണ്ടോ? ജീവിതത്തിൽ ഉലച്ചിലുണ്ടായിട്ടുണ്ടോ? എന്നാൽ *thlipsis* ന്റെ അർത്ഥം മനസ്സിലാകും.

**കഷ്ടത** എന്നത് στενοχωρία (*stenochōria*) എന്ന ഗ്രീക്കുപദമാണ്.[150] ഒരു ഇടുങ്ങിയ നിയന്ത്രിതമായ സ്ഥലം. στενο (*stenos,* ''ഇടുങ്ങിയ'') χωρία (*chōra,* ''ഒരു സ്ഥലം''). എന്ന രണ്ടുവാക്കുകൾ ചേർന്നതാണ്. ശ്വാസം വലിക്കുവാൻ പോലും സ്ഥലമില്ലാത്ത ഒരു ഇടുങ്ങിയ സ്ഥലത്തു പെട്ടുപോയാലുള്ള സ്ഥിതി ചിന്തിക്കാമോ? *Thlipsis* ഉം *stenochōria* ഉം കൂടി ചേർന്നാൽ അത് *പുറമെയുള്ള കഷ്ടതയും അകമെയുള്ള സങ്കടവും* പോലെയാണ്.[151] അത് രണ്ടും എല്ലാത്തരം പ്രശ്നങ്ങളും ബുദ്ധിമുട്ടുകളും സങ്കല്പിക്കാവുന്നിടത്തോളം ഉണ്ടാക്കുന്നു.

പൊതുവായുള്ള ഈ പദങ്ങൾ പ്രത്യേകം പ്രത്യേകമായി ഉള്ള അനേകം പ്രശ്നങ്ങളെ ആ കാലത്ത് ക്രിസ്ത്യാനികൾ സഹിച്ചിരുന്നതിനെക്കുറി

ച്ചാണ്. **ഉപദ്രവം** അഥവാ **പീഢ** (διωγμός, *diōgmos*)[152] എന്നത് പുറകെ വന്ന് ഓടിക്കുന്നതിനെ കുറിക്കുന്നു. പിൻതുടരപ്പെടുന്നത് ഞങ്ങളെ വേട്ടയാടി ക്കൊണ്ടിരുന്നപ്പോൾ സഭ ഉടലെടുത്തത് കൈവശമായിരുന്ന സ്ഥലത്താണ്. ക്രൂരന്മാരായ ഭരണാധികാരികളുടെ കീഴിലും തങ്ങളെ വേട്ടയാടിക്കൊണ്ടി രുന്ന, പിൻതുടർന്നുവന്നിരുന്നവരുടെ ഇടയിലും ആയിരുന്നു. ഒരു മൃഗത്തെ വേട്ടക്കാരൻ പിൻതുടർന്നിരുന്നു. **പട്ടിണിയും** (λιμός, *limos*) **നഗ്നതയും** (γυμνότης, *gumnotēs*) ക്രിസ്തുവിനെ പിൻതുടരുന്നതു മൂലമുള്ള സാമ്പത്തിക ക്ലേശമായും അനുഭവിക്കേണ്ടി വന്നു.

**ആപത്ത്** (κίνδυνος, *kindunos*), അപകടങ്ങൾ-ഒരു പൊതുവായ വാക്ക് **വാൾ** (μάχαιρα, *machaira*) എന്നതിന് പല അശുഭമായ അർത്ഥങ്ങളുമുണ്ട്. ഭീകരമായ മരണമോ കൊലയോ ആകാം യാക്കോബ് അപ്പൊസ്തലനെ വാ ളാൽ കൊല്ലുകയായിരുന്നു. അപ്പൊസ്തലന്മാരിലെ ഒന്നാം രക്തസാക്ഷിയാ ണദ്ദേഹം (പ്രവൃത്തി. 12:2). റോമിലേക്കെഴുതുന്ന കത്തിൽ അപകടങ്ങളുടെ പട്ടികയിൽ വാളിന്റെ വിഷയം വന്നത് ഏകദേശം പ്രവചനം ആയി കണക്കാ ക്കാം. പൗലൊസ് എഴുതി ചില വർഷങ്ങൾക്കു ശേഷം വീണ്ടും വീണ്ടും വാൾ പ്രയോഗം നടക്കുകയും ക്രിസ്ത്യാനികളുടെ രക്തം അവിടുത്തെ പേ ാർക്കളങ്ങളിലെ മണലിനെ കുതിർത്തത് പട്ടണത്തിൽ വളരെയധികം സ്ഥല ങ്ങളിലുള്ള പോർക്കളങ്ങളിലായിരുന്നു.

ഇവിടെ എഴുതിചേർത്തിട്ടുള്ള പീഢാനുഭവങ്ങൾ കഷ്ടത, സങ്കടം, ഉപദ്ര വം, പട്ടിണി, നഗ്നത, ആപത്ത്, വാൾ സ്നേഹത്തിന്റെ തലോടൽ ഇല്ലാത്തവയാ ണെന്നു മനസ്സിലാകും.[153] വാസ്തവത്തിൽ കാര്യം അറിഞ്ഞു കൂടാത്തവർക്ക് അങ്ങനെ വിഷമിയ്ക്കുന്നവനെ ദൈവത്താൽ ത്യജിക്കപ്പെട്ടവനെന്നോ ദൈവം കഷ്ടപ്പെടുത്തുന്നവനെന്നോ തോന്നും. പൗലൊസ് ആ ക്രിസ്ത്യാനികളോട് ഈ തരം പ്രയാസങ്ങളൊന്നും തന്നെ അവരെ ദൈവസ്നേഹത്തിൽ നിന്നും വേർപിരിക്കുകയില്ല എന്ന് ഉൽബോധിപ്പിക്കുകയാണ്.

പൗലൊസും തന്റെ സ്വന്തം വ്യക്തിപരമായ അനുഭവത്തിൽ നിന്നും അവ രോടു സംസാരിക്കുകയായിരുന്നു. താൻ തന്റെ കർത്താവിനുവേണ്ടി അനവധി പീഢകളിൽ കൂടെ കടന്നുപോയവനാണ് (2 കൊരി. 6:4, 5; 11:26, 27; 12:10). റോമർ 8:35-ൽ പറയപ്പെട്ട എല്ലാവിധ കഷ്ടതകളും ഈ ഭാഗങ്ങളിൽ കാണാം. വാൾ ഒഴികെ എല്ലാം. ഈ സമയം വരെ വാൾ വന്ന് തന്നെ വെട്ടി തല ശരീ രത്തിൽ നിന്നു മാറ്റിയില്ലെന്നുമാത്രം. ആദ്യ സഭാപിതാക്കന്മാരുടെ വാക്കുക ളിൽ ക്രമേണ അതും സംഭവിച്ചു എന്നു കാണാം. റോമാ പട്ടണത്തിൽ വച്ച് അതും സംഭവിച്ചു.[154] അതുകൊണ്ട് താൻ ദൈവത്താൽ ത്യജിയ്ക്കപ്പെട്ടവനാ ണെന്ന് ചിന്തിച്ചുവോ? ഇല്ല. മറിച്ച് ഞാനല്ല ജീവിയ്ക്കുന്നത്. ക്രിസ്തുവാകുന്നു എന്നിൽ ജീവിക്കുന്നത് എന്ന് പറഞ്ഞു. എന്നെ സ്നേഹിച്ച എനിക്കുവേണ്ടി തന്നെത്താൻ ഏല്പിച്ചുകൊടുത്ത ദൈവപുത്രങ്കലുള്ള വിശ്വാസത്താലാണ് താൻ ജീവിക്കുന്നതെന്നാണ് പറഞ്ഞത് (ഗലാ. 2:20).

**വാക്യം 36**. ഈ സ്ഥാനത്ത് പീഢകളും ഉപദ്രവങ്ങളും ഉണ്ടാകുന്നത് സ്വാഭാവിക മാണെന്നും ദൈവത്തിനായി ജീവിക്കുമ്പോൾ പ്രതീക്ഷിക്കാവു ന്നതാണെന്നും പറഞ്ഞു (5:3; 8:17 പ്രവൃത്തി 14:22). സങ്കീർത്തനം ഉദ്ധരിച്ചു കൊണ്ടാണ് ''**നിന്റെ നിമിത്തം ഞങ്ങളെ ഇടവിടാതെ കൊല്ലുന്നു. അറുപ്പാന ുള്ള ആടുകളെപ്പോലെ ഞങ്ങളെ എണ്ണുന്നു**'' (സങ്കീ. 44:22).

ഈ 44-ാം സങ്കീർത്തനം ബാബിലോൺ പ്രവാസകാലത്ത് എഴുതപ്പെട്ട

താണെന്ന് പലരും ചിന്തിക്കുന്നു (സങ്കീ. 44:11, 14). യിസ്രായേലിനെ അവരുടെ കഷ്ടങ്ങളിൽ നിന്നും വിടുവിക്കേണമേ എന്നുള്ള പ്രാർത്ഥനയാണിത് (സങ്കീ. 44:26). പിന്നീട് അവരെ ദൈവം ബാബേൽ പ്രവാസത്തിൽ നിന്നും വിടുവിച്ചപ്പോൾ (സങ്കീ. 44:1–8) സങ്കീർത്തനത്തിന്റെ ഉള്ളിൽ ഇങ്ങനെയൊരു സങ്കട ഹർജിപോലെയുണ്ട്. ''നിന്റെ നിമിത്തം ഞങ്ങളെ ദിവസം പ്രതി കൊല്ലുന്നു. അറുപ്പാനുള്ള ആടുകളെപോലെ ഞങ്ങളെ എണ്ണുന്നു'' (സങ്കീ. 44:22). നിന്റെ നിമിത്തം എന്നതിനർത്ഥം അവർ ദൈവത്തിന്റെ ജനമായതുകൊണ്ടാണ് അവരെ കഷ്ടപ്പെടുത്തുന്നത് എന്ന് വിവക്ഷ.[155]

ദിനന്തോറും കൊല്ലുന്നു എന്നുള്ളതിന് എബ്രായർ 11:37 ഒരു നല്ല വ്യാഖ്യാനം നല്കുന്നുണ്ട്. ''കല്ലേറ് ഏറ്റു.'' ഈർച്ചവാളാൽ അറുക്കപ്പെട്ടു. പരീക്ഷിയ്ക്കപ്പെട്ടു. വാളാൽ കൊല്ലപ്പെട്ടു. ജടയാടുകളുടെയും കോലാടുകളുടെയും തോൽ ധരിച്ചു. ബുദ്ധിമുട്ടും ഉപദ്രവും കഷ്ടവും സഹിച്ചു. അറുപ്പാൻ ഉള്ള ആടുകളെപ്പോലെ എണ്ണുന്നത് വളരെ നിസഹായമായ അവസ്ഥയെ കാണിക്കുന്നു. പൗലൊസ് 44–ാം സങ്കീർത്തനത്തിൽ നിന്നും ഉദ്ധരിക്കുന്നത് ദൈവത്തെ അനുഗമിക്കുന്നവർക്ക് ഇതുപോലെ മോശമായ ഇടപെടൽ ഉണ്ടാകുമെന്ന് ഓർപ്പിക്കുന്നതിനാണ്.

**വാക്യം 37.** ഈ വിധത്തിലുള്ള മോശമായ പെരുമാറ്റമാണ് നമുക്കു ലഭിക്കുന്നതെങ്കിൽ നാം നിരാശപ്പെടണമോ? ഇല്ല. 37ാം വാക്യത്തിൽ പൗലൊസ് 35ാം വാക്യത്തിൽ പറഞ്ഞ പീഢകളെക്കുറിച്ചു പറയുന്നു: **ഇതിൽ ഒക്കെയും** കഷ്ടത, സങ്കടം, ഉപദ്രവം, പട്ടിണി, നഗ്നത, ആപത്ത്, വാൾ ഇവയിലൊക്കെയും **നാം പൂർണ്ണ ജയം പ്രാപിക്കുന്നു.** നാം പൂർണ്ണജയം പ്രാപിക്കുന്നു എന്നത് ഒരു ഒറ്റവാക്കിൽ നിന്നും വരുന്നു: ὑπερνικάω (*hupernikaō*) ഈ വാക്ക് തിരുവചനത്തിൽ ഒരിക്കൽ മാത്രമെ ഉപയോഗിച്ചിട്ടുള്ളൂ. (ὑπέρ, *huper*[156]) νικάω (*nikaō*[157]) എന്ന രണ്ടുവാക്കുകൾ ചേർന്നതാണ്. സിജെഭിയിൽ ഉന്നത ജയാളികൾ എന്നർത്ഥം വരുന്നതും കെജെവിയിൽ നാം ജയാളികളേക്കാൾ ശ്രേഷ്ഠരെന്നും ഉപയോഗിച്ചിരിക്കുന്നു.

ക്രിസ്ത്യാനികൾ ജയാളികളെക്കാൾ ഉന്നതരായിരിക്കുന്ന പല വഴികളുണ്ട്. നാം ജയാളികളെക്കാൾ ഉന്നതരാണ് കാരണം നാം നമ്മുടെ പ്രശ്നങ്ങളെ കഷ്ടിച്ചു തരണം ചെയ്യുക മാത്രമല്ല നാം അതിന്റെ മേൽ വിജയിക്കുകയാണ്. ജീവിതത്തിന്റെ വെല്ലുവിളികൾക്കു മുന്നിൽ തോല്ക്കാതെ നില്ക്കുക മാത്രമല്ല, ദൈവത്തിന്റെ സഹായത്താൽ ആ വെല്ലുവിളികളെ ഉപയോഗിച്ച് കൂടുതൽ നല്ലവരായിത്തീരുവാൻ ശ്രമിയ്ക്കുകയാണ്. എല്ലാറ്റിനും ഉപരിയായി നാം ജയാളികളെക്കാൾ ഉന്നതരായിരിക്കുന്നത് ദൈവത്തിന്റെ കൃപ വലിയ വിഷമതകളോടുള്ള പോരാട്ടം ജയിക്കുവാൻ നമ്മെ സഹായിക്കുകയും ചെയ്യുന്നു. അവസാനമായി നമുക്ക് ഊഹിക്കുവാൻ കഴിയുന്നതിനേക്കാൾ വലിയ പ്രതിഫലം പ്രാപിക്കേണ്ടതിന് ദൈവസന്നിധിയിലേക്കു പ്രവേശിയ്ക്കപ്പെടും.

ഈ വലിയ വിജയം സാദ്ധ്യമാക്കുവാനുള്ള ഏക വഴി നമ്മെ സ്നേഹിച്ചവൻ മുഖാന്തിരം മത്രമാണ്.[158] പൗലൊസ് സ്വയാശ്രയത്തെ പ്രോത്സാഹിപ്പിക്കുക അല്ലായിരുന്നു. പിന്നെയോ ക്രിസ്തീയ ആശ്രയമാണ് പഠിപ്പിച്ചത്. യേശു പറഞ്ഞു. ''എന്നെ കൂടാതെ നിങ്ങൾക്ക് ഒന്നും ചെയ്‌വാൻ കഴിയുകയില്ല'' (യോഹ. 15:5). പൗലൊസ് പറഞ്ഞു ''എന്നെ ശക്തനാക്കുന്നവൻ മൂലം ഞാൻ സകലത്തിനും മതിയാകുന്നു'' (ഫിലി. 4:13). ദൈവം നമുക്ക് യേശുക്രിസ്തു മൂലം ജയം തരുന്നു എന്ന് പൗലൊസ് പറഞ്ഞു (1 കൊരി. 15:57). ലോകം

യേശുക്രിസ്തുവിന്റെ ചുറ്റുപാടു നിന്ന് വിജയം നേടുവാൻ ശ്രമിക്കുന്നു. എന്നാൽ പൗലൊസ് പറയുന്നത് വിജയം യേശുക്രിസ്തുവിൽകൂടെ മാത്രമെ ലഭിയ്ക്കയുള്ളൂ എന്നാണ്.

**വാക്യങ്ങൾ 38, 39.** മുപ്പത്തഞ്ചാം വാക്യത്തിൽ പൗലൊസ് ചോദിച്ചിരുന്നു. ആര് അഥവാ എന്ത് നമ്മെ ക്രിസ്തുവിൽ നിന്നും വേർപിരിക്കും എന്ന് 38, 39 വാക്യങ്ങളാൽ പൗലൊസ് തന്നെ തന്റെ സ്വന്തം ഉത്തരം നല്കുന്നു.

തന്റെ ഉത്തരത്തിന് ആദ്യം മുഖവുര നല്കുന്നു. "**എന്നു ഞാൻ ഉറച്ചിരിക്കുന്നു**" πείθω (*peithō,* ബോദ്ധ്യപ്പെടുക)എനിക്കു ബോദ്ധ്യപ്പെട്ടിരിക്കുന്നു. സംശയലേശമെന്യേ എനിക്ക് മനസ്സിലായിരിക്കുന്നു. കെജെവിയിൽ ഞാൻ മനസ്സിലാക്കുന്നു എന്നും എൻഐആർവിയിൽ എനിക്ക് നിശ്ചയമുണ്ട് എന്നും ആണ്.

ദൈവസ്നേഹത്തിൽ നിന്നും നമ്മെ വേർപിരിപ്പാൻ യാതൊന്നിനും കഴിയുകയില്ലെന്നു പറയുവാൻ പല പേരുകളും എടുത്തു പറഞ്ഞിരിക്കുന്നു. വേർപിരിയ്ക്കുവാൻ കഴിയുന്നവയുടെ ഒരു പട്ടികയിൽ 10 കാര്യങ്ങൾ അടങ്ങിയിട്ടുണ്ട്. അവ മൂന്നു ജോഡികളും ഏകമായ ഒന്നുമാണ്. ജീവിത വഴിയിലെ എല്ലാ തടസ്സങ്ങളെയും എടുത്തു കാണിക്കുന്നതല്ല പൗലൊസിന്റെ ഉദ്ദേശം. എന്നാൽ മാതൃകയായിട്ടുള്ളതിനെ രേഖപ്പെടുത്തുക എന്നതാണ്. നമുക്ക് നമ്മെ സ്നേഹിച്ചവൻ മുഖാന്തിരം ഇതിലൊക്കെയും വലിയ വിജയം അപ്രതിരോദ്ധ്യമായ ശക്തി പ്രയോഗിച്ചു ജയിക്കുവാൻ കഴിയും എന്ന വലിയ ഉറപ്പാണ് നല്കുന്നത് (8:37).

ഈ പട്ടികയിൽ പെട്ട ഓരോ ഇനത്തെയും അധികമായി വിശകലനം ചെയ്യേണ്ട ആവശ്യമില്ല. മാക്ഗാർവേ എഴുതിയത് പൗലൊസ് അത്ഭുതകരമായ വിഷയങ്ങളുള്ള ഒരു പട്ടികയാണ് നമുക്കു നല്കുന്നത്. ഇത്ര വിസ്തൃതവും മനോഹാരിതയും ഉള്ള വിഷയങ്ങളടങ്ങിയ ഈ വിഷയങ്ങളെ നിർവചിച്ചാൽ അതിന്റെ മഹത്വം നഷ്ടപ്പെടുന്നവയാണ്.[159] എന്നാൽ എന്തുകൊണ്ടാണ് പൗലൊസ് ഇവ ഉൾപ്പെടുത്തിയത് എന്നു നോക്കാം. ഓരോന്നും എങ്ങനെ നമ്മെ ദൈവത്തിൽ നിന്നും വേർപെടുത്തും?

(1) **മരണമോ** (2) **ജീവനോ**. ചിലരുടെ നോട്ടത്തിൽ മരണം (θάνατος, *thanatos*) വളരെ ഭയാവഹം ആയതുകൊണ്ട് ഒന്നാമത് അതു ചിന്തിക്കാം. അവിശ്വാസിക്ക് മരണമാണ് അവന്റെ അന്ത്യം. വിശ്വാസമില്ലാത്തവൻ എഴുതുന്നു "പ്രിയ ജോൺ ഇനിയും ഇല്ല" എന്നാൽ ക്രിസ്ത്യാനിയെ ദൈവത്തിൽ നിന്നും ദൈവസ്നേഹത്തിൽ നിന്നും അകറ്റുവാൻ മരണത്തിനു കഴിയുകയില്ല. ഈ ഭൂമിയിലെ പൊടിയിൽ നമ്മെ നഷ്ടപ്പെടുത്തുവാൻ ദൈവത്തിനു സാധിയ്ക്കയില്ല എന്ന് ഒരാൾ എഴുതിയിട്ടുണ്ട്. വിശ്വസ്തനായ ദൈവപൈതലിന് മരണം ഒരു ഭിത്തിയല്ല ഒരു വാതിലാണ്. ദൈവസന്നിധിയിലേക്കുള്ള വാതിൽ. എനിക്കു ജീവിക്കുന്നതു ക്രിസ്തുവും മരിക്കുന്നത് ലാഭവുമാണെന്ന് പൗലൊസ് എഴുതി (ഫിലി. 1:21). കൊരിന്തിലെ ക്രിസ്ത്യാനികൾക്ക് താൻ ഉറപ്പുകൊടുത്തു, "മരണം നീങ്ങി ജയം വന്നിരിക്കുന്നു" (1 കൊരി. 15:54).

"ജീവൻ" (ζωή, *zōē*) ആണ് രണ്ടാമത്തെ ഇനം. ചിലപ്പോൾ ആളുകൾക്ക് മരണത്തെ അഭിമുഖീകരിയ്ക്കുന്നത് പ്രയാസമായി കാണപ്പെടുന്നു. ദോഷൈകദൃക്കുകൾ ജീവനെ (ജീവിതത്തെ) ഭോഷത്തമായി, രോഗമായി, വഞ്ചനയായി, ഒരു മൂഢൻ പറഞ്ഞതും ഒരർത്ഥവുമില്ലാത്തതുമായ ഒരു കഥയായി, ജനിച്ചതിന്റെ ശിക്ഷയായ ഒരു തടവായി ഒക്കെ വിവരിച്ചിട്ടുണ്ട്. വ്യക്തിപരമായി

നാം ജീവിതത്തെ എങ്ങനെകണ്ടാലും ദൈവത്തിന്റെ സ്നേഹപൂർവ്വമായ കരുതലിൽ നിന്ന് നമ്മെ വേർപെടുത്തുവാൻ സാദ്ധ്യമല്ല ''അവൻ നിങ്ങൾക്കായി കരുതുന്നതാകയാൽ നിങ്ങളുടെ സകല ചിന്താകുലതയും അവന്മേൽ ഇട്ടു കൊൾവീൻ'' (1 പത്രൊസ് 5:7). നേരത്തെ നാം ഫിലിപ്പിയർ 4:13 പരിഗണിച്ചു. വീണ്ടും ആ വാക്യം സന്ദർഭത്തിനനുസരിച്ച് നോക്കാം:

> ഉള്ള അവസ്ഥയിൽ അലംഭാവത്തോടെയിരിപ്പാൻ ഞാൻ പഠിച്ചിട്ടുണ്ട്. താഴ്ച്ചയിൽ ഇരിപ്പാനും സമൃദ്ധിയിൽ ഇരിപ്പാനും എനിക്കറിയാം. തൃപ്തനായിരിപ്പാനും വിശന്നിരിപ്പാനും സമൃദ്ധിയിൽ ഇരിപ്പാനും ബുദ്ധിമുട്ട് അനുഭവിപ്പാനും എല്ലാം ഞാൻ ശീലിച്ചിരിക്കുന്നു. എന്നെ ശക്തനാക്കുന്നവൻ മുഖാന്തരം ഞാൻ സകലത്തിനും മതിയാകുന്നു (ഫിലി. 4:11-13).

(3) **ദൂതന്മാർക്കോ** (4) **വാഴ്ചകൾക്കോ.** (ἄγγελος, *angelos*) എന്ന ഗ്രീക്കു പദത്തിന് സന്ദേശവാഹകർ എന്നാണർത്ഥം. അത് മാനുഷികരും ആത്മീകരുമായ സന്ദേശവാഹകരാകാം. വാഴ്ച്ചകൾ എന്നത് അതിനോടു ചേർത്തു പറഞ്ഞിട്ടുള്ളതു മൂലം അത് ആത്മീക സന്ദേശവാഹകരായിരിക്കാം.[160] ദൂതന്മാരെ ഈ പട്ടികയിൽ ചേർത്തതുകൊണ്ടാണ് എന്ന് കൃത്യമായി പറയുവാൻ കഴിയുകയില്ല. പുതിയനിയമകാലത്ത് ചില ആളുകൾ ദൂതന്മാരെ ആരാധിച്ചിരുന്നു (കൊലൊ. 2:18). നല്ല ദൂതന്മാരെയും ദുഷ്ട ദൂതന്മാരെയും കുറിച്ച് വേദപുസ്തകം പറയുന്നുണ്ട് (മത്താ. 25:41; 2 പത്രൊ. 2:4; വെളി. 12:7). പൗലൊസ് മുന്നറിയിപ്പു നൽകുന്നു. ''എന്നാൽ ഞങ്ങൾ നിങ്ങളോട് അറിയിച്ചതിനു വിപരീതമായി ഞങ്ങൾ ആകട്ടെ സ്വർഗ്ഗത്തിൽ നിന്ന് ഒരു ദൂതനാകട്ടെ, നിങ്ങളോടു സുവിശേഷം അറിയിച്ചാൽ അവർ ശപിക്കപ്പെട്ടവർ'' (ഗലാ. 1:8). റോമർ 8:38-ൽ പൗലൊസ് ഇങ്ങനെ പറയുകയായിരുന്നിരിക്കണം. ''ദൂതന്മാർ എത്ര ശക്തരായിരുന്നാലും ഒരു ദൂതനോ ദൂതന്മാരുടെ സംഘങ്ങൾക്കോ അവർ നല്ലവരോ ദുഷ്ടന്മാരോ ആയിരുന്നാലും നിങ്ങളെ ക്രിസ്തുയേശുവിലുള്ള ദൈവസ്നേഹത്തിൽ നിന്നു വേർപിരിക്കുവാൻ അവർക്കു സാധിക്കുകയില്ല.

"വാഴ്ച്ചകൾ" എന്നതിന് ആരംഭമെന്നർത്ഥം. ഒന്നാമത്തെത് എന്ന് സാരം. അധികാരത്തിൽ ഒന്നാമത്തെത്, മാനുഷിക ഭരണാധികാരികളെ സൂചിപ്പിച്ച് എഴുതിയിരുന്നു (തീത്തൂസ് 3:1). എന്നാൽ ആത്മീക ഭരണാധികാരികളെ ഉദ്ദേശിച്ച് പൗലൊസ് സാധാരണ എഴുതിയിട്ടുണ്ട് (എഫെ. 1:21; 3:10; കൊലൊ. 1:16). ഈ ഒടുവിലത്തെ കൂട്ടം നമ്മെ ആത്മീകമായി നശിപ്പിക്കുവാൻ ശ്രമിക്കുന്നു സാത്താന്യ ശക്തികളെ ഉദ്ദേശിച്ചാണ് (എഫെ. 6:12). 38ാം വാക്യത്തിൽ ചകഢയിൽ റലാീി എന്നാണ്. ചളആയിൽ ഴൌല്യ ഔാമിുീംല്യെ അതായത് മനുഷ്യനേക്കാൾ ഉയർന്നതലങ്ങളിലെ ശക്തികൾ എന്നാണ്. ഇവ ഭയാവഹമെങ്കിലും യേശുക്രിസ്തു അവയെ ക്രൂശിൽ തോല്പിച്ചു. (കൊലൊ. 2:14, 15; 1 പത്രൊ. 3:22). അവരുടെ അന്ത്യം നേരത്തേതന്നെ നിശ്ചയിക്കപ്പെട്ടിരിക്കുകയാണ് (1 കൊരി. 15:24).

ദൂതന്മാരും വാഴ്ച്ചകളും എന്ന് ചേർത്തുപയോഗിച്ചിരിക്കുന്നത് ഈ പ്രസ്താവനയിൽ ഒരു ആത്മീയ ശക്തിക്കും നമ്മെ ക്രിസ്തുവിന്റെ സ്നേഹത്തിൽ നിന്നും വേർപിരിക്കുവാൻ കഴിയുകയില്ല എന്ന് പറയുവാൻ വേണ്ടിയാണ്. ഇ.ട. ഘലഔശല അഭിപ്രായപ്പെട്ടത്, നാം ഒന്നുകിൽ സാത്താനെയും

അവന്റെ കൂട്ടുകാരെയും മനഃപൂർവ്വം അവഗണിക്കുന്നു. അല്ലെങ്കിൽ അവർക്ക് അധികം സ്ഥാനം നൽകുന്നു.[161]

(5) **ഇപ്പോഴുള്ളതും** (6) **വരുവാനുള്ളതും** ചിലർ ഇന്നുള്ള പ്രശ്നങ്ങളാൽ അതിവ്യാകുലതയിലാണ്. വേറെ ചിലർ നാളെ എന്തു ഭവിക്കും എന്നോർത്ത് വിഷമിയ്ക്കുന്നു. എവററ്റ് F. ഹാരിസൺ പറയുന്നത്. സമയത്തിന് വിശ്വാസികളുടെമേൽ ബലം പ്രയോഗിപ്പാൻ കഴിയുന്നില്ല എന്നാണ്.[162] വർത്തമാനകാലത്തുള്ള പരിശോധനകളും കഷ്ടതകളോർത്താണെങ്കിലും ഭാവി അനിശ്ചിതത്വത്തിലായതുകൊണ്ടുംതന്നെ. ദൈവം പറയുന്നു. "ഭയപ്പെടേണ്ട, ഞാൻ നിന്നോടു കൂടെയുണ്ട്. ഭ്രമിച്ചു നോക്കേണ്ട ഞാൻ നിന്റെ ദൈവമാകുന്നു, ഞാൻ നിന്നെ ശക്തീകരിക്കും, ഞാൻ നിന്നെ സഹായിക്കും. എന്റെ നീതിയുള്ള വലംകൈകൊണ്ട് ഞാൻ നിന്നെ താങ്ങും" (യെശയ്യ. 41:10). നമ്മുടെ കൈ അവന്റെ കൈകളിലിരിക്കുന്നിടത്തോളം നമുക്ക് ഉറപ്പുള്ളവരും കുലുങ്ങാത്തവരുമായിരിപ്പാൻ ഇടയാകും (1 കൊരി. 15:58). എന്തുതന്നെ സംഭവിച്ചാലും നമുക്കറിയാം. സംഭവിക്കുന്ന സകലത്തെയും ദൈവം നന്മക്കായി കൂടി വ്യാപരിപ്പിക്കുകതന്നെ ചെയ്യും (8:28). അങ്ങനെ ഇന്നു സംഭവിക്കുന്ന കാര്യങ്ങൾക്കോ നാളെ സംഭവിക്കുവാനിരിക്കുന്ന കാര്യങ്ങൾക്കോ നമ്മെ ക്രിസ്തുവിന്റെ സ്നേഹത്തിൽ നിന്നും വേർപിരിക്കുവാൻ സാദ്ധ്യമല്ല.

(7) ജീംല്യ്യെ (മലയാളത്തിൽ ഇല്ല) ഇതിന്റെ ഗ്രീക്കു പദം δύναμις (*dunamis*) എന്നുള്ളതാണ്. ആത്മീയ അധികാരങ്ങളെ സൂചിപ്പിക്കുവാൻ പൗലൊസ് ഈ പദം വേറെ ഭാഗത്ത് ഉപയോഗിച്ചിട്ടുണ്ട് (1 കൊരി. 15:24; എഫെ. 1:21). ഇതിനെ ദൂതന്മാരും വാഴ്ച്ചകളും എന്നു മുൻപറഞ്ഞ വിഷയമാണ്. അവയെക്കുറിച്ചു പറഞ്ഞത് ഇവിടെ മതിയാകുന്നതാണെങ്കിലും ഇവിടെ പൗലൊസിനെ ചിന്തയിൽ സാത്താന്യശക്തിയുടെ നിസ്സാരമൂല്യമുള്ള വ്യക്തികളോ ഉപകരണമോ ആകാം. ക്രിസ്ത്യാനികളെ പീഢിപ്പിക്കുന്ന മാനുഷിക ഭരണാധികാരികൾ ആകാം. അവർ യേശുവിന്റെ നാമത്തിൽ പ്രസംഗിക്കുകയോ പഠിപ്പിക്കുകയോ ചെയ്യരുതെന്ന് പറഞ്ഞ യഹൂദ നേതാക്കന്മാരെപ്പോലെയുള്ളവർ (ഉല്പത്തി. 4:18). വേറൊരു ഉദാഹരണം ക്രിസ്ത്യാനികളെ പീഢിപ്പിച്ച റോമാ സാമ്രാജ്യം ഈ കാലത്തും അതുപോലെയുള്ള പീഢകളിൽ കൂടെ കടന്നു പോകുന്ന ക്രിസ്ത്യാനികളുണ്ട്. മാനുഷിക ഭരണകൂടങ്ങൾക്ക് വിശ്വാസികളെ കാരാഗൃഹങ്ങളിൽ തടങ്കലിലാക്കുവാൻ കഴിയും. എന്നാൽ അവർക്ക് ക്രിസ്തുയേശുവിൽ കൂടെയുള്ള ദൈവസ്നേഹത്തിൽ നിന്നും നമ്മെ അകറ്റുവാൻ കഴിയുകയില്ല.

(8) **ഉയരത്തിനോ** (9) **ആഴത്തിനോ** ഇവയാണ് പൗലൊസിന്റെ ലിസ്റ്റിലെ ഏറ്റവും നിഗൂഢമായ ഇനം. ഇവയാണ് ഏതെന്ന് മനസ്സിലാക്കുവാൻ ഏറ്റവും പ്രയാസമുള്ളതെന്നു പറയപ്പെട്ടിരിക്കുന്നത്.[163] ഈ ഭാഗം 139-ാം സങ്കീർത്തനം നമ്മെ ഓർമ്മിപ്പിക്കുന്നു. ഇവിടെ സങ്കീർത്തനക്കാരൻ ഇങ്ങനെ പറയുന്നു. എത്ര ഉയരത്തിൽ കയറിയാലും എത്ര താഴേക്കിറങ്ങിയാലും നമുക്ക് ദൈവസാന്നിദ്ധ്യത്തിൽ നിന്ന് മറഞ്ഞിരിപ്പാൻ കഴിയുകയില്ല. എന്ന്:

"നിന്റെ ആത്മാവിനെ ഒളിച്ചു ഞാൻ എവിടേക്കുപോകും?
തിരുസന്നിധി വിട്ടു ഞാൻ എവിടേക്ക് ഓടും?
ഞാൻ സ്വർഗ്ഗത്തിൽ കയറിയാൽ നീ അവിടെ ഉണ്ട്.
പാതാളത്തിൽ എന്റെ കിടക്ക വിരിച്ചാൽ നീ അവിടെ ഉണ്ട്.

ഞാൻ ഉഷസ്സിന്റെ ചിറകുധരിച്ച്,
സമുദ്രത്തിന്റെ അറ്റത്തു ചെന്നുപാർത്താൽ,
അവിടെയും നിന്റെ കൈ എന്നെ നടത്തും.
നിന്റെ വലം കൈ എന്നെ പിടിക്കും'' (സങ്കീ. 139:7-10).

ചില വ്യാഖ്യാതാക്കൾ ഉയരം ആഴം എന്നതിന് ആലങ്കാരിക ഭാഷയിൽ വ്യാഖ്യാനിക്കുന്നു. അവർ അഭിവൃദ്ധിയുടെ ഉയരമെന്നും ദുരിതത്തിന്റെ ആഴമെന്നും സങ്കല്പിക്കുന്നു.[164] അല്ലെങ്കിൽ സന്തോഷത്തിന്റെ ഉയരമെന്നും ദുഃഖത്തിന്റെ ആഴമെന്നും സങ്കല്പിക്കുന്നു. അഥവാ വിജയത്തിന്റെ ഉയര മെന്നും ദുഃഖത്തിന്റെ ആഴമെന്നും സങ്കല്പിക്കുന്നു. അഥവാ വിജയത്തിന്റെ ഉയരമെന്നും തോൽവിയുടെ ആഴമെന്നും പറയുന്നു. ഇനിയും ചില എഴു ത്തുകാർ ഉയരമെന്നും (ὕψωμα, *hupsōma*) ആഴമെന്നും (βάθος, *bathos*) ഉള്ളത് ആദ്യ നൂറ്റാണ്ടിലെ ദൈവമില്ലാത്ത ജ്യോതിഷ തത്വജ്ഞാനങ്ങളുടെ തത്വമനുസരിച്ച് ഒരു നക്ഷത്രത്തിന് ആകാശത്തുള്ള ഉന്നതമായസ്ഥാനത്തെ ഉദ്ദേശിച്ചാണെന്നും ആഴം എന്നത് അതിന്റെ താഴത്തെ സ്ഥാനത്തിനാണെന്നും പറയുന്നു. ജാതികൾ നക്ഷത്രങ്ങളുടെ സ്ഥാനം അവരുടെ ജീവിതഗതിയെ നിയന്ത്രിക്കുന്നു എന്നും വിശ്വസിച്ചു. ഒരു പക്ഷേ ഇതുപോലെയുള്ള രസ കരമായ മറയത്തരങ്ങൾ ഉയരത്തിനും ആഴത്തിനും കൊടുത്തു എന്നും വിശ്വസിക്കാം. പൗലൊസിന്റെ ദൈവനിശ്വാസിയമായ വാക്കുകൾ മൂലം നാം അറിയുന്നത് മനുഷ്യ വർഗ്ഗം അതുപോലെയുള്ള അന്ധവിശ്വാസങ്ങളാൽ ഭരി ക്കപ്പെടേണ്ടവരല്ല എന്ന് മനസ്സിലാക്കാം. *ഒന്നിനുംതന്നെ* ദൈവസ്നേഹത്തിൽ നിന്ന് നമ്മെ വേർപിരിക്കുവാൻ സാദ്ധ്യമല്ല.

(10) **മറ്റു യാതൊരു സൃഷ്ടിക്കോ-** പട്ടികയിലുള്ള അവസാനത്തെ ഇനം പൗലൊസിന്റെ ഇതുപോലെയുള്ള കാര്യങ്ങൾ മുതലായവ എന്ന (ഗലാ. 5:21 ഋടഢ) തുപോലെ. അത് പൗലൊസ് നിന്ന് ആലോചിക്കുന്നതുപോലെ ഞാൻ എന്തെങ്കിലും പറയാതെ വിട്ടിട്ടുണ്ടോ എന്ന് ചിന്തിച്ചുകൊണ്ട് മുതലായവ എന്നു പറയുന്നതുപോലെ, സൃഷ്ടിക്കപ്പെട്ട മറ്റേതെങ്കിലും ആൾക്കോ വസ്തു വിനോ ചഇഢയിൽ ലോകം മുഴുവനും ഉള്ള മറ്റേതെങ്കിലും കാര്യത്തിനോ എന്നെ ക്രിസ്തുയേശുവിലുള്ള ദൈവസ്നേഹത്തിൽനിന്ന് മാറ്റുവാൻ കഴി കയില്ല എന്നാണ്.

ജീവിതത്തിൽ എന്തെല്ലാം പ്രയാസങ്ങളും ഉപദ്രവങ്ങളും ഉണ്ടായാലും നാം നിശ്ചയിച്ചുറച്ച് വിശ്രമിക്കേണ്ടത് ഒരു സാഹചര്യത്തിനും എന്നെ ക്രിസ്തു യേശുവിലുള്ള ദൈവസ്നേഹത്തിൽ നിന്നും വേർപിരിക്കുവാൻ കഴികയില്ല എന്നതിന്മേലാണ്.

ഈ ചിന്തയിൽ ഒരു ആഹ്ലാദ സ്വരത്തിൽ ഈ പഠനം നിർത്തുന്നത് നന്നായിരിക്കും. പക്ഷേ നിർഭാഗ്യവശാൽ ചിലർ ഈ വാക്യങ്ങളെ ഒരു ദൈവപൈതലിന് നഷ്ടപ്പെടുവാൻ സാധിയ്ക്കയില്ല എന്ന് പഠിപ്പിക്കുവാൻ ഉപയോഗപ്പെടുത്തുന്നു. അതുകൊണ്ട് കൂടുതലായി ചില കാര്യങ്ങൾ കൂടി പറയേണ്ടിയിരിക്കുന്നു. 38, 39 വാക്യങ്ങളിൽ പൗലൊസ് പട്ടികയിൽ ചേർക്കാ തിരുന്ന രണ്ടു കാര്യങ്ങളുണ്ട്.[165] പാപവും, സ്വയവും. പാപം നമ്മെ ദൈവത്തിൽ നിന്ന് അകറ്റുന്നു എന്ന് വേദപുസ്തകം പറയുന്നു (യെശ. 59:1, 2). ക്രിസ്ത്യാന യ്ക്ക് വേണമെങ്കിൽ പാപപങ്കിലമായ ഒരു ജീവിതം തെരെഞ്ഞെടുക്കാൻ കഴിയും (ഗലാ. 6:1; യാക്കൊ. 5:19, 20). മാക്ഗാർവെ ഇങ്ങനെയൊരു വിശേ

ഷണം കൂടെ നൽകി. ''ശിഷ്യന്റെ സ്വന്ത ഇഷ്ടമല്ലാതെ മറ്റൊന്നിനും ദൈവ സ്നേഹത്തിൽ നിന്നും അവനെ വേർപിരിയ്ക്കുവാൻ സാദ്ധ്യമല്ല.''[166] ഒരു ശിഷ്യന് ദൈവസ്നേഹത്തിൽ നിന്നും വേർപിരിക്കുവാൻ സാദ്ധ്യമല്ലെങ്കിൽ പിന്നെ എന്തുകൊണ്ടാണ് യൂദാ തന്റെ ലേഖനത്തിൽ ''ദൈവസ്നേഹത്തിൽ നിങ്ങളെ *സൂക്ഷിച്ചു*കൊൾവിൻ എന്നെഴുതിയത്'' (യൂദാ 21).

നമുക്ക് നിഷേധാത്മകമായതിൽ നോക്കിക്കൊണ്ടിരിക്കാതെ ദൈവത്തിന്റെ വിശ്വസ്തരായ മക്കൾ എന്ന നിലയിൽ നിന്ന് യാതൊന്നിനും നമ്മെ ക്രിസ്തു യേശുവിലുള്ള ദൈവസ്നേഹത്തിൽ നിന്നും വേർപിരിയ്ക്കുവാൻ സാധിക്കയില്ല എന്നതിൽ സന്തോഷിക്കാം!

## പ്രായോഗികത

### ആത്മാവിനെ പരിചയപ്പെടുത്തുന്നു (അദ്ധ്യായം 8)

റോമർ 8ൽ ''ആത്മാവ്'' (*πνεῦμα, pneuma*) എന്ന പദം 20ൽ അധികം പ്രാവശ്യം ഉപയോഗിച്ചിട്ടുണ്ട്. ചിലപ്പോൾ ഒരു ചെറിയ ''െ'' ൽ തുടങ്ങും. ചിലപ്പോൾ ഒരു വലിയ ''ട'' ൽ തുടങ്ങും. ക്യാപിറ്റൽ ട ൽ തുടങ്ങുമ്പോൾ പരിശുദ്ധാത്മാവിനെ കുറിക്കുന്നു. പരിശുദ്ധാത്മാവിനും അവന്റെ പ്രവർത്തനത്തിനും വളരെ പ്രാധാന്യം കൊടുത്തിരിക്കുന്നതിനാൽ ഒരു പരിചയപ്പെടുത്തുന്ന പഠനം ആവശ്യമായിരിക്കുന്നു.

പരിശുദ്ധാത്മാവ് ആരെന്നോ അവൻ എന്തു ചെയ്യുന്നു എന്നോ അനേകർക്കും വ്യക്തമായി മനസ്സിലായിട്ടില്ല. ഗഖഢ, ''ഒീഹ്യ ഴവീെ'' (പരിശുദ്ധാത്മാവ്) എന്ന പദം ഉപയോഗിക്കുന്നു (5:5; 9:1; 14:17; 15:13, 16). ''ഏവീെ'' എന്നത് പഴയ ഇംഗ്ലീഷിലെ ഒരു പദമാണ്. ''ആത്മാവ്'' എന്നാണതിന്റെ അർത്ഥം. എന്നാൽ ഏവീെ എന്നത് ഭയമുണ്ടാക്കുന്ന പദമായി തീർന്നിട്ടുള്ളതിനാൽ ടുശൃശ േഎന്ന് ഉപയോഗിച്ചിരിക്കുന്നു. എന്നാൽ ആത്മാവിന് മാംസവും അസ്ഥിയും ഇല്ലാത്തതുകൊണ്ട് (ലൂക്കോ. 24:39) ചിലർ ുശൃശ േഎന്നത് ഏവീെ ൽ നിന്നുള്ള മാറ്റമായി ചിന്തിക്കുകയില്ല. ''ദൈവം ആത്മാവാകുന്നു'' എന്നുള്ളത് നാം മനസ്സിൽ കരുതിക്കൊള്ളണം (യോഹ. 4:24). ദൈവം ആത്മാവാകുന്നു എന്ന നമ്മുടെ മാനസിക ധാരണ ദൈവത്തെക്കുറിച്ചുള്ളത് പരിശുദ്ധാത്മാവിനും കൊടുക്കുമ്പോൾ നമ്മുടെ അറിവ് ശരിയായി വരും.

തിരുവെഴുത്തുകളിൽ പരിശുദ്ധാത്മാവിന് ഒരു വ്യത്യസ്തമായ പേരു നല്കാതിരിക്കുന്നതു ഒരു പ്രശ്നമാണ്. പിതാവായ ദൈവത്തിന് പഴയനിയമത്തിൽ വ്യത്യസ്തമായ പല പേരുകളാൽ അറിയപ്പെടുന്നു. പുത്രനായ യേശുവിനെ ''ക്രിസ്തു'' എന്നും ''വചനം'' എന്നും പറയുന്നു. എന്നാൽ പരിശുദ്ധാത്മാവിനെ വിവരിക്കുന്ന വാക്കുകളാൽ അറിയപ്പെടുന്ന, പരിശുദ്ധാത്മാവ് എന്നതിന്റെ അർത്ഥം ''പരിശുദ്ധനായ ആത്മാവ്'' എന്നാണ്. പിതാവായ ദൈവം പരിശുദ്ധനാണ്. ദൈവം ആത്മാവാകുന്നു. യേശുവും ഈ ലോകത്തിൽ വരുന്നതിനു മുമ്പ് ആത്മാവായിരുന്നു. റോമർ 8–ൽ പരിശുദ്ധാത്മാവിനെ ദൈവത്തിന്റെ ആത്മാവ് എന്നും ക്രിസ്തുവിന്റെ ആത്മാവ് എന്നും പറഞ്ഞിട്ടുണ്ട്. ഇതൊക്കെയും വിവരിക്കുന്ന പേരുകളാണ്. ഒരു നാമം എന്ന് നാം പറയുന്ന ഒരു പേര് പരിശുദ്ധാത്മാവിനു കൊടുക്കാത്തതിന്റെ കാരണം എന്തെന്ന് വേദപുസ്തകം പറയുന്നില്ല. ഒരു പക്ഷെ തന്റെ ഉദ്ദേശം തന്നെ വെളിപ്പെടുത്തുക എന്നുള്ളതല്ലാത്തതായിരിക്കാം കാരണം പഴയനിയമത്തിൽ

പിതാവിനെ വെളിപ്പെടുത്തി. പുതിയ നിയമത്തിൽ പുത്രനെ വെളിപ്പെടുത്തി. ഒരർത്ഥത്തിൽ പരിശുദ്ധാത്മാവ് എപ്പോഴും ഒരു പശ്ചാത്തലത്തിൽ നിന്നു കൊണ്ട് പ്രവർത്തിക്കുകയായിരുന്നു.

പരിശുദ്ധാത്മാവിനെക്കുറിച്ചുള്ള *എല്ലാ കാര്യങ്ങളും* നമുക്ക് അറിയു വാൻ സാധിക്കുകയില്ല. എന്നാൽ *ചില കാര്യങ്ങൾ* അറിയുവാൻ കഴിയും. ഈ ചുരുക്കമായ പഠനത്തിൽ പരിശുദ്ധാത്മാവിന്റെ സ്വഭാവ വിശേഷങ്ങൾ നോക്കിക്കൊണ്ട് പരിശുദ്ധാത്മാവിനെ പരിചയപ്പെടുത്താമെന്നാഗ്രഹിക്കുന്നു.

*പരിശുദ്ധാത്മാവ് ഒരു വ്യക്തി ആണ്.* യോഹന്നാൻ 16:13, 14–ൽ 9 പ്രാവശ്യം പരിശുദ്ധാത്മാവിനെ സൂചിപ്പിച്ചിട്ടുണ്ട്. ചഅടആയിൽ സർവ്വനാമങ്ങൾ ഉൾപ്പെടെ അവൻ, അവന്റെ മുതലായ ആത്മാവിനെ സൂചിപ്പിക്കുന്ന സർവ്വനാമ ങ്ങൾ പുല്ലിംഗമാണ്. ഏകവചനത്തിലുമാണ്. ആരോ ഒരാൾ ഇങ്ങനെ പറഞ്ഞു,

> ബൈബിളിൽ പരിശുദ്ധാത്മാവിനെ ഒരു ദിവ്യമായ ‘‘അവൻ’’ ആയിട്ടാണ് എന്നാൽ ഒരിക്കലും മഹത്വീകരിക്കപ്പെട്ട ‘‘അത്’’ ആയിട്ടല്ല. പരിശുദ്ധാ ത്മാവിനെ ജീവിയ്ക്കുന്ന പ്രവർത്തിയ്ക്കുന്ന വ്യക്തിയായിട്ടാണ് കാണി ച്ചിരിക്കുന്നത് അല്ലാതെ ഒരു സ്വാധീനിയ്ക്കുന്ന ശക്തിയായിട്ടല്ല. തനിക്ക് വലിയ സ്വാധീന ശക്തിയുണ്ട്. എന്നാൽ അവൻ ഒരു വെറും സ്വാധീനമല്ല.

പരിശുദ്ധാത്മാവിന് വലിയ ശക്തിയുണ്ട്. എന്നാൽ താൻ വെറും ശക്തി യല്ല. ഒരു വ്യക്തിക്കു ചെയ്യുവാൻ സാധിക്കുന്ന താഴെപ്പറയുന്ന പ്രവർത്തി കൾ ഒക്കെയും ചെയ്യുവാൻ കഴിവുള്ള ഒരു വ്യക്തിയാണ് പരിശുദ്ധാത്മാവ്:

ആശ്വസിപ്പിക്കുക (യോഹ. 14:26; ഗഖഢ).
പഠിപ്പിക്കുക (യോഹ. 14:26).
സാക്ഷിക്കുക (യോഹ. 15:26; ഗഖഢ).
ശാസിക്കുക/കുറ്റപ്പെടുത്തുക (യോഹ. 16:8; ഗഖഢ).
വഴികാണിക്കുക (യോഹ. 16:13).
വിലക്കുക (പ്രവൃത്തി. 16:6, 7).
സാക്ഷ്യം വഹിക്കുക (റോമർ. 8:16).
പക്ഷവാദം ചെയ്യുക (റോമർ. 8:27).
പരിശോധിക്കുക (1 കൊരി. 2:10).
സംസാരിക്കുക (1 തിമൊ. 4:1).

ചില കാര്യങ്ങളിൽ പരിശുദ്ധാത്മാവ് നമ്മെപ്പോലെ തന്നെ ഒരു വ്യക്തി (ആൾ) ആണ്. നാം ദൈവത്തിന്റെ സാദൃശത്തിൽ ഉണ്ടാക്കപ്പെട്ടവരാണ് എന്നതിന് പരിശുദ്ധാത്മാവിന്റെ സ്വരൂപത്തിലും എന്ന അർത്ഥം ഉണ്ട്.[167] നമ്മെപ്പോലെ പരിശുദ്ധാത്മാവിനും താഴെപ്പറയുന്ന കാര്യങ്ങളുണ്ട്:

ഒരു മനസ്സ് (റോമ. 8:27).
അറിവ് (1 കൊരി. 2:11).
ഇച്ഛ (1 കൊരി. 12:11).
സ്നേഹം പോലെയുള്ള വികാരങ്ങൾ (റോമ. 15:30).
വികാരങ്ങളാൽ സ്പർശിതമാകുന്നു. എതിർക്കപ്പെടാം (പ്രവൃത്തി

7:51) വ്യാജം പറയപ്പെടാം (പ്രവൃത്തി. 5:3) മനസ്സിൽ വേദനയുണ്ടാകാം (എബ്രാ. 10:29) ദൂഷണം പറയപ്പെടാം (മത്തായി. 12:31) ദുഃഖിപ്പിയ്ക്കാം (എഫെ. 4:30).

പരിശുദ്ധാത്മാവിനെ കാണുവാൻ സാധിച്ചെങ്കിൽ എങ്ങനെയിരിക്കും എന്ന് നാം ആഗ്രഹിച്ചുപോകാം. വേറൊരാളെ പരിചയപ്പെടുന്നതിന്റെ പ്രധാന ഉദ്ദേശം അതല്ലല്ലോ. ഒരു വ്യക്തിയുടെ ഹൃദയം അറിയുന്നത് ആ ആളുടെ മുഖം തിരിച്ചറിയുന്നതിനേക്കാൾ അധികമായി ആ ആളെക്കുറിച്ച് അറിയുവാൻ നമുക്ക് സഹായിക്കും.

അവൻ ഒരു ദിവ്യനായ വ്യക്തിയാണ്. അവൻ പിതാവിനും പുത്രനും തുല്ല്യനായവനാണ്. ദൈവത്വത്തിന്റെ ഭാഗമാണ് (പ്രവൃത്തി. 17:29; റോമർ. 1:20; കൊലൊ. 2:9). ഗഖഢ പിതാവിനും പുത്രനും ഉള്ള ഗുണഗണങ്ങളെല്ലാം പരിശുദ്ധാത്മാവിനും ഉണ്ട്. അവൻ ജീവനാണ് (ഇയ്യോബ്. 33:4; യോഹ. 3:5, 6) അവൻ പ്രകാശമാണ് (വെളിച്ചമാണ്) (1 കൊരി. 2:9–11); അവൻ സ്നേഹമാണ് (റോമർ. 5:3–5; 15:30). നമുക്ക് പരിശുദ്ധാത്മാവിന്റെ ചില ഗുണവിശേഷങ്ങൾ നോക്കാം.

നിത്യൻ (എബ്രാ. 9:14).
സർവ്വജ്ഞാനി (1 കൊരി. 2:10, 11).
സർവ്വശക്തൻ (ശക്തിയും പരിശുദ്ധാത്മാവും ബന്ധപ്പെടുത്തിയിരിക്കയാണ്; മീഖ. 3:8; പ്രവൃത്തി 1:8).
സർവ്വവ്യാപി (സങ്കീ. 139:7, 8).
നല്ലവൻ (നെഹെമ്യാ. 9:20).

പിതാവിനോടും പുത്രനോടും ചേർന്ന് പരിശുദ്ധാത്മാവ് നമ്മെ സൃഷ്ടിച്ചു. നമ്മെ അനുഗ്രഹിക്കുന്നു. പിതാവായ ദൈവവും യേശുവും ആരാണെന്ന് അറിയുന്നതിനേക്കാൾ കൂടുതൽ പ്രയാസമില്ല പരിശുദ്ധാത്മവ് ആരാണെന്നറിയുവാൻ.

*പരിശുദ്ധാത്മാവ് ഒരു ദിവ്യ വ്യക്തിയാണ്.* ത്രിത്വത്തിൽ ഒരുവനാണ്. ത്രിത്വം എന്നത് വേദപുസ്തകത്തിലുള്ള ഒരു പദമല്ല. ''ത്രിത്വം'' (ഠൃശിശ്യേ) വന്നത് മൂന്ന് + ഒന്ന് അർത്ഥം ഒന്നിൽ മൂന്ന്.

പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് ഇവർ മൂന്നു പ്രത്യേക വ്യക്തിത്വങ്ങളാണ് (മത്താ. 3:16, 17; 28:19; യോഹ. 14:16, 17; റോമർ. 15:30; 2 കൊരി. 13:14) ''അതെ സമയം കർത്താവ് ഒരുവൻ'' (ആവർത്ത. 6:4).[168] അതിന് ഭൗമികമായി സമാന്തരമായി ഒന്നും തന്നെ ഇല്ല. ഒരു കാര്യത്തിന് അത് ഒന്നായിരിക്കയും അതെ സമയം ഒന്നിലധികമായിരിക്കയും ചെയ്യുന്നതിനെക്കുറിച്ച് പല ഉദാഹരണങ്ങളും ഉപയോഗിക്കാറുണ്ട്. ഒരു ഉദാഹരണം ത്രികോണമാണ്; മൂന്നു വശങ്ങൾ ഉണ്ട് പക്ഷേ ഒരു ആകൃതിയേ ഉള്ളൂ. വിവാഹത്തിൽ രണ്ടുപേർ ഒന്നാകുന്നു (ഉല്പ. 2:24; മത്താ. 19:5, 6; എഫെ. 5:31). ഭാര്യഭർത്താക്കന്മാർ ഒന്നാണ്. എന്നാൽ അവർ രണ്ടുവ്യക്തികളാണ്.

ദൈവത്വത്തിലെ മൂന്നു വ്യക്തികളും സാരംശത്തിലും ദേശത്തിലും ഒന്നും മൂന്നു പ്രവർത്തി മണ്ഡലങ്ങളിലുള്ളവരും ആണ്. പിതാവ് പദ്ധതി ഉണ്ടാക്കുന്നു, പുത്രൻ നടപ്പാക്കുന്നു, പരിശുദ്ധാത്മാവ് സംഘാടകൻ എന്ന് ഒരു

എഴുത്തുകാരൻ അഭിപ്രായപ്പെട്ടു. വേറൊരാൾ പിതാവിനെ ശില്പിയായും പുത്രനെ പണിയുന്നവനായും ആത്മാവിനെ പൂർത്തിയാക്കുന്നവനായും സൂചിപ്പിച്ചിട്ടുണ്ട്. ഉദാഹരണമായി ഭൗമിക സൃഷ്ടിപ്പിൽ പിതാവ് നിശ്ചയമായി പ്ലാൻ ചെയ്തു. എബ്രാ. 1:2ഉം യോഹന്നാൻ 1:3ഉം പറയുന്നത് എല്ലാം പുത്രനാണ് നിർമ്മിച്ചതെന്നാണ്. ഉല്പത്തി 1:2 സൂചിപ്പിക്കുന്നത് ആത്മാവ് ശൂന്യവും പാഴുമായി കിടന്നതിന്മേൽ പരിവർത്തിച്ചു അതിനെ ക്രമമുള്ളതാക്കിത്തീർത്തു എന്നാണല്ലോ (സങ്കീ. 104:30 കാണുക).

"ആത്മീയ സൃഷ്ടിയെക്കുറിച്ച്" - ദൈവരാജ്യം സഭാ, സുവിശേഷ പ്രസംഗങ്ങൾ - ദൈവം പദ്ധതി ഉണ്ടാക്കി. യേശു പദ്ധതി നടപ്പാക്കി. (യോഹ. 4:34; 5:19; 8:28; 12:49) പരിശുദ്ധാത്മവ് ആ പ്രവർത്തനഘടകങ്ങളെ പൂർത്തി വരുത്തുന്നവനുമാണ്. "കന്യകാ ജനനത്തിൽ" അവൻ പ്രവർത്തകനായിരുന്നു. ശിമയോന്റെയും ഹന്നായുടെയും ആത്മപ്രേരിതമായ വാക്കുകൾ യോഹന്നാൻ സ്നാപകന്റെ വേല, സ്നാനസമയത്ത് യേശുവിനെ തിരിച്ചറിയുന്നത്. യേശുവിനെ മരുഭൂമിയിലേക്കു നടത്തുന്നത് കർത്താവിന്റെ അത്ഭുതമായ പ്രവർത്തനങ്ങൾ ഇവയെല്ലാം പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്താൽ നടത്തപ്പെട്ടു. യേശു അപ്പൊസ്തലന്മാർക്ക് അവനെ വാഗ്ദത്തം ചെയ്തു. പെന്തകോസ്തുനാളിൽ അവൻ സഭയിലേക്കു പ്രവേശിച്ചു. അപ്പൊസ്തലൻമാരെ പ്രസംഗിപ്പാൻ പ്രേരിപ്പിച്ചു. സുവിശേഷ ദൂത് എഴുതുവാൻ പുതിയ നിയമ എഴുത്തുകാരെയും പ്രേരിപ്പിച്ചു. ആളുകൾ രക്ഷിയ്ക്കപ്പെടുവാൻ വേണ്ടി ഇങ്ങനെ ചെയ്തു. നമ്മുടെ രക്ഷയെക്കുറിച്ചു പറയുകയാണെങ്കിൽ ദൈവം പ്ലാൻ ചെയ്തു. യേശു നടപ്പാക്കി പരിശുദ്ധാത്മാവ് പഠിപ്പിച്ചു.

*ഉപസംഹാരം.* നാം സ്വർഗ്ഗത്തിൽ പരിശുദ്ധ ത്രിത്വത്തിന്റെ സന്നിധിയിൽ ആകുന്നതുവരെ നാം പരിശുദ്ധാത്മാവിനെക്കുറിച്ചുള്ള അനേക കാര്യങ്ങൾ അറിയുകയില്ല. ഇപ്പോൾ നമുക്ക് മനസ്സിലാക്കാവുന്നിടത്തോളം കാര്യങ്ങൾ നാം പഠിച്ചു ഗ്രഹിക്കണം. റോമർ 8 ഇന്ന് പരിശുദ്ധാത്മാവിനെയും അവന്റെ പ്രവർത്തനങ്ങളെയും കുറിച്ചു ഗ്രഹിക്കുവാൻ വിലയേറിയ ഒരു ഉറവിടമാണ്.

**നമുക്കുവേണ്ടി എന്തു ചെയ്യുവാൻ പരിശുദ്ധാത്മാവിനു കഴിയും?**
**(അദ്ധ്യായം 8)**

രക്ഷിക്കപ്പെടുമ്പോൾ (നാം സ്നാനപ്പെടുമ്പോൾ) ദൈവം നമുക്ക് പരിശുദ്ധാത്മാവിനെ ദാനമായി തരുന്നു (പ്രവൃത്തി. 2:38; 5:32; ഗലാ. 4:6) ഈ ദാനത്തിന്റെ ഉദ്ദേശം ആദിമസഭയിൽ പോലും ക്രിസ്ത്യാനികൾക്ക് അത്ഭുത പ്രവൃത്തികൾ നടത്തുക എന്നതായിരുന്നില്ല (എല്ലാ ക്രിസ്ത്യാനികൾക്കും ഈ ദാനം ലഭിച്ചിരുന്നു. എന്നാൽ എല്ലാവരും അത്ഭുതം പ്രവർത്തിക്കുന്നവരായിരുന്നില്ല). ഈ ദാനത്തിന്റെ ഉദ്ദേശം എന്തായിരുന്നു. ക്രിസ്ത്യാനി എന്ന നിലയിൽ പരിശുദ്ധാത്മാവു നമുക്ക് വേണ്ടി എന്തു ചെയ്യുന്നു.

അന്യനായ പാപിക്ക് ഇല്ലാത്ത ഏതോ ഒന്ന് ക്രിസ്ത്യാനിക്കുണ്ട്. *എല്ലാ കാര്യങ്ങളും* ക്രിസ്ത്യാനിക്കുവേണ്ടി പരിശുദ്ധാത്മാവ് നിവർത്തിക്കുന്നില്ല. എന്നാൽ ചിലത് ചെയ്യുന്നുണ്ട്. ഫിലിപ്പിയർ 1:19ൽ പൗലൊസ് ആത്മാവിന്റെ സഹായത്താലും എന്ന് പറയുന്നുണ്ട്. അതിന് മൂലഭാഷയിൽ "സമൃദ്ധിയായ സഹായം" എന്നർത്ഥം വരുന്ന (ἐπιχορηγία, *epichorēgia*) എന്ന പദമാണ് ഉപയോഗിച്ചിരിക്കുന്നത്. തന്റെ ആത്മാവിനാൽ നമുക്ക് സമൃദ്ധിയായ സഹായമാണ് തന്നിരിക്കുന്നത്.

ദൈവമക്കളുടെ ജീവിതത്തിൽ പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തെക്കുറിച്ചുള്ള അതിപ്രധാനമായ ഒരു ഭാഗമാണ് റോമർ 8. പരിശുദ്ധാത്മാവ് ക്രിസ്ത്യാനിക്കുവേണ്ടി എന്തു ചെയ്യുന്നു എന്നു പഠിയ്ക്കുന്നതിന് നമുക്ക് ഈ അദ്ധ്യായം നോക്കാം.

*അവൻ നമുക്ക് ജീവിത വിജയം തരുന്നു* (8:1-10). ഒന്നാം വാക്യത്തിലെ ''അതുകൊണ്ട്'' എന്ന തുടക്കം ഏഴാം അദ്ധ്യായത്തെ പരാമർശിച്ചു പറയുന്നതാണ്. അതിൽ മനുഷ്യാത്മാവിന്റെ തോൽവിയെക്കുറിച്ചാണല്ലോ പറഞ്ഞത് (7:15, 18, 19, 24 കാണുക). ഇപ്പോൾ ഒരു പുതിയ കാര്യം ചേർത്തിരിക്കുന്നു. ദൈവത്തിന്റെ പരിശുദ്ധാത്മാവ് (8:1, 2, 4, 5, 9). ആത്മാവിനാൽ നമുക്ക് തോൽവിയ്ക്കു പകരം ജയം ഉണ്ടാക്കുവാൻ ഇടയാകും.

*അവൻ നമുക്ക് മരണത്തിന്മേൽ ജയം നൽകുന്നു* (8:11) ദൈവം തന്റെ ശക്തിയാൽ ക്രിസ്തുവിനെ മരണത്തിൽനിന്നു ഉയിർത്തെഴുന്നേല്പ്പിച്ചു. അതുപോലെ നമ്മിൽ വസിക്കുന്ന തന്റെ ആത്മാവിനാൽ നാമും ജീവിപ്പിയ്ക്കപ്പെടും. തോൽവിക്കു പകരം ജയം ലഭിക്കും. എല്ലാവരും (നല്ലവരും, ദുഷ്ടന്മാരും) ഉയിർത്തെഴുന്നേൽക്കുന്നതുകൊണ്ട് (യോഹ. 5:28, 29) റോമർ 8:11 *നിത്യജീവനായി* ഉയിർത്തെഴുന്നേല്ക്കുന്നതിനെക്കുറിച്ച് ആകേണ്ടതാണ്.

*അവൻ നമുക്ക് പരീക്ഷകളിന്മേൽ ജയം തരുന്നു* (8:13). 7:24-ൽ പൗലൊസ് ചോദിച്ചു ''ഈ മരണത്തിനധീനമായ ശരീരത്തിൽ നിന്ന് എന്നെ ആർ വിടുവിക്കും'' 8:13-ൽ പൗലൊസ് പറയുന്നത് ആത്മാവിനാൽ ശരീരത്തിന്റെ പ്രവൃത്തികളെ മരിപ്പിക്കാൻ സാധിക്കും. വേറൊരു ഭാഗത്ത് പൗലൊസ് പറയുന്നു. ''അവന്റെ ആത്മാവിനാൽ നിങ്ങൾ അകത്തെ മനുഷ്യനെ സംബന്ധിച്ച് ബലപ്പെടേണം'' (എഫെ. 3:16; 3:20). ചിലർ പറയാറുണ്ട് ഒരു ക്രിസ്തീയ ജീവിതം നയിക്കാൻ സാധിച്ചാലുടനെ ഞാൻ സ്നാനപ്പെടും, ക്രിസ്ത്യാനിയാകും. എന്നാൽ ഒരു ക്രിസ്ത്യാനി ആകാതെ ക്രിസ്തീയ ജീവിതം നയിക്കുവാൻ സാധിക്കുകയില്ല. ദൈവ സഹായം ലഭിക്കുന്ന ഒരു ദൈവപൈതൽ ആകണം.

*അനിശ്ചിതത്വത്തിന്മേൽ വിജയം തരുന്നു* (8:14മ) വേദപുസ്തകത്തിലുടനീളം ദൈവം തന്റെ ജനത്തെ നയിക്കുന്നതായി (നടത്തുന്ന)തായി രേഖപ്പെടുത്തിയിട്ടിണ്ട്. 8:14-ൽ പരിശുദ്ധാത്മാവ് ജനങ്ങളെ നടത്തുന്നതായി രേഖപ്പെടുത്തിയിരിക്കുന്നു. തങ്ങൾ ചെയ്യുന്ന എല്ലാ തീരുമാനങ്ങൾക്കും പരിശുദ്ധാത്മാവാണ് ഉത്തരവാദിയെന്ന് ചിലർ ചിന്തിക്കുന്നു. വേറൊരു കൂട്ടർ തങ്ങളെ പരിശുദ്ധാത്മാവാണ് നടത്തുന്നതെന്നുള്ള കാര്യം മുഴുവനായി നിഷേധിക്കുന്നു. പരിശുദ്ധാത്മാവു നമ്മെ നടത്തുന്ന അനവധി മാർഗ്ഗങ്ങളുണ്ട്. ദൈവം താൻ നിശ്വസിച്ച വചനം മൂലം നടത്തുന്നു എന്നുള്ളതാണ് കൂടുതൽ വ്യക്തവും ഉറപ്പായും ഉള്ളത് (എഫെ. 6:17). മറ്റു സാദ്ധ്യതകൾ, ദൈവാധീനം, തുറന്നവാതിൽ (8:28; 1 കൊരി. 16:9) ദൈവഭക്തരായ ആളുകളുടെ ആലോചനയാൽ എങ്ങനെയെന്നുള്ളതിൽ നമുക്ക് നിർബന്ധിത രീതികൾ പാടില്ല. പ്രധാനകാര്യം നമ്മുടെ ജീവിതത്തിൽ ദൈവം പ്രവർത്തിയ്ക്കുന്നു എന്നറിയുന്നതാണ് (സങ്കീ. 37:23).

*ഉറപ്പില്ലായ്മയിന്മേൽ വിജയം തരുന്നു* (8:14യ-17, 23) നാം രക്ഷിക്കപ്പെട്ടപ്പോൾ ദൈവം തന്റെ ആത്മാവിനെ നമുക്കു തന്നു എന്നുള്ളത് നാം ദൈവമക്കൾ ആണെന്നുള്ളതിന്റെ ശക്തിയേറിയ തെളിവാണ്. തന്മൂലം അവകാശികൾക്കുള്ള എല്ലാ അനുഗ്രഹങ്ങളും അവകാശപ്പെടാം. 23-ാം വാക്യം പറയുന്നു. ''ആത്മാവെന്ന ആദ്യദാനം ലഭിച്ചിരിക്കുന്നു'' എന്ന് കൊയ്ത്തിന്റെ

ആദ്യഫലം എന്നത് പുറകെ വരാനിരിക്കുന്ന കൊയ്ത്തിന്റെ പ്രതീക്ഷയാണ്. അടിസ്ഥാനപരമായ എഫെസ്യർ 1:13, 14–ൽ പറഞ്ഞിട്ടുള്ള വാഗ്ദത്തത്തിന്റെ അച്ചാരം എന്നതു തന്നെയാണ് (2 കൊരി. 1:21, 22; 5:5). പരിശുദ്ധാത്മാവാണ് സ്വർഗ്ഗത്തിന്റെ ജാമ്യം അഥവാ ഉറപ്പ്. റോമർ 8:16 പറയുന്നു, ‘‘നാം ദൈവ ത്തിന്റെ മക്കൾ എന്ന് ആത്മാവുതാനും നമ്മുടെ ആത്മാവോടുകൂടെ സാക്ഷ്യം പറയുന്നു’’ ദൈവം ആത്മാവിൽ കൂടെ നമുക്കുവേണ്ടി ചെയ്യുന്നതെന്താ ണെന്നു കാണുമ്പോൾ നാം അവന്റെ മക്കളാണെന്ന് നമുക്ക് ഉറപ്പുണ്ടാകും. അതു നമുക്ക് ധൈര്യവും തരും!

*അവൻ ബലഹീനതയുടെ മേൽ നമുക്ക് വിജയം നല്കുന്നു* (8:26, 27). ചില സമയങ്ങളിൽ തങ്ങൾ ബലമില്ലാത്തവർ എന്ന് എല്ലാവർക്കും തോന്നും. പരിശുദ്ധാത്മാവ് നമ്മുടെ ബലഹീനതകളിൽ നമ്മെ സഹായിക്കുന്നു. (‘‘സഹാ യിക്കുന്നു’’ എന്നുള്ളത് ‘‘എതിർവശത്തുള്ളതിനെ’’ കൂടെ എടുക്കുന്നതിന് എന്നർത്ഥം വരുന്ന വാക്കുകൾ ചേർത്തുണ്ടാക്കിയ വാക്കിൽ നിന്നാണ്) ഉദാഹരണസഹിതം മനസിലാക്കാം. തനിയ്ക്ക് എടുക്കുവാൻ ബുദ്ധിമുട്ടുള്ള ഭാരംകൂടിയ ഒരു ചുമട് ഒരാൾ പൊക്കുവാൻ ശ്രമിക്കുമ്പോൾ മറ്റൊരാൾ അതിന്റെ എതിർവശത്തു പിടിച്ചു സഹായിക്കുന്നതിനാൽ ബുദ്ധിമുട്ടു മാറു ന്നു. നമ്മുടെ ജീവിതത്തിൽ വരുന്ന ഭാരങ്ങളും പ്രയാസങ്ങളും നമുക്ക് തന ിയെ വഹിയ്ക്കുവാൻ പ്രയാസമായി വരുന്നതിൽ *കൂടെ* താങ്ങി ഉയർത്തി സഹായിക്കുന്നത് പരിശുദ്ധാത്മാവ് ആകുന്നു. നമുക്കു തനിയെ ചെയ്യുവാൻ സാധിയ്ക്കാത്തത് ചെയ്യുവാൻ നമ്മെ സഹായിക്കുന്നു. 26–ാം വാക്യം ഒരു പ്രത്യേക ഉദാഹരണത്തിൽ കൂടി സഹായം ചെയ്യുന്നതിനെ വ്യക്തമാക്കുന്നു. നാം പ്രാർത്ഥിക്കുമ്പോൾ അവൻ സഹായിക്കുന്നു!

*ഉപസംഹാരം.* പരിശുദ്ധാത്മ സഹായം ലഭിക്കുന്നതിനുമുൻപേ പരിശു ദ്ധാത്മാവിനെക്കുറിച്ചുള്ളതെല്ലാം നാം അറിഞ്ഞിരിക്കണമോ? ഇല്ല. നമ്മുടെ ജീവതത്തിൽ ആത്മാവ് പ്രവർത്തിക്കുന്നതിന്റെ താക്കോൽ എന്താണെന്ന് ചോദിച്ചാൽ ‘‘ആത്മാവിനെ അനുസരിച്ച് നടക്കുക’’ എന്നുള്ളതാണ് (8:4). നമുക്കു നല്കപ്പെട്ടിരിക്കുന്ന പുതിയ നിയമത്തിലെ എല്ലാ നിർദ്ദേശങ്ങളും അനുസരിച്ച് ജീവിക്കേണ്ടതാണ്. പിശുദ്ധാത്മാവ് നിങ്ങളുടെ ഉള്ളിൽ വസി ക്കുന്നുണ്ടോ? ഇല്ലെങ്കിൽ നിങ്ങൾ യേശുവിനുള്ളവരല്ല (8:9). നിങ്ങൾ രക്ഷി യ്ക്കപ്പെട്ട് ഈ അത്ഭുതകരമായ ദാനം സ്വന്തമാക്കണം!

### രണ്ട് അന്ത്യം ഒരു തീരുമാനം (8:1-13)

8:1–13ൽ നാം ആത്മീക വൈരുദ്ധ്യങ്ങളെക്കുറിച്ച് വായിക്കുന്നു. (1) *നമുക്കു രണ്ടു വഴികളുണ്ട്.* ജഡത്തിന്റെ വഴിയിൽ പോകാം. അല്ലെങ്കിൽ, ആത്മാവിന്റെ വഴിയിൽ പോകാം. 8:4. (2) *രണ്ടു വാസികൾ* (വസിക്കുന്നവർ) ഉണ്ട്. ഒന്നു കിൽ പാപം അല്ലെങ്കിൽ ആത്മാവ് നമ്മിൽ വസിക്കുന്നു. (8:2, 9, 11). (3) *രണ്ടു കടങ്ങളുണ്ട്.* ഒന്ന് ക്രിസ്ത്യാനി ജഡത്തിന് കടക്കാരല്ല. രണ്ടാമത് ആത്മാവിന് ഇപ്പോഴും കടക്കാരനാണ് (8:12, 13). (4) എന്തുകൊണ്ടാണ് അങ്ങനെയുള്ള കാര്യങ്ങൾക്ക് പ്രാധാന്യമുള്ളത്? മനുഷ്യവർഗ്ഗത്തെ *രണ്ട് അന്ത്യങ്ങൾ* കാത്തി രിക്കുന്നതുകൊണ്ട്. ജീവൻ, മരണം ഇവ (8:6, 11, 13).

*രണ്ട് അന്ത്യങ്ങളുണ്ട്.* എന്നാൽ ഒരു *തീരുമാനമേയുള്ളൂ.* നിങ്ങൾക്ക് ജഡത്തെയോ ആത്മാവിനെയോ തെരഞ്ഞെടുക്കാം. നശിച്ചുപോകുന്ന ജഡ മാണ് പ്രധാനപ്പെട്ടത് എന്നു കരുതി ജീവിക്കാം അല്ലെങ്കിൽ ആത്മാവാണ്

നിലനില്ക്കുന്നതെന്നു കരുതി ജീവിക്കാം.

**ആത്മാവിന്റെ അധിവാസം (8:9, 11)**

റോമാ ലേഖനത്തിൽ മൂന്നു പ്രാവശ്യം പരിശുദ്ധാത്മാവ് ക്രിസ്ത്യാനിയുടെ ഉള്ളിൽ വസിക്കുന്നതിനെപ്പറ്റി പറയുന്നുണ്ട്, (റോമ. 8:9, 11).

> എന്നാൽ ആത്മാവ് നിങ്ങളിൽ വസിക്കുന്നുണ്ടെങ്കിൽ നിങ്ങൾ ജഡസ്വഭാവമുള്ളവരല്ല, ആത്മസ്വഭാവമുള്ളവരത്രെ (8:9a).

> യേശുവിനെ മരിച്ചവരിൽനിന്നും ഉയിർപ്പിച്ചവന്റെ ആത്മാവ് നിങ്ങളിൽ വസിക്കുന്നു എങ്കിൽ ക്രിസ്തുയേശുവിനെ മരണത്തിൽ നിന്ന് ഉയിർപ്പിച്ചവൻ നിങ്ങളിൽ വസിക്കുന്ന തന്റെ ആത്മാവിനെക്കൊണ്ട് നിങ്ങളുടെ മർത്യശരീരങ്ങളെയും ജീവിപ്പിക്കും (8:11).

നമ്മിൽ വസിക്കുന്ന ആത്മാവ് ക്രിസ്ത്യാനികൾ അനുഭവിക്കുന്നതും ക്രിസ്ത്യാനികളല്ലാത്തവർക്ക് ഇല്ലാത്തതുമായ ഒരു അനുഗ്രഹമാണ്. എന്നാൽ അത് എന്താണ്? പരിശുദ്ധാത്മാവിന് ക്രിസ്ത്യാനിയുമായി എന്തു പ്രത്യേക ബന്ധമാണുള്ളത്? പരിശുദ്ധാത്മാവിനെയും ക്രിസ്ത്യാനിയെയും കുറിച്ചുള്ള എല്ലാ ചോദ്യങ്ങൾക്കും ഉത്തരം നല്കുവാൻ കഴിവില്ല. എന്നാൽ ഈ വിഷയത്തെക്കുറിച്ച് പുതിയ നിയമത്തിന് എന്താണ് പറയുവാനുള്ളതെന്ന് നിരീക്ഷിക്കുന്നത് നന്നായിരിക്കും.

*പരിശുദ്ധാത്മാവിനെ നല്കുന്നത്* യോഹന്നാൻ 7:38-ൽ യേശു പരസ്യമായി വിളിച്ചു പറഞ്ഞു. എന്നിൽ വിശ്വസിക്കുന്നവന്റെ ഉള്ളിൽ നിന്നും തിരുവെഴുത്തു പറയുന്നതുപോലെ "ജീവജലത്തിന്റെ നദികൾ ഒഴുകും" (യെശയ്യ 44:3 കാണുക). യോഹന്നാൻ അത് വിശദീകരിച്ചു. ഇത് തന്നിൽ വിശ്വസിക്കുന്നവർക്ക് ലഭിപ്പാനുള്ള ആത്മാവിനെക്കുറിച്ചാകുന്നു പറഞ്ഞത്. യേശു അന്ന് തേജസ്സ്ക്കരിക്കപ്പെട്ടിട്ടില്ലായ്കയാൽ ആത്മാവ് വന്നിട്ടില്ലായിരുന്നു (യോഹ. 7:39). യോഹന്നാന്റെ വാക്കുകൾ നമ്മോടു പറയുന്നത് വിശ്വാസികൾക്ക് പരിശുദ്ധാത്മാവിനെ ഭാവിയിൽ കൊടുക്കുമെന്നാണ്. യേശുവിന്റെ തേജസ്സ്ക്കരണം കഴിഞ്ഞ ശേഷം (അവന്റെ മരണം, കബറടക്കം, ഉയിർത്തെഴുന്നേൽപ്പ്, സ്വർഗ്ഗാരോഹണം) യോഹന്നാന്റെ വാക്കുകളിൽ നിന്നും നമുക്ക് മനസ്സിലാക്കാവുന്നത് പരിശുദ്ധാത്മാവിനെ നല്കുക എന്നത് ഒരു *പുതിയ* തരം കൊടുക്കൽ ആണെന്നാകുന്നു. പഴയനിയമകാലത്തോട് ബന്ധമില്ലാത്തതും ക്രിസ്തീയ കാലത്തേക്കു മാത്രമുള്ളതുമായ ഒന്ന്.

യേശു, തന്റെ മരണത്തിന് മുമ്പുള്ള ചില മണിക്കൂറുകളിൽ താൻ ഭൂമിയിൽ നിന്നും പോയാൽ പരിശുദ്ധാത്മാവിനെ അയക്കുമെന്ന് അപ്പൊസ്തലന്മാരോടു പറഞ്ഞിരുന്നു (യോഹ. 14:16, 17, 25, 26; 15:26, 27; 16:7-14). യേശു ആത്മാവിനെക്കുറിച്ചു പറഞ്ഞ മിക്ക കാര്യങ്ങളുംതന്നെ 12 അപ്പൊസ്തലന്മാരോട് നേരിട്ട് ബന്ധമുള്ളതും അവർക്കു മാത്രം ആയി പറഞ്ഞതുമായിരുന്നു (യോഹ. 14:26; 16:13). എന്നാൽ ആത്മാവിന്റെ മുന്നോട്ടുള്ള ക്രിസ്തീയ കാലഘട്ടത്തിലെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള സൂചനകളും ഉണ്ടായിരുന്നു. ഉദാഹരണമായി യോഹ. 14:16-ൽ യേശു പറഞ്ഞു. "ഞാൻ പിതാവിനോടു ചോദിയ്ക്കും. അവൻ സത്യത്തിന്റെ ആത്മാവ് എന്ന മറ്റൊരു[169] കാര്യസ്ഥനെ

*എന്നേക്കും* നിങ്ങളോടുകൂടെയിരിക്കേണ്ടതിന് നിങ്ങൾക്കു തരും. "കാര്യസ്ഥൻ" (വലഹുല്യ) എന്നത് παράκλητος (*paraklētos*) രണ്ടു വാക്കുകൾ ചേർന്ന ഒരു വാക്ക്. പരിശുദ്ധാത്മാവിനെ ജമൃമസഹലലേ എന്നു പറയുന്നു. സഹായിപ്പാൻ അടുത്തുനിർത്തിയ ഒരാൾ എന്നാണർത്ഥം. സഹായിപ്പാനും ബലപ്പെടുത്തുവാനും പ്രോത്സാഹിപ്പിക്കുവാനും ആശ്വസിപ്പിക്കുവാനും ഒക്കെയായി. അആയിൽ പറയുന്നത് (ആലോചനക്കാരൻ, സഹായി, പക്ഷവാദം ചെയ്യുന്നവൻ, കാര്യസ്ഥൻ ബലപ്പെടുത്തുന്നവൻ, കൂടെ നിൽക്കുന്നവൻ).

യേശു ആരോഹണം ചെയ്തശേഷം അപ്പൊസ്തലന്മാരുടെമേൽ യഹൂദന്മാരുടെ പെന്തെകോസ്തു പെരുനാൾ ദിവസം പരിശുദ്ധാത്മാവിനെ പകർന്നുകൊടുത്തു. (പ്രവൃത്തി. 1:9; 2:1—4, 33). പഴയ വ്യാഖ്യാതാക്കൾ പറയും പ്രകാരം അപ്പൊസ്തലന്മാർക്ക് അസാധാരണമായ പരിശുദ്ധാത്മദാനം ലഭിച്ചു. അത്ഭുത കാര്യങ്ങൾ ചെയ്വാനുള്ള വരവും അവർക്ക് അതോടുകൂടെ ലഭിച്ചു. (പ്രവൃത്തി 2:4; 3:1–8; 5:12) അന്ന് പത്രൊസ് തന്റെ പ്രസംഗം കഴിയാറായപ്പോൾ താൻ തന്റെ കേൾവിക്കാർക്ക് സാധാരണയായിട്ടുള്ള പരിശുദ്ധാത്മദാനം സ്വീകരിപ്പാനുള്ള ആഹ്വാനം കൊടുത്തു. വിശ്വസിച്ചവരോട് പത്രൊസ് അപ്പൊസ്തലൻ പറഞ്ഞു. "നിങ്ങൾ ഓരോരുത്തൻ മാനസാന്തരപ്പെട്ട് നിങ്ങളുടെ പാപങ്ങളുടെ മോചനത്തിനായി യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനം ഏൽപ്പീൻ. *എന്നാൽ പരിശുദ്ധാത്മാവ് എന്ന ദാനം ലഭിയ്ക്കും*" (പ്രവൃത്തി. 2:38).

"പരിശുദ്ധാത്മദാനം" എന്ന വാക്യാംശത്തിനു പലവിധ അർത്ഥങ്ങളുണ്ടാകാം. എന്നാൽ കൂടുതൽ പേരും ഇവിടെ പരിശുദ്ധാത്മ ദാനം എന്നത് പരിശുദ്ധാത്മാവിനെ തന്നെ ദാനമായി ലഭിക്കുക എന്നാണ് (പ്രവൃത്തി. 2:38). പ്രവൃത്തി. 5:32–ൽ പത്രൊസ് പറയുന്നത് "ദൈവം തന്നെ അനുസരിക്കുന്നവർക്കു നൽകിയ പരിശുദ്ധാത്മാവ്" എന്നാണ്. 1 തെസ്സലോനിക്ക്യർ 4:8–ൽ പൗലൊസ് "നിങ്ങൾക്ക് പരിശുദ്ധാത്മാവിനെ തരുന്ന ദൈവം" എന്നാണ്.

പ്രവൃത്തി 2:38–ൽ രണ്ടു സത്യങ്ങൾ പരിശുദ്ധാത്മാവിനെ നല്കുന്നത് വെള്ളത്തിലെ സ്നാനത്തിന്റെ സമയത്താണ്. തിരുവെഴുത്തുകളിൻ പ്രകാരം സ്നാനപ്പെട്ട ഏവർക്കും പരിശുദ്ധാത്മാവിനെ നല്കപ്പെടും. വേറെ വാക്കിൽ പറഞ്ഞാൽ ക്രിസ്ത്യാനിയാകുവാൻ *ഏവർക്കും* വെള്ളംകൊണ്ടുള്ള സ്നാനം ലഭിക്കും. ഇത് നമ്മേ മനസ്സിലാക്കുന്നത് പരിശുദ്ധാത്മാവിനെ നല്കുന്നതിന്റെ ഉദ്ദേശത്തെ മനസ്സിലാക്കി തരുന്നു. അത്ഭുതങ്ങൾ ചെയ്വാനുള്ള ശക്തിക്കായിട്ടല്ല. ആരെങ്കിലും അതാണുദ്ദേശമെന്നു കരുതുന്നുണ്ടെങ്കിൽ അങ്ങനെയല്ല, *എല്ലാ* ക്രിസ്ത്യാനികൾക്കും പരിശുദ്ധാത്മാവുണ്ടായിരുന്നു. പ്രവൃത്തി 2:38–ൽ പറയുന്ന "പരിശുദ്ധാത്മ ദാനം."

ഈ പഠനത്തിൽ നമ്മുടെ ഉദ്ദേശം ഒന്നാം നൂറ്റാണ്ടിലെ അത്ഭുതങ്ങളെക്കുറിച്ച് ചർച്ച ചെയ്യുകയല്ല. അത്ഭുതങ്ങളുണ്ടായിരുന്നു അസാധാരണമായ പരിശുദ്ധാത്മദാനം സഭയുടെ ആദ്യ നാളുകളിലേക്കു മാത്രമായിരുന്നു എന്നും "സാധാരണദാനം" കർത്താവിന്റെ വരവുവരെയും ഉള്ളതായിരുന്നു എന്ന് മനസ്സിലാക്കിയാൽ മതിയായിരിക്കും.

"ഒരാൾക്കു പരിശുദ്ധാത്മാവിനെ ലഭിച്ചു" എന്ന് ആളുകൾക്ക് എങ്ങനെ അറിയാം. പറഞ്ഞറിയിക്കാൻ സാധിക്കാത്ത ഒരു അനുഭവം ഉണ്ടായതുകൊണ്ടല്ല. ഒരാൾ തിരുവചനപ്രകാരം സ്നാനമേൽക്കുമ്പോൾ ദൈവം പരിശുദ്ധാത്മാവിനെ നല്കുമെന്നു പറഞ്ഞിട്ടുള്ളതുകൊണ്ട് ക്രിസ്ത്യാനിക്ക്

പാപക്ഷമ ലഭിച്ചു എന്ന് എങ്ങനെ അറിയുന്നുവോ അതുപോലെതന്നെ പരിശുദ്ധാത്മാവിനെ പ്രാപിച്ചു എന്നും അറിയാം. ''അതാണ് തിരുവചനത്തിൽ പറഞ്ഞിട്ടുള്ളത്'' (പ്രവൃത്തി. 2:38). ദൈവം എപ്പോഴും വാക്കു പാലിക്കുന്ന വനാണ് (റോമർ. 4:21; 1 കൊരി. 1:9; തീത്തൊസ് 1:2; എബ്രാ. 6:18). പ്രവൃത്തി. 2:38 അറിയുകയും വിശ്വസിക്കുകയും ചെയ്യുന്നതുകൊണ്ട് നമുക്ക് ''നന്നായി തോന്നേണ്ടതാണ്.'' എന്നാൽ നന്നായി തോന്നുന്നത് തെളിവല്ല; ഫലമാണ്. തിരുവചനത്തിന്റെ സാക്ഷ്യമാണ് തർക്കമറ്റ തെളിവ്. നാം വാസ്തവമായി പരിശുദ്ധാത്മദാനം പ്രാപിച്ചു എന്ന് അങ്ങനെ അറിയാം.

ചിലർ പരിശുദ്ധാത്മാവിനെ കുറിച്ച് വിചിത്രമായ ധാരണകൾ വച്ചു പുലർത്തുന്നു. ദൈവം അവരുടെ ജീവിതത്തിൽ പ്രവർത്തിയ്ക്കുന്നുണ്ടെന്നും അതു ശാന്തമായിട്ടാണെന്നും അവരോടു പറയാം. അവരിൽ പരിശുദ്ധാത്മാ വു വസിക്കുന്നു എന്നു പറയുമ്പോൾ അവർ തെറ്റായ രീതിയിൽ പെരുമാറു കയില്ല. പിതാവും പുത്രനും പരിശുദ്ധാത്മാവും ഒന്നാണ്. ഒരാൾ ചെയ്യുന്ന കാര്യം മൂന്നുപേരും ചെയ്യുന്നു എന്നും പറയാം. പ്രവൃത്തി 2:38 വിശദീകരി യ്ക്കുമ്പോൾ ഞാൻ പറയാറുണ്ട്. നിങ്ങൾ സ്നാനപ്പെട്ടപ്പോൾ ദൈവം തന്റെ ആത്മാവിനെ തന്നത് നിങ്ങളെ സഹായിപ്പാനായിട്ടാണ്. ദൈവാത്മവരത്തെ മാന്ത്രികമായ ഇന്ദ്രിയാതീതമായ ഏതോ ആണെന്ന് വിചാരിക്കരുത്. ദൈവ ത്തിന്റെ ദാനത്തെ ദൈവം മുൻകൈയ്യെടുത്തു നൽകുന്ന *വ്യക്തിപരമായ ഒരു പ്രത്യേക ബന്ധവുമാണ്* മുൻപ് ഇല്ലാതിരുന്നതാണ്. ഇപ്പോൾ മുതലുള്ളതാണ് ആ ബന്ധം. രക്ഷിയ്ക്കപ്പെട്ടപ്പോൾ മുതൽ ഉണ്ടായ ബന്ധമാണ്.

*ഒരു മുദ്രയും അച്ചാരവും.* എന്തിനാണ് ദൈവം നമുക്കു ഈ പ്രത്യേക ദാനം തന്നത്. അതിന്റെ ഒരു ഉദ്ദേശം നമ്മുടെ രക്ഷയുടെ മുദ്രയും നമ്മുടെ നിത്യമായ അവകാശത്തിന്റെ അച്ചാരവുമായിരിക്കേണ്ടതിനാണ്. ഉദാഹ രണമായി 2 കൊരി. 1:21, 22 ൽ പൗലൊസ് ഇങ്ങനെ പറഞ്ഞു. ''ഞങ്ങളെ നിങ്ങളോടു കൂടെ ഉറപ്പിക്കുന്നതും, നമ്മെ അഭിഷേകം ചെയ്തതും ദൈവമ ല്ലോ. അവൻ നമ്മെ ''*മുദ്ര*''-യിടും. ആത്മാവ് എന്ന ''*അച്ചാരം*'' നമ്മുടെ ഹൃദ യങ്ങളിൽ തന്നുമിരിക്കുന്നു. എഫെ. 1:13, 14ൽ നാം വായിക്കുന്നത് ''അവന ിൽ (ക്രിസ്തുവിൽ) ... വിശ്വസിച്ചിട്ട് തന്റെ സ്വന്ത ജനത്തിന്റെ വീണ്ടെടുപ്പി നുവേണ്ടി തന്റെ മഹത്വത്തിന്റെ പുകഴ്ച്ചക്കായിട്ട് നമ്മുടെ അവകാശത്തിന്റെ *അച്ചാരമായ* വാഗ്ദത്തത്തിൻ പരിശുദ്ധാത്മാവിനാൽ *മുദ്ര*യിട്ടിരിക്കുന്നു.''

വേദപുസ്തക കാലങ്ങളിൽ ഒരു മുദ്ര വിവിധ ഉദ്ദേശങ്ങൾക്കുവേണ്ടി യായിരുന്നു. അത് ഉടമസ്ഥാവകാശം സൂചിപ്പിച്ചിരുന്നു. നിർവ്യാജമെന്ന് ഉറപ്പിച്ചിരുന്നു. സുരക്ഷിതത്വം നൽകിയിരുന്നു. ആത്മാവിന്റെ ''*മുദ്ര*'' ഈ കാര്യങ്ങളെല്ലാം തന്നെ ഉറപ്പാക്കിതരുന്നു. നാം കർത്താവിനുള്ളവരെന്ന് തിരിച്ചറിയുവാൻ സഹായിക്കുന്നു (1 കൊരി. 6:19, 20). നാം യഥാർത്ഥത്തിൽ ക്രിസ്ത്യാനികളാണെന്ന് ഉറപ്പിക്കുന്നു (8:9 ന്റെ നോട്ടു കാണുക). ദൈവ ത്തിന്റെ സംരക്ഷണം ഉറപ്പാക്കുന്നു (8:26–28, 37,). റോമർ 8:9ൽ പൗലൊസ് ദൈവിക ഉടമസ്ഥതയെ ഉയർത്തിക്കാട്ടിയിട്ടുണ്ട്. ''നിങ്ങളിൽ ദൈവത്തിന്റെ ആത്മാവു വസിക്കുന്നു എങ്കിൽ നിങ്ങൾ ജഡസ്വഭാവമുള്ളവരല്ല, ആത്മസ്വഭാ വമുള്ളവരത്രെ. ക്രിസ്തുവിന്റെ ആത്മാവില്ലാത്തവൻ അവനുള്ളവനല്ല.'' ഗലാ ത്യർ 4:6ൽ പൗലൊസ് നിർവ്യാജതയെ എടുത്തുകാട്ടുന്നു. ആ വാക്യത്തിൽ പൗലൊസ് ഇങ്ങനെ പറയുന്നു. ''നിങ്ങൾ മക്കൾ ആകകൊണ്ട്'' അബ്ബാപ ിതാവേ എന്നു വിളിക്കുന്ന ''സ്വപുത്രന്റെ ആത്മാവിനെ ദൈവം നിങ്ങളുടെ

ഹൃദയങ്ങളിൽ അയച്ചു'' നമ്മെ മക്കൾ ആക്കുവാനല്ല മക്കൾ ആയതുകൊണ്ടാണ് ആത്മാവിനെ ഹൃദയത്തിലേക്കു തന്നത്.

ഇതു കൂടാതെ ആത്മദാനത്തെ ഒരു ''അച്ചാരമായി'' പറഞ്ഞിട്ടുണ്ട്. നേരത്തെ പറഞ്ഞ ഭാഗങ്ങൾ കൂടാതെ 2 കൊരി. 5:5-ൽ ''ആത്മാവിനെ അച്ചാരമായി തന്ന ദൈവം'' എന്ന് പറഞ്ഞിട്ടുണ്ട്. "അച്ചാരം" എന്നത് ἀρραβών, (*arrabon*) എന്ന ഗ്രീക്കുപദത്തിൽ നിന്നാണ്. അത് മുൻകൂറായി അടയ്ക്കുന്ന പണമാണ്. വാങ്ങുന്ന ആൾ പണമടയ്ക്കുന്നു. കച്ചവടം നടന്നില്ലെങ്കിൽ അടച്ച പണം നഷ്ടപ്പെടുന്നു.[170] ആമൗല്യ'െ ഘലഃശരീൽ ഒന്നാമത്തെ തവണയും രൊക്കവും.[171] വേറെ വാക്കുകൾ നിക്ഷേപം ഉറപ്പ് (ജാമ്യം) മുതലായവയാണ്.[172]

ആത്മദാനം എങ്ങനെയാണ് ''നിക്ഷേപമാകുന്നത്''? അതെന്ത് ''ഉറപ്പാണ്'' തരുന്നത്? എഫെസ്യ. 1:13, 14, ''വാഗ്ദത്തിൻ പരിശുദ്ധാത്മാവ്'' എന്നാണു പറയുന്നത്. *അവകാശത്തിന്റെ* അച്ചാരമെന്നും പറയുന്നുണ്ട്. *വീണ്ടെടുപ്പ്* കൈവശമാണെന്നും ഉണ്ട്. പിന്നീട് എഫെസ്യർ 4:30-ൽ അതേ കാര്യം വ്യക്തമാക്കുവാൻ ''മുദ്ര'' എന്ന പദം ഉപയോഗിച്ചിട്ടുണ്ട്. ''പരിശുദ്ധാ ത്മാവിനാൽ *വീടെടുപ്പു നാളിലേക്ക്* മുദ്രയിടപ്പെട്ടിരിക്കുന്നു.'' പരിശുദ്ധാത്മ ദാനം സ്വർഗ്ഗത്തിനായുള്ള ഒരു വിശുദ്ധ നിക്ഷേപമാണ്. നമ്മുടെ നിത്യമായ പ്രതിഫലത്തിനു വേണ്ടിയുള്ള ഉറപ്പ്!

അറാബോൺ എന്ന വാക്കിന്റെ വേറൊരു നിരീക്ഷണം ശ്രദ്ധിക്കേണ്ടതാണ്. വേദപുസ്തകകാലത്ത് രണ്ടു പേർ ഒരു ഭൂമിയുടെ വില്പന നിശ്ചയിച്ചാൽ വില്ക്കുന്നവൻ ചിലപ്പോൾ ആ ഭൂമിയിൽ നിന്നും കുറെ മണ്ണ് എടുത്ത് വാങ്ങുന്നവനു കൊടുക്കും. അത് നല്ല വിശ്വാസത്തിന്റെ അരാബോൺ ആയിട്ടാണ്. ഒരു വീടു വില്ക്കുമ്പോൾ വില്ക്കുന്നവൻ വാങ്ങുന്നവന് മേല്പുര മേഞ്ഞിരിക്കുന്നതിൽ നിന്നും കുറച്ച് വലിച്ചെടുത്ത് വാങ്ങുന്നവന് കൊടുത്തിരുന്നു. സമ്മതം മുദ്രയിട്ടുറപ്പിക്കുന്നതിന് സമമാണ്. ചില എഴുത്തുകാർ പറയുന്നത് അത് ഒരു ഉറപ്പുമാത്രമല്ല. സ്വർഗ്ഗത്തെക്കുറിച്ചുള്ള ഉറപ്പുമാത്രമല്ല തരുന്നത് പിന്നെയോ പരിശുദ്ധാത്മദാനം സ്വർഗ്ഗത്തിന്റെ തന്നെ ഒരു കഷ്ടമാണെന്നത്രെ. അതായത് വരാനിരിക്കുന്ന അനുഗ്രഹത്തിന്റെ ഒരു രുചിനോക്കൽ!

*പരിശുദ്ധാത്മാവിന്റെ അധിവാസം.* 2 കൊരി. 1:22-ൽ പൗലൊസ് പരിശുദ്ധാത്മദാനത്തെക്കുറിച്ചു പറഞ്ഞപ്പോൾ ദൈവം തന്റെ ആത്മവിനെ *നമ്മുടെ ഹൃദയങ്ങളിൽ തന്നു* എന്ന് പറഞ്ഞു. റോമർ 5:5-ൽ ''നമുക്കു നല്കപ്പെട്ട പരിശുദ്ധാത്മാവിനാൽ ദൈവസ്നേഹം *നമ്മുടെ ഹൃദയങ്ങളിൽ* എന്ന സങ്കല്പം വെളിപ്പെടുത്തുവാൻ പൗലൊസ് പറയുന്നു.'' പരിശുദ്ധാത്മാവ് നമ്മുടെ ഹൃദയങ്ങളിൽ വസിക്കുന്നു എന്ന്. റോമർ. 8:9, 11-ൽ അതേ വാക്കുകൾ മൂന്നു പ്രാവശ്യം ഉപയോഗിച്ചിട്ടുണ്ട്. മറ്റു ലേഖനങ്ങളിലും ഉപയോഗിച്ചിട്ടുണ്ട്. 1 കൊരി. 3:16-ൽ നിങ്ങൾ ദൈവത്തിന്റെ മന്ദിരം എന്നും ദൈവത്തിന്റെ ആത്മാവ് നിങ്ങളിൽ *വസിക്കുന്നു* എന്നൊന്നില്ലയോ എന്ന് ചോദിക്കുന്നു (1 കൊരി. 6:19 കാണുക. എഫെ. 2:22). തിമൊഥെയോസിന്റെ രണ്ടാം ലേഖനത്തിലും (2 തിമൊ. 1:14)-ൽ നിന്നിൽ *വസിക്കുന്ന* ആത്മാവ് എന്നു പറഞ്ഞിട്ടുണ്ട്. ''വസിക്കുക'' എന്നാൽ ''ഒരിടത്ത് താമസം ആക്കുക'' എന്നാണ്. ''താമസക്കാരൻ'' അവിടെ ''അധികാരി'' ആണെന്നും അത് സൂചിപ്പിക്കുന്നു.

ആത്മാവ് നമ്മിൽ വസിക്കുന്നു എന്ന കാര്യം നാം അംഗീകരിക്കുന്നെങ്കിൽ അത് നമ്മിൽ ചില മാറ്റങ്ങൾ ഉണ്ടാക്കണം (1 കൊരി. 3:16, 17; 6:19, 20). ദൈവമോ, ക്രിസ്തുവോ നിങ്ങളുടെ ഭവനത്തിൽ വസിക്കുവാൻ വരുന്നു

എന്നറിഞ്ഞാൽ നിങ്ങൾ എന്തു ചെയ്യും? നിങ്ങൾ ധൃതിയിൽ വീട്ടിൽ ചെന്ന് വീട് വൃത്തിയാക്കുവാൻ തുടങ്ങും. നിശ്ചയമായും നിങ്ങൾ അര മനസ്സോടെയല്ല മുഴുവൻ ശ്രദ്ധയും ചെലുത്തി ചെയ്യും. ചിലർക്ക് കാണേണ്ടാത്ത കാര്യങ്ങളൊക്കെ കിടക്കയടിയിലോ ഉള്ളറയിലോ വെക്കും. ദൈവം കൂടെ വസിക്കുവാൻ വരുമെങ്കിൽ എല്ലാ സ്ഥലവും വൃത്തിയാക്കും. നാം പരിശുദ്ധാത്മാവിന്റെ വാസസ്ഥലമാണ്. അവൻ പരിശുദ്ധനായതുകൊണ്ടാണ് പരിശുദ്ധാത്മാവ് എന്നു വിളിയ്ക്കുന്നത് അവൻ നമ്മിൽ വസിക്കണമെങ്കിൽ നാം വിശുദ്ധ ജീവിതം നയിക്കണം. ഈ സത്യം ഉറപ്പിച്ചു പഠിപ്പിക്കയായിരുന്നു റോമർ 8 എഴുതിയതിന്റെ പ്രധാന ഉദ്ദേശം. പരിശുദ്ധാത്മാവ് നമ്മിൽ വസിക്കുന്നു എങ്കിൽ നാം അതനുസരിച്ച് പ്രവർത്തിക്കണം (8:13 കാണുക).

അനേകരെയും അലട്ടുന്ന പ്രശ്നം അതെങ്ങനെയാണ് സാധിക്കുന്നത്? എന്നുള്ളതാണ്. ഏതു നിലയിലാണ് പരിശുദ്ധാത്മാവു നമ്മിൽ വസിക്കുന്നത്? എങ്ങനെ അധിവസിക്കുന്നു എന്ന് വിശദീകരിപ്പാൻ പൗലൊസ് ഒരു ശ്രമവും നടത്തിയില്ല. പരിശുദ്ധാത്മാവു നമ്മിൽ വസിക്കുന്നു എന്നും അത് കുറഞ്ഞ പക്ഷം രണ്ടു വിധത്തിലെങ്കിലും നമ്മെ ബാധിക്കണമെന്നും പറഞ്ഞു. അതു നമ്മെ ധൈര്യമുള്ളവരാക്കണം. ദൈവത്തിനുവേണ്ടി ജീവിപ്പാൻ തീരുമാനിച്ചവരാക്കണം.

ദൈവത്വത്തിലുള്ള ഒരാൾ ചെയ്യുന്നത് മറ്റവരും ചെയ്യുന്നു എന്ന് നാം കണ്ടു. അതുകൊണ്ട് പിതാവും പുത്രനും നമ്മിൽ വസിക്കുന്നു എന്നു പറയുന്നതിൽ നമുക്ക് അത്ഭുതമില്ല. 1 യോഹ. 4:15-ൽ നാം വായിക്കുന്നു, യേശു ദൈവപുത്രൻ എന്ന് സ്വീകരിക്കുന്നവനിൽ ദൈവവും അവൻ ദൈവത്തിലും വസിക്കുന്നു. ഗലാത്യർ 2:20-ൽ പൗലൊസ് പറഞ്ഞു ‘‘ഇനി ഞാനല്ല ക്രിസ്തു അത്രെ എന്നിൽ ജീവിക്കുന്നു.’’

ദൈവത്തെയോ ക്രിസ്തുവിനെയോ നമ്മിൽ വസിക്കുന്നതായി രേഖപ്പെടുത്തിയിട്ടുള്ള ഭാഗങ്ങളിൽ എത്ര പ്രാവശ്യം പിതാവിന്റെയും പുത്രന്റെയും അധിവാസം ആത്മാവിന്റെ അധിവാസത്തോടു ബന്ധപ്പെടുത്തി പറഞ്ഞിരിക്കുന്നു എന്ന് ശ്രദ്ധിക്കുന്നത് പ്രയോജനകരമായിരിക്കും. ഉദാഹരണത്തിന് യോഹ 14:23. ആത്മാവിനെ അയക്കാമെന്നുള്ള യേശുവിന്റെ വാഗ്ദത്തത്തിൽ (യോഹ. 14:16, 17, 26) ക്രിസ്തുവിന്റെ വചനം അനുസരിക്കുന്നവരിൽ പിതാവും പുത്രനും വന്നു വസിക്കും എന്ന് പറയുന്നു. എഫെ. 3:16, 17-ൽ പൗലൊസ് പ്രാർത്ഥിക്കുന്നു. ‘‘അവൻ തന്റെ മഹത്വത്തിന്റെ ധനത്തിന് ഒത്തവണ്ണം അവന്റെ ആത്മാവിനാൽ നിങ്ങൾ അകത്തെ മനുഷ്യനെ സംബന്ധിച്ച് ശക്തിയോടെ ബലപ്പെടേണ്ടതിനും ക്രിസ്തുവിശ്വാസത്താൽ നിങ്ങളുടെ ഹൃദയങ്ങളിൽ വസിക്കേണ്ടതിനും വരം നല്കേണം’’ യോഹന്നാൻ എഴുതി (1 യോഹ. 3:24). അവന്റെ കല്പനകളെ പ്രമാണിക്കുന്നവൻ അവനിലും അവൻ ഇവനിലും വസിക്കുന്നു. ‘‘അവൻ നമ്മിൽ വസിക്കുന്നു എന്ന് അവൻ നമുക്കു തന്ന ആത്മാവിനാൽ നാം അറിയുന്നു.’’ അതേ ലേഖനത്തിൽ വീണ്ടും പറയുന്നു. നാം അന്യോന്യം സ്നേഹിക്കുന്നു എങ്കിൽ ദൈവം നമ്മിൽ വസിക്കുന്നു. അവന്റെ സ്നേഹം നമ്മിൽ തികഞ്ഞുമിരിക്കുന്നു. നാം അവനിലും ‘‘അവൻ നമ്മിലും വസിക്കുന്നു എന്ന് അവൻ തന്റെ ആത്മാവിനെ തന്നതിനാൽ നാം അറിയുന്നു’’ (1 യോഹ. 4:12, 13).

ഇങ്ങനെയുള്ള ഭാഗങ്ങൾ മൂലമായിരിക്കണം ചിലർ അനുമാനിക്കുന്നതും ദൈവവും ക്രിസ്തുവും നമ്മിൽ പ്രാതിനിധ്യരീതിയിൽ വസിക്കുന്നുവെന്നും

പരിശുദ്ധാത്മാവ് വ്യക്തിപരമായി നമ്മിൽ വസിക്കുന്നു എന്നും പറയുന്നത്.[173] പഴയകാലത്ത് പഴയനിയമകാലത്തെ ക്രിസ്തീയ എഴുത്തുകാർ "പിതാവായ ദൈവത്തിന്റെ യുഗം" എന്ന പേരിൽ സൂചിപ്പിച്ചിരുന്നു. ക്രിസ്തു ഭൂമിയിൽ വസിച്ച കാലം "പുത്രന്റെ യുഗം" എന്നും ക്രിസ്തീയകാലഘട്ടത്തെ പരിശുദ്ധാത്മാവിന്റെ യുഗം എന്നും വിശേഷിപ്പിച്ചിരുന്നു.[174]

*ഉള്ളിൽ വസിക്കുന്ന ആത്മാവ് ക്രിസ്ത്യാനിയെ സഹായിക്കുന്ന വഴികൾ.* ആത്മാവ് ക്രിസ്ത്യാനിയെ സഹായിക്കുന്ന വിധങ്ങളുടെ പ്രഥമഭാഗം റോമർ 8 ആണ്. ഈ മഹനീയ അദ്ധ്യായം ആത്മാവിന്റെ "മേല്പോട്ടുള്ള ഉയർത്തലിനെ" (വലിക്കൽ) പഠിപ്പിക്കുന്നു (8:2). നമ്മുടെ ശരീരത്തിന്റെ ഉയിർത്തെഴുന്നേല്പ് (8:11); ആത്മാവിനാൽ നമുക്ക് ജഡത്തിന്റെ പ്രവർത്തികളെ മരിപ്പിക്കാമെന്നുള്ള വസ്തുത (8:13) ഒപ്പം (8:14) നമ്മുടെ ആത്മാവോടുള്ള പരിശുദ്ധാത്മാവിന്റെ സാക്ഷ്യം (8:16) ഒപ്പം (8:26) പരിശുദ്ധാത്മാവ് എങ്ങനെയാണ് ഈ പ്രവർത്തികൾ ചെയ്യുന്നത് എന്നതിനെക്കുറിച്ച് വിരുദ്ധമായ ചിന്താഗതികളുണ്ട്. അതെങ്ങനെ എന്നു പറയുവാൻ പൗലൊസ് ഒരു ശ്രമവും നടത്തുന്നില്ല. ഫലത്തിൽ അതെല്ലാം വിശ്വാസത്താൽ സ്വീകരിച്ച് അംഗീകരിക്കപ്പെടാൻ ആവശ്യപ്പെടുകയാണ്.

പരിശുദ്ധാത്മാവ് താൻ നിശ്വസിച്ച വചനം ഉപയോഗിച്ച് നമ്മെ സഹായിക്കുന്നതാണ് ഒരു മാർഗ്ഗം എന്ന് എല്ലാവരും സമ്മതിക്കുന്നു. എഫെസ്യർ 6:17ൽ വചനത്തെ ആത്മാവിന്റെ വാൾ എന്ന് വിശേഷിപ്പിച്ചിട്ടുണ്ട്. ആത്മാവിന്റെ ഈ ശുശ്രൂഷയെ ചെറുതാക്കി കാണുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നില്ല. വചനം നമ്മിൽ വിശ്വാസം ഉളവാക്കുന്നു (റോമർ. 10:17). ശുദ്ധീകരിക്കുന്നു (യോഹ. 15:3; പ്രവൃത്തി. 15:9). ശുദ്ധീകരിക്കുകയും വേർപെടുത്തുകയും ചെയ്യുന്നു (യോഹ. 17:17, 19). നമ്മിൽ വേല ചെയ്യുന്നു (1 തെസ്സ. 2:13). രക്ഷിക്കുന്നു (യാക്കൊ. 1:21; 1 പത്രൊ. 1:22, 23). പൗലൊസ് ആത്മാവിന്റെ ഫലം പുറപ്പെടുവിക്കുവാൻ ആഹ്വാനം ചെയ്യുന്നു. (നമ്മുടെ ജീവിതത്തിൽ) (ഗലാ. 5:22, 23) വിത്ത് ഇല്ലാതെ ഫലം ഉണ്ടാകുകയില്ല. വിത്ത് ദൈവവചനമാണ് (ലൂക്കോ. 8:11).

ചിലർ ചിന്തിക്കുന്നത് ആത്മാവിന്റെ ശുശ്രൂഷ വചനം മൂലം മാത്രമാണെന്നത്രെ. ആ പരിമിതി അല്പം കടന്നുപോയി. ആത്മദാനം നിസ്തുല്ല്യമാണെന്നും (ഈ കാലത്തേക്ക്, ക്രിസ്ത്യ യുഗം) അക്രൈസ്തവർക്ക് ലഭിക്കാത്തതുമാണെന്നും നാം നേരത്തെ പറഞ്ഞു. പഴയനിയമകാലത്തെ ആളുകൾക്ക് വചനം പ്രവാചകന്മാർ മുഖാന്തരം ലഭിച്ചിരുന്നു. ഇന്നും അക്രൈസ്തവർക്ക് വേദപുസ്തകത്തിന്റെ ഒരു കോപ്പി വാങ്ങി ഉപയോഗിക്കുവാൻ കഴിയും. നാം ദൈവത്തിന്റെ ആത്മാവിനെക്കുറിച്ചാണ് പറയുന്നതെന്ന് ഓർക്കാൻ സഹായകരമാണ്. ദൈവവചനം തന്നശേഷം നമ്മെ അതുമായി ഉപേക്ഷിച്ചു കടന്നുപൊയ്ക്കളഞ്ഞുവോ. അവൻ തന്റെ ജനത്തിന്റെയിടയിൽ ഇന്നും പ്രവർത്തിയ്ക്കുന്നില്ലേ? പ്രാർത്ഥനയിൽ ശക്തിയും ഉദ്ദേശവും ഇല്ലേ? (യാക്കൊ. 5:16)?

റോമർ 8:28ൽ പറയുന്നു. ദൈവം മനുഷ്യ ജീവിതത്തിൽ പ്രവർത്തിയ്ക്കുന്നുണ്ട്. ദൈവത്വത്തിലുള്ള ഒരാൾ ചെയ്യുന്നത് മറ്റൊരാളും ചെയ്യുന്നു എന്ന് നാം പറഞ്ഞല്ലോ. റോമർ. 8:28, ക്രിസ്ത്യാനിയുടെ ജീവിതത്തിൽ ദൈവത്തിന്റെ വേല എന്നതാണ് (കാണുക. 8:26, 27). അങ്ങനെ ദൈവം നമ്മിൽ പ്രവർത്തിച്ച എല്ലാ കാര്യങ്ങളും നന്മയ്ക്കായി കൂടി വ്യാപരിപ്പിക്കുന്നു എന്ന് നാം അറിയുന്നു.

പരിശുദ്ധാത്മാവ് ഉള്ളിൽ വസിച്ചുകൊണ്ട് നമ്മിൽ മറ്റെന്തെങ്കിലും ചെയ്യുന്നുണ്ടോ? റോമാലേഖനത്തിൽ ഒടുവിലായി നാം ഒരു ആശിർവാദം കാണുന്നു. റോമർ 15:13 എന്നാൽ പ്രത്യാശ നല്കുന്ന ദൈവം *പരിശുദ്ധാത്മാവിന്റെ ശക്തിയാൽ* നിങ്ങൾ പ്രത്യാശയിൽ സമൃദ്ധിയുള്ളവരായി വിശ്വസിക്കുന്നതിലുള്ള സകല സന്തോഷവും സമാധാനവും കൊണ്ട് നിങ്ങളെ നിറയ്ക്കുമാറാകട്ടെ'' (15:13). നേരത്തെ നാം എഫെസ്യർക്കുവേണ്ടിയുള്ള പ്രാർത്ഥനയിൽ നിന്നും ഉദ്ധരിച്ചിരുന്നു. ''അവൻ തന്റെ മഹത്വത്തിന്റെ ധനത്തിനൊത്തവണ്ണം അവന്റെ ആത്മാവിനാൽ നിങ്ങൾ *അകത്തെ മനുഷ്യനെ സംബന്ധിച്ച് ശക്തിയോടെ ബലപ്പെടേതിനും വരം നല്കേണം.*'' ഈ പ്രാർത്ഥന ഒരു ആശീർവാദത്താൽ അവസാനിപ്പിക്കുന്നു (എഫെ. 3:16).

> ''എന്നാൽ നാം ചോദിക്കുന്നതിലും നിനെക്കുന്നതിലും അത്യന്തം പരമായി ചെയ്‌വാൻ *നമ്മിൽ വ്യാപരിക്കുന്ന ശക്തിയാൽ* കഴിയുന്നവന് സഭയിലും ക്രിസ്തുയേശുവിലും എന്നേക്കും തലമുറ തലമുറയായും മഹത്വമുണ്ടാകട്ടെ ആമേൻ'' (എഫെ. 3:20, 21).

''എങ്ങനെ'' എന്നതിന് ഉത്തരം നൽകുവാൻ ശ്രമിയ്ക്കാതെ വസ്തുതകൾ ഉള്ളതുപോലെ അവതരിപ്പിക്കുകയാണ് അപ്പൊസ്തലൻ.

*ദൈവത്തിന്റെ നന്മകൾ അനുഭവിക്കുന്നത്* നാം മുഴുവനായി മനസ്സിലാക്കുന്നുണ്ടോ ഇല്ലയോ? പുതിയ നിയമം പഠിപ്പിക്കുന്നു ദൈവാത്മാവിനാൽ അത്ഭുതകരമായ സഹായസാദ്ധ്യതകൾ ക്രിസ്ത്യാനിക്ക് ലഭ്യമാണ്. ലഭ്യമാണെന്നുവച്ച് നിർഭാഗ്യവശാൽ അവ ഉപയോഗിയ്ക്കപ്പെടുന്നില്ല. സമുദ്രത്തിൽ വീണുപോയ ഒരു മനുഷ്യനെക്കുറിച്ച് വായിച്ചിട്ടുണ്ട്. ജീവരക്ഷയ്ക്കായുള്ള ഒരു മാർഗ്ഗം അവന് എത്തിച്ചുകൊടുത്തു. അതിൽ പിടിച്ചു രക്ഷപെടുന്നത് അവൻ നിരസിച്ചു. തന്മൂലം അവൻ മുങ്ങിച്ചത്തു. വേറൊരാൾ അവന്റെ കടം വീട്ടിയില്ല. തന്മൂലം വീടു നഷ്ടപ്പെട്ടു. ശിഷ്ടായുസ്സ് വീടില്ലാതെ വഴിയാധാരമായി തെരുവിൽ ജീവിച്ചു. അവന്റെ മരണശേഷം അവന് ബാങ്കിൽ ഒരു ലക്ഷം ഡോളർ നിക്ഷേപമുള്ളതായി കണ്ടുപിടിച്ചു. അവന് സഹായസാദ്ധ്യത ഉണ്ടായിരുന്നു. എന്തുകൊണ്ടോ അത് ഉപയോഗിക്കില്ല എന്നു തീരുമാനിച്ചു. ഒരു ക്രിസ്തീയ ജീവിതം നയിക്കുവാൻ ആവശ്യമായ എല്ലാ സഹായസാദ്ധ്യതകളും നമുക്കുണ്ട്. എന്നാൽ ഏതോ കാരണവശാൽ അതൊന്നും തന്നെ ഉപയോഗിക്കില്ലെന്നു വച്ചു. നമുക്കു ദൈവം എല്ലാ സഹായ സാദ്ധ്യതകളും വിജയകരമായ ക്രിസ്തീയ ജീവിതം നയിക്കുവാൻ വച്ചിട്ടുണ്ട്. എന്നാൽ അതുപയോഗിക്കേണ്ടത് നമ്മുടെ ചുമതലയാണ്.

ദൈവം തന്ന നന്മകളെ നാം *എങ്ങനെ* ഉപയോഗിക്കുന്നു? നാം രക്ഷിക്കപ്പെട്ടപ്പോൾ പരിശുദ്ധാത്മാവ് വന്ന് നമ്മുടെ ഉള്ളിൽ വസിക്കുന്നു. (പ്രവൃത്തി. 2:38; റോമർ. 8:11) അവനെ അതിഥിയായി സ്വാഗതം ചെയ്യുമോ? വേണ്ടാത്ത സന്ദർശകനെന്ന നിലയിൽ കണ്ടില്ല എന്ന് നടിക്കുമോ?

1 തെസ്സലൊനിക്യർ 5:19-ൽ പൗലൊസ് എഴുതി. ''ആത്മാവിനെ കെടുത്തരുത്.''[175] കത്തുന്ന തീയുടെമേൽ കെടുത്തുവാൻ വെള്ളം ഒഴിക്കുന്നതാണ് സാദൃശം. ഒന്നാം നൂറ്റാണ്ടിലെ ക്രിസ്ത്യാനികൾക്ക് അതു നന്നായി അനുഭവമുണ്ട്. ഭക്ഷണം പാകം ചെയ്‌വാനും, ചൂടു ലഭിക്കുവാനും തീ ആവശ്യമാണ്. വെളിച്ചത്തിനുള്ള ഏക മാർഗ്ഗവും അതായിരുന്നു. ആ തീ കെടുത്തിയാൽ

അവർ തണുത്തുവിറയ്ക്കും. ഇരുട്ടിലാകും. ഭക്ഷണം പാകം ചെയ്യാൻ സാധിക്കയില്ല. പല വിധത്തിൽ ആത്മാവിനെ കെടുത്തുവാൻ സാധിയ്ക്കും. ചില വിധങ്ങൾ പരിശോധിക്കാം:

*അറിവില്ലായ്മ മൂലം* ദൈവവചനം അറിഞ്ഞുകൂടാത്തതുകൊണ്ട്. പരിശുദ്ധാത്മാവിന്റെ ഇഷ്ടം എഴുതപ്പെട്ടിരിക്കുന്നത് പരിശുദ്ധാത്മാവിനാൽ പ്രേരിപ്പിക്കപ്പെട്ട് എഴുതപ്പെട്ട വചനം മൂലമാണ്. അതിനായി വചനം വായിച്ചു പഠിക്കണം.

*അവിശ്വാസം മൂലം* ചിലർക്ക് വേദപുസ്തകം എന്തു പറയുന്നു എന്നറിയാം. എന്നാൽ അത് ദൈവവിശ്വാസീയമാണെന്ന് അവർക്ക് ഉറപ്പില്ല.

*താല്പര്യമില്ലായ്മ.* ചിലർക്ക് വചനത്തിലുള്ള പഠിപ്പിക്കലുകൾ അറിയാം, എന്നാൽ ആ വാക്കുകൾ പിൻതുടരുവാൻ താല്പര്യമില്ല.

*അനുസരണക്കേടുമൂലം* ചിലർ വചനത്തിലുള്ള പരിശുദ്ധാത്മാവിന്റെ പഠിപ്പിക്കലുകൾക്ക് ഒട്ടും ശ്രദ്ധ കൊടുക്കുന്നില്ല. അവർ സ്വന്ത വഴിയിൽ പോകുവാൻ താല്പര്യപ്പെടുന്നു. റോമർ 8ന്റെ ഭാഷയിൽ പറഞ്ഞാൽ അവർ ജഡത്തെ അനുസരിക്കുന്നു. ആത്മാവിനെ അനുസരിക്കുന്നില്ല.

നമുക്ക് ആത്മാവിനെ ‘‘കെടുക്കാൻ’’ മാത്രമല്ല; ആത്മാവിനെ ‘‘ദുഃഖിപ്പിക്കുവാനും’’ കഴിയും. എഫെസ്യ ക്രിസ്ത്യാനികളോട് പൗലൊസ് പറഞ്ഞു. ‘‘ദൈവത്തിന്റെ പരിശുദ്ധാത്മാവിനെ ദുഃഖിപ്പിക്കരുത്. അവനാലല്ലോ നിങ്ങൾക്ക് വീണ്ടെടുപ്പു നാളിനായി മുദ്രയിട്ടിരിക്കുന്നത്’’ (എഫെ. 4:30) നിങ്ങൾ സ്നേഹിക്കുന്ന ഏതെങ്കിലും ആളിനാൽ ദുഃഖിപ്പിയ്ക്കപ്പെട്ടിട്ടുണ്ടോ? നിങ്ങൾ അവരെ സഹായിക്കുവാൻ ആഗ്രഹിച്ചു. പക്ഷേ അവർ നിങ്ങളുടെ ആലോചനയും സഹായവും നിരസിച്ചു. അപ്പോൾ നിങ്ങൾക്കു മനസ്സിലാകും. ആത്മാവിന് അനുഭവിക്കാൻ കിട്ടിയ ദുഃഖത്തിന്റെ അവസ്ഥ. ദൈവമക്കൾ ദൈവവചനം അവഗണിച്ച് വചനത്തിനെതിരായി ജീവിക്കുമ്പോൾ പരിശുദ്ധാത്മാവ് എത്ര ദുഃഖിക്കുന്നു. ഒരു അറിയപ്പെടുന്ന പ്രസംഗകൻ ഒരിക്കൽ പറഞ്ഞു. ന്യായവിധിദിവസത്തിൽ നാം അതിശയിച്ചു പോകും. എത്രയോ വിധങ്ങളിൽ നാം പരിശുദ്ധാത്മാവിനെ ദു:ഖിപ്പിച്ചു എന്ന് മനസിലാകുമ്പോൾ.

പരിശുദ്ധാത്മാവിനെ കെടുക്കയും ദുഃഖിപ്പിക്കയും ചെയ്യുന്നത് കൂടാതെ നമുക്ക് അവനെ ‘‘മുറിപ്പെടുത്തുവാൻ’’ കഴിയും. മനഃപൂർവ്വം പാപം ചെയ്തുകൊണ്ടേയിരിക്കുന്ന ആളുകൾ കൃപയുടെ ആത്മാവിനെ വേദനിപ്പിക്കുകയാണ് (എബ്രാ. 10:26). എനിക്കു മനഃപൂർവ്വമുള്ള അവഗണനയും അനുസരണക്കേടും സഹിക്കുവാൻ ഇഷ്ടമില്ല (എബ്രാ. 10:29). നിങ്ങൾക്കും അങ്ങനെതന്നെ ആയിരിക്കുമല്ലോ. പരിശുദ്ധാത്മാവിനും അത് വേദനയുണ്ടാക്കും. ദൈവം ആഗ്രഹിക്കുന്നതിനെതിരായി നാം നിരന്തരം ജീവിച്ചുപോകുമ്പോൾ ആതാണ് സംഭവിക്കുന്നത്.

എങ്ങനെ നമുക്ക് പരിശുദ്ധാത്മാവിനെ സ്വാഗതം ചെയ്യപ്പെടുന്ന അതിഥിയായി അവന്റെ സഹായത്തിനു വേണ്ടി അവനോടു പെരുമാറാം, എഫെ. 5:18ൽ പൗലൊസ് പറഞ്ഞു. ‘‘വീഞ്ഞു കുടിച്ചു മത്തരാകരുത്. അതിനാൽ ദുർന്നടപ്പുണ്ടാകുമല്ലോ? ആത്മാവിനാൽ നിറയുവീൻ’’ ഈ വാക്യത്തിൽ പല വൈരുദ്ധ്യങ്ങൾ കാണാം. മദ്യം കുടിച്ച് മത്തരാകുന്നതിനു പകരം ആത്മാവ്

നിറഞ്ഞവരായിരിക്കാം. മദ്യത്താൽ നിയന്ത്രിക്കപ്പെടുന്നതിനുപകരം പരിശുദ്ധാത്മാവിനാൽ നിയന്ത്രിയ്ക്കപ്പെടാം. മദ്യത്തിലാശ്രയിക്കുന്നതിനു പകരം ദൈവത്തിലാശ്രയിക്കാം. ആത്മാവിനാൽ നിറയുവീൻ എന്ന വാക്കുകൾ നോക്കുക. പൗലൊസ് വാക്കുകൾകൊണ്ട് കളിയാക്കുകയാണെന്ന് തോന്നും.

ആത്മാവ് എന്നതിന്റെ ഗ്രീക്കുവാക്ക് (πνεύμα, *pneuma*) കാറ്റ് എന്നതിനും അതുതന്നെയാണ് ഗ്രീക്കുപദം പൗലൊസിന്റെ വായനക്കാർക്ക് കാറ്റിനാൽ സഞ്ചരിക്കുന്ന വാഹനങ്ങളെക്കുറിച്ച് അറിയാമായിരുന്നു. ഒരു കപ്പൽ മുമ്പോട്ടു പോകണമെങ്കിൽ അതിന്റെ പായ് ശരിയായരീതിയിൽ ക്രമീകരിയ്ക്കണം. അപ്പോൾ അതിൽ കാറ്റു *നിറയും* കപ്പൽ മുമ്പോട്ട് പോകും. റോമർ 8-ൽ പൗലൊസ് പറഞ്ഞത് നമ്മുടെ മനസ്സുകൾ ശരിയായ രീതിയിൽ ആത്മാവിനുള്ള വിഷയങ്ങളിൽ ഉറപ്പിച്ചാൽ (8:5, 6) ആത്മാവു നമ്മെ നിറയ്ക്കുകയും ശരിയായ ദിശയിൽ വച്ചിരിക്കുന്ന പായ്കളെ നിറയ്ക്കുന്നതുപോലെ നിറയ്ക്കും. അതെങ്ങനെയെന്നു പറയാം. ആത്മാവ് എന്റെ ജീവിതത്തെ നിറയ്ക്കുകയും ഞാൻ ആകേണ്ടതുപോലെ എല്ലാം ഞാനാകുകയും ചെയ്യണമെങ്കിൽ എനിക്ക് അതിനുള്ള മനഃസ്ഥിതി ഉണ്ടാകണം. എല്ലാറ്റിനും മേലായി ദൈവയിഷ്ടം ചെയ്യണമെന്നുള്ള ഒരാഗ്രഹം ഉണ്ടായിരിക്കണം.

ദൈവം നിങ്ങളെ അനുഗ്രഹിക്കുന്നതിനു മുൻപായി ഉള്ളിൽ വസിക്കുന്ന ആത്മാവിനെയും അവന്റെ പ്രവർത്തനങ്ങളെയുംകുറിച്ച് അറിഞ്ഞിരിക്കണമോ? വേണ്ടാ, എന്തുകൊണ്ടെന്നാൽ ആർക്കും തന്നെ ആത്മാവിന്റെ പ്രവർത്തനം മുഴുവനായി മനസ്സിലാക്കുവാൻ കഴിയുകയില്ല. എങ്ങനെയാണ് അവന്റെ സഹായി ജീവിതത്തിൽ സ്വീകരിച്ച് ഉപയോഗിക്കുന്നതെന്നറിഞ്ഞാൽ മതി. ഞാൻ ചെറുപ്പമായിരുന്നപ്പോൾ ചിലപ്പോൾ ഒരു തോട്ടം ഉണ്ടാക്കുമായിരുന്നു. വിത്തുകൾ എങ്ങനെയാണ് മുളച്ചു വളരുന്നതെന്ന് എനിക്ക് അറിഞ്ഞുകൂടായിരുന്നു. എങ്ങനെ നിലത്താക്കാണമെന്നറിഞ്ഞിരുന്നു. നനയ്ക്കണമെന്നും വളമിടണമെന്നും കളകൾ പറിച്ചുകളയണമെന്നും അറിയാമായിരുന്നു. ബാക്കിയൊക്കെ ദൈവത്തെ ഏൽപ്പിച്ചു. ദൈവം എനിക്കൊരു വിളവെടുപ്പു തന്നു. അതുപോലെ തന്നെ എങ്ങനെയാണ് പരിശുദ്ധാത്മാവ് എന്റെ ഉള്ളിൽ വരുന്നതെന്നോ വസിക്കുന്നതെന്നോ എങ്ങനെ എന്നെ അനുഗ്രഹിക്കുമെന്നോ ഒന്നും എനിക്കറിഞ്ഞുകൂടായിരുന്നു. എനിക്കറിയാമായിരുന്നത് എങ്ങനെ ജീവിക്കണം എന്നു മാത്രമായിരുന്നു. അത് ചെയ്യാൻ ശ്രമിച്ചു. ബാക്കിയൊക്കെ ദൈവത്തെ ഭരമേൽപ്പിച്ചു. 60 വർഷത്തിനു മേൽ ക്രിസ്തീയ ജീവിതം നയിച്ച ശേഷം എനിക്ക് സാക്ഷിക്കുവാൻ കഴിയും. ഒരിക്കൽ പോലും ദൈവമെന്നെ കൈ വിട്ടില്ല. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ദൈവം എന്റെ ജീവിതത്തെ എണ്ണിതീർക്കാനാകാത്ത അനുഗ്രഹങ്ങൾ കൊണ്ടു നിറച്ചു.

*ഉപസംഹാരം.* നേരത്തെ ഞാൻ ചോദിച്ചു. പരിശുദ്ധാത്മാവ് നമ്മിൽ വസിക്കുന്നു എന്ന് നമുക്ക് എങ്ങനെ അറിയാമെന്ന്. അതിനുത്തരമായി ഞാൻ പറഞ്ഞു. അതിങ്ങനെയാണ് ബൈബിൾ അങ്ങനെ പഠിപ്പിക്കുന്നു. നാം വിശ്വാസത്താൽ അത് സ്വീകരിക്കുന്നു. മക്ഗാർവേ കൂടുതലായി ഒരു ഉത്തരം ഇതു സംബന്ധിച്ച് നല്കിയിട്ടുണ്ട്.

> പരിശുദ്ധാത്മാവിന്റെ സഹായം യഥാർത്ഥവും ഫലപ്രദവും ആണെങ്കിലും സഹായിക്കപ്പെടുന്ന ആൾക്ക് അത് പഞ്ചേന്ദ്രിയങ്ങളാൽ അറിയുവാൻ തക്കവണ്ണം പ്രത്യക്ഷമല്ല. കാണുന്നതുകൊണ്ടും ശാരീരിക

അറിവുകൾകൊണ്ടും ജഡത്തിന്മേലുള്ള ജയം ക്രിസ്ത്യാനിക്ക് സ്വന്തമാണ്. ആത്മാവിന്റെ സഹായം അവൻ തിരിച്ചറിയുന്നത് അവനതു കാണുന്നതുമൂലമല്ല. അവന്റെ ഭാരങ്ങൾ ലഘൂകരിയ്ക്കപ്പെടും. ശരിയായതു ചെയ്വാനുള്ള അവന്റെ ശ്രമത്തിൽ മുൻപു തോറ്റിരുന്ന സ്ഥാനത്ത് അവന് ജയിക്കുവാൻ കഴിയുന്നു.[176]

പരിശുദ്ധാത്മാവ് ഒരാളിൽ നിറഞ്ഞിരിക്കുന്നുവോ, അല്ലെങ്കിൽ താൻ ആത്മമാവിനെ ദുഃഖിപ്പിക്കുന്നുവോ എന്നത് ഒരു ദൈവപൈതലിനെ സംബന്ധിച്ച് പരീക്ഷണമാണ്.[177] "ആത്മാവിന്റെ ഫലങ്ങൾ പുറപ്പെടുവിച്ച് ആ പരീക്ഷണത്തെ ജയിക്കുവാൻ കഴിയും: ആത്മാവിന്റെ ഫലമോ, സ്നേഹം, സന്തോഷം, സമാധാനം, ദീർഘക്ഷമ, ദയ, പരോപകാരം, വിശ്വസ്തത, സൗമ്യത, ഇന്ദ്രിയജയം." (ഗലാ. 5:22, 23). അവയെല്ലാം കർത്താവിന്റെ സ്വഭാവം ആകയാൽ, ആ ചിന്തയെ ജോർജ് ബെയ്ലി ഇങ്ങനെ പറഞ്ഞു, "പ്രിയരേ, ആത്മാവ് ഒരാളിൽ വസിക്കുന്നതിന്റെ മുഖ്യമായ ഉദ്ദേശം, ക്രിസ്തുവിന്റെ മനോഹരത്വവും, മഹത്വവും പ്രതിഫലിപ്പിക്കുക എന്നതാണ്, നിങ്ങൾക്ക് സ്വർഗീയ പ്രകാശം ഭൂമിയിൽ വേണമെങ്കിൽ സ്വർഗീയ ബൾബുകൾ ആവശ്യമാണ്."[178] ദൈവാത്മാവിനെ അനുസരിച്ച് നടക്കുവാൻ ദൈവം നമ്മെ സഹായിക്കട്ടെ. "ആത്മാവിന്റെ ഫലം" നമ്മുടെ ജീവിതത്തിൽ കാണുവാൻ അപ്പോൾ ഇടയാകും!

ജാഗ്രതയുടെ ഒരു വാക്ക് ഇതിൽ വ്യക്തം. ചില ആളുകൾ പുത്രൻ തമ്പുരാനെക്കാളും പരിശുദ്ധാത്മാവിന്റെ പ്രവർത്തനങ്ങൾക്ക് മുൻതൂക്കം നല്കുന്നു. അതു തീർച്ചയായും ആത്മാവിനെ ദുഃഖിപ്പിക്കും. പരിശുദ്ധാത്മാവ് ബൈബിൾ എഴുതുവാൻ ആത്മനിയോഗം നൽകിയപ്പോൾ തന്നെ ഉയർത്തികാട്ടുക എന്നായിരുന്നില്ല ഉദ്ദേശം. യേശു പറഞ്ഞത് "സഹായി വരുമ്പോൾ ... സത്യത്തിന്റെ ആത്മാവായവൻ ... അവൻ *എന്നെ*കുറിച്ചു സാക്ഷ്യം പറയും" (യോഹ. 15:26). പൗലൊസ് പരിശുദ്ധാത്മാവിനെയും അവന്റെ ശുശ്രൂഷയെയും കുറിച്ചുള്ള അറിവൊഴികെ "ഒന്നുമറിയാത്തവനാണ് ഞാൻ എന്നല്ല പറഞ്ഞത്", മറിച്ച് "യേശുക്രിസ്തുവിനെ അറിയുന്നതൊഴികെ മറ്റൊന്നും അറിയാത്തവനായി നിങ്ങളുടെ ഇടയിൽ ഇരിക്കണമെന്നാണ്" (1 കൊരി. 2:2). പരിശുദ്ധാത്മാവിൽ അല്ലാതെ എനിക്കു പ്രശംസിക്കുവാൻ ഇടവരരുതെ എന്നല്ല പൗലൊസ് പറഞ്ഞത്. "കർത്താവായ യേശുക്രിസ്തുവിലും അവന്റെ ക്രൂശിലുമല്ലാതെ പ്രശംസിക്കുവാൻ എനിക്കിടവരരുതെന്നാണ് പറഞ്ഞത്" (ഗലാ 6:14). നമുക്കു പരിശുദ്ധാത്മാവിനെകുറിച്ചറിയുവാനുള്ള ഉൾക്കാഴ്ച്ചയല്ല ആവശ്യം. യേശുക്രിസ്തുവിനെ അനുഗമിക്കുവാനുള്ള പരിശുദ്ധാത്മാവിന്റെ ജ്ഞാനവും സഹായവുമാണാവശ്യം. അപ്പോഴാണ് നാം ദൈവത്തോടു കൂടുതൽ അടുക്കുക.

**ആത്മാവിനെ കൂടാതെ (8:9)**

റോമർ 8:9 പറയുന്നത്. "ക്രിസ്തുവിന്റെ ആത്മാവ് ഒരുവനിൽ ഇല്ലെങ്കിൽ അങ്ങനെയുള്ളവൻ ക്രിസ്തുവിനുള്ളവനല്ല" ജോർജ്ജ് ടിപ്പ്സ് ഈ ഭാഗത്തെ വിശദീകരിച്ചപ്പോൾ പറഞ്ഞത് "ക്രിസ്തുവിന്റെ ആത്മാവ്" ക്രിസ്ത്യാനികളുടെ *ഹൃദയത്തുടിപ്പാണ്*. എന്നാണ്. അദ്ദേഹം പറഞ്ഞത് "ക്രിസ്തുവിന്റെ ആത്മാവ്" ക്രിസ്ത്യാനികളുടെ ഹൃദയത്തുടിപ്പാണ് എന്നാണ്. അദ്ദേഹം പറഞ്ഞത്, ഒരു രോഗി മരിച്ചുവോ ജീവിക്കുന്നുവോ എന്നൊരു ഡോക്ടർ

പരിശോധിക്കുന്നത്, ആ രോഗിയുടെ നാഡി സ്പന്ദനവും ഹൃദയത്തുടിപ്പും പരിശോധിച്ചിട്ടാണ്. ഹൃദയത്തുടിപ്പില്ലെങ്കിൽ രോഗി നിര്യാതനായി. അതുപേ ാലെ ടിപ്പ് പറയുന്നത് ക്രിസ്തുവിന്റെ ആത്മാവില്ലെങ്കിൽ ക്രിസ്തീയ വിശ്വാസി ആത്മീകമായി മരിച്ചവനാണ്![179]

**ദൈവത്തിന്റെ ആശ്ചര്യ സ്നേഹം (8:14-17)**

ദൈവത്തിന്റെ സ്നേഹത്തിന്റെ മഹിമ നമ്മെ ദൈവമക്കളെന്നു വിളി ക്കുന്നതായി 8:14-17 വരെ കാണാം. അതു തീർച്ചയായും അതി മഹത്തായ ഒരനുഗ്രഹമാണ്, ദൈവത്തിന്റെ പുത്രീ-പുത്രന്മാരെന്ന വിളിപ്പേര്! ജോൺ സ്റ്റോട്ട് എഴുതി,

> ഈ ഒരു പാരഗ്രാഫിൽ ശ്രദ്ധേയമായ കാര്യം, ഇതിലെ ഓരോ നാലു വാക്യങ്ങളിലും ദൈവജനത്തെ സ്ഥാനപ്പേർ നൽകി സംബോധന ചെയ്യു ന്നത്, അവന്റെ *മക്കൾ* അഥവാ *പുത്രന്മാർ* (''പുത്രിമാരും'' അതിൽ അന്തർലീനമാണ്) എന്നതും ആ തരത്തിലുള്ള പദവി നല്കുന്നത് പ രിശുദ്ധാത്മാവിന്റെ പ്രവർത്തിയുമാണ്.[180]

1 യോഹന്നാൻ 3:1-ൽ യോഹന്നാൻ ഏഴുതുന്നത് ''കാണ്മീൻ നാം ദൈവമക്കളെന്നു വിളിക്കപ്പെടുവാൻ പിതാവ് നമുക്കത്രെ വലിയ സ്നേഹം നല്കിയിരിക്കുന്നു.'' മക്കൾ എന്നതിന്റെ ബഹു വചനത്തിലാണ്. τέκνον (*ടെക്നോൻ*) പ്രിയമുള്ളവരെ നാം അങ്ങനെതന്നെയാകുന്നു. ഈ ഭാഗം ആശ്ചര്യത്താൽ നിറയപ്പെട്ടതാണ്, അത്ഭുതകരവുമാണ്. ഈ പ്രപഞ്ചത്തിന്റെ കാരണഭൂതൻ - തന്റെ സൃഷ്ടികളെ രൂപപ്പെടുത്തിയവൻ - നമ്മുടെ *പിതാവും* നാം അവന്റെ *മക്കളും*. ''എത്ര മഹത്വമാണിത്'', ഈ പദം പരിഭാഷപ്പെടുത്തി യിരിക്കുന്നത് ποταπός (*പോട്ടാപ്പോസ്*) എന്ന ഗ്രീക്കുവാക്കിൽ നിന്നുമാണ്. അതിന്റെ അർത്ഥം ഏത് അവസ്ഥയിൽ നിന്നും എന്നതാണ്.[181] ജെ.ഡബ്ല്യൂ റോബർട്ട് പറഞ്ഞു, ''ഈ ലോകത്തിൽ ഒന്നിനെയും താരതമ്യപ്പെടുത്തി പറ യുവാൻ കഴിയാത്ത വിധം ദൈവത്തിന്റെ സ്നേഹം നമ്മെ തന്റെ മക്കളാക്കി തീർത്തു എന്നതാണ്; അത് ആശ്ചര്യകരവും അപ്രമേയമേറിയതുമാണ്.''[182] ഒരെഴുത്തുകാരൻ ദൈവസ്നേഹത്തെക്കുറിച്ച് സൂചിപ്പിക്കുന്നത് ദൈവസ്നേ ഹം ഈ ലോകത്തിനു പുറമെനിന്നുള്ളതാണ് എന്നാണ്.[183]

**ക്രിസ്തുവിനുവേണ്ടി കഷ്ടം സഹിക്കുക (8:14-17)**

8:14-17-ൽ നാം ദൈവമക്കളായി തീർന്നതിനെ പൗലൊസ് പറയുന്നത് തന്റെ ചിന്തകളെ താൻ ഉദ്ജീവിപ്പിച്ചിരിക്കുന്നത് ഈ വിധമാണ്. ''നാം ദൈവ മക്കളാകുന്നുവെങ്കിൽ ദൈവത്തിന്റെ അവകാശികളുമാകുന്നു. ക്രിസ്തു യേശുവിന്റെ കൂട്ടവകാശികളും'' (8:16യ, 17മ). ദൈവത്തിന്റെ അവകാശിക ളാകുക എന്നത് ആശ്ചര്യകരമായ സംഗതിയാണ്. അത് പറഞ്ഞിട്ട് അടുത്ത വാക്യത്തിൽ അതിന്റെ പ്രതിഫലനമെന്ന രീതിയിൽ പൗലൊസ് വ്യക്തമാക്കു ന്നത് ''നാം അവനോട് കൂടെ കഷ്ടം സഹിച്ചാൽ അവനിൽ നാം മഹത്വീക രിക്കപ്പെടും'' (8:17യ).

ചില മതങ്ങൾ കഷ്ടതയെന്ന യാഥാർത്ഥ്യത്തെ തിരസ്ക്കരിക്കാറുണ്ട്. മറ്റു ചിലതാകട്ടെ ക്രിസ്ത്യാനികൾ കഷ്ടപ്പെടുവാനുള്ളവരല്ലായെന്ന് വാദിക്കുന്നു.

അതിന്റെ വൈരുദ്ധ്യമെന്ന് വിലക്കപ്പെട്ട കനി ഭക്ഷിച്ചതിന്റെ ഫലമായി ആദാം-ഹവ്വാ ദമ്പതിമാരിലൂടെ സകല മനുഷ്യരിലേക്കും വ്യാപിച്ച പാപത്തിന്റെ ഫലമായ കഷ്ടതയിൽ നിന്നും ആർക്കും ഒഴിഞ്ഞിരിക്കുവാൻ കഴിയുകയില്ലായെന്നതാണ്. ഓരോ ക്രിസ്ത്യാനിയും എല്ലാവിധ മനുഷ്യ കഷ്ടപ്പാടുകളുടെയും ഭാഗവാക്കുകളും കൂടാതെ ക്രിസ്തുവിനുവേണ്ടിയുള്ള കഷ്ടങ്ങളുടെ പങ്കാളിയുമായിരിക്കും (1 പത്രൊ. 4:16). ക്രിസ്തു തന്റെ ശിഷ്യന്മാരോടു പറഞ്ഞത്, "അവർ എന്നെ ഉപദ്രവിച്ചുവെങ്കിൽ നിങ്ങളെയും ഉപദ്രവിക്കും" (യോഹ. 15:20). ചിലർക്ക് ക്രിസ്തുവിനായി കഷ്ടപ്പെടുകയെന്നാൽ മരണമായിരിക്കും. കൂടുതൽ ആളുകൾക്കും കർത്താവിനായി തെറ്റിദ്ധരിക്കപ്പെടുകയും, അകറ്റപ്പെടുകയും ചെയ്യുക എന്നതായിരിക്കും. പാപത്തിൽ നഷ്ടപ്പെട്ട മുഴുവൻ ലോകത്തിനും ഓരോ തരത്തിലുള്ള ഭാരങ്ങളായിരിക്കും (ലൂക്കൊ. 19:10 കാണുക). വേഗത്തിലോ താമസിച്ചോ, കഷ്ടപ്പാടുകൾ എന്നത് ഒഴിച്ചുകൂടാൻ കഴിയാത്ത അനുഭവമാണ് യേശുവിനായി ജീവിക്കുന്നവർക്കുണ്ടാകുക (2 തിമൊ. 3:12).

കഷ്ടതകളിലും നമ്മൾ മുന്നോട്ടുപോകുവാൻ ഇടയാകുന്നതെന്തുകൊണ്ട്? ഒരു പ്രധാന ഘടകം നമ്മുടെ പ്രത്യാശയാണ്. പൗലൊസ് ഇതിനെക്കുറിച്ച് പറയുന്നത് "നാം അവനോടുകൂടെ കഷ്ടം സഹിച്ചാൽ" അവന്റെ മഹത്വത്തിൽ നാമും കാണപ്പെടും എന്നതാണ് (8:17യ).

**പ്രതിഫലിക്കുന്ന പുത്രത്വം (8:14-17)**

ഹൈസ്ക്കൂളിൽ എന്റെ പിതാവ് എന്റെ വൊക്കേഷണൽ അഗ്രികൾച്ചറൽ അദ്ധ്യാപകനായിരുന്നു. കൂടാതെ എഫ്എഫ്എയുടെ[184] അഡ്വൈസറും. ഓരോ ശരത്കാലത്തും ഓക്‌ളാഹോമ എന്ന പട്ടണത്തിൽ നടക്കുന്ന കന്നുകാലി മൽസരത്തെ കാണിക്കുവാൻ താൻ തന്റെ വിദ്യാർത്ഥികളെ കൊണ്ടുപോകുക പതിവായിരുന്നു. ആഴ്ചയുടെ ആരംഭത്തിൽ ഞങ്ങളെ കൊണ്ടുപോയി അവിടെ ആക്കിയശേഷം വീണ്ടും വന്ന് ഞങ്ങളുടെ മൃഗങ്ങളെ കൊണ്ടുപോകും. തുടർന്ന് മൽസര സമയത്തിനു വരും ഇതായിരുന്നു പതിവ്. ആദ്യതവണ എന്നെ ആ ഗ്രൗണ്ടിൽ നിർത്തിയിട്ട് ചുമതലകൾ നൽകിയ അപ്പൻ എന്റെ ജാക്കറ്റിൽ FFA എന്നെഴുതിയത് ചൂണ്ടികാണിച്ചുകൊണ്ടു പറഞ്ഞു. "ഇതെന്റെ പേരുകൂടെയാണെന്ന് നീ ഓർത്തുകൊള്ളണം."[185] അദ്ദേഹം അർത്ഥമാക്കിയതെന്താണെന്നു എനിക്കു ബോധ്യമായി; അപ്പന്റെ അസാന്നിദ്ധ്യത്തിൽ എന്റെ പെരുമാറ്റം എങ്ങനെയായിരിക്കണമെന്ന് എന്നെ ഓർമ്മിപ്പിക്കുന്നതായിരുന്നു അത്. ഞാനെന്തെങ്കിലും മോശത്തരം കാണിച്ചാൽ അതെന്റെ പിതാവിന്റെ സൽപേരിനെ ബാധിക്കുകയും എന്റെ ജീവിതത്തെ ബാധിക്കുകയും ചെയ്യും.

ക്രിസ്ത്യാനികൾ എന്ന നിലയിൽ നാം ദൈവത്തിന്റെ പുത്രീപുത്രന്മാരാണ്. നാം ജീവിക്കേണ്ടതുപോലെ ജീവിച്ചില്ലെങ്കിൽ നമ്മുടെ പിതാവിനെ തുച്ഛീകരിക്കുകയും അപമാനിക്കുകയുമാണ്. എങ്ങനെയാണ് നമ്മുടെ ജീവിതം? നാം എപ്പോഴൊക്കെയാണ് നമ്മുടെ സ്വർഗ്ഗീയ പിതാവിന് അപമാനതരമാക്കിയിരിക്കുന്നത്. നമ്മുടെ വാക്കുകൾ കൊണ്ടും പ്രവൃത്തികൾകൊണ്ടും? ഭൂതകാലങ്ങളിൽ നിന്നും പാഠം ഉൾക്കൊണ്ട് പ്രശ്നങ്ങളെ അതിജീവിക്കുവാൻ ഞാൻ നിങ്ങളെ ഉൽസാഹിപ്പിക്കട്ടെ (പ്രവൃത്തി. 8:22; യാക്കൊ. 5:16; 1 യോഹ. 1:9). അപ്പോൾ വീണ്ടും നമുക്ക് ദൈവത്തിന്റെ മക്കൾ എന്ന നിലയിലെ അനുഗ്രഹങ്ങൾ അനുഭവിക്കുവാൻ സാധിക്കും.

**ദൈവത്തിന്റെ മക്കൾ (8:14)**

പ്രസിദ്ധിയാർന്ന ഒരു സ്ത്രീയുടെ ഒരു മകളോടു ഒരിക്കൽ ഒരാൾ ചോദിച്ചു, ഏതു കുട്ടിയാണ് അമ്മയുടെ ഏറ്റവും പ്രിയപ്പെട്ട കുട്ടിയെന്ന്. അവളുടെ ഉത്തരം, "അമ്മ ദാനിയേലിനെ വളരെ സ്നേഹിച്ചിരുന്നു. കാരണം അവൻ മൂത്തമകനാണ്. കൂടാതെ ജോണിനെ അമ്മക്ക് വളരെ ഇഷ്ടമാണ്, കാരണം അവൻ അമ്മയുടെ ഇളയ മകനാണ്, കൂടാതെ എന്നെ അമ്മക്ക് അധികം ഇഷ്ടമാണ് കാരണം ഞാനമ്മയുടെ ഒരേ ഒരു മകളാണ്."[186] നിങ്ങൾ ദൈവത്തിന്റെ ഒരു മകനോ മകളോ ആണോ? അങ്ങനെയെങ്കിൽ അവൻ നിങ്ങളെ "ഏറ്റവുമധികം സ്നേഹിക്കുന്നതനുഭവിക്കുവാൻ സാധിക്കും!" ആ സ്നേഹം തന്റെ പ്രിയപുത്രനെ അയച്ചു നമുക്കു പകരമായി. യേശു - ക്രൂശിൽ മരിച്ചതിനാൽ അവനത് തെളിയിച്ചു!

**മക്കളായി ദത്തെടുത്തു (8:15)**

സ്വന്തം മക്കളായി ജീവിക്കുവാൻ ദത്തെടുക്കുന്നതിൽ "തെരഞ്ഞെടുക്കുന്നവർക്ക്" ഒരു പ്രത്യേകതയാണ്. എന്റെ മകൾ ആൻഗിയും അവളുടെ ഭർത്താവ് ഡാനും ചേർന്നു കൊറിയക്കാരിയായ ഒരു കുഞ്ഞിനെ ദത്തെടുത്തകാര്യം ഞാൻ അഭിമാനത്തോടെ ഓർക്കുന്നു. എലി യ റേ ലൗ ജോയ് അഗ്നിക്കു അവളുടെ ഒരു ഫോട്ടോ ബുക്കുണ്ടായിരുന്നു. അതിന്റെ പേര് *എലിയ*യുടെ കഥ. അതു അവളെ ദത്തെടുത്ത സംഭവങ്ങൾ വിവരിക്കുന്നതായിരുന്നു.[187] ഇവിടെ ചില കാര്യങ്ങൾ അതിനെകുറിച്ച് പറയുന്നു:

> നിന്നെ ലഭിക്കുമെന്ന സാഹചര്യം വന്നപ്പോൾ ഞങ്ങൾ വലിയൊരു വിമാനത്തിൽ കയറി. ഓക്ലഹോമയിൽ നിന്നും കൊറിയയിലേക്ക് ഒരുപാടു ദൂരമുണ്ടായിരുന്നു.! ഞങ്ങൾ ആ വിമാനത്തിൽ ഒരുപാടു സമയം ഇരുന്നു. ഒരുപാടു ആളുകൾ ആ വിമാനത്തിൽ ഉറങ്ങുന്നുണ്ടായിരുന്നു. എന്നാൽ ഞങ്ങൾ വളരെ ആശ്ചര്യപൂർവ്വം അതിൽ ഇരുന്നു, ഞങ്ങൾക്കുറക്കം വന്നില്ല!
>
> ഞങ്ങൾ കൊറിയയിൽ ഇറങ്ങി, ആദ്യമായി ഞങ്ങൾ നിന്നെകണ്ടു. ഞങ്ങൾ ആദ്യമായി നിന്നെ കണ്ടപ്പോൾ ... നീ വളരെ സന്തുഷ്ടയും ചുണകുട്ടിയുമായിരുന്നു. നീ ഞങ്ങൾക്ക് വലിയൊരു പുഞ്ചിരി നൽകി. ഞങ്ങൾ നിന്നെ ഒത്തിരി സ്നേഹിച്ചു! ...
>
> നിന്റെ മാതാപിതാക്കളാകുവാൻ ഇടയായതിൽ ഞങ്ങൾ വളരെ അനുഗ്രഹിതരായി തീർന്നുവെന്നു ഞങ്ങളറിഞ്ഞു. ഞങ്ങൾ നിന്നെ ഏലിയാ എന്നു വിളിച്ചു. അതിന്റെ അർത്ഥം "യഹോവ ദൈവമാകുന്നു." നീ ഒരു അമ്പോറ്റി കുട്ടിയായി ജനിച്ചു, ഞങ്ങൾ നിന്റെ ജീവിതാനുഗ്രഹത്തിനായി പ്രാർത്ഥിച്ചു.

അഗ്നിയും ഡാനും എലിയായെ തിരഞ്ഞെടുത്തു. ദൈവം നമ്മെയും[188] തന്റെ കുടുംബത്തിലേക്കു ദത്തെടുത്തു! ഫിലിപ്പ്സ് പാരാഫ്രെയ്സ് പറയുന്നത്. "ദൈവ കുടുംബത്തിലെ കൂട്ടങ്ങളിലേക്ക് നമ്മെ ദത്തെടുത്തു." ഒരു നിമിഷം ആ ഒരു യാഥാർത്ഥ്യത്തിലേക്ക് ഒന്നു ചിന്തിച്ചുനോക്കുക.

**ദത്തെടുക്കൽ പൂർത്തീകരിക്കുക (8:15, 23)**

റോമർ 8:15 പറയുന്നത്, ‘‘ദത്തെടുത്ത ആത്മാവിനെ പ്രാപിച്ചു’’ എന്നാൽ 8:23 പറയുന്നു, ‘‘നമ്മെ ദത്തെടുക്കുവാൻ ആശയോടെ കാത്തിരിക്കുന്നു. ഇതിൽ വ്യക്തമാക്കുന്നത്’’ നമ്മെ ദത്തെടുത്തു എങ്കിലും ആ ദത്തെടുക്കലിന്റെ പൂർണ്ണത പൂർത്തീകരിക്കപ്പെട്ടിട്ടില്ല. നമ്മെ അവൻ ദത്തെടുത്തുവെങ്കിലും കർത്താവിന്റെ രണ്ടാമത്തെ വരവിങ്കൽ നമുക്കുണ്ടാകുന്ന ഉയിർത്തെഴുന്നേൽപ്പു വരെ ആ ഒരു പ്രക്രിയ നടക്കുകയായിരിക്കും, അന്നായിരിക്കും അതു പൂർത്തീകരിക്കപ്പെടുക.

ഞങ്ങളുടെ കുടുംബം ഓക്‌ളഹോമിൽ കോർട്ടഹൗസിൽ ഒരു താഴ്വരയിൽ പോയ കാര്യം ഓർക്കുന്നുണ്ട്; അവിടെ ഒരു ജഡ്ജി ഞങ്ങളുടെ പേരക്കുട്ടിയുടെ ദത്തെടുക്കൽ പരിപാടി പൂർത്തീകരിച്ച സന്ദർഭമായിരുന്നു. അതിനുമുമ്പും ഞങ്ങൾ അവനെ സ്നേഹിക്കുകയും ലാളിക്കുകയും ചെയ്തുപോന്നു. എന്നാൽ ദത്തെടുക്കൽ പ്രക്രിയ പൂർത്തീകരിക്കപ്പെട്ട സമയം മുതൽ അവൻ ഞങ്ങളുടേതു മാത്രമായിത്തീർന്നു.

**അവകാശികൾ (8:17)**

വർഷങ്ങൾക്കു മുമ്പ് പ്രായം ചെന്ന ഹെൻറീത്ത ഗാരെറ്റ് ഫിലദൽഫിയ എന്ന സ്ത്രീ നിര്യാതയായി. ഏകദേശം ഒരു ഡസൻ ആളുകൾ മാത്രം അവളുടെ ശവമടക്കിൽ പങ്കെടുത്തു. എന്നാൽ പ്രോബേറ്റ് കോടതി ഈ മക്കളില്ലാതിരുന്ന സ്ത്രീക്ക് 17 ദശലക്ഷം ഡോളറിന്റെ ആസ്തിയുണ്ടെന്ന് വ്യക്തമാക്കി. ഉടനെ അവളുടെ അവകാശത്തിനായി ധാരാളമാളുകൾ ഓടിക്കൂടി: വർഷങ്ങൾ കഴിഞ്ഞിട്ടും ആളുകൾ ആ സ്വത്തുക്കൾക്കായി കേസ്സുകളുമായി മുന്നോട്ടു പോയിക്കൊണ്ടിരിക്കുന്നു. ഇപ്പോൾ അവരുടെ എസ്റ്റേറ്റിന്റെ വില 30 ദശലക്ഷം ഡോളറായി, 26,000 ആളുകൾ അതിന്റെ അവകാശത്തിനായി കേസ്സു നടത്തിവരുന്നു![189] ആ ഹെൻറീത്ത ഗാരെറ്റ് ഇവർക്കെല്ലാം പ്രിയപ്പെട്ടവളായി ഇപ്പോൾ തോന്നുന്നുണ്ടാകും. എന്നാൽ *ദൈവത്തിന്റെ* അവകാശികൾ ആകുന്ന തോന്നൽ എത്ര ആശ്ചര്യമായിരിക്കും!

**കൃപക്കും മഹത്വത്തിനും ഇടയിൽ (8:17-25)**

‘‘കൃപക്കും മഹത്വത്തിനും ഇടയിൽ’’ എന്ന ഒരു പാഠം ഇതിൽ നിന്നും ഉണ്ടായി. (ഇതിനിടയിലെ ഞരക്കം) ഈ ഭാഗം മൂന്നായി തരം തിരിച്ചിട്ടുണ്ട്. (1) ഒരു വൈരുദ്ധ്യം - കഷ്ടതയും മഹത്വവും (8:17, 18); (2) ഒരു ബന്ധം - സൃഷ്ടിപ്പും ക്രിസ്ത്യാനികളും (8:19–23) (3) ഒരു ഉറപ്പ് - പ്രത്യാശയുള്ളതിനാൽ (8:24, 25).

പല എഴുത്തുകാരും റോമർ 8:19–22 വരെ ഈ ലോകത്തിൽ ക്രിസ്ത്യാനികൾ നല്ല കാര്യവിചാരകരായി ഈ ലോകത്തിൽ ജീവിക്കേണ്ടതിന്റെ കാരണങ്ങൾ പറയാറുണ്ട് (ഉദാഹരണമായി ഇത് മലിനീകരിക്കപ്പെടാതിരിക്കുന്നു. ഇതിലെ വിഭവങ്ങൾ നശിപ്പിക്കാതിരിക്കുവാനും).

**ക്രിസ്തുവിൽ ഉള്ള പ്രത്യാശ (8:18-25)**

പ്രത്യാശയെന്നത് റോമർ 8:18–25ലെ താക്കോൽ വിഷയമാണ്. ‘‘പ്രത്യാശ’’ എന്ന വാക്ക് വിഷയമായും ക്രിയയായും ഇവിടെ കാണാം. അത് 6 പ്രാവശ്യം ഈ ഭാഗങ്ങളിൽ കാണാം (8:20, 24, 25). 24–ാം വാക്യം പറയുന്നത്

“പ്രത്യാശയാൽ നാം രക്ഷിക്കപ്പെട്ടിരിക്കുന്നു.” പ്രത്യാശ എന്ന പദം ഇല്ലെങ്കിൽ പോലും ആ ഒരാശയമുള്ള നിരവധി ഭാഗങ്ങൾ ദൈവവചനത്തിൽ അന്തർലീന മാണ്. രണ്ടു യാഥാർത്ഥ്യങ്ങൾ നമ്മുടെ മനസ്സിൽ സംഗ്രഹിക്കണം. (1) വേദ പുസ്തകത്തിലെ പ്രത്യാശയെന്നത്, പ്രതീക്ഷയിൽ ചിന്തിക്കുന്നതല്ല; എന്നാൽ “*പ്രതീക്ഷയും ആഗ്രഹവും*” അടങ്ങിയിരിക്കുന്നതാണ്. (2) നമുക്കു കാണുവാൻ കഴിയുന്ന കാര്യങ്ങളെ അടിസ്ഥാനമാക്കിയുള്ളതല്ല ക്രിസ്തീയ പ്രത്യാശ (8:24), മറിച്ച് വിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ പ്രതീക്ഷിക്കുന്നതാണ്.

എഫെസ്യർക്ക് പൗലൊസ് എഴുതുമ്പോൾ, അവർ ക്രിസ്ത്യാനികൾ ആകു ന്നതിനു മുമ്പുണ്ടായിരുന്ന അവരുടെ ആത്മീക അവസ്ഥയെ ഓർമ്മിപ്പിക്കു ന്നുണ്ട്. “നിങ്ങൾ ക്രിസ്തുവിനെ കൂടാതെയുള്ളവരായിരുന്നു, യിസ്രായേൽ പൗരത്വത്തോടു ബന്ധമില്ലാത്തവരായിരുന്നു; അന്യരും, വാഗ്ദത്തങ്ങളിലും ഉടമ്പടികളിലും ബന്ധമില്ലാത്തവരും, *പ്രത്യാശയില്ലാത്തവരും*, ലോകത്തിൽ ദൈവമില്ലാത്തവരുമായിരുന്നു” (എഫെ. 2:12). എന്തൊരു ഭീതികരമായ വാക്കു കൾ “പ്രത്യാശയില്ലാത്തവർ!” ജീവിതത്തിന്റെ ഭാരങ്ങളിലും കഷ്ടതകളിലും പ്രത്യാശ നമ്മെ മുന്നോട്ടു നയിച്ചു. രോഗികളാകുമ്പോൾ സൗഖ്യമാക്കുമെന്ന പ്രതീക്ഷ നല്കുന്നതുപോലെ, സാമ്പത്തിക ദാരിദ്ര്യം ഉള്ളപ്പോൾ സഹായം ലഭിച്ചുകൊണ്ട് മുന്നോട്ടുപോകുവാൻ സാധിക്കുന്നത്, നമ്മുടെ ഭവനങ്ങളിൽ പ്രശ്നങ്ങൾ ഉണ്ടാകുമ്പോൾ ഈ സാഹചര്യങ്ങൾ മാറുകയും പുരോഗതി ഉണ്ടാകയും ചെയ്യുമെന്നാണു പ്രതീക്ഷ. എന്നാൽ കഷ്ടതകളും ക്ലേശങ്ങളും വരുമ്പോൾ പ്രത്യാശയില്ലെങ്കിൽ ജീവിതം മടുക്കുകയും അവസാനിപ്പിക്കാന ുള്ള ചിന്തകൾ ഉണ്ടാകുകയും ചെയ്യും. പ്രത്യാശ നമ്മെയെല്ലാം വ്യത്യസ്ത രാക്കുന്നു.

രണ്ടാം ലോകമഹായുദ്ധകാലത്ത്, വിയറ്റ്-നാമിൽ നിന്നുള്ള ഒരു യഹൂദ മനഃശാസ്ത്രജ്ഞൻ ആയിരുന്ന വിക്ടർ എമിൽ ഫ്രാങ്ക്ൾ, ഒരു ജർമ്മൻ കോൺസൻട്രേഷൻ ക്യാമ്പിൽ, അക്ഷവിറ്റ്സിൽ, തടവുകാരനായി, അദ്ദേഹം അവിടെയുള്ളവരെ നിരീക്ഷിച്ചപ്പോൾ നിരവധി ആളുകൾ അവരുടെ കഷ്ടപ്പാടുകളെ അതിജീവിച്ചു. അതിലെ വ്യത്യാസങ്ങൾ, ഒന്നാമത്തെ കൂട്ടർ യാതൊരു പ്രത്യാശയുമുള്ളവരായിരുന്നില്ല; അതുകൊണ്ട് അവർക്ക് പ്രതിസ ന്ധികളെ അതിജീവിക്കുവാൻ നടത്തുവാൻ സാധിച്ചില്ല. എന്നാൽ രണ്ടാമത്തെ കൂട്ടരാകട്ടെ പ്രത്യാശയോടെ കാത്തിരുന്നു. നാസി പടയാളികൾ ഒരു നാൾ പരാജിതരാകുമെന്നും അന്നു തങ്ങൾ സ്വതന്ത്രരാക്കപ്പെടുമെന്നുമുള്ള ചിന്ത അവരെ ജീവിക്കുവാൻ പ്രേരിപ്പിച്ചു. തുടർന്ന് അർത്ഥപൂർണ്ണമായ ജീവിത ത്തിനവരെ പ്രേരിപ്പിച്ച ഘടകവും അതായിരുന്നു.[190] പ്രത്യാശ വ്യത്യാസങ്ങൾ വരുത്തും.

പ്രത്യാശക്ക് യാതൊരു വിധ കാരണങ്ങളുമില്ലെന്നതിന്റെ പ്രത്യക്ഷ തെളി വുകൾ എന്തെല്ലാമായിരുന്നു ആ കാലത്ത്? ഒരു അവിശ്വാസിക്ക് പ്രതീക്ഷിക്കു വാൻ യാതൊരു വാക്കുകളുമുണ്ടാകുകയില്ല, എന്നാൽ ഒരു ക്രിസ്ത്യാനിക്ക് പ്രതീക്ഷയ്ക്ക് ചില കാരണങ്ങളുണ്ട്. അവന്റെ രോഗങ്ങൾ മാറാവ്യാധിയാണെ ങ്കിൽ മരണവും, വിലാപവും, കരച്ചിലും, വേദനയുമില്ലാത്ത ഒരു ലോകത്തെ ക്കുറിച്ച് ഓർത്ത് പ്രതീക്ഷയോടെ ഇവയെല്ലാം സഹിക്കാൻ ഇടയാകും (വെളി. 21:4). തന്റെ ലോകത്തിലുള്ള സമ്പാദ്യങ്ങളെല്ലാം എടുത്തുപോയാലും തനിക്ക് സ്വർഗ്ഗത്തിൽ ഒരു നിക്ഷേപമുണ്ടെന്ന് അറിയാം (മത്തായി. 6:20). ഇപ്പോൾ തനി ക്കുചുറ്റും, നീറുന്ന പ്രശ്നങ്ങളും കഷ്ടതകളും ഉണ്ടെങ്കിലും കർത്താവിന്റെ

മഹത്വപൂർണ്ണമായ ഒരു സാന്നിദ്ധ്യത്തിൽ താൻ ജീവിതം നയിക്കുമെന്ന ഉറപ്പു തനിക്കുണ്ടാകും (യോഹ. 14:1-3 കാണുക).

വർഷങ്ങൾക്കു മുമ്പ് ഞാനും കുടുംബവും റോമിൽ സന്ദർശിച്ചു. അവിടെ ധാരാളം ക്രിസ്ത്യാനികളെ ചുട്ടെരിച്ച സ്ഥലത്തിനു മുകളിലൂടെ ആ പട്ടണത്തിൽ ഞങ്ങൾ നടന്നു കാണുകയുണ്ടായി. അതിനു പുറത്തായി വളരെ അലംകൃതമായ അക്രൈസ്തവ ശവക്കല്ലറകളും കാണുവാൻ ഇടയായി തീർന്നു. ഞങ്ങളവിടെ കണ്ടതിൽ ക്രൈസ്തവ കല്ലറകളുടെ മുകളിൽ എല്ലാം തന്നെ പ്രത്യാശയുടെ വചനങ്ങളും വാക്യങ്ങളുമുണ്ടായിരുന്നു. എന്നാൽ അക്രൈസ്തവ കല്ലറകളുടെ മുകളിൽ ഒന്നിൽ പോലും ഞങ്ങൾക്ക് കാണുവാൻ കഴിയാത്ത ഒന്നായിരുന്നു പ്രത്യാശയുടെ വാക്കുകൾ. എബ്രായലേഖനകർത്താവ് എഴുതുമ്പോൾ പ്രത്യാശയെകുറിച്ചു പറഞ്ഞിരിക്കുന്നത് "ആത്മാവിന്റെ നങ്കൂരമായിട്ടാണ്" (എബ്രാ. 6:19) ഒരു നങ്കൂരം കപ്പലിനെ തിരകൾ മുക്കിക്കളയാതെ സൂക്ഷിക്കുന്നതുപോലെ ജീവിതത്തിലെ തിരമാലകൾ നമ്മെ തകർത്തുകളയാതിരിക്കുവാൻ ഇടയാകുന്നത് നമ്മുടെ പ്രത്യാശയാണ്.

റോമർ 8-ാം അദ്ധ്യായം ആരംഭിക്കുന്നത് ശിക്ഷാവിധിയില്ലായെന്നും അവസാനിക്കുന്നത് വേർപിരിക്കില്ലായെന്നും പറഞ്ഞാണെന്ന് പറയപ്പെടുന്നു.[191] അതിന്റെ മദ്ധ്യത്തിൽ നിരാശയില്ലായെന്നതും പറയുന്നു.[192] റോമർ 8:18-25 ആരംഭിക്കുന്നത് കഷ്ടതയെക്കുറിച്ചാണെങ്കിലും *പ്രത്യാശ*യി-ലേക്ക് വേഗത്തിൽ എത്തിച്ചേരുന്നു. മാക്ഗെയ്ഗോൻ പ്രത്യാശയെ വിശേഷിപ്പിക്കുന്നത് ക്രിസ്ത്യാനികൾ ശ്വസിക്കുന്ന വായുവുമായിട്ടാണ്.[193] നിങ്ങൾക്ക് ഈ പ്രത്യാശയുണ്ടോ? കൊലൊസ്യർക്ക് ലേഖനമെഴുതുമ്പോൾ പൗലൊസ് പറയുന്നത്, "മഹത്വത്തിന്റെ പ്രത്യാശയായ ക്രിസ്തു നിങ്ങളിൽ ഇരിക്കുന്നുവെന്നാണ്" (കൊലൊ. 1:27). നിങ്ങൾ ക്രിസ്തുവിലും ക്രിസ്തു നിങ്ങളിലുമുണ്ടോ?

### നാളെയ്ക്കുള്ള പ്രത്യാശ (8:18)

റോമർ 8:18 പറയുന്നത് "വരുവാനുള്ള മഹിമ ഓർക്കുമ്പോൾ ഈ കാലത്തിലെ കഷ്ടങ്ങൾ സാരമില്ലായെന്ന് എണ്ണുന്നു." ഇത് പല ആവർത്തി വായിച്ചിരിക്കുന്നതു കണ്ട് ഒരാളോടു ചോദിച്ചു, ഇതിൽ നിന്നും നിങ്ങൾക്കെന്തു ലഭിച്ചു? അദ്ദേഹം പുഞ്ചിരിയോടെ പറഞ്ഞത്, "ഇത്രമാത്രം: ഏറ്റവും മോശമായ സംഗതികൾ ഒരിക്കലും അവസാനത്തെ സംഗതികളല്ല." എന്തു സംഭവിച്ചാലും ഒരു ക്രിസ്ത്യാനിക്ക് നാളെയെക്കുറിച്ചുള്ള നല്ല പ്രത്യാശയുണ്ട്.

### നമ്മുടെ ശരീരത്തിന്റെ വീണ്ടെടുപ്പ് (8:23)

ഞാനൊരിക്കൽ ഒരു ദമ്പതികളുടെ "ജസ്റ്റിൻ" എന്ന ഒരു മകനെകുറിച്ചു വായിച്ചു. "റ്റൊറാറ്റെ" എന്ന രോഗലക്ഷണമുള്ള കുട്ടി, അത് ജനിതക രോഗമാണ്. ചില സന്ദർഭങ്ങളിൽ അവൻ ഉച്ചത്തിൽ നിലവിളിക്കുകയും ശബ്ദമുണ്ടാക്കുകയും ചെയ്യും. അവനു തന്നെ അതിനെ നിയന്ത്രിക്കുവാൻ കഴിയാത്ത തരം രോഗ ലക്ഷണമാണ്. ചിലപ്പോഴൊക്കെ മരുന്നുകൊണ്ട് അതിന്റെ തീവ്രതയെ കുറക്കുവാൻ സാധിക്കും. എന്നാൽ അത് പൂർണ്ണമായി സുഖപ്പെടുന്ന രോഗമല്ല. ഒരിക്കൽ അവന്റെ മാതാവ് അവനെയും അവന്റെ രണ്ട് സഹോദരിമാരേയും ടൗണിലേക്ക് കൂട്ടികൊണ്ട് പോയി. ആ മകൻ പൊതുസ്ഥലത്ത് വളരെ പ്രയാസമുണ്ടാക്കിയതുകൊണ്ട് ആ കുടുംബം വേഗത്തിൽ അവിടം വിട്ടു മടങ്ങിവന്നു. ഒരു സഹോദരി കണ്ണുനീരോടെ മാതാവിനോടു ചോദിച്ചു,

“ജസ്റ്റിൻ എക്കാലവും ഇങ്ങനെതന്നെ ആയിരിക്കുമോ?” ഈ കാര്യം മാതാവ് തന്റെ ഭർത്താവിനോടു പറഞ്ഞപ്പോൾ അദ്ദേഹം ചോദിച്ചു, “നീ എന്താണ് മോളോടു മറുപടി പറഞ്ഞത്?” കണ്ണുനീർ തുടച്ചുകൊണ്ട് അവർ പറഞ്ഞു “എന്തു പറയണമെന്ന് എനിക്കറിഞ്ഞുകൂടായിരുന്നു.” അപ്പോൾ തന്റെ ഭാര്യയെ പുണർന്നുകൊണ്ട് ആ ഭർത്താവു പറഞ്ഞു, “അടുത്ത തവണ മകൾ അങ്ങനെ ചോദിച്ചാൽ പറയണം, ഇല്ല, എല്ലായ്പ്പോഴും ജസ്റ്റിൻ അങ്ങനെയായിരിക്കുകയില്ല. ഒരു ദിവസം നമ്മുടെ കർത്താവു മടങ്ങിവരും, അപ്പോൾ ജസ്റ്റിന് മഹത്വമേറിയ, പരിപൂർണ്ണതയുള്ളതും രോഗം ബാധിക്കാത്തതുമായ ഒരു അത്ഭുതകരമായ ശരീരം ലഭിക്കുമെന്ന്, ആ ശരീരത്തിന് ഊനമില്ലാത്തതും ബലഹീനതയില്ലാത്തതുമായ ഒന്നായിരിക്കുമെന്ന്.”[194]

നിങ്ങളുടെ ശരീരം വേദനകൊണ്ട് പുളയുന്നുണ്ടോ? ജഡത്തിന്റെ ബലഹീനത നിമിത്തം നിങ്ങൾ കഷ്ടപ്പെടുന്നുണ്ടോ? നിങ്ങളൊരു വിശ്വസ്തനായ ദൈവപൈതാലാകുന്നുവെങ്കിൽ ഇതെല്ലായ്പ്പോഴും അങ്ങനെയായിരിക്കുകയില്ല. യോഹന്നാൻ എഴുതി “പ്രീയമുള്ളവരെ നാം ദൈവമക്കളാകുന്നു. നാം എന്താകുമെന്ന് ഇതുവരെ പ്രത്യക്ഷമായിട്ടില്ല. അവൻ പ്രത്യക്ഷനാകുമ്പോൾ നാം അവനായിരുക്കുന്നതുപലെയായിതീരും” (1 യോഹ. 3:2)!

**ദൈവത്തിന്റെ സഹായം (8:26-28)**

നിങ്ങൾക്ക് സഹായം ആവശ്യമുണ്ടോ? സങ്കീർത്തനക്കാരൻ എഴുതി, “ദൈവം നമ്മുടെ സങ്കേതവും കോട്ടയും കഷ്ടങ്ങളിൽ ഏറ്റവും അടുത്ത തുണയുമാകുന്നു” (സങ്കീ. 46:1). കർത്താവു തന്റെ ജനത്തോടു പറഞ്ഞു “ഭയപ്പെടരുത്, ഞാൻ നിങ്ങളോടുകൂടെയുണ്ട്; ഭ്രമിച്ചു നോക്കണ്ട, ഞാൻ നിന്റെ ദൈവമാകുന്നു. ഞാൻ നിന്നെ സഹായിക്കും, ഞാൻ നിന്നെ ശക്തീകരിക്കും” (സങ്കീ. 41:10). നിങ്ങൾ ബലഹീനരായിരിക്കുമ്പോൾ നിങ്ങൾക്ക് സഹായം ആവശ്യമുണ്ടോ? “പരിശുദ്ധാത്മാവ് ... നമ്മുടെ ബലഹീനതയിൽ നമുക്കു തുണ നില്ക്കും” (8:26മ). നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ നിങ്ങൾക്കു സഹായം ആവശ്യമുണ്ടോ? “ആത്മാവ് തന്നെ ഉച്ചരിച്ചുകൂടാത്ത ഞരക്കങ്ങളാൽ നമുക്കു തുണ നിൽക്കും” (8:26യ).

ജീവിതത്തിൽ എന്തു ചെയ്യണമെന്നറിയാതെ വിഷാദിച്ചും പകച്ചും നില്ക്കുന്ന സമയങ്ങളിൽ ദൈവത്തിന്റെ സഹായം നമുക്കു ലഭിക്കുമോ? ആ സന്ദർഭങ്ങളിൽ കർത്താവും തിരശ്ശീലക്കകത്തിരുന്നു നമുക്കു വേണ്ടി പ്രവർത്തിക്കും; “അതെല്ലാം നമുക്കു നന്മക്കായ് കൂടിവ്യാപരിക്കുന്ന തരത്തിലായിരിക്കും” (8:28മ). നിങ്ങളെ നല്ലൊരു വ്യക്തിയാക്കി സ്വർഗ്ഗരാജ്യത്തിനു കൊള്ളാവുന്നവരാക്കുന്നതാണ്. ഈ ഒരു വസ്തുത അറിയുന്നത് നമ്മുടെ കാഴ്ച്ചപ്പാടിനെ വ്യത്യസ്തമാക്കും. ഈ അറിവ് ജീവിതത്തിലെ കഷ്ടപ്പാടുകളെ ലഘൂകരിക്കുകയില്ലെങ്കിലും സമാന ശക്തി നല്കും.

ദൈവത്തിന്റെ മക്കൾക്കു ലഭിക്കുന്ന ദൈവീക സഹായത്തെക്കുറിച്ച് ജെ. ഡി. തോമസിന്റെ പ്രസംഗം ഞാൻ കേട്ടതോർക്കുന്നു. അദ്ദേഹം ചോദിച്ച കാര്യം “നിരീശ്വര വാദിയായ വ്യക്തി ക്യാൻസർ ബാധിതനായി മരണക്കിടക്കയിൽ ആകുമ്പോൾ ആരിലേക്കാണയാൾ തിരിയുക? ആരിലാണ് അയാൾക്കഭയം തേടുവാൻ സാധിക്കുക?”[195] ദൈവം നമ്മെ സ്നേഹിക്കുകയും നമ്മിൽ പ്രവർത്തിക്കുകയും ചെയ്യുന്നു എന്നറിയുമ്പോൾ - എന്തു സംഭവിച്ചാലും ശരി - അതു തന്നെയാണ് വലിയൊരു സഹായമായി തീരുന്നത്.

കർത്താവിന്റെ സഹായം, ''ദൈവത്തെ സ്നേഹിക്കുന്നവർക്കും, തന്റെ ഉദ്ദേശപ്രകാരം വിളിക്കപ്പെട്ടവർക്കുമുള്ളതാണ്''(8:28യ). നാം വാസ്തവമായി ദൈവത്തെ സ്നേഹിക്കുന്നുവെങ്കിൽ അവൻ നമ്മോടാവശ്യപ്പെടുന്നതെല്ലാം നാം ചെയ്യും (1 യോഹ. 5:13). സുവിശേഷത്തിന്റെ ശക്തിയാൽ ദൈവം നമ്മെ വിളിച്ചു (2 തെസ്സ. 2:14) - യേശുക്രിസ്തുവിന്റെ മരണത്താലും, അടക്കത്താലും ഉയിർത്തെഴുന്നേല്പിനാലും (1 കൊരി. 15:3, 4). നാം അവന്റെ വിളിക്കും സ്വാഗതത്തിനും ''അതെ'' എന്നു പറയണം (മത്താ. 11:28-30 കാണുക). നാം സുവിശേഷത്തിനു അനുസരണയുള്ളവരായി തീരണം (മർക്കൊ. 16:15, 16; പ്രവൃ. 2:38). അങ്ങനെ ദിനന്തോറും ജീവിക്കുകയും വേണം (വെളി. 2:10).

**ആത്മാവിന്റെ സഹായം (8:26)**

റോമർ 8:26 പറയുന്നത് ''ആത്മാവ് നമ്മുടെ ബലഹീനതയിൽ നമ്മെ സഹായിക്കുന്നു'' ഗ്രീക്കു പദമായ (സുനൻതി ലാബോനാമായ്) ആണ് ''സഹായത്തിനായി'' ഉപയോഗിച്ചിരിക്കുന്നത്. അതിന്റെ അർത്ഥം ''തന്നെ സമീപിക്കുന്ന ഭാരം ചുമക്കുന്ന ഒരു വ്യക്തിയെ താങ്ങുക'' എന്നാണ്. പല ഭവനങ്ങളിലും മാറിമാറി താമസിക്കേണ്ടി വന്ന ഒരു കുടുംബമാണ് എന്റേത്. ഞങ്ങളുടെ വീട്ടിലെ ഉപകരണങ്ങൾ എടുത്തു ഉയർത്തികൊണ്ടുപോകുവാൻ ഞങ്ങൾ വളരെ പാടുപെടുകയും എങ്ങനെ ഞങ്ങളുടെ കിടക്കകളും മറ്റും സുരക്ഷിതമായി ഓരോ സ്ഥലങ്ങളിലേക്കും കൊണ്ടെത്തിക്കുമെന്ന് വിചാര പ്പെടുകയും ചെയ്തിട്ടുണ്ട്. അപ്പോൾ നല്ല അരോഗദൃഢഗാത്രനായ എന്റെ ഒരു സ്നേഹിതൻ ഞങ്ങളുടെ അടുത്തേക്ക് വന്നു. അദ്ദേഹം പുഞ്ചിരിതൂകി കൊണ്ട് ഭാരമുള്ള ഓരോ കട്ടിലുകളും എടുത്തു മാറ്റുവാൻ എന്നെ സഹായി ച്ചു. അതുപോലെതന്നെ പരിശുദ്ധാത്മാവ് എന്റെ ഭാരങ്ങളെയും ചിന്താകുല തകളെയും വഹിക്കുവാൻ എന്നെ സഹായിക്കുന്നു. എന്റെ വെല്ലുവിളികളെ അഭിമുഖീകരിക്കുവാൻ എന്നെ ശക്തിപ്പെടുത്തുന്നു (ഇത് പരിശുദ്ധാത്മാവ് എന്റെ *ഭാരത്തെ എടുത്തു മാറ്റുന്നു* എന്നർത്ഥത്തിലല്ല മറിച്ച്, ആ ഭാരങ്ങൾ താങ്ങി നടക്കുവാൻ എന്നെ തക്ക സമയങ്ങളിൽ സഹായിക്കുന്നു).

**''എങ്ങനെ'' അഥവാ ''എന്തു'' പ്രാർത്ഥിക്കണം (8:26)**

8:26-ൽ പൗലൊസ് എഴുതി ''എങ്ങനെ പ്രാർത്ഥിക്കണമെന്ന് നമുക്ക റിഞ്ഞു കൂടാ'' (അഥവാ എന്തു പ്രാർത്ഥിക്കണമെന്ന്). വ്യക്തിപരമായി, എനിക്ക് രണ്ടുപദങ്ങളും തുല്യാർത്ഥമായി കാണാം. എന്തായിരിക്കും ഇതിന്റെ അന്ത്യമെന്നും ഇതിനെ സംബന്ധിച്ചുള്ള ദൈവേഷ്ടം എന്താണെന്നും എനി ക്കറിഞ്ഞുകൂടാത്തതിനാൽ എങ്ങനെയാണ്, *എന്താണ്* പ്രാർത്ഥിക്കേണ്ടതെന്ന് എനിക്കറിഞ്ഞുകൂടാ. എനിക്ക് പ്രതിസന്ധികൾ ഉണ്ടാകുമ്പോൾ, ''കർത്താവേ ഇത് മാറ്റിതരേണമെ'' എന്നാണോ അതോ ''ഇത് സഹിക്കുവാനുള്ള ശക്തി തരേണമെ'' എന്നാണോ പ്രാർത്ഥിക്കേണ്ടത്. ഞാൻ സ്നേഹിക്കുന്ന വ്യക്തി എന്റെ അരികിൽ കഷ്ടതയുമായി നില്ക്കുകമ്പോൾ ''ആയുസ്സോടെ ഇവിടെ നില്ക്കണമെ'' എന്നാണോ ''കർത്താവിന്റെ അടുക്കലേക്ക് ചേർക്കേണമെ'' എന്നാണോ പ്രാർത്ഥിക്കേണ്ടത്? പല സന്ദർഭത്തിലും ഞാൻ തലകുലുക്കി പറയാറുള്ളത് ''എനിക്കു പ്രാർത്ഥിക്കുവാൻ മാത്രമേ അറിയുകയുള്ളൂ, നിന്റെ ഇഷ്ടം നടപ്പിലാകട്ടെ.''

പല കാര്യങ്ങളെക്കുറിച്ചും *എങ്ങനെ* പ്രാർത്ഥിക്കണമെന്നും എനിക്കറി

ഞ്ഞുകൂടാ. എന്റെ ദൈനംദിന ജീവിതത്തിൽ എന്നെ ക്രമീകൃതമായി സഹായിക്കുന്ന ദൈവത്തെ എത്രമാത്രം സ്തുതിച്ചാലും മതിയാകുകയില്ലെങ്കിലും എങ്ങനെ സ്തുതിക്കണമെന്നറിയാതെ ഞാൻ പ്രയാസപ്പെടാറുണ്ട്. എന്റെ സ്വാർത്ഥതയിൽ നിന്നുള്ള പ്രാർത്ഥന പലപ്പോഴും എന്നെ ഭാരപ്പെടുത്താറുണ്ട്. എന്റെ സൃഷ്ടിതാവും സർവ്വപ്രപഞ്ചത്തിന്റെ നിർമ്മിതാവുമായവനെ എങ്ങനെ സംബോധനചെയ്തു സ്തുതിക്കണമെന്നുപോലും അറിയാത്ത സന്ദർഭങ്ങളുണ്ട്. എന്റെ ഹൃദയത്തിൽ ഒരു ശിശുവിനെപ്പോലെ ഞാൻ അപേക്ഷിക്കാറുണ്ട് ''എന്നോടു ക്ഷമിക്കേണമെ, എന്നെ സഹായിക്കേണമെ, സഹായിക്കേണമെ.''

**ആത്മാവിന്റെ മദ്ധ്യസ്ഥത (8:26)**

''ആത്മാവു തന്നെ ഉച്ചരിച്ചുകൂടാത്ത ഞരക്കങ്ങളാൽ നമുക്കുവേണ്ടി പക്ഷവാദം ചെയ്യുന്നു'' (8:26). പരിശുദ്ധാത്മാവ് എങ്ങനെയാണ്, എന്താണ് ചെയ്യുന്നതെന്ന് എനിക്ക് യഥാർത്ഥമായിട്ടറിഞ്ഞുകൂടാ. പലപ്പോഴും പരിഭാഷകൻ മുഖാന്തരം ഞാൻ സംസാരിക്കാറുള്ളതുപോലെ പരിശുദ്ധാത്മാവ് ആ വിധത്തിൽ എനിക്കുവേണ്ടി ചെയ്യാറുണ്ടെന്ന് ഞാൻ ചിന്തിക്കാറുണ്ട്. ആത്മാവ് എന്റെ ആത്മീക പരിഭാഷകനായി ഞാൻ വിചാരിക്കാറുണ്ട്. ഇറ്റാലിയൻ, ജർമ്മൻ, ജാപ്പാനീസ്, റോമാനിയൻ, റഷ്യൻ ഭാഷക്കാരായ കേൾവിക്കാരുടെ മുമ്പിൽ ഞാൻ എഴുന്നേറ്റു നിന്നിട്ടുണ്ട്. എനിക്കവരുടെ ഭാഷയിൽ സംസാരിക്കാൻ സാധിക്കാറില്ല. തന്നെയുമല്ല, എന്റെ ഇംഗ്ലീഷിൽ ഞാൻ അവരോടാശയവിനിമയം നടത്തുന്നത് അവർക്ക് മനസ്സിലാക്കുവാൻ കഴിയാത്തതുമാണ്. ഭാഷാന്തരം ചെയ്യുന്നവൻ എന്റെ വാക്കുകൾ ആദ്യം ശ്രദ്ധിച്ചിട്ട് കേൾവിക്കാർക്ക് മനസ്സിലാകുന്ന വിധത്തിൽ അവരോടു അവരുടെ ഭാഷയിൽ മൊഴിമാറ്റം നടത്തും. ഇതേ രൂപത്തിൽ ആത്മാവും പ്രവർത്തിക്കുന്നുവെന്ന് എനിക്കു മനസ്സിലാക്കാൻ സാധിക്കും. പരിമിതികളുള്ള മനുഷ്യരുടെ ഭാഷയിൽ അവരോടു സംസാരിക്കുവാൻ കഴിയാത്ത എനിക്ക് അപ്രമേയനായ ദൈവത്തിനോടു എങ്ങനെ സംസാരിക്കുവാൻ സാധിക്കും. പരിശുദ്ധാത്മാവ് എന്റെ ഹൃദയത്തിന്റെ ഭാരങ്ങളെ ഏറ്റെടുത്തുകൊണ്ട് അപ്രമേയനായ ദൈവത്തിന്റെ സന്നിധിയിൽ സ്വർഗ്ഗീയ ഭാഷക്കാരുടെ മുറിയിൽ അവയെല്ലാം സമർപ്പിക്കുന്നു.

മറ്റുള്ളവർ നമ്മുടെ പ്രാർത്ഥനയിലെ വാക്കുകൾ കുട്ടികൾ നിലവിളിക്കുന്നതുപോലെയും, ആവശ്യപ്പെടുന്നതുപോലെയും ചിത്രീകരിച്ചേക്കാം. ഒരു ചെറുപൈതൽ സംസാരിക്കുന്നത് ഞാൻ ശ്രദ്ധിച്ചിട്ടുണ്ട്. ആ കുഞ്ഞിന്റെ വാക്കുകൾ എനിക്കു മനസ്സിലാകുകയില്ല, എന്നാൽ സ്നേഹനിധിയായ മാതാവ് ആ കുഞ്ഞിന്റെ വാക്കുകളെ വേഗത്തിൽ മനസ്സിലാക്കും, ''എനിക്കു വിശക്കുന്നു'', ''ഞാൻ സന്തുഷ്ടനാണ്'', ''എന്റെ തുണി മാറണം'' ഇത്യാദികാര്യങ്ങൾ കുഞ്ഞ് അവതരിപ്പിക്കുന്നതോ പറയുന്നതോ ആയ വാക്കുകളുടെ സ്ഫുടതയിലല്ല, മാതാവ് ഗ്രഹിക്കുന്നത്. മാനുഷികമായ ഉദാഹരണങ്ങളാൽ ഈ കാര്യങ്ങളെ വ്യക്തമാക്കുവാൻ സാധിക്കില്ലായെങ്കിലും, നമുക്കു ഉറപ്പിക്കാവുന്ന കാര്യം പരിശുദ്ധാത്മാവ് നമുക്കുവേണ്ടി പക്ഷവാദം ചെയ്യുന്നതുതന്നെയാണ്.

**ആത്മാവിന്റെ ഞരക്കം (8:26)**

റോമർ 8-ൽ പറയുന്നത്, ''കൃപക്കും മഹത്വത്തിനും ഇടയിലുള്ള

ഞരക്കത്തെക്കുറിച്ചാണ്''[196] അത് ദൈവപൈതലായി തീരുന്നതിന്റെയും, വരുവാനുള്ള നാളിലെ വെളിപ്പെടുത്താനുള്ള മഹത്വത്തിന്റെയും ഇടയിൽ ഓരോ ദിവസവും ക്രിസ്തുവിനോടുകൂടെ ജീവിക്കുന്നതിന് ഞരങ്ങിയിരിക്കുന്ന അനുഭവമാണത്. റോമർ 8-ൽ രണ്ടു തരത്തിലുള്ള ഞരക്കത്തെക്കുറിച്ച് പറയുന്നു; ''സൃഷ്ടിയുടെ ഞരക്കം'' (8:22). ''കീഴ്പ്പെടുത്തപ്പെട്ടവനിൽ നിന്നും സ്വതന്ത്രമാകുവാനുള്ള ഞരക്കം'' (8:21). മറ്റൊന്ന് ശരീരത്തിന്റെ ഉയിർത്തെഴുന്നേൽപ്പിനായി കാത്തുകൊണ്ടിരിക്കുന്ന ക്രിസ്ത്യാനിയുടെ ഞരക്കവും (8:23). മൂന്നാമത്തെ ഞരക്കമായി സൂചിപ്പിക്കുന്നത് നമ്മുടെ പ്രാർത്ഥനയിലെ ഞരക്കമാണ്; ആത്മാവു തന്നെ നമ്മുടെ പ്രാർത്ഥനക്കുവേണ്ടി തുണ നിന്നുകൊണ്ട് ആഴമായി ഞരങ്ങിക്കൊണ്ടിരിക്കുന്നതിനെക്കുറിച്ചു പറയുന്നു (8:26). നമ്മളിൽ പലർക്കും വളരെ പരിചയമുള്ളതാണ് ആത്മീക ഞരക്കം; വിടുതലിന്റെ ആവശ്യകത നമുക്കറിയാം. ആത്മീകമായി നമുക്കുണ്ടാകേണ്ടുന്ന സാഹചര്യങ്ങളെ അനുകൂലിച്ചുകൊണ്ടാണത്. അതു ഉണ്ടാകുന്ന സമയത്ത് പരിശുദ്ധാത്മാവ് നമുക്കുവേണ്ടി പക്ഷവാദം ചെയ്യുകയും നമുക്കുവേണ്ടി സംസാരിക്കുകയും ചെയ്യുന്നു. ഈ ഒരു വസ്തുതയിലൂടെ ദൈവം നമുക്കുവേണ്ടി അധികമായി കരുതുകയും അധികമായി ആഗ്രഹിക്കുകയും ചെയ്യുന്നത് ഇതിന്മേൽ ഒക്കെയും നമുക്ക് പൂർണ്ണ ജയം ലഭിക്കുമെന്നതാണ്.

**ദൈവത്തിന്റെ നന്മകൾ നല്കുന്നത് (8:28)**

ജീവിതത്തിൽ ധാരാളം ദുഃഖം സഹിച്ചവളായ ഒരു വിശുദ്ധയായ വൃദ്ധയോടു ഒരിക്കൽ ഒരാൾ ചോദിച്ചു, ഈ ദുഃഖങ്ങളുടെ മദ്ധ്യേ എപ്പോഴെങ്കിലും ദൈവത്തോടു പരാതിപ്പെട്ടിട്ടുണ്ടോയെന്ന്. അവരുടെ മറുപടി ഉടനടി വന്നു. ''ഞാൻ ദുഃഖത്തിലൂടെ കടന്നുപോകുമ്പോഴൊക്കെ ദൈവത്തോടു പറയുമായിരുന്നു എന്നെ എന്റെ ചാരുകസേരയിൽ ഇരുത്തണമേയെന്ന്.'' ചോദ്യകർത്താവ് അവിടെയെങ്ങും നോക്കിയിട്ടും ഒരു ചാരുകസേര കാണാഞ്ഞപ്പോൾ അതെന്തു തരം കസേരയാണെന്നാരാഞ്ഞു. ഉടനെ ആ വൃദ്ധമാതാവ് പറഞ്ഞത് എന്റെ ചാരുകസേര റോമർ 8:28 ആകുന്നു. ''ദൈവത്തെ സ്നേഹിക്കുന്നവർക്കു നിർണ്ണയപ്രകാരം വിളിക്കപ്പെട്ടവർക്ക് സകലവും നന്മക്കായ് കൂടി വ്യാപരിക്കുന്നു'' (KJV).[197]

*അത്യാവശ്യമായ നന്മകൾ:* നന്മകളിന്മേലുള്ള ഒരു പഠനമാണിത്. നന്മകളെ പകരുന്നതിനെക്കുറിച്ച് അധികമൊന്നും ബൈബിളിൽ കാണുന്നില്ല (പ്രവൃ. 24:2-ൽ ആകസ്മികമായി ഇത് കാണുന്നു). എന്നാൽ ദൈവമാണ് സർവ്വ നന്മകളും നല്കുന്നതെന്ന ആശയം ബൈബിളിൽ മുഴുവനായും കാണാം.

1. എന്താണീ നന്മകൾ. ലത്തീൻ പദത്തിൽ നിന്നുമാണ് ഈ ഒരു പദം ഉൽഭവിച്ചിരിക്കുന്നത്. അതിന്റെ ആദ്യ ഭാഗം ''*പ്രോ*'' എന്നാണ്. പ്രൊഫഷണൽ എന്ന വാക്ക് നമ്മൾ ഇന്ന് ഉപയോഗിക്കാറുണ്ട്. അതും പ്രോ എന്നതിൽ നിന്നും ഉൽഭവിച്ചതാണ്. വരും വരായ്കകൾ എന്നു നാം പറയാറുള്ള ഇംഗ്ലീഷ് പദത്തിൽ (പ്രോ ആന്റ് കോൺ) ഈ പദം കാണാം; ''ഫോർ'' എന്നർത്ഥമാണിതിനുള്ളത്. ''നന്മ'' എന്നർത്ഥത്തിൽ ''പ്രൊവിഡൻസ്''എന്ന പദം തർജ്ജമപ്പെടുത്തിയിരിക്കുന്നു. ചിന്തിക്കുക, *മുൻപ്*, എല്ലാറ്റിനും മുമ്പ് എന്നർത്ഥം ഇതിനു കാണാം. രണ്ടാമത്തെ വാക്ക് ''*വിഡ്*'' എന്നാണ് ലത്തീനയിൽ കാണുന്നത്. *കാണപ്പെടുന്നത്*, ഉദാഹരണത്തിന് ''വീഡിയോ'' എന്ന വാക്ക്. ഈ രണ്ടു പദങ്ങൾ തമ്മിൽ ചേർന്നാണ് ''പ്രൊവിഡൻസ്'' എന്ന

വാക്കുണ്ടായത്. അതിന്റെ യഥാർത്ഥ അർത്ഥം ''നമുക്കു വേണ്ടുന്നത് നാം *അറിയുന്നതിനുമുമ്പെ* ദൈവം *കാണുന്നു*'' എന്നാണ്. അതിനാൽ *ആവശ്യമായിരിക്കുന്നത്* അവൻ നല്കുന്നു. (പ്രൊവൈഡ്, പ്രൊവിഷൻ, പ്രൊവിഡൻസ് എന്നീ വാക്കുകൾ അന്യോന്യം ബന്ധപ്പെട്ടതാണ്).

നിങ്ങൾ ചോദിച്ചേക്കാം, ''സമയത്തിനു മുമ്പെ ദൈവം എന്റെ ആവശ്യം അറിഞ്ഞു'' എന്നു പറഞ്ഞാൽ അർത്ഥമെന്താകുന്നുവെന്ന്? ''ക്ലെ ബ്രിയാന്റ്''[198] പറഞ്ഞിരിക്കുന്നത് ''ദൈവം വേറൊരു സമയത്തിലാണ് ജീവിക്കുന്നതെന്നാണ്, നമ്മൾക്കത് ഗ്രഹിക്കുവാൻ പോലും സാദ്ധ്യമല്ല. ഓക്‌ളഹോമയിൽ താമസിക്കുന്നത് സിഎസ്ടി – സെൻട്രൽ സ്റ്റാൻഡേർഡ് സമയത്താണ് – എന്നാൽ ''ക്ലെ'' പറയുന്നത് ദൈവം ''ഡിഎസ്ടി'': ''ദൈവീക സ്റ്റാൻഡേർഡ് സമയത്താകുന്നു'' എന്നാണ്. ഇതെനിക്കറിയാമോ? ഇല്ല, എന്നാൽ വിശ്വാസത്താൽ വർത്തമാനം, ഭൂതം, ഭാവി കാലത്തുള്ള സമയം ആവശ്യങ്ങൾ ഉണ്ടാകുന്നതിനു മുമ്പു തന്നെ ദൈവം ഈ ആവശ്യങ്ങൾ നമുക്കു നല്കുന്നു.

തിരുവചനം സാക്ഷീകരിക്കുന്നത്, തനിക്കുള്ളവർക്കുവേണ്ടി ദൈവം പ്രത്യേകമായി കരുതുന്നുവെന്നാണ്. ഈ സത്യത്തിൽ നിന്നും രണ്ടു ഉപസംഹാരം കൊണ്ടുവരുവാൻ ഞാൻ ആഗ്രഹിക്കുന്നു. ആദ്യത്തേത്, ദൈവം ഇന്ന് നമ്മുടെ ലോകത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. ദൈവം ലോകത്തെ സൃഷ്ടിച്ചിട്ട് മറഞ്ഞിരിക്കുന്നവനല്ല. രണ്ടാമതായി ദൈവം തന്റെ മക്കളെ അനുഗ്രഹിതരാക്കുവാൻ വേണ്ടി കരുതുന്നവനാണ്!

2. ഞാൻ എന്തുകൊണ്ട് ഇതിൽ വിശ്വസിക്കുന്നു. ദൈവത്തിന്റെ നടത്തിപ്പുകളിൽ ഞാൻ വിശ്വസിക്കുന്നതിനെക്കുറിച്ച് നിരവധി കാരണങ്ങൾ നിരത്തുവാൻ എനിക്കു സാധിക്കും. ഒരു കാര്യം, ഞാൻ ദൈവീക പരിപാലനത്തിൽ വിശ്വസിക്കുന്നതിന്റെ കാരണം, അത് *ന്യായമായിട്ടുള്ളതാണ്*. ഈ ലോകത്തെ ദൈവം സൃഷ്ടിച്ചത് മനുഷ്യന്റെ പാർപ്പിടമായിട്ടാണ്. അതിനെ തുടർന്ന് ദൈവം മനുഷ്യവർഗ്ഗത്തെ തന്റെ സൃഷ്ടികളിൽ മണിമകുടമായി സൃഷ്ടിച്ചത് അതിൽ വസിക്കുവാനായിട്ടാണ്. ദൈവം മനുഷ്യന്റെ കീഴിൽ സകല വൃക്ഷലതാതികളെയും മൃഗങ്ങളെയും തന്റെ വാക്കുകൊണ്ട് ഉണ്ടാക്കി. അതിനെ അടക്കി ഭരിക്കുവാനായി മനുഷ്യനെ ഏല്പിച്ചു. ഇത്രമാത്രം ദൈവം ചെയ്തതിനു ശേഷം എങ്ങനെ ഇതിനെയെല്ലാം ദൈവം വെറുതെ മറന്നുകളയും? ഒരു കുഞ്ഞിനെ സൃഷ്ടിച്ച പിതാവ് ആ കുഞ്ഞിനെക്കുറിച്ചു യാതൊരു ചിന്തയുമില്ലാതെയും അതിന്റെ ആവശ്യങ്ങൾ നിറവേറ്റാതെയുമിരുന്നാൽ ആ വ്യക്തിയെക്കുറിച്ച് നിങ്ങൾ എന്തായിരിക്കും ചിന്തിക്കുക? ആ വ്യക്തി ഒരു പിതാവെന്ന നിലയിൽ പരാജിതനാണെന്നു നിങ്ങൾ കണക്കാക്കുകയില്ലേ? ദൈവം അങ്ങനെ ഒരു പരാജിതനല്ല. അവൻ നമ്മെ സൃഷ്ടിക്കുക മാത്രമല്ല തുടർമാനമായി നമുക്കായി കരുതുകയും, ആവശ്യമായിരിക്കുന്നതെല്ലാം നൽകി തരുന്നവനാണ്. അതുകൊണ്ടു, ദൈവത്തിന്റെ ദാനങ്ങളിൽ ഞാൻ വിശ്വസിക്കുന്നു, കാരണം ഇത് ചിന്തക്ക് യോജ്യമായിട്ടുള്ളതാണ്.

എന്നിരുന്നാലും മാനുഷിക തത്വങ്ങൾക്ക് ആശ്രയിക്കാതിരിക്കുവാൻ എനിക്കിടയാകാത്തതിനായി ഞാൻ നന്ദിയുള്ളവനാണ്. ദൈവത്തിന്റെ ദാനങ്ങളിൽ ഞാൻ വിശ്വസിക്കുന്നതിന്റെ പ്രധാനകാരണങ്ങളിൽ മറ്റൊന്ന് ബൈബിളിൽ പറഞ്ഞിരിക്കുന്ന ദൈവീക പരിപാലനത്തിന്റെ *ഉദാഹരണ*സഹിതമുള്ള വെളിപ്പെടുത്തലുകളാണ്, ദൈവം തന്റെ ജനത്തിനുവേണ്ടി പ്രത്യേകമായി എല്ലാം നല്കുന്നുവെന്നതാണ്. പ്രസംഗങ്ങളുടെ പുസ്തകം എന്ന ജെ. ഡബ്ല്യൂ.

മക്ഗാർവെയുടെ ഗ്രന്ഥത്തിൽ ‘‘ദൈവത്തിന്റെ ദാനങ്ങളെക്കുറിച്ച്’’ രണ്ടു അദ്ധ്യായങ്ങൾ ചേർത്തിട്ടുണ്ട്. അവ പഴയനിയമ സംഭവങ്ങളെ ആസ്പദമാക്കിയാണ്.[199] ഒരെണ്ണം യോസേഫിന്റെ അനുഭവമാണ്. തന്റെ ജീവിതത്തിൽ സംഭവിച്ചതിന്റെയെല്ലാം അവസാനത്തിൽ ദൈവത്തിന്റെ നടത്തിപ്പിന്റെയും ദാനങ്ങളുടെയും കരങ്ങൾ കാണുവാൻ സാധിച്ചു. അവൻ തന്റെ സഹോദരന്മാരോടു പറഞ്ഞു,

> ഭൂമിയിൽ നിങ്ങൾക്കു സന്തതി ശേഷിക്കേണ്ടതിനും; വലിയൊരു രക്ഷയാൽ നിങ്ങളുടെ ജീവനെ രക്ഷിക്കേണ്ടതിനും *ദൈവം* എന്നെ നിങ്ങൾക്കു മുമ്പെ അയച്ചിരിക്കുന്നു. ആകയാൽ നിങ്ങൾ അല്ല *ദൈവം* അത്രെ എന്നെ ഇവിടെ അയച്ചത്. അവൻ എന്നെ ഫറവോനു പിതാവും അവന്റെ ഗൃഹത്തിനൊക്കെയും യജമാനനും മിസ്രയീം ദേശത്തിനൊക്കെയും അധിപതിയും ആക്കിയിരിക്കുന്നു (ഉല്പത്തി. 45:7, 8).

രണ്ടാമത്തേത് എസ്ഥേർ രാജ്ഞിയുടെ സംഭവ കഥയാണ് - അതിൽ മോർദ്ദേഖായി എന്ന രാജ്ഞിയുടെ ബന്ധു പറയുന്നത് ‘‘ഇതിനായിട്ടല്ലയോ നീ ഈ സ്ഥാനത്തെത്തിയിരിക്കുന്നത്, ആർക്ക് അറിയാം?’’ (എസ്ഥേർ 4:14).

വീണ്ടും ദൈവീക ദാനത്തെ വിശ്വസിക്കുവാൻ എനിക്കു കാരണങ്ങളുണ്ട്. അതേറ്റവും പ്രധാനപ്പെട്ടതാണ്. ‘‘അത് ദൈവീക *വാഗ്ദത്തങ്ങളാണ്.*’’ ‘‘നമ്മോടുള്ള ദൈവത്തിന്റെ സ്നേഹത്തെയും കരുതലിനെയും കുറിച്ചുള്ള നിരവധി ഭാഗങ്ങൾ കാണുവാൻ സാധിക്കും’’[200] ഉദാഹരണമായി യാക്കോബ് 1:17ൽ പറയുന്നത്, ‘‘എല്ലാ നല്ല ദാനവും തികഞ്ഞ വരം ഒക്കെയും ഉയരത്തിൽ നിന്നു വെളിച്ചങ്ങളുടെ പിതാവിൽ നിന്നു ഇറങ്ങിവരുന്നു.’’ അതിന്റെ പ്രായോഗികതകളെ കുറിച്ചുകൂടെ നമ്മൾ ചിന്തിക്കണം. ‘‘ദൈവം ലോകത്തെ *സ്നേഹിച്ചു*’’ (യോഹ. 3:16). എന്നിരുന്നാലും അനേകർക്ക് വളരെ പരിചയമുള്ള ഒരു ഭാഗമാണ് റോമർ 8:28 : ‘‘ദൈവത്തെ സ്നേഹിക്കുന്നവർക്ക് നിർണ്ണയപ്രകാരം വിളിക്കപ്പെട്ടവർക്കു തന്നെ സകലവും നന്മക്കായി കൂടി വ്യാപരിക്കുന്നു എന്നു നാം അറിയുന്നു.’’

*ആശ്ചര്യകരമായ വാഗ്ദത്തം.* KJVയിൽ പറയുന്നത്, ‘‘സകലതും നന്മക്കായ് കൂടി വ്യാപരിക്കുന്നു’’ എന്നും NASBയിൽ ‘‘ദൈവം എല്ലാം കൂടെ നന്മക്കായ് പ്രവർത്തിക്കുന്നുവെന്നും’’ പരിഭാഷപ്പെടുത്തിയിരിക്കുന്നു. ‘‘ദൈവം’’ എന്ന വാക്ക് ഈ ഭാഗത്തിലില്ലായെങ്കിലും നമുക്കറിയാം അത് യാദൃശ്ചികമായി അങ്ങനെ സംഭവിക്കുന്നതല്ല, ദൈവമാണ് *അത് നന്മക്കായി കൂടി വ്യാപരിപ്പിക്കുന്നത്.* ‘‘*ദൈവത്തിന്റെ*’’ കരങ്ങൾ അതിലെല്ലാം വ്യക്തമാണ്. ദൈവം നമുക്കുവേണ്ടി എന്താണു ചെയ്യുന്നതെന്ന് കുറെകൂടെ അടുത്തു നിന്നുകൊണ്ട് ഈ ഭാഗത്തു നിന്നും ചിന്തിക്കാം.

1. റോമർ 8:28ൽ നമുക്കു കാണുവാൻ സാധിക്കുന്നത് ഇതൊരു *നിശ്ചയദാർഢ്യ*ത്തിന്റെ വാക്കുകളാണ്. പൗലൊസ് ആരംഭിക്കുന്നത്, ‘‘നമുക്കറിയാം’’ എന്നു പറഞ്ഞുകൊണ്ടാണ്. അപ്പൊസ്തലൻ പലപ്പോഴും ആത്മവിശ്വാസത്തോടെ പ്രകടിപ്പിക്കുന്ന പദമാണ് ‘‘എനിക്കറിയാം’’ (2 തിമൊ. 1:12 കാണുക) അല്ലെങ്കിൽ നമുക്കറിയാം (2 കൊരി. 5:1 കാണുക). അതേ രീതിയിലുള്ള ആത്മധൈര്യമാണ് റോമർ 8:28-ൽ അദ്ദേഹം വിവരിക്കുന്നത്. ബാറ്റ്സെൽ ബാരറ്റ് ബാക്സ്റ്റർ പറഞ്ഞു,

> ചില മനുഷ്യർ ഈ ഭാഗത്തെക്കുറിച്ചു പറയാറുള്ളത്, ''ഇത് ശരിയാകുമോ?'' മറ്റുള്ളവർ പറയാറുള്ളത്, ''ഇത് ശരിയായിരുന്നെങ്കിൽ'', വേറെ ചിലർ പറയാറുള്ളത് ''ഇത് ശരിയായിരിക്കുമെന്ന് ഞാൻ പ്രത്യാശിക്കുന്നു.'' എന്നാൽ പൗലൊസ് ആരംഭിക്കുന്നത് ''നമുക്കറിയാം'' ഇതൊരു സാദ്ധ്യതയോ, പ്രതീക്ഷയോ, ആഗ്രഹമോ ആയിട്ടല്ല പൗലൊസ് പറുയന്നത്, മറിച്ച് ''*നമ്മൾക്കറിയാം* ...''[201]

2. നമ്മുടെ ഈ ഭാഗം മനസ്സിലാക്കുവാൻ സാധിക്കുന്ന ഒരു ഭാഗമാണ്: ''ദൈവം *സകലവും* നന്മക്കായി കൂടി വ്യാപരിപ്പിക്കും ...'' വേദപുസ്തകം അറിയുന്ന നമുക്ക് അത് മനസ്സിലാകും, ''എല്ലാം'' എന്നത് ''നിലനില്ക്കുന്ന *എല്ലാ* കാര്യങ്ങളുമല്ലാ'' യെന്നത് (1 കൊരി. 3:21; 13:7; 2 കൊരി. 5:18). പാപം ചെയ്യുന്ന കാര്യങ്ങളോ അതിനായി നമ്മെ പ്രോൽസാഹിപ്പിക്കുന്നതോ അല്ലായെന്നു ഈ ഭാഗത്തു നിന്നും നമുക്കു ഗ്രഹിക്കാം (1 കൊരി. 15:34; എഫെ. 4:26; 1 യോഹ. 2:1).[202] ഈ ഭാഗത്ത് എന്താണ് ദൈവാത്മാവ് പറയുന്നത്, ഒരു ദൈവപൈതലിന്റെ ജീവിതത്തിൽ സംഭവിക്കുന്ന നല്ലതോ, കൈപ്പോ ആയ എന്തുമാകട്ടെ, അവയെ ആത്യന്തികമായി നന്മയിലേക്കു കൊണ്ടുവരുവാൻ ദൈവത്തിനു സാധിക്കുമെന്നാണ്. ഈ സാഹചര്യം നമുക്കു തെളിവായി ഊന്നി പറയുന്നത്. ദൈവം ഇത് നമുക്ക് നന്മയ്ക്കായി നല്കുന്നതിന്റെ കാരണം അവൻ നമ്മെ സ്നേഹിക്കുന്നു എന്നതാണ്:

> ഇതു സംബന്ധിച്ചു നാം എന്തു പറയേണ്ടു? ദൈവം നമുക്ക് അനുകൂലമെങ്കിൽ പ്രതികൂലം ആർ? സ്വന്തപുത്രനെ ആദരിക്കാതെ നമുക്ക് എല്ലാവർക്കുംവേണ്ടി ഏൽപ്പിച്ചുതന്നവൻ അവനോടുകൂടെ സകലവും നമുക്ക് നൽകാതിരിക്കുമോ? ദൈവം തിരഞ്ഞെടുത്തവരെ ആർ കുറ്റം ചുമത്തും? നീതീകരിക്കുന്നവൻ ദൈവം. ശിക്ഷ വിധിക്കുന്നവൻ ആർ? ക്രിസ്തു യേശു മരിച്ചവൻ; മരിച്ചിട്ട് ഉയിർത്തെഴുന്നേറ്റവൻ തന്നെ; അവൻ ദൈവത്തിന്റെ വലത്തുഭാഗത്തു ഇരിക്കുകയും നമുക്കുവേണ്ടി പക്ഷവാദം കഴിക്കുകയും ചെയ്യുന്നു. ക്രിസ്തുവിന്റെ സ്നേഹത്തിൽ നിന്നു നമ്മെ വേർപിരിക്കുന്നതാർ? കഷ്ടതയോ, സങ്കടമോ, ഉപദ്രവമോ, പട്ടിണിയോ, നഗ്നതയോ, ആപത്തോ, വാളോ? ''നിന്റെ നിമിത്തം ഞങ്ങളെ ഇടവിടാതെ കൊല്ലുന്നു; അറുപ്പാനുള്ള ആടുകളെ പോലെ ഞങ്ങളെ എണ്ണുന്നു'' എന്നു എഴുതിയിരിക്കുന്നുവല്ലോ. നാമോ നമ്മെ സ്നേഹിച്ചവൻ മുഖാന്തരം ഇതിലൊക്കെയും പൂർണ്ണ ജയം പ്രാപിക്കുന്നു. മരണത്തിനോ, ജീവനോ, ദൂതൻമാർക്കോ, വാഴ്ച്ചകൾക്കോ, അധികാരങ്ങൾക്കോ, ഇപ്പോഴുള്ളതിനോ, വരുവാനുള്ളതിനോ, ഉയരത്തിനോ, ആഴത്തിനോ, മറ്റ് യാതൊരു സൃഷ്ടിക്കോ നമ്മുടെ കർത്താവായ യേശു ക്രിസ്തുവിലുള്ള ദൈവസ്നേഹത്തിൽ നിന്നു നമ്മെ വേർപിരിക്കാൻ കഴിയുകയില്ല എന്ന് ഞാൻ ഉറച്ചിരിക്കുന്നു (8:31–39).

3. അടുത്തതായി ഞാൻ നിർദ്ദേശിക്കുന്നത്, നമ്മുടെ ഈ വേദഭാഗം *അന്യോന്യം* സഹകരിപ്പിക്കുന്ന ഭാഗമാണ് - അത് ''ഒരുമിച്ച് പ്രവർത്തിക്കുന്നു'' നമുക്കറിയാം, ദൈവം എല്ലാം നമുക്കായ് കൂടി *വ്യാപരിപ്പിക്കുമെന്ന്*. ''എല്ലാ കാര്യങ്ങളും നല്ലതല്ല നമ്മിൽ സംഭവിക്കുന്നത് എന്നാൽ ദൈവം അതെല്ലാം

നന്മക്കായ് കൂടി *വ്യാപരിപ്പിക്കും.*''

ഒരു ഞായറാഴ്ച ഉച്ചകഴിഞ്ഞ്, ഞാനും എന്റെ ഭാര്യയും ആർക്കനാസിൽ നിന്നും ഓക്ലഹോമയിലേക്ക് യാത്രയിലായിരുന്നു. അന്നു വൈകുന്നേരത്തെ ശുശ്രൂഷയുടെ സമയത്ത് ഞങ്ങൾ ഹെൻറിയേറ്റയിൽ എത്തി അവിടെ ആരാധനക്കായി നിർത്തി. വർഷങ്ങൾക്കു മുമ്പ് എനിക്കു പരിചയമുള്ള റെഡ് കൊലെമാൻ എന്ന ഒരു യുവാവ് ആ സുവിശേഷ മീറ്റിംഗിൽ പ്രസംഗിക്കുന്നുണ്ടായിരുന്നു. ആ രാത്രിയിൽ അദ്ദേഹം റോമർ 8:28ൽ നിന്നും വളരെ രസകരമായി പ്രസംഗിച്ചു. ഒരു ചെറുകൂട്ടം കുട്ടികൾ അദ്ദേഹത്തിനെതിരെ ആ ഓഡിറ്റോറിയത്തിൽ നില്ക്കുന്നുണ്ടായിരുന്നു. കുറച്ചു പൊടി ഒരു കുട്ടിയുടെ കൈയ്യിൽ കൊടുത്തിട്ട് അതൊന്നു രുചിച്ചുനോക്കുവാൻ അദ്ദേഹം ആവശ്യപ്പെട്ടു. അത് വായിൽ വെച്ചപ്പോൾ ആ കുട്ടിക്കത് ഇഷ്ടപ്പെട്ടില്ലായെന്ന് അവന്റെ മുഖഭാവം തെളിയിച്ചു. റെഡ്, പലകുട്ടികൾക്കും പല ടിന്നുകളിൽ നിന്നും ഇതുപോലെയുള്ള ചില പൊടികൾ കൊടുത്തുകൊണ്ടിരുന്നു. ഉപ്പ്, ബേക്കിംഗ് പൗഡർ, പലതരത്തിലുള്ള സ്വാദുണ്ടാക്കുന്ന പൗഡറുകൾ, പാല്, പഞ്ചസാര തുടങ്ങിയ പലഹാരത്തിനാവശ്യമായ വസ്തുക്കൾ കൊടുത്തു. പാലും പഞ്ചസാരയും കിട്ടിയ കുട്ടികൾക്ക് അത് രുചിയായിരുന്നുവെങ്കിൽ മറ്റുള്ള സാധനങ്ങൾ അവർക്ക് രുചിക്കാൻ സാധിച്ചില്ല. എന്നാൽ റെഡ് തന്റെ പൗഡറുകളെല്ലാം എടുത്ത് ഒരു ബൗളിനകത്ത് ആക്കി ഒരു കേക്കുണ്ടാക്കുവാൻ തുടങ്ങി. സമ്മിശ്ര സ്വാദുണ്ടായിരുന്നവ ഒരുമിച്ച് കലക്കിയശേഷം പ്രസംഗപീഠത്തിനു പുറകിൽ ഈ സാധനങ്ങളെല്ലാം ചേർത്തുണ്ടാക്കിയ ഒരു കേക്ക് എടുത്തു തന്നെ സഹായിച്ച കുട്ടികൾക്കു കൊടുത്തു. അതു രുചിച്ചുനോക്കിയിട്ട്, എല്ലാം കൂടെ ചേർത്തുണ്ടാക്കിയ ആ കേക്ക് വളരെ രുചികരവും നല്ലതുമാണെന്നവർ ഐക്യമായി പറഞ്ഞു!

ഇതുപോലെ നിരവധി ഉദാഹരണങ്ങൾ ഈ ഒരു എല്ലാം നന്മക്കായ് കൂടി വ്യാപരിപ്പിക്കുന്നതിനു പറയാനുണ്ട്. ഈസ്റ്റർ ദിനത്തിൽ മാക്കാർഗോയ് ഒരു ഉദാഹരണം പറഞ്ഞത്: ചിക്കാഗോയിൽ ഒരു തുണി നെയ്ത്തു ശാലയിൽ നെയ്ത്തുകാരന്റെ ഷട്ടിൽ അങ്ങോട്ടുമിങ്ങോട്ടും പായുമ്പോൾ ആ മെഷീനിലുള്ള നൂലുകളെല്ലാം ഇഴ പാകികൊണ്ടിരുന്നു. അതിനു ശേഷം വളരെ മനോഹരമായ സിൽക്കു തുണികൾ ആ മെഷീനിൽ നിന്നും പുറത്തേക്കു വരുവാൻ തുടങ്ങി. മാക്കാർഗേയയുടെ ഇതിൽനിന്നുമുള്ള വാചകം ഞാൻ കടമെടുക്കട്ടെ. ''ഇതു സംഭവിച്ചത് ആകസ്മികമായല്ലായെന്ന്.'' അതുപോലെ എസ്ഥേറിന്റെ കാര്യവും ആകസ്മികമായിരുന്നില്ല. നമ്മുടെ ജീവിതത്തിലെ എല്ലാ കാര്യങ്ങളും ആകസ്മികമല്ല, മറിച്ച് ദൈവം നമ്മിലും നമ്മിലൂടെയും പ്രവർത്തിക്കുന്നതാണ്![203]

ദൈവം ഈ ലോകത്തിലും നമ്മുടെ ജീവിതത്തിലും നന്മയ്ക്കായിട്ടാണ് പ്രവർത്തിക്കുന്നത്. നമ്മുടെ ജീവിതത്തിൽ പ്രതിസന്ധികളും ബുദ്ധിമുട്ടുകളും ധാരാളമുണ്ടാകാം, എന്നാൽ അവയെല്ലാം ദൈവത്തിന്റെ സഹായത്താൽ നമുക്ക് അവസാനം വിജയത്തിൽ എത്തിക്കുവാൻ ഇടയായി തീരും. 37-ാം വാക്യത്തിൽ പൗലൊസ് പറയുന്നത്, ''ഇവയെല്ലാറ്റിലും നമ്മൾ ജയാളികളായി തീരുവാൻ തക്കവിധം നമ്മെ സ്നേഹിച്ചവൻ മുഖാന്തരം ഇടയായിത്തീരും.''

4. നമ്മുടെ വായനഭാഗം ഒരു *ആശ്വാസത്തിന്റെ* ഭാഗമാണ് ''ദൈവത്തെ സ്നേഹിക്കുന്നവർക്ക് എല്ലാം *നന്മയ്ക്കായി* കൂടി വ്യാപരിക്കുമെന്ന് നമുക്കറിയാം ...'' ജീവിതം എന്തു പഠിപ്പിച്ചാലും, ആയിരുന്നാലും നമുക്ക് ഈ സത്യത്തിൽ തൂങ്ങിക്കിടക്കാം: ദൈവത്തിൽ നമ്മുടെ വിശ്വാസത്തെ അർപ്പിച്ചാൽ

